



ജീവചരിത്രസഞ്ചിക

(ഒന്നാം പുസ്തകം.)

ഉപദേശകസമിതി,

പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

ഏ. ഗോപാലമേനോൻ എം. ഏ; ബി. കോം.

വി. കൃഷ്ണൻതമ്പി ബി. ഏ.

ഡാക്ടർ ഗോദവമ്മ എം. ഏ; പി. എച്ച്. ഡി.

പ്രസാധകൻ,

വെങ്കുളം ജി. പരമേശ്വരൻപിള്ള.

ഒന്നാം പതിപ്പ് കാപ്പി 1000.



പ്രസിദ്ധകൻ,

എസ്. ജ്ഞാനസ്കന്ദയ്യർ,

ചിത്രാപബ്ളിഷിംഗ്ഹൗസ്, തിരുവനന്തപുരം.

 [വില അണ 5.

"അനന്തരാമവൎമ്മ പ്രസ്സ്"

കോട്ടയ്ക്കകം, തിരുവനന്തപുരം.

൧൧൧൧.

പ്രസ്താവന.

ഉല്ക്കർഷം പ്രാപിക്കുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം ആദർശപുരുഷന്മാരുടെ മഹച്ചരിതങ്ങൾ പാരായണം ചെയ്കയാകുന്നു. ജീവിതചരിതങ്ങൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരാളിന്, ഏതെങ്കിലും ഒരു മഹാനെപ്പോലെ തന്റെയും ജീവിതം നയിക്കണമെന്നു തോന്നാവുന്നതാണ്. ആ തോന്നലാകട്ടെ മനോരാജ്യം ആഗ്രഹം, ദൃഢവിചാരം, അചഞ്ചലനിശ്ചയം എന്നീ അവസ്ഥാന്തരങ്ങൾ തരണംചെയ്തു ജീവിതോദ്ദേശ്യം എന്ന ഘട്ടത്തിൽ എത്തുമ്പോഴേക്കും, സ്വാശ്രയശക്തിക്ക് അയാൾ പരമപ്രാധാന്യം നൽകും; ഉദ്ദേശ്യസിദ്ധിക്കായി വിശ്രമം കൂടാതെ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിനു സന്നദ്ധനാകും; മദ്ധ്യേമാർഗ്ഗം വന്നുചേരുന്ന പ്രതിബന്ധസഹസ്രങ്ങളോട് സധൈര്യം എതിരിട്ടു പോരാടും; അപജയങ്ങളും ആപത്തുകളും അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നാലും അവയിലൊന്നിലും മനം കലങ്ങാതെ, ഭഗ്നാശനായി പിന്തിരിയാതെ, മുന്നോട്ടു മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും. ജീവചരിത്രപാരായണപരായണന്മാരെ സദാ ഉല്ക്കർഷോന്മുഖമായി നയിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടത്രെ മഹച്ചരിതകല്പവൃക്ഷങ്ങൾക്കു ഈ മഹീതലത്തിലെങ്ങുമുള്ള വിവിധ സാഹിത്യാരാമ[ങ്ങ]ളിൽ ഒരു ബഹുമാന്യസ്ഥാനം സംസിദ്ധമായിരിക്കുന്നത്.

I

...ൗരാണികകാലം മുതല്ക്കേ മഹച്ചരിതങ്ങൾ തന്നെയാ...
...ഷ്യവർഗ്ഗത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. കൺഫ്യൂ...
...സൊറാസ്റ്റർ, ബുദ്ധൻ, ക്രിസ്തു, മഹമ്മദ് എന്നീ മഹാ...
...ടെ പാവനചരിതങ്ങൾ എത്രകോടി ജനങ്ങളെ ഏ...
...പ്രകാരത്തിൽ നയിച്ചിട്ടുണ്ടെന്നും, എങ്ങനെ ഔന്ന...
...ലക്ക് ആരോഹണം ചെയ്യിച്ചിട്ടുണ്ടെന്നും കാണിക്കുക

കേവലം അശക്യം തന്നെ. പഴയതിനോടും പാരമ്പര്യത്തോടും മനുഷ്യൎക്കെല്ലാം തോന്നുന്ന സ്നേഹാതിരേകംകൊണ്ടു മാത്രമല്ല ഈ പുരാതനാചാൎയ്യന്മാരെ ജനസഞ്ചയം ഇന്നും ആദരിച്ചാരാധിച്ചു പോരുന്നതു്. വൎഗ്ഗഭേദമോ രാജ്യഭേദമോ കൂടാതെ എക്കാലത്തും ഏതവസ്ഥാന്തരത്തിലും മനുഷ്യനെ മഹത്വത്തിലേക്കു നയിക്കുവാൻ ഈ മഹാപുരുഷന്മാൎക്കു അസാമാന്യവും അത്ഭുതകരവുമായ ശക്തിയുള്ളതുകൊണ്ടാണു് ചരിത്രാരംഭകാലം മുതല്ക്കേ ഇത്തരം മാൎഗ്ഗദൎശകൎക്കു മഹൽസ്ഥാനം ലഭിച്ചിരിക്കുന്നതു്.

കാവ്യം കാന്തയെപ്പോലെ നമ്മളെ രമിപ്പിച്ചാഹ്ലാദിപ്പിക്കുന്നു; സുഹൃത്തിനെപ്പോലെ ആശ്വാസിപ്പിച്ചു സഹായിക്കുന്നു; ഗുരുവിനെപ്പോലെ ഉപദേശിച്ചു നയിക്കുന്നു. ജീവചരിത്രമാകട്ടെ, ഇവയെല്ലാം ചെയ്യുന്നതിനു പുറമെ അതിന്റെ പാരമാൎത്ഥികത്വം മുഖേന നമ്മളെ ആശാപൂരിതരും ആദൎശഭരിതരും ആക്കുന്നു; കൎമ്മകുശലരും കൎത്തവ്യനിരതരും ആക്കിത്തീൎക്കുന്നു; മാത്രമല്ല പ്രബുദ്ധമതിമാന്മാരും വിജയപരിലാളിതരും ആക്കിത്തീൎക്കുകകൂടി ചെയ്യുന്നു. നടന്നതോ നടക്കുന്നതോ നടക്കാവുന്നതോ ആയ സംഭവങ്ങളെ ഭാവനാസമ്പത്തുകൊണ്ടു് അലംകൃതമാക്കി, മോടിപിടിപ്പിച്ചു മേനിപ്പെടുത്തികാണിക്കുന്ന ചിത്രമാണു കാവ്യം. ജീവിതത്തിൽ നടന്ന സംഭവങ്ങളുടെ യഥാൎത്ഥവും മനോഹരവും ആയ ഒരു രൂപമാണു ജീവചരിത്രം. ആദ്യത്തേതിൽ കലാവൈദഗ്ദ്ധ്യമാണു് മുന്നിട്ടുനിൽക്കുന്നതു്; രണ്ടാമത്തേതിൽ കലാവൈദഗ്ദ്ധ്യവും ശാസ്ത്രകുശലതയും ഒത്തിണങ്ങി "അഭംഗുരഭംഗി വിളങ്ങി"യിരിക്കു[illegible]ണ്ടു്.

ഭയങ്കരമായ നഷ്ടങ്ങളിലകപ്പെട്ടു നാം സന്ത[illegible]പിച്ചിരിക്കുമ്പോഴും,

"കേഴുക കേഴുക കേഴമാൻ കണ്ണാളെ
കേഴുവോൎക്കാശ്വാസമേകും ദൈവം"

ഇത്തരത്തിൽ ചിലതു പറഞ്ഞു കവി നമ്മളെ ആശ്വാസിപ്പിക്കും. ഒരു ജീവചരിത്രകാരൻ അപ്പോഴും ഉപദേശിക്കുന്നതി

പ്രകാരമാണ്:—"സഖേ! വന്നതുവന്നു; ഇനി വ്യസനിച്ചിട്ടു ഫലമില്ല. ഇത്തരം സന്ദർഭങ്ങളിൽ വീരാത്മാക്കൾ ചെയ്യുന്നതെന്താണെന്ന് ആലോചിച്ചുനോക്കുക. എഴുന്നേററാലും; കർത്തവ്യത്തിൽ നിരതനായി ശ്രമംതുടന്നാലും. രാജ്യനഷ്ടനായി ഒരു വ്യാഴവട്ടത്തിലധികംകാലം റാണാപ്രതാപസിംഹൻ കാനനങ്ങളിൽസഞ്ചരിച്ചു കഷ്ടപ്പെട്ടിട്ടും ഒടുവിൽ അദ്ദേഹം പല യുദ്ധങ്ങളിൽ മുകിലഭടന്മാരെ തോല്പിച്ചു രാജ്യം കൈയ്വശപ്പെടുത്തിയില്ലേ? സിംഹാസനത്തിൽനിന്നു പലതവണ ഓടിക്കപ്പെട്ടു, കാടുകളിലും മലകളിലും ഒളിച്ചുതാമസിച്ച ബേബർ ഇന്ത്യയിൽ മുകിലസാമ്രാജ്യം സ്ഥാപിക്കുന്നതിന് അടിസ്ഥാനക്കല്ലിട്ടില്ലേ? ഇവയിലൊക്കെ കൂടുതലാണൊ നിങ്ങളുടെ നഷ്ടം? ഉത്സാഹത്തോടുകൂടി പ്രവൃത്തിയിൽ ഏർപ്പെടുക."

ബന്ധുമിത്രങ്ങളിൽ ഒരാളിന്റെ മരണം നിമിത്തം നാം തീവ്രകദനത്തിലാണ്ടു ഹൃദയവേദന അനുഭവിക്കുന്നു എന്നിരിക്കട്ടെ; അപ്പോൾ കാവ്യകാരൻ,

എണ്ണീടുകാക്കുമിതുതാൻഗതി, സാദ്ധ്യമെന്തു
കണ്ണീരിനാലവനി വാഴ്വു കിനാവു കഷ്ടം!

എന്നായിരിക്കും പറയുന്നത്. "മരണം അനിവാര്യമായ ഒന്നാകുന്നു. ഫലിച്ചാലുമില്ലെങ്കിലും ഒരു ഉത്തമകൃത്യം സാധിക്കാനുള്ള ഉൽകൃഷ്ടശ്രമത്തിൽ ഏർപ്പെട്ടിരുന്നു എന്നുള്ള ചാരിതാർത്ഥ്യത്തോടെ മരിക്കാൻ ശ്രമിക്കുക. അതാണ് യഥാർത്ഥാഹ്ലാദം. ഒരു വിപുലമായ പൗരസ്ത്യസാമ്രാജ്യം സ്ഥാപിക്കാനുള്ള ശ്രമം പൂർണ്ണമായി ഫലിപ്പിക്കാതെ അലക്സാണ്ഡർ മരിച്ചുപോയി; വക്കീലിന്റെ മകനായിരുന്ന നെപ്പോളിയൻ ചക്രവർത്തിയായിത്തീർന്നിട്ടും, തന്റെ പലേ ഉദ്ദേശ്യങ്ങളും സാധിക്കാതെ കാരാഗൃഹത്തിലകപ്പെട്ടു മരിച്ചു; ഇംഗ്ലീഷുകാരെ നിശ്ശേഷം തോല്പിച്ചോടിക്കണമെന്നുള്ള ആഗ്രഹം ശരിയായി ഫലിപ്പിക്കാനിടവരാതെ ജോവാൻ എന്ന തരുണീമണി തീയിലെരിഞ്ഞു മരണംപ്രാപിച്ചുപോയി; ഇവരുടെ മരണംപോലെ, അത്യുൽകൃഷ്ടവും അനുകരണീയവും ആയ മഹദ്ശ്ര

മങ്ങളിലേപ്പെട്ടു മരണം വരിക്കുന്നതാണ് ശ്രേഷ്ഠം.'' എന്നി പ്രകാരം പരോക്ഷമായി പ്രസ്താവിച്ചാണ് ജീവചരിത്രകാരൻ ഇത്തരം ഘട്ടങ്ങളിൽ ദുഃഖം നീക്കുന്നതു്.

ഒരു കാര്യസിദ്ധിക്കായി നിരന്തരം ശ്രമംചെയ്തിട്ടും പരാജയത്തിലാണ്ടു നിരാശനായിത്തീരാനാണ് ഒരുവനു സംഗതി വരുന്നതെന്നിരിക്കട്ടെ. കവി അപ്പോൾ സമാധാധപ്പെടുത്തുന്നതു്

''ദൈവഗതിക്കഥവാ ഭുവനേസ്സിൻ
നൈവകവാടനിരോധമൊരേടം''

എന്നായിരിക്കും. ജീവചരിത്രകാരനാകട്ടെ, ''നിങ്ങൾ ഒരു ശ്രമത്തിലേപ്പെട്ടു് ഓരായിരം തവണ തോററുപോകുന്നതായാലും എനിക്ക് നിങ്ങളോടു അപ്പോൾ ഉപദേശിക്കാനുള്ളതു് ഒരു തവണക്കൂടി ശ്രമിക്കണം എന്നാകുന്നു.'' എന്നു ഉൽബോധിപ്പിച്ചിട്ടു ഇപ്രകാരം തുടരും:—''ഒരു വലകെട്ടുന്നതിനു് ആറുതവണ ശ്രമം ചെയ്തു ഫലിക്കാഞ്ഞിട്ടും, ഏഴാമത്തെ തവണ ശ്രമിച്ചു വിജയിയായതു കണ്ടു റാബർട്ട് ബ്രൂസ് വനാന്തരത്തിൽ നിന്നു പുറത്തുവന്നു നവ്യോന്മേഷത്തോടുകൂടി ശത്രുക്കളെ ഓടിച്ചു് ഒടുവിൽ സിംഹാസനം പ്രാപിച്ചു കഥ നിങ്ങൾ ഓക്കേണ്ടതാണ്. രാജ്യാധിപതിയായിരിക്കേണ്ട ടൈമൂർ ശത്രുസഞ്ചയത്തിനാൽ ഓടിക്കപ്പെട്ടു, നിരാശനായിരിക്കുമ്പോൾ ഒരു ഉറുമ്പു് ഒരു ധാന്യക്കഷണം വഹിച്ചുകൊണ്ടു് മേല്പോട്ടുകയറാനുള്ള ശ്രമം അറുപത്തൊൻപതു തവണ നടത്തിയിട്ടും ഫലിച്ചില്ല; അടുത്ത ഒരുതവണക്കൂടി ശ്രമിച്ചു വിജയി ആയതു കണ്ടിട്ടു ആശാഭരിതനായിത്തീൎന്ന ടൈമൂർ വീണ്ടും ശ്രമിച്ചു് ഒരു വിപുല ഭൂവിഭാഗത്തിൻെറ അധിപതിയായിത്തീൎന്ന വസ്തുത ഈ അവസരത്തിൽ സ്മരിക്കൂ. പാലിസി എന്ന കുശവൻ പട്ടിണികിടന്നു എത്ര അധികം കഷ്ടതകൾ അനുഭവിച്ചും, പരാജയങ്ങൾ പ്രാപിച്ചും ആണ് ഇനാമൽ പാത്രങ്ങൾ വാൎത്തെടുക്കാൻ പഠിച്ചതെന്നു ഓൎക്കുന്നില്ലേ? നിങ്ങൾ ശ്രമം തുടൎന്നാലും, ശ്രമം തുടൎന്നാലും''



ദയനീയമായ വിധം മരിക്കേണ്ടിവരുമ്പോൾ, "ലോകമേ അസ്ഥിരം, മരണം എന്നൊന്നില്ല,

"ഇല്ല ജനനം മരണവുമില്ലകേൾ
അല്ലലുണ്ടാകായ്കതുനിനച്ചേതുമേ"

ഇത്യാദിയായിരിക്കും കവി പറയുന്നത്. ജീവചരിത്രകാരൻ വന്നു പറയുന്നതു നോക്കുക:—"ലോകോദ്ധാരണത്തിനു അവതരിച്ച ക്രിസ്തുദേവൻ കുരിശിൽ തറയ്ക്കപ്പെട്ടു. ജനങ്ങൾക്കു സന്മാൎഗ്ഗതത്വോപദേശം ചെയ്തുകൊണ്ടിരുന്ന സാക്രട്ടീസിനു വിഷപാനം ചെയ്തു മരിക്കേണ്ടിവന്നു. തന്റെ മതവിശ്വാസം പരിത്യജിക്കാത്തതിനായി സർ താമസ് മൂറിനു തൂക്കുമരത്തിലേറേണ്ടതായിവന്നു. ഒരു അപരാധവും ചെയ്യാതിരുന്നിട്ടും കൃഷ്ണാരാജകുമാരി എന്ന സുന്ദരകന്യകയെ വിഷം കൊടുത്തു കൊല്ലാൻ അവളുടെ പിതാവു നിർബ്ബന്ധിതനായി. എത്രയോ സമാധാനത്തോടും ചാരിതാർത്ഥ്യത്തോടും കൂടിയാണ് ഇവരൊക്കെ മരണം വരിച്ചതെന്നു നോക്കിയാലും. നീയും മഹദുദ്ദേശ്യസിദ്ധിക്കോ പൊതുജനസേവനത്തിനോ ജീവിതം നയിച്ചു സന്തുഷ്ടനായി മരിക്കുക".

ഭാവനാസമ്പന്നനും വികാരവിധേയനും ആയ കവിക്കു യുക്തിയുക്തമായ പ്രതിപാദനമല്ല അത്യന്താപേക്ഷിതം. കാവ്യകാരൻ നമ്മളെ ദുഃഖഘട്ടങ്ങളിൽ ആശ്വസിപ്പിക്കുന്നു; സകലത്തിലുമുള്ള സൗന്ദര്യം നമുക്കു കാണിച്ചു തരുന്നു; ലോകസുഖത്തിന്റെ അനിത്യത ബോധപ്പെടുത്താൻ ശ്രമിക്കുന്നു. ജീവചരിത്രകാരനാകട്ടെ, യുക്തിയുക്തവും അനുകരണീയവും ആയ വിധം സംഭാഷണം ചെയ്തു, ആഹ്ലാദിപ്പിക്കുന്നു, ആശ്വസിപ്പിക്കുന്നു; നമ്മളെ ഉജ്വലചരിതങ്ങൾ ചൂണ്ടിക്കാണിച്ച് ഉദ്ബോധിപ്പിക്കുന്നു, ഉത്തേജിപ്പിക്കുന്നു; നിരന്തരപരിശ്രമങ്ങൾ ബോധപ്പെടുത്തി നമ്മളെ മുന്നോട്ടു നയിക്കുന്നു; വിജയമണിമന്ദിരത്തിലേക്കു പ്രവേശിപ്പിക്കയും ചെയ്യുന്നു.

"നിങ്ങൾ നിങ്ങളെ ഉദ്ധരിക്കണം. നിങ്ങളെ നിങ്ങൾ അധഃപതിപ്പിക്കരുത്. നിങ്ങൾ തന്നെയാണ് നിങ്ങളുടെ

ബന്ധു. നിങ്ങളുടെ ശത്രുവും നിങ്ങളല്ലാതെ മററാരുമല്ല" എന്ന മഹത്തത്വം നമുക്കു ശരിയായി മനസ്സിലാകുന്നതു് ജീവചരിത്രങ്ങൾ പാരായണം ചെയ്യുമ്പോൾ മാത്രമാകുന്നു. "വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ? " എന്ന വിശ്വാസത്തിൽനിന്നും നമ്മളെ തട്ടിയുണർത്തി,

"ഉദ്യമം, സാഹസം, ധൈര്യം,
ബുദ്ധി, ശക്തി, പരാക്രമം
ഇവയാറുമിരുന്നീടിൽ
വിധി ദാസ്യം വഹിച്ചിടും"

എന്ന തത്വം ആനുഭവികമാക്കിത്തരുന്നു. കർമ്മങ്ങളുടെ ഫലം "വാസന" എന്ന രൂപത്തിൽ പ്രത്യക്ഷപ്പെട്ടു് അതിനനുസരണമായി പ്രവൃത്തികൾചെയ്തും, ഫലം അനുഭവിച്ചും കഴിച്ചുകൂട്ടുന്നതത്രെ മനുഷ്യജീവിതം. ഈ ഉപനിഷത്തത്വം അനുസരിച്ചുനോക്കുമ്പോൾ, അവനവൻെറ ജീവിതം അവനവൻതന്നെ രൂപവൽകരിക്കുന്നതാണു് എന്നതു് അനുഭവസിദ്ധമാകുന്നു. പലേ മഹാപുരുഷന്മാരും തങ്ങളുടെ ജീവിതം മുഖേന ഇതു ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്. നിരന്തരവും കഠോരവും ആയി പരിശ്രമം ചെയ്തതിൻെറ ഫലമായിട്ടാണു് തങ്ങൾക്കു് വിജയവും ഔന്നത്യവും ലബ്ധമായിട്ടുള്ളതെന്നു് അവരിൽ പലരും സ്പഷ്ടമായി പ്രഖ്യാപനംചെയ്തിട്ടുണ്ടുതാനും. ഇപ്രകാരമുള്ള മഹാപുരുഷന്മാരുടെ ജീവിതത്തെക്കുറിച്ചു് ശരിയായി പഠനം നടത്തി അവരെ അനുകരിക്കാനും, നിരാശരാകാതെ പരിശ്രമിക്കാനും, നമ്മളെ സർവ്വദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു മാത്രമാണു് ജീവചരിത്രങ്ങൾക്കു് ഏതു പരിഷ്കൃതഭാഷയിലും ഒരു ഉന്നതസ്ഥാനം ലഭിച്ചിട്ടുള്ളതു്.

II

ജീവചരിത്രം ഒരു ശാസ്ത്രം മാത്രമല്ല; അതു് ആലോചനാമൃതമായ സാഹിത്യത്തിൻെറ ഒരു വിഭാഗംകൂടിയാകുന്നു. ഈ ലളിതകലാവിഭാഗത്തിൻെറ വിലാസംകൊണ്ടു് ലോകനിവാസികൾ അനുഗൃഹീതരും ആദർശവാന്മാരും ആയിത്തീ

രാൻ തുടങ്ങിയിട്ട് വർഷം രണ്ടായിരം കഴിഞ്ഞിട്ടുണ്ട്. സെനഫൺ എന്ന വിഖ്യാത ഗ്രീക്ചരിത്രകാരൻ സാക്രട്ടീസിൻെറ ജീവചരിത്രം എഴുതിയ ആ പുരാതനകാലം മുതല്ക്കേ, പരിഷ്കൃതജനത മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങളുമായി പരിചയപ്പെട്ടുകഴിഞ്ഞു എന്നു പറയാം. ഗ്രീക്കുകാരുടേയും റോമൻകാരുടെയും ഇടയ്ക്കു ജീവിച്ചിരുന്ന നാല്പത്താറു പ്രശസ്തപുരുഷന്മാരുടെ ഉജ്വലചരിത്രങ്ങൾ എ. ഡി. ഒന്നാംശതാബ്ദത്തിൽ പ്ളൂട്ടാർക്ക് എന്ന മഹാൻ രചിച്ചതോടുകൂടി ജനങ്ങൾക്കു ജീവചരിത്രങ്ങളോടു് സ്നേഹം വർദ്ധിച്ചുതുടങ്ങി. തർജ്ജിമരൂപത്തിലോ സംഗ്രഹരൂപത്തിലോ ഈ ജീവചരിത്രങ്ങൾ കടന്നിട്ടില്ലാത്ത പരിഷ്കൃതഭാഷ ലോകത്തില്ല തന്നെ.

"പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൗഘംകൊണ്ടും കെട്ടിമേഞ്ഞവയായ പാഴ്കടില്പ്"കളിൽ ജാതരായ എത്ര സഹസ്രംപേരാണ പ്ളൂട്ടാർക്കിൻെറ ഈ വിശിഷ്ട ജീവചരിത്രങ്ങൾ ബാല്യകാലത്തു പഠിച്ചതുകൊണ്ടുമാത്രം ആദർശാരാമങ്ങളിൽക്കൂടി വിജയശ്രീലാളിതരും അക്ഷയകീർത്തിസമ്പന്നരും ആയിത്തീർന്നിട്ടുള്ളതെന്നു വിവരിക്കുക അസാദ്ധ്യമാണ്. രണ്ടാംശതാബ്ദത്തിൽ ഫിലോസ്റ്റ്രേററസ് എഴുതിയ "സോഫിസ്റ്റുകളുടെ ജീവചരിത്രങ്ങൾ," അവയെക്കാൾ മെച്ചമായി 3 ാംശതാബ്ദത്തിൽ ലയർഷ്യസ് എഴുതിയ "തത്വജ്ഞാനികളുടെ ജീവചരിത്രങ്ങൾ" എന്നിവയും ഗ്രീക്ക്ഭാഷയിൽ പ്രാധാന്യം അർഹിക്കുന്ന ഗ്രന്ഥങ്ങളാകുന്നു.

ലാററിൻഭാഷയിൽ ജീവചരിത്രം ആദ്യമായി പ്രസിദ്ധപ്പെടുത്തിയിട്ടു രണ്ടായിരത്തിൽ പരം സംവത്സരങ്ങൾ കഴിഞ്ഞിട്ടുണ്ട്.

ഇതരയൂറോപ്പ്യൻ ഭാഷകളുടെ ആവിർഭാവവും, അവ സംസാരിക്കുന്ന ജനങ്ങളുടെ നാഗരികതയും താരതമ്യേന വളരെക്കാലം കഴിഞ്ഞശേഷം മാത്രമേ ലോകത്തുണ്ടായിട്ടുള്ളു. 1653-ാ മാണ്ടു് ഫ്രഞ്ചു ഭാഷയിൽ പ്രസിദ്ധം ചെയ്ത ആക്ററാ സാൻക്ടോറം, 15-ാം ശതവർഷത്തിൽ സ്പാനി

ഷ് ഭാഷയിൽ പ്രസിദ്ധംചെയ്ത "ജനപരമ്പരകളും ആനന്ദ്രൃങ്ങളും", ആയിടക്കുതന്നെ ഇററലിയിൽ പ്രസിദ്ധംചെയ്ത "ഫ്ളാറൻസിലെ വിശിഷ്ടാത്മാക്കൾ" എന്നിവയ്ക്കുശേഷം അതാതു ഭാഷകളിൽ ഉണ്ടായിട്ടുള്ള ജീവചരിത്രങ്ങൾ ആ ഭാഷ സംസാരിക്കുന്നവൎക്ക് അധികം ഉത്തേജനം നല്കിയിട്ടുണ്ട്.

പലേ ജ്ഞാനശാഖകളുടേയും, സാഹിത്യപ്രകടനങ്ങളുടേയും ധാരാളത്വം കൊണ്ട് ലോകത്തിലെ ഒന്നാംതരം ഭാഷയായി പരിഗണിക്കപ്പെട്ടിരിക്കുന്ന ഇംഗ്ലീഷിൽ ജീവചരിത്രങ്ങൾക്കുള്ള സ്ഥാനം അത്യന്തം പ്രശംസനീയമായിരിക്കുന്നു. ജീവചരിത്രങ്ങളും അവയുടെ നിരൂപണങ്ങളുംമാത്രം വായിച്ചുകൊണ്ടിരിക്കാൻ ഒരാളിനു കൗതുകമുണ്ടെങ്കിൽ, ആയുഷ്കാലം മുഴുവനും വായിച്ചുകൊണ്ടിരിക്കത്തക്കവിധം ജീവചരിത്രഗ്രന്ഥങ്ങൾ ആ ഭാഷയിലുണ്ടത്രേ. 17-ാം ശതാബ്ദത്തിൽ മാത്രമേ അതിൽ നല്ല ജീവചരിത്രഗ്രന്ഥങ്ങൾ ഉണ്ടായുള്ളൂ, എങ്കിലും ഒരു ശതാബ്ദത്തിനു മുമ്പുതന്നെ വില്യം റോപ്സ് എന്നയാൾ തൻെറ ശ്വശ്രുരനായ സർ. താമസ് മൂറിൻെറ ഒരു വിശേഷപ്പെട്ട ജീവചരിത്രം രചിച്ചിട്ടുണ്ടായിരുന്നു. അക്കാലംമുതൽ വീരാത്മാക്കളുടെ ജീവിതചരിതങ്ങൾ അനവധിയായി പുറപ്പെട്ടുതുടങ്ങി. ഒരാളിനെക്കുറിച്ച് വിശേഷവിധിയായി എന്തെങ്കിലും പ്രസ്താവിക്കേണ്ടതുണ്ടെങ്കിൽ അത്തരം ആളുകളുടേതു പോലും ഇംഗ്ലീഷുകാർ തേടിപ്പിടിച്ച് എഴുതിയിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമായ ഒരു പരമാൎത്ഥമാകുന്നു. പ്രശസ്തപുരുഷന്മാരെ ആരാധിക്കയും ബഹുമാനിക്കയും ചെയ്യുന്നതിൽ ഇംഗ്ലീഷുകാർ കാണിക്കുന്ന തല്പരത ഒന്നു വേറെ തന്നെയാണ്. ഒരാളിൻെറ ജീവചരിത്രം അച്ചടിച്ചാൽ രണ്ടായിരത്തിൽപരം പുറങ്ങൾ വന്നുപോയാലും അതു ആംഗ്ലേയൎക്ക് അസുഖകരമായിത്തീരാറില്ല. ഒരാളിൻെറ ജീവചരിത്രം രചിക്കാൻ ഇരുപതും മുപ്പതും സംവത്സരക്കാലം പരിശ്രമിക്കുക എന്നുള്ളതും അവിടെ അത്ര അസാധാരണമല്ലതന്നെ.

ഇത്തരം സാഹിത്യപരിശ്രമങ്ങൾ ഇംഗ്ലീഷുകാർ പ്രദർശിപ്പിച്ചിട്ടുള്ളതുനിമിത്തം മററുസകല ഭാഷകളേയും അപേക്ഷിച്ച് ആംഗലഭാഷ ലോകത്തിൽ ഗ്രന്ഥസമൃദ്ധിയും ഗ്രന്ഥവൈവിദ്ധ്യവുംകൊണ്ട് ഒന്നാംകിടയിൽ എത്തിച്ചേൎന്നിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിൽ ഒന്നാംതരം ജീവചരിത്രകാവ്യമായി പരിഗണിക്കപ്പെട്ടിരിക്കുന്നത് ബാസ്വൽ എഴുതിയ ജാൺസന്റെ ജീവചരിത്രം ആകുന്നു. ജീവചരിത്രനായകനുമായി ഇരുപതു വൎഷക്കാലം സംസൎഗ്ഗം ചെയ്തും, അദ്ദേഹത്തെ സംബന്ധിച്ച സമഗ്രമായി പഠനം നടത്തിയും രചിക്കപ്പെട്ടിരിക്കുന്ന ആ ജീവചരിത്രത്തിനോട് തുല്യമായി, ഷേക്‌സ്പീയർകൃതികളും, ബൈബിളും മാത്രമേയുള്ളു എന്നാണ് നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഒരു പ്രതി കൈയിലുണ്ടായിരുന്നാൽ യാത്രാക്ലേശങ്ങളൊന്നും സ്മരിക്കാതെ സഹാറാ മരുഭൂമി നടന്നുകടന്നു പോകാം എന്നുപോലും അവരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടത്രെ!

ഇരുപതാംനൂററാണ്ടിന്റെ പ്രാരംഭദശകങ്ങളിൽ ലിട്ടൺസ്റ്റ്രാച്ചി എന്ന സുപ്രസിദ്ധഗ്രന്ഥകാരൻ രചിച്ചിട്ടുള്ള "എമിനെൻറ് വിക്ടോറിയൻസ്", "ക്വീൻ വിക്ടോറിയ" എന്നീ ജീവചരിത്രഗ്രന്ഥങ്ങൾ മഹച്ചരിതലോകത്തിൽ ഒരു മഹത്തായ പരിവൎത്തനം വരുത്തിയിരിക്കുന്നു. ജീവചരിത്രപുരുഷന്റെ ദോഷഭാഗങ്ങൾ കാണിച്ചും വൎണ്ണനകൾക്കു പ്രാധാന്യം നൽകിയും രചിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥങ്ങൾ നാവലുകളെപ്പോലെ രസകരമായിരിക്കുന്നു എന്നാണ് നിരൂപണവിചക്ഷണന്മാരുടെ അഭിപ്രായം. ജീവചരിത്രം ഒരു കല എന്ന നിലയ്ക്ക് എങ്ങനെ ശോഭിക്കുമാ എന്നു വിശദമായി ലോകത്തിനു കാണിച്ചുകൊടുത്തിരിക്കുന്നതു സ്റ്റ്രാച്ചി ആകുന്നു.

ഒരാളിന്റെ ജീവചരിത്രം അയാൾ തന്നെ എഴുതി ചരിത്രകത്തിനു ദാനം ചെയ്യുന്ന പതിവ് ആദ്യം ആരംഭിച്ചത് സെയിൻറ് അഗസ്റ്റിൻ എന്ന ഇററാലിയൻ ആകുന്നു. 354-ാമാണ്ടു ജനിച്ചു 74 വൎഷം ജീവിച്ചിരുന്ന ഇദ്ദേഹം പ്രഫ്സരും

ക്രിസ്തുമതപ്രചാരകനും മററുമായി ജീവിതം നയിച്ചതിനെ "കൺഫെഷൻസ്" എന്ന പേരിൽ വിശദീകരിച്ച് എഴുതിയിട്ടുള്ള ഈ ഗ്രന്ഥം പിന്നീടുള്ള അനേകശതവർഷക്കാലത്തേക്ക് മനശ്ശാസ്ത്രപ്രാധാന്യമുള്ള ഒരു ആത്മചരിതമായി പ്രശോഭിച്ചുകൊണ്ടിരുന്നു. ജാർജ്ഫാക്സ്, ജാൺവെസ്ലി, സെൻറ്തെറീസാ, ജൂലിയാന തുടങ്ങി പലരും ഈ ഗ്രന്ഥത്തിൻെറ മാതൃകയിൽ ആത്മവൃത്താന്തങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും, അവയൊന്നും ഇത്ര നന്നായിട്ടില്ല എന്നുവേണം പറയാൻ. 16-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന "സെല്ലിനി" എന്ന ഇററാലിയൻെറ ആത്മചരിതം വളരെ വൈശിഷ്ട്യമുള്ള ഒരു ഗ്രന്ഥമായി ഇന്നും വിശ്വസാഹിത്യത്തിൽ പരിലസിച്ചുപോരുന്നുണ്ട്. "കാസ്കനോവ" എന്ന ഇററാലിയൻേറതും പ്രസ്താവയോഗ്യമായ ഒരു ആത്മചരിത്രമാകുന്നു. ചില ഭാഗങ്ങളിൽ ഗ്രന്ഥകാരൻ കള്ളം പറഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസം, സംഭാഷണം, സഞ്ചാരം, സാമുദായികബന്ധം, പ്രസംഗം തുടങ്ങി അയാളെ സംബന്ധിക്കുന്ന മിക്കതും വർണ്ണിച്ചും, സ്നേഹവും കാമവും സംബന്ധിച്ചുള്ള സംഭവങ്ങൾക്ക് അതി പ്രാധാന്യം നൽകിയും രചിതമായ ഈ ഗ്രന്ഥത്തിൻെറ അനേകായിരം പ്രതികൾ യൂറോപ്പിലെങ്ങും പ്രചരിച്ചിട്ടുണ്ട്.

18-ാം ശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിൽ റൂസ്സോ പ്രസിദ്ധംചെയ്ത ആത്മചരിതം, ആത്മവൃത്താന്തലോകത്തിനു ഒരു മാതൃകയായി ഇന്നും പരിഗണിച്ചുപോരുന്നു. ആധുനിക മനശ്ശാസ്ത്രപഠനത്തിനുതന്നെയും ലാഘവവും പ്രയോജനവും

[illegible] ...രുത്തിയിരിക്കുന്ന ഈ ഗ്രന്ഥം യൂറോപ്പിലെ സകല പരിഷ്...ത ഭാഷകളിലും ഭാഷാന്തരം ചെയ്തിട്ടുണ്ട്.

...സ്മരണകൾ, ഡയറികൾ, കത്തുകൾ, ആത്മചരിതങ്ങൾ ...വയുടെ രൂപങ്ങളിലായി അനേകം ജീവചരിത്രങ്ങൾ 18-ാം 19-ാം ശതാബ്ദങ്ങളിൽ ലോകത്തിനു ലഭിച്ചിട്ടുണ്ട്. ഗിബ്ബൺ, സ്കാട്ട്, ബർലിയോസ്, ബെഞ്ജമിൻ ഫ്രാൻക്ളിൻ, ടാൾസ്റ്റായ്, ജാൺ സ്ററുവർട്ട് മിൽ, ഹെർബെർട്ട്

സ്പെൻസർ, റസ്കിൻ, ഹെൻറി ന്യൂമാൻ, അലക്സാണ്ഡർ ഡ്യൂമാസ്, ഹെൻട്രി ആഡംസ് തുടങ്ങിയുള്ളവരുടെ ആത്മ ചരിത്രങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാകുന്നു.

മഹാത്മാ ഗാന്ധി എഴുതിയിട്ടുള്ള "സത്യാന്വേഷണ പരീക്ഷകൾ" ആത്മചരിതങ്ങൾക്ക് നവ്യവും ഉത്തമവും ആയ മാതൃകയായി ലോകമെങ്ങും കീർത്തി പരത്തിയിരിക്കുന്നു. വിശ്വവിഖ്യാതി സമ്പാദിച്ചിട്ടുള്ള ഈ മഹാപുരുഷൻ സമാർജിച്ചിട്ടുള്ള സകല ഔന്നത്യങ്ങളും സ്വന്തം പരിശ്രമം മുഖേനയാണെന്നുള്ളതു് ഈ ഗ്രന്ഥം വിശദമായി പ്രഖ്യാപനം ചെയ്യുന്നുണ്ടു്. അദ്ദേഹത്തിന്റെ നാമധേയവുമായി യോജിപ്പിക്കാൻ തോന്നാത്തവിധം അത്ര ബാലിശവും നികൃഷ്ടവും ആയ സംഭവങ്ങൾപോലും മറയ്ക്കാതെ, ഒരു ഉത്തമ ജീവചരിത്രകാരന്റെ കർത്തവ്യബോധത്തോടെ അദ്ദേഹം ഈ ഗ്രന്ഥം തയാറാക്കിയിരിക്കുന്നു. ഇന്ത്യയിലെ യാതൊരു ഭാഷയിലും ഇതുപോലൊരു ജീവചരിത്രം ആരും രചിച്ചിട്ടില്ല എന്നതിൽ അതിശയോക്തി അശേഷം ഇല്ലതന്നെ.

III

ജീവചരിത്രരചനാരീതികളിൽ ഒന്നിനെ അവലംബിച്ചു അന്യഭാഷകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ജീവചരിത്രനിഘണ്ടുക്കളുടെ കഥ പറയുന്നതായാൽ, ആംഗലഭാഷ പരിചയമില്ലാത്ത പല മലയാളികളും അത്ഭുതപ്പെട്ടുപോകും. പത്താം ശതാബ്ദത്തിൽ സൂയിഡാസ് എന്ന ഗ്രീക്ക് പണ്ഡിതൻ തന്റെ നിഘണ്ടുവിൽ ജീവചരിത്രങ്ങൾക്ക് ഒരു സ്ഥാനം കൊടുത്തതോടുകൂടിയാണു് അത്തരം ഗ്രന്ഥങ്ങളുടെ ആവശ്യം പാശ്ചാത്യപണ്ഡിതന്മാർക്കു ബോദ്ധ്യം വന്നതു്. പ്രയാസമേറിയ ആ പ്രവൃത്തിയിൽ വിജയം പ്രാപിക്കാനുള്ള വൈഷമ്യങ്ങൾ നിരവധി ആകയാൽ, 16-ാം ശതാബ്ദത്തിൽ മാത്രമേ ജീവചരിത്ര നിഘണ്ടു പ്രത്യേകമായി പുറത്തുവന്നുള്ളു. കേരളത്തിനോളമേ വലുപ്പമുള്ളു എങ്കിലും മററു സകല രാജ്യക്കാർക്കും ഓരോവിധം ആദർശവും ആഹ്ലാദവും നൽകാൻ ഇന്നും വേണ്ടത്ര കോപ്പും

കെൽപ്പും ഉള്ള സ്വിററ്സർലണ്ട് രാജ്യമാണ് ഇക്കാ ര്യത്തിൽ പ്രാഥമികസ്ഥാനം കൈക്കലാക്കിയിട്ടുള്ളതു്. "Bibliotheca Universalis" എന്ന പേരിൽ 1545-ാമാണ്ട് ആരംഭിച്ച ഒരു ജീവചരിത്രനിഘണ്ടു ലാററിൻ, ഗ്രീക്, ഹീബ്രൂ എന്നീ മൂന്നു ഭാഷയിലും ഒരേ അവസരത്തിൽ പ്രസിദ്ധംചെയ്തു് നാലുകൊല്ലംകൊണ്ട് പൂൎത്തിയാക്കപ്പെട്ടു.

23 സംവത്സരത്തിനു ശേഷം ലയൺസ് നഗരത്തിൽ നിന്നു പ്രസിദ്ധം ചെയ്ത "Prosopographia" എന്ന ജീവ ചരിത്ര നിഘണ്ടുവിൽ അന്നുവരെ പാശ്ചാത്യ രാജ്യങ്ങളിൽ ജീവിച്ചിരുന്നിട്ടുള്ള സകല വീരാത്മാക്കളുടേയും ചരിതങ്ങൾ അടക്കം ചെയ്തിട്ടുണ്ടായിരുന്നു. ഇത്തരത്തിൽ ചെറുതും വലുതും ആയ ജീവചരിത്ര നിഘണ്ടുക്കൾ മററു ഭാഷകളിലും പുറപ്പെട്ടിട്ടുണ്ട്.

ദേശീയ ജീവചരിത്ര നിഘണ്ടുക്കളുടെ പുറപ്പാട് 19-ാം ശതാബ്ദത്തിലാകുന്നു. ഇത്തരത്തിലുള്ള ഒരു മഹച്ചരിത കോശം പല വാല്യങ്ങളായി ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടതു് സ്വീഡിഷ് ഭാഷയിലാകുന്നു. 1835 മുതൽക്കുള്ള 23 സംവത്സരക്കാലത്തെ ഉഗ്രശ്രമംകൊണ്ട് 23 വാല്യം അടങ്ങിയ Dictionaries of National Biography" പുറത്തു വന്നതോടുകൂടി ഈ പ്രസ്ഥാനം ഇതരഭാഷകളിലും വ്യാപിച്ചു തുടങ്ങി. തങ്ങളുടെ രാജ്യങ്ങളിലുള്ള വീരാത്മാക്കളെ ബഹുമാനിക്കാൻ ഓരോ രാജ്യക്കാരും ഈ പന്ഥാവിൽ കൂടി അഹമഹമികയാ പ്രവൎത്തിച്ചുകൊണ്ടിരുന്നു. 27 വൎഷത്തെ ശ്രമംകൊണ്ട് 24 വാല്യമായി ഡച്ചുകാരും, 36 വൎഷം കൊണ്ട് 35 വാല്യമായി ആസ്ത്രിയാക്കാരും, 25 വൎഷം കൊണ്ട് 45 വാല്യമായി ജൎമ്മൻകാരും, 20 വൎഷംകൊണ്ടു 40 വാല്യമായി ഫ്രെഞ്ചുകാരും തങ്ങളുടെ ദേശീയ ജീവചരിത്ര നിഘണ്ടുക്കൾ പൂൎത്തിയാക്കിയിട്ടുണ്ട്. ഇവ അതാതുഭാഷ സംസാരിച്ചു പോരുന്ന സകലൎക്കും പ്രയോജനമുള്ള വിജ്ഞാന കോശങ്ങളായിട്ടാണ് പരിലസിക്കുന്നതു്. യൂറോപ്പിലെ സകല ഭാഷകളിലും ഇത്തരം ജീവചരിത്ര നിഘണ്ടുക്കൾ ഉണ്ട്.

18-ാംശതാബ്ദം മുതൽക്കുതന്നെ ജീവചരിത്രനിഘണ്ടുക്കൾ ഇംഗ്ലീഷ്ഭാഷയിൽ ഉണ്ടായിത്തുടങ്ങി. ബ്രിട്ടനിലും അയർലണ്ടിലും ഉള്ള വീരാത്മാക്കളുടെ ജീവചരിത്രങ്ങൾ 7 വാല്യം അടങ്ങിയ ഒരു ഗ്രന്ഥാവലിയായി "ബയാഗ്രഫിയാ ബ്രിട്ടാനിക്ക" എന്ന പേരിൽ 1766-ാമാണ്ട് പൂത്തിയാക്കി. 32 വാല്യം വരുന്ന ഒരു ജീവചരിത്ര നിഘണ്ടു അലക്സാണ്ടർ ചാൽമേഴ്സ് 1814-ലും, 12 വാല്യം വരുന്ന വേറൊരു നിഘണ്ടു 8 സംവത്സരംകൊണ്ട് 1847-ലും പ്രസിദ്ധീകരിച്ചതോടുകൂടി ഇത്തരം ഗ്രന്ഥങ്ങൾക്ക് ഇംഗ്ലീഷിൽ ദൗർല്ലഭ്യമില്ലെന്നു വന്നുചേൻ്നു. എന്നാൽ വിപുലവും സമഗ്രവും ആയ വിധത്തിൽ ഒടുവിലായി അവർ പ്രസിദ്ധപ്പെടുത്തിയ ദേശീയ ജീവചരിത്രനിഘണ്ടു ആണ് അത്യന്തം പ്രശംസനീയമായിരിക്കുന്നതു്. അക്ഷീണപരിശ്രമിയും നിശ്ചയധീമാനും ആയ ജാർജ് സ്മിത്ത് ആണ് ഈ മഹാ പ്രസ്ഥാനം ആരംഭിച്ചതു്. ജീവചരിത്രപാരായണത്തിൽ അമിതകുതുകിയും ചരിത്രപണ്ഡിതനും ആയ ലെസ്‌ലി സ്റ്റീഫൻെറ പത്രാധിപത്യത്തിൽ 1883 ജനുവരി 1-ാംനു- മുതൽക്കു് ആരംഭിച്ച ഈ ദേശ്യ ജീവചരിത്ര നിഘണ്ടു ത്രൈമാസികയായി മുടങ്ങാതെ പതിനഞ്ചുവഷം പ്രസിദ്ധം ചെയ്തു് 63 വാല്യംകൊണ്ടു പൂത്തിയാക്കപ്പെട്ടു. ആകെ 29108 പുറമുള്ള ഈ ജ്ഞാനഭണ്ഡാഗാരത്തിൽ 29120 പേരുടെ ജീവചരിത്രങ്ങൾ അടക്കം ചെയ്തിട്ടുണ്ടു്. 1927 വരെ ബ്രിട്ടനിലും അയർലണ്ടിലും ജീവിച്ചിരുന്നിട്ടുള്ള മഹത്തുക്കളുടെ ജീവചരിത്രങ്ങൾകൂടി ഉൾപ്പെടുത്തി ഈ നിഘണ്ടുവിൻെറ ആകൃതി ഇപ്പോൾ വലുതാക്കിയതോടുകൂടി, 35,000 ത്തിൽപരം ആളുകളുടെ ചരിതങ്ങൾ ആണ് ഇതിൽ കടന്നു കയറിയിരിക്കുന്നതു്! ഇത്ര അധികം പേരുടെ ചരിത്രങ്ങളുള്ളതോ, ഇത്ര അധികം സമഗ്രമായതോ ആയ ഒരു ദേശീയ ജീവചരിത്ര നിഘണ്ടു മറ്റു യാതൊരു ഭാഷയിലും ഉണ്ടായിട്ടില്ല എന്നുള്ളതു് ഇംഗ്ലീഷുകാക്കു ഏററവും അഭിമാനജനകമായ ഒന്നാണെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ലല്ലൊ.

IV

മററുഭാഷകളിൽ ജീവചരിത്രങ്ങൾക്കുള്ള ഇത്തരം ഉന്നതപദത്തെക്കുറിച്ചു ചിന്തിച്ചതിനുശേഷം കൈരളിയിലെക്കൊന്നു കണ്ണോടിക്കുമ്പോഴാണ് മാന്യവായനക്കാർ അത്യന്തം നിരാശരും ലജ്ജാവിവശരും ആയിത്തീൎന്നുപോകുന്നത്. വിഭവസമൃദ്ധമായ മനോഹരനഗരങ്ങളിൽ സഞ്ചാരം നടത്തിയതിൽ പിന്നീടു കുഗ്രാമത്തിലുള്ള സ്വന്തം ഭവനത്തിൽ പ്രവേശിക്കുന്ന ഒരു പരിഷ്കൃതമാനസനുണ്ടാകുന്ന അനുഭവം നമ്മൾക്ക് ഉണ്ടാകുന്നുണ്ടെങ്കിൽ നാം ലജ്ജിക്കുകയല്ലല്ലോ വേണ്ടതു്.

മഹച്ചരിതരത്നമാലയണിഞ്ഞു മോഹനാംഗിയായിത്തീരാനുള്ള മഹാഭാഗ്യം കൈരളീദേവിക്കു ഇതുവരെ ലബ്ധമായിട്ടില്ല.

"നമ്മുടെ മാതാവുകൈരളിപണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം"

ജീവചരിത്രാഭരണങ്ങൾ അണിഞ്ഞിട്ടില്ലാതിരുന്നു എങ്കിൽ ഇതരഭാഷകളുടെ ഇത്തരം ശൈശവഘട്ടം സ്മരിച്ചു നമ്മൾക്കു സമാധാനപ്പെടാമായിരുന്നു. എന്നാൽ പൂൎണ്ണയൌവനം പ്രാപിച്ചതായി പരിഗണിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ മാതൃഭാഷായോഷയ്ക്കു നാലുവക്കൊപ്പം നല്ല ആഭരണങ്ങൾ ഇല്ലാത്തപക്ഷം അവരുടെ ആരാധകൎക്കു അതു് അഭിമാനജനകമല്ലാത്ത ഒരു സംഗതിയാണ്.

മലയാളത്തിലെ ജീവചരിത്രപ്രസ്ഥാനത്തിന്റ് വാൎഷികദിനം ആഘോഷിക്കാൻ വിചാരിക്കുന്നവൎക്കു ശതവത്സരദിനാഘോഷമാണ് കൈയുടനെ നടത്തേണ്ടതായിരിക്കുന്നതു്. ക്രിസ്തുമതപ്രചരണാൎത്ഥം ലണ്ടൻമിഷ്യൻ സൊസൈററിക്കാർ നാഗർകോവിലിൽ സ്ഥാപിച്ച അച്ചുക്കൂടത്തിൽനിന്നു, കാരുണ്യമൂൎത്തിയായ ശ്രീ യേശുനാഥന്റെ ലഘുജീവചരിത്രങ്ങൾ അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടു് ഇപ്പോൾ ഒരു ശതാബ്ദത്തിലധികം കാലമാകുന്നുണ്ടു്. അവരെ തുടൎന്നു സി. എം. എസ്കാർ തുടങ്ങി, മതപ്രചരണകൎമ്മത്തോടൊന്നിച്ച് വിദ്യാഭ്യാസ

പ്രചരണവും നടത്തിക്കൊണ്ടിരിക്കുന്നവർ ക്രിസ്തുദേവൻെറ പാവനചരിതങ്ങൾ പല രൂപങ്ങളിൽ ആയിരക്കണക്കിന് മലയാളത്തിൽ പ്രചരിപ്പിച്ചിട്ടുണ്ട്; എന്നാൽ അവയൊന്നും ജനസാമാന്യത്തിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയോ, സാഹിത്യത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടുള്ളതായിട്ടറിവില്ല.

തിരുവിതാംകൂറിലെ വിദ്യാഭ്യാസ പുരോഗതിക്കായി പലേ പരിഷ്കാരങ്ങളും അത്യല്പകാലത്തിനിടയ്ക്ക് നടപ്പാക്കി, ഭാരതത്തിലെ ഉത്തമ രാജ്യതന്ത്രജ്ഞന്മാരായ രാജശിരോരത്നങ്ങളുടെ കൂട്ടത്തിൽ ഒരു ബഹുമാന്യസ്ഥാനം സമ്പാദിച്ചിട്ടുള്ള ശ്രീ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടാണ് ഇവിടെ ജീവചരിത്ര പ്രസ്ഥാനത്തിനുള്ള വിത്തു പാകിയതു്. മാൻഡരുടെ "മഹച്ചരിതഭണ്ഡാഗാര"ത്തിൽ നിന്ന് അലക്സാണ്ഡർ, അരിസ്റ്റോട്ടിൽ, ആക്കിമിഡിസ്, ആൽഫ്രേഡ്, ബേക്കൺ എന്നിവരുടെ ലഘുജീവചരിത്രങ്ങൾ മലയാളത്തിലേക്കു വിവൎത്തനം ചെയ്തതിനുശേഷം, തുടൎന്നു പലേ ജീവചരിത്രങ്ങളും പരിഭാഷപ്പെടുത്താനായി കേരളവൎമ്മവലിയകോയിൽ തമ്പുരാൻ തിരുമനസ്സിലെ പേൎക്ക് ഒരു കത്തും ആ "ഭണ്ഡാഗാര"വും അദ്ദേഹം അയച്ചു കൊടുത്തു. 1880 ജൂലൈ 4-ാനു- അയച്ച ആ കത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്:—"അപ്രകാരം ഒരു പുസ്തകം നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠത്തിനായി ഉപയോഗിക്കപ്പെട്ടാൽ നന്മയുടെയും മഹിമയുടേയും ദൃഷ്ടാന്തങ്ങളെ കാണിച്ചു കൊടുക്കുന്നതു കൊണ്ടു നമ്മുടെ യുവജനങ്ങൾക്കു സ്വഭാവസിദ്ധമായി മനസ്സിലുണ്ടായിരിക്കാവുന്ന ശ്രേഷ്ഠങ്ങളും ധൎമ്മ്യങ്ങളുമായ വിചാരങ്ങളുടെ അങ്കുരങ്ങളെ പോഷിപ്പിക്കയാകുന്ന ഒരു വിശിഷ്ടഫലം സദാചാരപര്യവസായിയായി ജനിക്കാനിടയുണ്ടെന്നു എനിക്കു തോന്നി". ഈ അഞ്ചു ജീവചരിത്രം കൂടാതെ കേരളവൎമ്മ തർജ്ജിമ ചെയ്തു ഒൻപതെണ്ണവും കൂടി, 1050 മുതൽ തിരുവനന്തപുരത്തു നിന്നു പുറപ്പെടുവിച്ചുകൊണ്ടിരുന്ന "വിദ്യാവിലാസിനി" മാസികയിൽ പ്രസിദ്ധം ചെയ്കയുണ്ടായി. ഇവ

യിൽ പത്തു പേരുടെ ജീവചരിത്രം 1058-ാമാണ്ട് ടെക്സ്റ്റ് പുസ്തകമാക്കി വിദ്യാലയങ്ങളിൽ പഠിപ്പിക്കയും ചെയ്തു.

ശ്രീ വിശാഖം തിരുനാൾ തിരുമേനിയുടെ നിർദ്ദേശാനുസരണം, കേരളവർമ്മ വലിയകോയിൽതമ്പുരാനും മററു ചിലരുംകൂടി ആ ജീവചരിത്രങ്ങൾ അപ്പോഴപ്പോഴായി പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നു. 223 പുറത്തിലായി 107 ലഘുജീവചരിത്രം അടക്കംചെയ്തു്, "മഹച്ചരിതസംഗ്രഹം" എന്ന പേരിൽ 1070-ാമാണ്ടു പ്രസിദ്ധപ്പെടുത്തിയ ആ ഗ്രന്ഥമാണ് അക്കാലത്തെ ഭാഷയുടെ വിലയേറിയ ഒരു ജീവചരിത്രസമുച്ചയമായി പരിഗണിക്കാവുന്നതു്.

ഈ മഹദ്ശ്രമത്തെ തുടൎന്നു പലേ ജീവചരിത്രങ്ങളും മാസികാപത്രങ്ങളിലും, ചെറുഗ്രന്ഥങ്ങളുടെ രൂപത്തിലും ആയി കൈരളീകണ്ഠത്തിൽ ഓരോരുത്തർ അൎപ്പിച്ചുകൊണ്ടിരുന്നു; എങ്കിലും, പള്ളത്തു ഇക്കോരൻ കൃഷ്ണൻെറ നേതൃത്വത്തിൽ പുറപ്പെട്ട "ഇൻഡ്യയിലെ മഹാന്മാ"രുടെ പേരാണ് പ്രസ്താവയോഗ്യമായി കാണുന്നതു്. മഹാനായ ജീ. പി. പിള്ള "Representative Indians" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ജീവചരിത്രഗ്രന്ഥത്തിൻെറ പരിഭാഷയാണ് ഈ പുസ്തകത്തിൻെറ രണ്ടു ഭാഗവും. കുടിലിൽനിന്നു കൊട്ടാരത്തിലേക്കു ഉയൎന്നവരും അല്ലാത്തവരും ആയ 41 ഭാരതീയ മഹാപുരുഷന്മാരുടെ ഈ വിശിഷ്ടജീവചരിത്രങ്ങൾ കേരളീയക്കു ആകമാനം ആഹ്ളാദവും ഉദ്ബോധനവും നൽകിയ രണ്ടു ഗ്രന്ഥമാകുന്നു.

മലയാളികളെ മാത്രം പരാമൎശിക്കുന്ന "മലയാളത്തിലെ തലയാളികൾ", "മലയാളത്തിലെ മഹതികൾ" എന്നീ ലഘുജീവചരിത്രഗ്രന്ഥങ്ങളുടെ പേരുകൾ പ്രസ്താവിച്ചു കഴിഞ്ഞാൽ പ്രധാനമായി നാം പ്രവേശിക്കുന്നതു് വിദ്യാവിലാസം പ്രസിദ്ധീകരണശാലയുടെ ഉടമസ്ഥനായ തോമസ്പാളിൻെറ ജീവചരിത്രപ്രസിദ്ധീകരണങ്ങളിലാകുന്നു. "സാഹിത്യ പ്രണയികളു"ടെ ആറു ഗ്രന്ഥത്തിലായി പ്രസിദ്ധം ചെയ്തിട്ടുള്ള 22 ലഘുജീവചരിത്രവും, ഇംഗ്ലീഷിലെ "Men of Letters"ൻെറ

മാതൃകയിൽ "കേരളഭാഷാ പ്രണയികൾ" എന്ന പേരോടു കൂടി പ്രസിദ്ധം ചെയ്ത എട്ടു ജീവചരിത്രവും ഭാഷയ്ക്കു ഓരോ ഭൂഷണമായിത്തീൎന്നിട്ടുണ്ടെന്നു സാഹിത്യപ്രണയികൾ ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

ഈ അൻപത്തഞ്ചു വൎഷക്കാലത്തിനിടയ്ക്കു് ഏകദേശം നൂററൻപതു് ജീവചരിത്ര ഗ്രന്ഥവും, അവയിലെല്ലാത്തിലും കൂടി ഇരുനൂറിലധികം പേരുടെ ജീവചരിത്രങ്ങളും കൈരളിക്കു ലഭിച്ചിരിക്കുന്നു. എട്ടുപുറമുള്ള ജീവചരിത്രഗ്രന്ഥം തുടങ്ങി 1002 പുറമുള്ള "ശ്രീ നീലകണ്ഠതീൎത്ഥപാദസ്വാമി ചരിത്രസമുച്ചയം" വരെയുള്ളവ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ബി. സി. 1000-ാമാണ്ടിടയ്ക്കു് ജീവിച്ചിരുന്ന ഹോമർ മുതൽ ഇന്നു ജീവിച്ചിരിക്കുന്ന മഹാത്മാഗാന്ധിവരെയുള്ളവരുടെ ചരിത്രങ്ങൾ ഇവയിൽ കാണാവുന്നതാണ്. ഇങ്ങനെയാണെങ്കിലും, "വ്യാഴവട്ടസ്മരണകൾ," "എന്റെ സത്യാന്വേഷണ പരീക്ഷകൾ" തുടങ്ങി വായിക്കാൻ വളരെ രസമുള്ളതും കാവ്യഗുണമുള്ളതും ആയ ജീവചരിത്ര ഗ്രന്ഥങ്ങൾ തുലോം വിരളമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

ഡാക്ടർ ജാൺസന്റെ ജീവചരിത്രം രചിക്കാൻ കാൽ ശതാബ്ദത്തിലധികം കാലം ബാസ്വൽ ശ്രമം ചെയ്തതുപോലെ അത്ര സമഗ്രവും കഠിനവും ആയി പ്രയത്നിക്കാൻ മലയാളികൾക്കു ക്ഷമയോ, സഹന ശക്തിയോ, നിശ്ചയബുദ്ധിയോ ഇല്ല എന്നുള്ളതോ പോകട്ടെ; ഇംഗ്ലീഷ് ഭാഷയിൽ കാണുന്ന ഉൽകൃഷ്ട ജീവചരിത്രങ്ങൾ വേണ്ടവിധം പരിഭാഷപ്പെടുത്തി കൈരളിയെ അലങ്കരിക്കാൻ പോലും ഭാഷാഭിമാനികൾ സന്നദ്ധരായി കാണാത്തതാണ് കഷ്ടം! വിദേശ്യരുടെ ജീവിതം വിവരിക്കുന്ന ചരിതങ്ങൾ വിലകൊടുത്തുവാങ്ങി വായിക്കാൻ മലയാളികൾക്കുള്ള വൈമനസ്യമാണ് ഈ ഔദാസീന്യത്തിനു പ്രധാനകാരണമെന്നും തീൎത്തു പറയാൻ നിവൃത്തിയില്ല.

ഹിന്ദുക്കൾ ആകമാനം തന്നെ യഥാൎത്ഥ ജീവചരിത്രങ്ങളിൽ രസിക്കാതെ കാവ്യാലങ്കാരങ്ങളിൽ കൗതുകം പ്രദൎശിപ്പിച്ചുവന്നിരുന്ന ഒരു കൂട്ടം മായാവാദികൾ ആകുന്നു. കാവ്യ

ങ്ങളും നാടകങ്ങളും മററും നിർമ്മിച്ചു രസിക്കാനല്ലാതെ, ചരിത്ര ങ്ങളും ജീവചരിത്രങ്ങളും രചിച്ച് ആദർശമാക്കാൻ ചരിത്രാരംഭകാലം മുതൽക്കേ അനാസ്ഥ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുക്കൾ, ജീവചരിത്രമായി കണക്കാക്കാവുന്ന ഹർഷചരിതം, വിക്രമാങ്കദേവചരിതം, മധുരാവിജയം തുടങ്ങി അപൂർവ്വം ചില ഗ്രന്ഥങ്ങൾ മാത്രമേ ചാരിത്രകത്തോടു സമീപിക്കുന്നതായി എഴുതിയിട്ടുള്ളൂ. സ്വജനങ്ങളെക്കുറിച്ചുപോലും ഇത്ര അനാസ്ഥ പ്രകടിപ്പിച്ചിട്ടുള്ള ഒരു വർഗ്ഗക്കാർ മറുനാട്ടിലെ മഹാപുരുഷന്മാരോട് ഏതു വിധം വർത്തിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. മറുനാട്ടിലെ ജനങ്ങളെയെല്ലാം ശൂദ്രവർഗ്ഗത്തിലും ചണ്ഡാലാദി വർഗ്ഗങ്ങളിലും ഉൾപ്പെടുത്തി പരിഹസിച്ചു വന്നിരുന്ന അവരുടെ പ്രകൃതം നിമിത്തം, ഇപ്രകാരം ഒരു മനോഭാവം കേരളീയരും ദീർഘകാലമായി പ്രദർശിപ്പിച്ചു വന്നു എന്നേയുള്ളൂ.

ഇത്തരം ഒരു നിന്ദാഭാവം മാററി മറുനാടുകളിലും ഭാരതത്തിലും ഉള്ള മഹാപുരുഷന്മാർ ആരെല്ലാമാണെന്നും, അവർ എന്തെല്ലാമാണു പ്രവർത്തിച്ചിട്ടുള്ളതെന്നും ഏററവും കുറഞ്ഞ കാലത്തിനിടയ്ക്കു് മൊത്തത്തിൽ ഒന്നു ചൂണ്ടിക്കാണിക്കണമെന്നുള്ളതാണ് ഈ ഗ്രന്ഥാവലിയുടെ ഉദ്ദേശ്യം. വിവിധതരത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന വീരാത്മാക്കളുടെ പ്രശസ്ത ചരിതങ്ങൾമുഖേന, അവർ ഔന്നത്യം പ്രാപിച്ചതെങ്ങനെ, എന്തുമാത്രം വിഷമങ്ങൾ വിജയവൈജയന്തിയണിയുന്നതിനുമുമ്പെ അവർ അനുഭവിച്ചിട്ടുണ്ട് എന്നിത്യാദി ആർക്കും ഉത്സാഹവും ആശ്വാസവും നൽകുന്ന ഭാഗങ്ങൾ കേരളീയർക്കു കാണിച്ചുകൊടുക്കുന്നതാണ് ഈ ഗ്രന്ഥാവലിയുടെ മറെറാരു ഉദ്ദേശ്യം. വിദേശങ്ങളിൽ നടന്നതായി കാണിക്കുന്ന കഥകളിലെ സ്ഥലനാമങ്ങളോടും ആളുകളുടെ പേരുകളോടും മററും ഇന്നും അരോചകത്വം പ്രദർശിപ്പിച്ചുപോരുന്ന കേരളീയരെ, ഈ വിധത്തിൽ സകല രാജ്യങ്ങളിലുമുള്ള പ്രധാനനാമധേയങ്ങളുമായി കുറെ പരിചയപ്പെടുത്തിയതിനുശേഷം, ആയിരവും രണ്ടായിരവും പുറങ്ങൾവരുന്ന വിപുല ജീവചരിത്രഗ്രന്ഥങ്ങളു

മായി പരിചയപ്പെടുത്തുന്നതു നന്നായിരിക്കും എന്നും ഞങ്ങൾക്കു അഭിപ്രായമുണ്ട്.

മഹാകവികൾ, സാഹിത്യകാരന്മാർ, ലളിത കലാകുശലന്മാർ, രാജ്യഭരണ തന്ത്രജ്ഞന്മാർ, യുദ്ധതന്ത്ര വിദഗ്ദ്ധന്മാർ, ശാസ്ത്രകാരന്മാർ, തത്വചിന്തകന്മാർ, ലോകസഞ്ചാരികൾ, വ്യവസായ ചതുരന്മാർ, വ്യാപാരിത്തലവന്മാർ, പരിവർത്തനനേതാക്കന്മാർ, സമുദായ പരിഷ്കർത്താക്കൾ, തുടങ്ങി സകലവിധ ചിന്താപരിധികളിലും സർവ്വപ്രവർത്തന പന്ഥാവുകളിലും ഏർപ്പെട്ടിരുന്നിട്ടുള്ള അനന്യരവീരാത്മാക്കളുടെ ഉജ്വല ചരിതങ്ങൾ അഞ്ചു വർഷം കൊണ്ടു കാണിച്ചു കൊടുക്കണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നു. 2500 സംവത്സരക്കാലത്തിനിടയ്ക്കു് ജീവിച്ചിരുന്നിട്ടുള്ള ഈ വീരാത്മാക്കൾ രാജ്യഭേദമോ ജാതിമതഭേദമോ, സ്ത്രീപുരുഷ ഭേദമോക്കൂടാതെ മാസത്തിൽ പത്തു പേർ വീതം അഞ്ചു വർഷക്കാലത്തേക്ക് ഓരോ കേരളീയ ഭവനത്തിലും പ്രവേശിച്ച് അവരെ ഉന്നതിയിലേക്കു നയിച്ചു കാണണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.


ഈ നവീന പ്രസ്ഥാനത്തിലേക്കു ഞങ്ങളെ ഒരു പ്രത്യേകസംഗതി കൂടി പ്രേരിപ്പിച്ചിട്ടുണ്ട്. മഹാത്മാക്കളിൽ അധികം പേരും മഹത്വം പ്രാപിച്ചിട്ടുള്ളതു് അനുകൂലമല്ലാത്ത പരിതസ്ഥിതികളോടു നിരന്തരമായി പോരാടി, സ്വന്തം പരിശ്രമത്താൽ മാത്രമാകുന്നു എന്ന വാസ്തവം മഹച്ചരിതങ്ങൾ കൂലങ്കഷമായി പഠിച്ചു നോക്കുന്നവർക്കു മനസ്സിലാകുന്നതാണ്. കേരളവർമ്മ വലിയ കോയിൽത്തമ്പുരാൻ, രവീന്ദ്രനാഥടാഗോർ, ഡ്യൂക്ക് വെല്ലിംഗ്ടൺ, മോട്ടിലാൽ നെഹ്റു, അലക്സാണ്ഡർ, ഗ്ലാഡ്സ്റ്റൻ ആദിയായവർക്കുള്ള ഔന്നത്യത്തിനു അടിസ്ഥാനം അനുകൂലമായ പരിതസ്ഥിതിയിൽ ജനിച്ചു വളരാൻ അവർക്കു ലഭിച്ചിരുന്ന സൗകര്യം ആകുന്നു. എന്നാൽ ചന്തുമേനോൻ, ഗോപാലകൃഷ്ണഗോഖലെ, എബ്രഹാം ലിൻകൺ, നെപ്പോളിയൻ, ജയിംസ് ഗാർഫീൽഡ് തുടങ്ങിയുള്ളവരുടെ ഉന്നത പദപ്രാപ്തിക്കിടയിൽ അവർക്കു പ്രതികൂല പരിതസ്ഥിതികളോടു പല വിധത്തിൽ പടവെ

ട്ടേണ്ടതും, അതേ അവസരത്തിൽ തന്നെ ഉല്കൃഷ്ടസോപാനങ്ങളിലേക്കു ആരോഹണം ചെയ്യേണ്ടതും ഉണ്ടായിരുന്നു. ഇത്തരത്തിലുള്ളവരുടെ ചരിത്രങ്ങൾക്കാണു ഞങ്ങൾ പ്രാധാന്യം കൊടുക്കുന്നതു്.


നിഘണ്ടുവിൻെറ രീതിയിൽ അകാരാദിക്രമം അനുസരിച്ചു് ഇത്രയും വീരാത്മാക്കളുടെ ചരിതങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു പലപ്പോഴും വൈരസ്യജനകമായിത്തീർന്നേക്കുമെന്നു വിചാരിച്ചു ഞങ്ങൾ അതിന്നു് ഉദ്യമിക്കുന്നില്ല. ഓരോ തരത്തിലുള്ളവരെ ഓരോ പ്രത്യേകപുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തുന്നതും വായനക്കാൎക്കു രസിക്കാതെ വരുന്നതിന്നിടയുണ്ടു്. ഒരു പുസ്തകത്തിൽ മുഴുവൻ യുദ്ധതന്ത്രജ്ഞന്മാർ, പിന്നെയൊന്നിൽ സംഗീതജ്ഞന്മാർ, ഇനിയൊന്നിൽ ചിത്രകലാകുശലന്മാർ, വേറൊന്നിൽ സന്യാസിമാർ, മററൊന്നിൽ വൈദ്യശാസ്ത്രവിശാരദന്മാർ എന്നീ ക്രമത്തിനു പ്രസിദ്ധപ്പെടുത്തിയാൽ ഓരോ പുസ്തകവും അതാതു മാസത്തിൽ വായിക്കുന്നവൎക്കു രസകരമായി തോന്നുന്നതല്ലല്ലോ. ശതാബ്ദക്രമം അനുസരിച്ചു പ്രസിദ്ധപ്പെടുത്തുന്നതായാൽ പഴയ കാലത്തെ മനുഷ്യരുമായിമാത്രം വായനക്കാൎക്കു വളരെക്കാലം ഇടപെടേണ്ടതായി വന്നേക്കും. ഇതൊക്കെ ഓൎത്തിട്ടാണു് ഞങ്ങൾ ഈ പദ്ധതി തിരഞ്ഞെടുത്തിരിക്കുന്നതു്. ഇതനുസരിച്ചാകുമ്പോൾ ഓരോ പുസ്തകത്തിലും പ്രാചീനരും അൎവാചീനരും ആധുനികരും ഉൾപ്പെടാനും, വിവിധതരത്തിൽ വിവിധരാജ്യങ്ങളിലായി ജീവിച്ചിരുന്നിട്ടുള്ള വിവിധമതക്കാരുടെ ചരിത്രങ്ങൾ ജാതിമതഭേദമൊന്നും വിചാരിക്കാതെ പ്രസിദ്ധപ്പെടുത്താനും സൗകൎയ്യം ലഭിക്കുന്നതാണു്. പുസ്തകത്തിന്നു് ആകപ്പാടെ ഒരു മലയാളിത്വം വരുത്തണമെന്നും ഉദ്ദേശ്യമുള്ളതിനാൽ, 600 പേരിൽ ഏകദേശം 240 പേർ ഇന്ത്യാക്കാരും, ഇവരിൽ തന്നെ 60 പേരിലധികം കേരളീയരും ആയിരിക്കുന്നതാണു്. ആംഗലഭാഷയുമായി മലയാളികൾ ധാരാളം പരിചയപ്പെടേണ്ടതുള്ളതുകൊണ്ടു, ഓരോ പുസ്തകത്തിലും ഓരോ ഇംഗ്ലീഷ് സാഹിത്യകാരൻേറയോ ഇംഗ്ലീഷ് കവിയുടേയോ ജീവചരിത്രം ഉണ്ടായിരിക്കുന്നതാണു്. ഓരോന്നിലും

ഓരോ ശാസ്ത്രജ്ഞൻ, യുദ്ധതന്ത്രജ്ഞനോ രാജ്യതന്ത്രജ്ഞനോ ആയ ഒരാൾ, ഒരു മഹതി, ഒന്നിടവിട്ടുള്ള ഗ്രന്ഥത്തിൽ ലോകസഞ്ചാരി, മററു 30 ഗ്രന്ഥത്തിൽ സംഗീതം, ചിത്രമെഴുത്ത്, ശില്പവിദ്യ എന്നിവയിൽ വൈദഗ്ദ്ധ്യം പ്രാപിച്ചിട്ടുള്ള ഒരാൾ ഇത്തരത്തിൽ ജീവചരിത്രങ്ങൾ മാസന്തോറും പ്രസിദ്ധപ്പെടുത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഏതുവിധം വാസനാസമ്പന്നൻ ആയിരിക്കട്ടെ, ഏതുതരം ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ ആയിക്കൊള്ളട്ടെ, ഈ ഗ്രന്ഥാവലിയിലുള്ള ഒരു പുസ്തകം കിട്ടിയാൽ അയാൾക്കു രസിക്കത്തക്കവിധം ഒന്നു രണ്ടു ജീവചരിത്രമെങ്കിലും ഉണ്ടായിരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

അഭൂതപൂർവ്വവും അത്യന്തം ശ്രമസാദ്ധ്യവും ആയ ഈ പ്രസ്ഥാനം പൂർത്തിയായി കാണ്മാൻ ജഗദീശ്വരൻ സഹായിക്കുമാറാകട്ടെ!



വിഷയവിവരം.



ജീവചരിത്രസഞ്ചിക.

പുസ്തകം ൧.

൧. ത്യാഗരാജൻ.

വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. ഏ.

ത്യാഗരാജന്റെ വിശിഷ്ടഗാനങ്ങൾ ദക്ഷിണഭാരതത്തിലെ സകല ഗ്രാമങ്ങളിലും പട്ടണങ്ങളിലും പ്രചുരമായി പ്രചരിച്ചുകഴിഞ്ഞിട്ടുണ്ടു്. സംഗീതസദസ്സുകളിലും ഗായകവിദ്യാൎത്ഥികളുടെ ഇടയ്ക്കും മാത്രമല്ല ഈ ഗായക കവികോകിലത്തിന്റെ ദിവ്യഗാനങ്ങൾ നമ്മൾക്കു് കേൾക്കാവുന്നതു്. കോവിലകങ്ങളിലും ദേവാലയങ്ങളിലും ത്യാഗരാജനെ കാണാം; വണ്ടി അടിക്കുന്നവനും, വള്ളം ഊന്നുന്നവനും, ബീഡി ചുരുട്ടുന്നവനും, ഉടുപ്പുതയ്ക്കുന്നവനും ഒന്നുപോലെ ത്യാഗരാജഗാനമാധുരിയിൽ ലയിക്കുന്നു. കല്യാണപ്പന്തലിലും കാമുകീസദനത്തിലും ത്യാഗരാജൻ ലാലസിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ത്യാഗരാജ സംഗീതരാജന്റെ ഗാനസുധ പാനംചെയ്തുള്ള ലഹരിയിൽ ലയിക്കുമ്പോൾ ജാതിമതവ്യത്യാസങ്ങൾ സകലരും വിസ്മരിച്ചുപോകുന്നു; മനസ്സിനുള്ള സൎവ്വവിധ ക്ലേശങ്ങളും, മാൎത്താണ്ഡോദയത്തിൽ മഞ്ഞിൻതുള്ളികളെന്നോണം, മറഞ്ഞുപോകുന്നു. പ്രബുദ്ധവീര്യവാന്മാരായി കൃത്യനിൎവ്വഹണ തല്പരന്മാരായി ഉത്സാഹോജ്ജിതങ്ങ[illegible] പ്രവൎത്തനം നടത്താൻ നാം നിൎബ്ബന്ധിതരായിത്തീ[illegible]

സംഗീതകവികോകിലങ്ങൾ ലോകക്ഷേമത്തിനായിച്ചെയ്യുന്ന സേവനം അവൎണ്ണനീയവും പ്രയോജനം അതുല്യവും ആണെന്നോ പറയേണ്ടു ! അങ്ങനെയിരിക്കെ, ദക്ഷിണഭാരതത്തിലെ ഗായകകവിചക്രവൎത്തിയെന്നനിലയ്ക്കു് ഇക്കഴിഞ്ഞ ഒന്നര ശതാബ്ദക്കാലമായി പരിലസിച്ചുകൊണ്ടിരിക്കുന്ന ത്യാഗരാജൻ ജനസങ്കലത്തിൻെറ ഐക്യത്തിനും ശോകബാധിതരുടെ സമാശ്വാസത്തിനും, ഭക്തജനങ്ങളുടെ ആനന്ദാതിരേകത്തിനും മററുമായി എത്രമാത്രം നന്മചെയ്തിട്ടുണ്ടെന്നുള്ളതു് വൎണ്ണിക്കുക കേവലം അശക്യംതന്നെ.

ബാല്യകാലം.

നാഗപട്ടണത്തിൽനിന്നു് ൧൫ മൈൽ പടിഞ്ഞാറു സ്ഥിതിചെയ്യുന്ന തിരുവാലൂർ ദേശം ആണു് ത്യാഗരാജൻെറ ജന്മഭൂമി. ഈ പാവനപ്രദേശത്തു് രാമബ്രഹ്മം എന്ന ഒരു സാധുബ്രാഹ്മണ ഗായകൻെറ ദ്വിതീയനന്ദനനായി ത്യാഗരാജൻ ക്രിസ്ത്വാബ്ദം 1759-ാമാണ്ടു് ജനിച്ചു. ഇദ്ദേഹത്തിൻെറ മാതാവായ "ശാന്ത" രാമായണാദി ഭഗവൽ കഥകളിൽ നല്ല പരിജ്ഞാനം സമ്പാദിച്ചിരുന്ന ഒരു ഭക്തയായിരുന്നു. ത്യാഗരാജനിൽ പ്രത്യക്ഷപ്പെട്ടിരുന്ന സകല സൽഗുണങ്ങളുടേയും ബീജാങ്കുരങ്ങൾ ഈ മാതാപിതാക്കന്മാരുടെ നിൎമ്മലഹൃദയാരാമങ്ങളിൽ ഉണ്ടായിരുന്നു എന്നുള്ളതിനു വേണ്ടുവോളം ലക്ഷ്യങ്ങളുണ്ടു്. ഒരിക്കൽ തഞ്ചാവൂർ രാജാവു് പതിനഞ്ചു ഭവനം പണിയിച്ചു് ബ്രാഹ്മണൎക്കു് ദാനംചെയ്തകൂട്ടത്തിൽ ഒന്നു് ഈ രാമബ്രഹ്മത്തിനും നൽകിയെങ്കിലും അദ്ദേഹം അതു് നിഷേധിക്കുകയാണു് ചെയ്തതു്. നൃപാലകൻ നിൎബ്ബന്ധപുരസ്സരം അപേക്ഷിച്ചതിനാൽ ഗത്യന്തരമില്ലാതെ അദ്ദേഹം ആ ദാനം സ്വീകരിച്ചു; എന്നാൽ ഉടൻതന്നെ ആ ത്യാഗബുദ്ധി ദത്തസമ്പത്തിനെ തന്നെക്കാൾ കൂട്ടതൽ ദരിദ്രനായ [illegible]രുവനു ദാനംചെയ്തു. ഇപ്രകാരമുള്ള ഒരു വിരക്തൻെറ [illegible]ലസന്താനമായി വളൎന്നുവന്ന ത്യാഗരാജൻ, ദാരിദ്ര്യജീവിതവും മാതൃപിതൃഗുണങ്ങളും വരിച്ചുകൊണ്ടു്, പണ്ടു

ത്തെ 'ഗുരുകുല'രീത്യാ വിദ്യാഭ്യാസം ആരംഭിച്ചു. വിദ്യാലയത്തിൽ നിന്നുമുള്ള ഒളിച്ചോട്ടം, സഹപാഠികളുമായി അടിപിടി ആദിയായവ മുഖേന മൂത്തബാലൻ മാതാപിതാക്കന്മാക്കു നൽകിക്കൊണ്ടിരുന്ന അനവരത പീഡനത്തെ ഗണ്യമായവിധം ലഘൂകരിച്ചതു് ഇളയമകനിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ജ്ഞാനതൃഷ്ണ, ധിഷണാവൈശിഷ്ട്യം, സംഗീത വാസന എന്നിവയായിരുന്നു.

പിതാവു സ്വഭവനത്തിൽവച്ചു് അഞ്ചുവർഷക്കാലം പഠിപ്പിച്ചതോടുകൂടി ഒരു സംസ്കൃത കലാലയത്തിൽ ചെന്നു് ഉന്നതവിദ്യാഭ്യാസം ചെയ്യുന്നതിനു തക്കവണ്ണമുള്ള യോഗ്യത ത്യാഗരാജൻ സമ്പാദിച്ചു കഴിഞ്ഞു. ആ സരസ്വതീ സങ്കേതത്തിൽ ചേന്നു് നാലുവർഷം കൊണ്ടു് വിവിധ വിഷയക പരിജ്ഞാനവും രാമായണത്തിൽ വിപുലമായ പാണ്ഡിത്യവും സമ്പാദിച്ചതിനുശേഷം അദ്ദേഹം തന്റെ വിദ്യാത്ഥിജീവിതം അവസാനിപ്പിച്ചു.

സംഗീതാഭ്യസനം.

ഇപ്രകാരമുള്ള ഒരു പരമഭക്തൻ ശ്രീരാമനാമമന്ത്രം ൨൧ വർഷം കൊണ്ടു് ൯൬ കോടി ഉരുക്കഴിച്ചു എന്നു പറഞ്ഞു കേൾക്കുന്നതിൽ കുറെയെങ്കിലും പരമാത്ഥം ഉണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സംഗീതം കേൾക്കുന്നേടത്തെല്ലാം പാഞ്ഞെത്തുന്നശീലം ത്യാഗരാജനിൽ ബാല്യം മുതല്ക്കേ പ്രത്യക്ഷപ്പെട്ടിരുന്നു. വെങ്കിട്ടരമണയ്യർ എന്ന ഒരു സംഗീതാദ്ധ്യാപകന്റെ ഭവനത്തിനു സമീപം ചെന്നു നിന്നു പാട്ടു കേൾക്കുന്നതിനു് ഈ കുട്ടി പ്രകടിപ്പിച്ച തല്പരതകണ്ടു് പിതാവു് ബാലനെ അദ്ദേഹത്തിന്റെ അടുക്കൽ അയച്ചു് ശരിയായി പാട്ടു പഠിപ്പിച്ചു. അതിനുശേഷം, പുരാതനഭാരതീയരുടെ സംഗീതശാസ്ത്ര ഗ്രന്ഥമായ "സ്വരാണ്ണവം" ഒരു സന്യാസിയിൽ നിന്നുകൂടി പഠിക്കാൻ സംഗതി ആയപ്പോൾ, ത്യാഗരാജന്റെ സംഗീതകലാവാസന പൊന്നിൻ കുടത്തിനു പൊട്ടു തൊട്ടു പോലെ മഹത്തമമായി വിളങ്ങി.

മാതാപിതാക്കന്മാരുടെ പരലോകപ്രാപ്തിക്കുശേഷം കുടുംബസ്വത്ത് ജ്യേഷ്ഠാനുജന്മാർ ഭാഗിച്ചെടുത്തതിൽ, ഒരു ചെറു ഭവനവും ശ്രീരാമദേവൻെറ ഒരു സുവർണ്ണവിഗ്രഹവും മാത്രമായിരുന്നു ത്യാഗരാജനു ലഭിച്ച സമ്പത്തു്. അവരജൻെറ ജനസമ്മതിയിലും കീർത്തിപ്രചുരിമയിലും അസൂയാലുവായിത്തീർന്ന അഗ്രജൻ ഈ വിഗ്രഹത്തിനെ ഒരിക്കൽ കാവേരിനദിയിൽ എറിഞ്ഞു കളഞ്ഞു; എന്നാൽ ഭക്താഗ്രഗണ്യനായ ത്യാഗരാജനു ജീവിതകാലം മുഴുവനും ആനന്ദം നല്കുവാനായിട്ടെന്നോണം, ശ്രീരാമസ്വാമിയുടെ അനുഗ്രഹത്താൽ ആ പ്രതിമ തിരിച്ചുകിട്ടിയെന്നുള്ളതു് പ്രസ്താവയോഗ്യമാണു്.

ത്യാഗരാജൻ ലൗകികദൃഷ്ട്യാ ദരിദ്രജീവിതം നയിച്ചുവന്നു. ഈശ്വരലാഭത്തിനു ധനം പ്രധാന പ്രതിബന്ധമായി നിൽക്കുന്നതാണെന്നു് നല്ലവണ്ണം അറിയാമായിരുന്ന ഈ മഹാഭാഗവതൻ, ആഗ്രഹിച്ചിരുന്നു എങ്കിൽ ഒരു ചെറു കുബേരനായി ജീവിതം നയിക്കാൻ സകല സൗകര്യങ്ങളും ലഭിക്കുന്നതായിരുന്നു. ജന്മസിദ്ധമായി ലഭിച്ച സംഗീതവാസന, ശാസ്ത്രീയമായി സമ്പാദിച്ച അഭ്യാസകുശലത എന്നിവ നിമിത്തം ദക്ഷിണഭാരതത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമായി അനവധി ശിഷ്യന്മാർ അദ്ദേഹത്തിൻെറ ആശ്രമസമാനമായ പാവന നികേതനത്തിൽ താമസിച്ചു സംഗീതം അഭ്യസിച്ചിട്ടുണ്ടു്; എങ്കിലും, മഹർഷിതുല്യം നിത്യജീവിതം നയിക്കുന്നതിനു അവശ്യംവേണ്ടുന്ന വരവുമാത്രമേ അദ്ദേഹം സ്വീകരിച്ചിരുന്നുള്ളൂ. സകല മനുഷ്യരേയും, മാത്രമല്ല സകലജീവജാലങ്ങളെയും മതിമയക്കിലയിപ്പിക്കുന്നതിനു ശക്തിയുണ്ടായിരുന്ന ത്യാഗരാജഗാനങ്ങൾ പരഃസഹസ്രം ധനികന്മാരെയും പ്രഭുക്കന്മാരെയും ജമിന്ദാർമാരെയും അദ്ദേഹത്തിൻെറ പാദപാംസുക്കൾ ശിരസ്സിലണിയാൻ സന്നദ്ധന്മാരാക്കിയിട്ടുള്ളതു ഒരു വെറും പരമാർത്ഥം മാത്രമാകുന്നു.

റോസാപ്പൂ പറിച്ചെടുത്തിട്ട
മുള്ള ദൂരത്തെറിയും.

ഈ സംഗീത സാന്ദീപനി ശിഷ്യന്മാരോട്ട പെരുമാറി വന്നതു്,

"അദ്ധ്യാപകൻ തൻപരുഷോക്തികേട്ടി-
ട്ടൾന്താരുകത്താതെമഹത്വമെത്താ"

എന്ന തത്വം അടിസ്ഥാനപ്പെടുത്തിയാണ്. ദ്രുതകോപം ജയിക്കുന്നതിനു വാൎദ്ധക്യഘട്ടംവരെ സാദ്ധ്യമാകാതിരുന്നതിനാൽ ശിഷ്യസഞ്ചയത്തിന് പ്രസിദ്ധഗായകരായിത്തീരുവാൻ ഇദ്ദേഹത്തിൻെറ പലവിധ ശാസനകൾ കേൾക്കുകയും ഒരു തരം കൎക്കശ ജീവിതം നയിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു.

ഒരിക്കൽ ഒരു നൎത്തകിയുടെ നൃത്തം കാണ്മാനായി ഗുരുനാഥൻെറ അനുവാദം കൂടാതെ പോയ ശിഷ്യന്മാരെ എല്ലാവരെയും, കോപകലുഷിതനായിത്തീൎന്ന ഗുരുനാഥൻ, സ്വഭവനത്തിൽ നിന്നു ബഹിഷ്കരിച്ചുവിട്ടു. അപ്പോൾ, "ഗുരുവിന് അവശ്യം ഉണ്ടായിരിക്കേണ്ട ഒരു സൽഗുണമല്ലേ കാരുണ്യം?" എന്നു ഭാൎയ്യ ചോദിച്ചു.

ഭൎത്താവു്:—"ശിഷ്യന്മാരുടെ തെററുകളെ അപ്പോഴപ്പോൾ തിരുത്തുന്നതു് കാരുണ്യമല്ലേ?" എന്നു് അങ്ങോട്ടു കൊടുത്തു ത്യാഗരാജൻ. "തെററുതിരുത്തുമ്പോൾ കോപിക്കണമെന്നുണ്ടോ?" എന്നുള്ള ഭാൎയ്യയുടെ ചോദ്യത്തിന് "റോസാപ്പൂവിനോടൊന്നിച്ചു മുള്ളുകൂടി വളൎന്നു് പോകുന്നില്ലേ" എന്നു വേറൊരു ചോദ്യം കൊണ്ടു് പത്നിയെ തോല്പിക്കാൻ അദ്ദേഹം ശ്രമം ചെയ്തു. എന്നാൽ ആ സ്ത്രീ വിട്ടില്ല. "റോസാപ്പൂ പറിച്ചെടുത്തിട്ടു ജനങ്ങൾ മുള്ളു ദൂരത്തെറിഞ്ഞു കളയുന്നില്ലേ?" എന്നുള്ള ചോദ്യത്തിനു ഉത്തരം പറയാൻ നിവൃത്തിയില്ലാതെ അദ്ദേഹം കുഴങ്ങി. ഇതിനു ശേഷം ത്യാഗരാജൻ ശി[illegible] രോടു പെരുമാറിവന്നതു് ആശാസ്യവും സഹ്യവും ആ[illegible]

ക്കായിരുന്നു. ഈ ജീവിത പരിവർത്തനം കാണിക്കുന്ന ഗാനമാണ് "ശാന്ത മുലേക"* എന്നിത്യാദിയായുള്ളത്.

ദക്ഷിണഭാരതത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനവധി ശിഷ്യന്മാരെ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. അവരിൽ പ്രധാനികളായ ഗണേശയ്യാഗാരു, സുബ്ബരാമഭാഗവതർ, കുപ്പയ്യാഗാരു, ഉമയപുരം കൃഷ്ണയ്യർ, തില്ലൈസ്ഥാനം രാമയ്യങ്കാർ, അയ്യാവയ്യർ, വെങ്കിട്ടരമണ ഭാഗവതർ, കന്നയ്യാഭാഗവതർ, അമൃതലിംഗംപിള്ള, എന്നിവർ ഗുരുവിന്റെ ജീവിതഘട്ടത്തിൽ പോലും പുകഴ് പൊങ്ങിച്ചിട്ടുള്ള ഗായകവര്യന്മാരായിരുന്നു.

സകലവിധ ലൌകിക സുഖങ്ങളും ത്യജിക്കുന്നതിൽ രാജനായ ഈ അനശ്വരനാമാവിന്റെ ത്യാഗബുദ്ധി കാണിക്കാൻ ഒന്നു രണ്ടു ഉദാഹരണം താഴെക്കുറിച്ചു കൊള്ളട്ടെ.

---

* സാമരാഗം—ആദി.

പല്ലവി—ശാന്തമുലേക സൌഖ്യമുലേദു
സാരസദളനയനാ

അനുപ—ദാന്തുനികൈന വേദാന്തനികൈന (ശാന്ത)

ചരണം—(1) ദാരസുതുലുധന ധാന്യമുലണ്ഡിന
സാരകജപതപ സമ്പദഗലിഗിന (ശാന്ത)

(2) യാഗാദികർമ്മമുലിനിയുജേശിനർ
ബാഗുഗസകലഹൃദാഭാപമുദെലിശിന (ശാന്ത)

(3) ആഗമശാസ്ത്രമുലന്നിയു ചദിവിന
ഭാഗവതുലനു ചുബാഗുഗ പേരൈന (ശാന്ത)

(4) രാജാധിരാജ ശ്രീരാഘവത്യാഗ—
രാജവിനുതസാവു സജ്ജനരക്ഷകപ (ശാന്ത)

തഞ്ചാവൂർ രാജാവിൻെറ മണ്ടത്തരം

തന്നെ സ്തുതിച്ചു രണ്ടു ഗാനം രചിക്കുന്നതായാൽ ഗണ്യമായ ധനസമ്പത്ത് ദാനം ചെയ്യുന്നതാണെന്നു വാഗ്ദാനം ചെയ്തു കൊണ്ട് തഞ്ചാവൂർ രാജാവായ ശരഭോജി ഒരു ദൂതനെ ത്യാഗരാജൻെറ അടുക്കലേക്ക് അയച്ചു. സന്ദേശം ഗ്രഹിച്ച ഉടനെ ആ മഹാത്മാവു ഉപദേശിച്ചതു് സ്തുതിവചനങ്ങളിൽ ദത്തകർണ്ണനാകാൻ ഒരു രാജാവ് ആഗ്രഹിക്കരുതെന്നായിരുന്നു; മാത്രമല്ല, നാടുവാഴികളെ കീർത്തിക്കുന്ന ഗാനങ്ങൾ രചിച്ച് പതിവ്രതാമാണിക്യമായ സംഗീതകന്യകയെ വ്യഭിചരിപ്പിക്കാൻ താൻ തയാറില്ലെന്നും അദ്ദേഹം ദൃഢസ്വരത്തിൽ പ്രസ്താവിച്ചുവത്രെ! ഈ "വ്യഭിചാരം" മുഖേന ലഭിക്കാവുന്ന നിരവധി ധനസമ്പത്തിനെ സ്മരിക്കണമെന്നായി രാജദൂതൻ. അതു കേട്ടപ്പോൾ ത്യാഗരാജൻ അല്പം കോപത്തോടും നിന്ദാദ്യോതകമായും ഇപ്രകാരം പറഞ്ഞു:—

"ഹായ്! നിന്ദ്യം!! സന്തോഷ ജനകമെന്നു വിഭ്രമിപ്പിച്ചു മനുഷ്യ സമുദായത്തെ നിത്യനരകത്തിലേക്ക് വലിച്ചു കൊണ്ടു പോകുന്ന ധനം പരമനികൃഷ്ടമാണ്! സ്വർണ്ണത്തിനെ അതിൻെറ സ്വന്തം രൂപത്തിൽ തന്നെ ഞാൻ കരുതിയിരുന്നു എങ്കിൽ എൻെറ പക്കലിരിക്കുന്ന സ്വർണ്ണശ്രീരാമവിഗ്രഹം വളരെ മുമ്പെതന്നെ ഉരുക്കി, കണ്ണടച്ചു തുറക്കുന്നതിനു മുമ്പെ, ഞാനൊരു ധനവാനായിത്തീർന്നുകഴിയുമായിരുന്നു. എൻെറ മഹാഭാഗ്യമേ! ചേതസ്സമാകർഷകമായിരിക്കുന്ന ആ സ്വർണ്ണ വിഗ്രഹം പുറമേ കാണുന്ന സുവർണ്ണം മുഖാന്തിരമല്ല അകമേ സ്ഥിതി ചെയ്യുന്ന സർവ്വേശ്വരൻ മുഖേനയാണ് എനിക്ക് പരമാനന്ദം നല്കിക്കൊണ്ടിരിക്കുന്നതു്." അനന്തരം അദ്ദേഹം ഒരു ഗാനം രചിച്ചു പാടുകയുണ്ടായി. നരസ്തുതിയെക്കാൾ രാമകീർത്തനം ശ്രേയസ്കരമാണെന്നും, രാജസേവയാകുന്ന ദുർവിഷയകൂപത്തിൽ പതിക്കുന്നതിനെക്കാൾ ഗംഗാസ്നാനം സ്പൃഹണീയമാണെന്നും അർത്ഥം വ[illegible]

ആ സുപ്രസിദ്ധ ഗാനം * ശ്രവിച്ച രാജദൂതൻ നിരാശനായി തിരിച്ചു പോയി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

യഥാൎത്ഥപദവി

ത്യാഗരാജമഹാഭാഗവതനെ ബഹുമാനിക്കുന്നതിനു ഗർഭശ്രീമാനായ സ്വാതിതിരുനാൾ മഹാരാജാവു് എന്ന പേരിൽ അറിയപ്പെട്ടുപോരുന്ന ശ്രീവഞ്ചി മഹീപതി ചെയ്തനിഷ്ഫല പ്രയത്നമാണു് അടുത്തതായികാണിക്കാനുള്ളതു്. കേരളീയ സംഗീതത്തിന്റെ സുവൎണ്ണകാലമായി സകലരും കരുതിപ്പോരുന്നതു് ഈ തിരുമേനിയുടെ പ്രശസ്തഭരണകാലത്തെ (കൊല്ലവൎഷം 1004—1022) യാകുന്നു. സംഗീതത്തിലും ഗാനരചനയിലും അത്യസാധാരണ വാസനയും വൈദഗ്ദ്ധ്യവും ഉണ്ടായിരുന്ന ഈ മഹാരാജാവും അദ്ദേഹത്തിന്റെ സഹോദരിയായ രുഗ്മിണീഭായി തമ്പുരാട്ടിയും സംഗീതപരിപോഷണത്തിനായി പലവിധത്തിൽ ചെയ്തിട്ടുള്ള പ്രയത്നങ്ങൾ ആ സുകുമാരകലയുടെ ഉല്ക്കൎഷത്തിനു എത്ര വളരെ പ്രയോജകീഭവിച്ചിട്ടുണ്ടു് എന്നു വൎണ്ണിക്കുന്നതു് ഇവിടെ അസംഗതമായിത്തീൎന്നേക്കുമെന്നു കരുതുന്നു. മഹാരാജസദസ്സിലെ പ്രസിദ്ധ ഭാഗവതർമാരായ ഗോവിന്ദമാരാർ, വടിവേലു, ശിവാനന്ദൻ,

---

* കല്യാണി— ചാപ്പു്.

പല്ലവി— നിധിസാലാസുഖമാ—രാമുനിസ—
          ന്നിധിസേവാസുഖമാ, നിജമുഗ
          ബലകുമനസാ— (നിധി)

അനു— ദധിനവനീതക്ഷീരമുലുരു ചൊ
          ദാശരഥിധ്യാനഭജനസുധാരസ
          മുലുരുചൊ (നിധി)

ചരണം— ദമശമനമനഗംഗാസ്നാനമുസുഖമാ
          കർദ്ദമദുർവിഷയ ക്രുപസ്നാനമുസുഖമാ
          മമതബന്ധനയുതനരസ്തുതിസുഖമാ
          സുമതി ത്യാഗരാജനു തുനികീൎത്തനസുഖമാ (നിധി)

ചിന്നയ്യാ, പൊന്നയ്യാ, രവിവമ്മൻതമ്പി, ക്ഷീരാബ്ധിശാസ്ത്രി, പരമേശ്വര ഭാഗവതർ, മേരുസ്വാമി തുടങ്ങിയവർ ദക്ഷിണഭാരതത്തിന്റെ നാനാഭാഗങ്ങളെ ജന്മദേശങ്ങളായി സ്വീകരിച്ചിട്ടുള്ളവർ ആയിരുന്നു. അക്കാലത്തു് തിരുവനന്തപുരം രാജധാനിയിൽ നിത്യവുമെന്നോണം നടന്നുകൊണ്ടിരുന്ന സംഗീതസദസ്സുകളിൽ ത്യാഗരാജവിരചിതങ്ങളായ കീത്തനങ്ങൾ ധാരാളമായി ഗാനംചെയ്യപ്പെട്ടുവന്നിരുന്നതുകൊണ്ടു്, ഭക്തിസംവദ്ധകങ്ങളും ആലാപമോഹനങ്ങളും ആയ അവയുടെ ശ്രവണത്തിൽ തിരുമേനി അനവധി തവണ സമാകൃഷ്ടനായിതീൎന്നുപോയിട്ടുണ്ടു്. ത്യാഗരാജന്റെ കീത്തിയും ഗാനങ്ങളും ദക്ഷിണഇൻഡ്യയിലെ സകല പ്രദേശങ്ങളിലും എത്തിക്കഴിഞ്ഞിരുന്നതുകൊണ്ടു് ഈ മഹാഭാഗവതനെ ഒന്നു കാണണമെന്നു് തിരുമേനിക്കു അതിയായ ആഗ്രഹമുണ്ടായി. അക്കാലത്തു് തഞ്ചാവൂർവരെ സഞ്ചരിക്കുക എന്നതു് വളരെ ദുഷ്കരമായ ഒരു കാൎയ്യമായിരുന്നു. അതിനാൽ അദ്ദേഹത്തെ തിരുവനന്തപുരത്തേക്കു കൂട്ടിക്കൊണ്ടുവരാമെന്നു പറഞ്ഞുകൊണ്ടു് കൊട്ടാരം ഭാഗവതർമാരിൽ ഒരാൾ ആയ വടിവേലു തഞ്ചാവൂരിലേക്കു പുറപ്പെട്ടു. പണവും തൃണവും തുല്യമായി പരിഗണിച്ചിരിക്കുന്ന ആ പ്രപഞ്ചപരിത്യാഗിയെ കൂട്ടിക്കൊണ്ടുപോരുന്നതിനു് വടിവേലു അദ്ദേഹത്തോടു പ്രസ്താവിച്ചതു അതു കീത്തിവദ്ധനയ്ക്കു ഒരു കാരണമായിത്തീരുമെന്നു മാത്രമായിരുന്നു. ത്യാഗരാജൻ അതിനെ നിസ്സാരമായി പ്രസ്താവിച്ചു തള്ളിക്കളഞ്ഞു. സംഗീതകലാരാധകനായ തിരുമേനിയെ സന്ദശിക്കുന്നതായാൽ പലേ പദവികളും ലഭിക്കുമെന്നു ദൂതൻ പ്രസ്താവിച്ചപ്പോഴാകട്ടെ, "ശ്രീരാമനിൽ സമ്പൂൎണ്ണവിശ്വാസത്തോടെ മനസ്സിനെ സമപ്പിച്ചിരിക്കുന്ന അവസ്ഥയാണു് യഥാത്ഥപദവി" എന്നു പറഞ്ഞു ത്യാഗരാജൻ അയാളെ ഒരു പുതിയപാഠം പഠിപ്പിച്ചു. ശ്രീവഞ്ചിഭൂമണ്ഡലനുള്ള ഭക്ത്യതിരേകത്തിന്റെ സഹസ്രാംശമെങ്കിലും ആ പരമഭാഗവതനെ ബോധപ്പെടുത്തി, ശ്രീപത്മനാഭദാസനുമായുള്ള സമാഗമം സംഗീതകലയുടെ സമുദ്ധാരണത്തിനും, ഭക്തജനങ്ങൾക്കു് അനുഗ്രഹ[illegible] വദ്ധനയ്ക്കും നിദാനമായിത്തീരുന്നതാണെന്ന വാസ്ത[illegible]

മററൊ വടിവേലു വെളിപ്പെടുത്തിയിരുന്നു എങ്കിൽ, ഒരു പക്ഷെ ആ ത്യാഗിവര്യൻ തിരുവനന്തപുരം സന്ദർശിക്കുമായിരുന്നു.

ഗോവിന്ദമാരാരുടെ സംഗീത കുശലത.

മഹാരാജാവു തിരുമനസ്സിലെ അപേക്ഷയെ ത്യാഗരാജൻ ത്യജിച്ചുകളഞ്ഞു എങ്കിലും, സംഗീതസാമൎത്ഥ്യ പ്രകടനത്തിൽ ഇദ്ദേഹത്തിൻെറ സവിശേഷമായ സ്തുതിവചനങ്ങൾ ശ്രവിച്ച് അനുഗൃഹീതനായിത്തീരാനുള്ള മഹാഭാഗ്യം രാജസംഗീത സദസ്സിലെ ഒരു കേരളീയന് ലഭിച്ചു എന്നുള്ളതു ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമത്രെ! സംഗീത കലാപ്രവിണനെങ്കിലും ദുർബ്ബലനും പാംഗുപാദനും ആയ ഗോവിന്ദമാരാർ ആണ് ഈ മഹാഭാഗ്യവാൻ.

സാധാരണ സംഗീതവിദഗ്ദ്ധന്മാർ നാലുകമ്പി കെട്ടിയുള്ള തംബുരുകളിൽ മാത്രമേ പാടാൻ സാധിക്കുന്നുള്ളു എന്നിരിക്കെ, ആറു കമ്പികെട്ടിയുള്ള തംബുരു ഉപയോഗിക്കുന്നതിനും ആറു കാലത്തിൽ പാടി ശ്രോതാക്കളെ രസിപ്പിക്കുന്നതിനും പ്രകീൎത്തിത സാമൎത്ഥ്യം സമ്പാദിച്ചു, "ഷഡ്കാല ഗോവിന്ദൻ" എന്ന അപരാഭിധാനം സമ്പാദിച്ചിരുന്ന ഗോവിന്ദമാരാർ (973—1018) മൂവാററുപുഴ താലൂക്കിലെ രാമമംഗലം എന്ന ദേശത്തു ജാതനായ ഒരാളായിരുന്നു. ഇദ്ദേഹം പലവിധ യാത്രാക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ച് തിരുവയ്യാർ ദേശത്തുള്ള ത്യാഗരാജാശ്രമത്തിൽചെന്ന് അദ്ദേഹത്തെ കണ്ട് ആ വന്ദ്യപാദപത്മങ്ങളിൽ നമസ്കരിച്ചു. "ഷേക്സ്പിയരും മിൽട്ടനും തമ്മിലും, ടാസ്സൊയും ഡാൻറിയും തമ്മിലും, കാളിദാസരും കമ്പരും തമ്മിലും സന്ദർശനം നടത്താൻ സംഗതി ആയിരുന്നു എങ്കിൽ അതു ഇതിനോടു തുല്യതവഹിക്കുമായിരുന്നു" എന്നാണ് ത്യാഗരാജനെ പ്പറ്റി ഒരു വിസ്തൃതവിശ്വസനീയ ചരിത്രം എഴുതിയി

ട്ടുള്ള മിസ്റ്റർ. എം. എസ്. രാമസ്വാമി അയ്യർ ബി. ഏ; ബി. എൽ; എൽ. ടി. ഈ സന്ദർശനത്തെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നതു്. മാരാരുടെ ആഗമനത്തെക്കുറിച്ചുള്ള വാർത്ത കേട്ട് അവിടെക്കൂടിയിരുന്ന ഗ്രാമവാസികൾ ആരുംതന്നെ അവിടത്തെ നിശ്ശബ്ദത ഭഞ്ജിക്കുകയുണ്ടായില്ല. അതിനാൽ ആ മഹർഷിസത്തമനോട് ഒന്നു പാടാൻ മാരാർ അപേക്ഷിച്ചു!

അന്തശ്ശ്വാസനാനുസാരേണയുള്ള ഒരു അത്യുത്സാഹം തോന്നുമ്പോൾ മാത്രമേ ത്യാഗരാജൻ പാടാറുണ്ടായിരുന്നുള്ളൂ. അതിനാൽ ഈ അപേക്ഷകേട്ട് അസുഖചിത്തനായിത്തീർന്ന ആഗാനകുശലനാകട്ടെ, "എന്നോടു പാടാൻ ആവശ്യപ്പെടുകയോ! ആവശ്യപ്പെടുമ്പോൾ പാടാൻ 79 വയസ്സായ ഈ വൃദ്ധനു കഴിയുമെന്ന് പ്രതീക്ഷിക്കുന്നോ!" എന്നാണ് അല്പം നീരസത്തോടുകൂടി അദ്ദേഹം പറഞ്ഞതു്. വടിവേലു നിർദ്ദേശിച്ചതനുസരിച്ച് ഗുരുവിൻെറ സമ്മതത്തോടുകൂടി മാരാർ പാടിത്തുടങ്ങി. തോടി, അസാവേരി, ഗീർവ്വാണി, പന്തുവരാളി എന്നീ രാഗങ്ങളിൽ നാലു ഗാനം പാടിയതിനുശേഷം അദ്ദേഹത്തിനു ഏററവും പ്രിയപ്പെട്ട 'ചന്ദനചർച്ചിതനിയാൽ കലേബ്രാ' എന്ന പാട്ടുപാടിയപ്പോൾ സദസ്യർ ആകമാനം ആനന്ദാബ്ധിയിൽ ആറാടിപ്പോയി. പലരുടേയും ഗണ്ഡങ്ങളിൽക്കൂടി അവർ അറിയാതെ കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു എന്നാണു പറയപ്പെടുന്നതു്.

'ഷഡ്കാലഗോവിന്ദ'ൻെറ ഗാനമധുരിമയിൽ ലീനചിത്തനായിത്തീർന്നുപോയ ത്യാഗരാജൻ ചാരിതാർത്ഥ്യോല്ലാസങ്ങളോടുകൂടി ഇപ്രകാരം പറഞ്ഞു. "ഹാ! ആനന്ദപ്രദം!! മോഹനതമം!!! നിങ്ങളുടെ മനോഹരഗാനങ്ങൾ എനിക്കു ഏററവും പ്രിയപ്പെട്ട ശ്രീരാമനെപ്പോലെ അത്യന്തം ഹൃദ്യവും ആനന്ദസന്ദായകവും ആയിരിക്കുന്നു." അനന്തരം മാരാരെ മേലാൽ എല്ലാവരും "ഗോവിന്ദസ്വാമി" എന്നു വിളിച്ചു കേൾക്കാനിടവരട്ടെ എന്നുകൂടി പ്രസ്താവിച്ച് ആ സംഗീതലോകചക്രവർത്തി ഈ കേരളീയ സംഗീത കലാകുശലനി[illegible]ട്ടുള്ള ബഹുമാനാതിരേകം പ്രത്യക്ഷപ്പെടുത്തുകയുണ്ടായി[illegible]

"ഗോവിന്ദസ്വാമി വർണ്ണങ്ങ"ളുടെ മാതൃകയിൽ "എന്തരോ മഹാനുഭാവുലു"* എന്നൊരുഗാനം അപ്പോൾതന്നെ ത്യാഗരാജൻ രചിച്ചു പാടുകയും അതേമാതൃകയിൽ വേറെ നാലെണ്ണംകൂടി പിന്നീട് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇവയാണ് 'പഞ്ചരത്നം' എന്ന പേരിൽ അറിയപ്പെട്ടുപോരുന്ന ത്യാഗരാജഗാനങ്ങൾ.

കൃതികളും കീർത്തനങ്ങളും അടങ്ങിയ "ദിവ്യനാമാവലി" നൂറു രാഗത്തിലായി നൂറു കീർത്തനമടങ്ങിയ "രാഗരത്നമാലിക", "ഭക്തവിജയം", "നൗകചരിത്രം", "പഞ്ചരത്നം" എന്നീ പേരുകളിലാണ് ഇദ്ദേഹത്തിന്റെ കൃതികളെല്ലാം അറിയപ്പെടുന്നതു്.

സംഗീതത്തിനു് സാഹിത്യമല്ല
സംഗീതമാണ് പ്രധാനം.

ഇരുനൂറു രാഗത്തിലായി ത്യാഗരാജൻ അഞ്ഞൂറുഗാനം രചിച്ചിട്ടുണ്ട്. അപ്രശസ്തങ്ങളായി ക്രമേണ അപ്രത്യക്ഷങ്ങളായികൊണ്ടിരുന്ന പലേ ഭാരതീയ രാഗങ്ങളിലും ഈ ഗാനരാജൻകീർത്തനങ്ങളും കൃതികളും വിരചിച്ചു് പാടിയതു നിമിത്തം അവ ഇന്നും ഭാരതീയ സംഗീതത്തിനുള്ള അഭംഗുരഭംഗി ലോകസമക്ഷം നിലനിർത്തുന്നതിനു നിദാനമായിത്തീർന്നിരിക്കുന്നു. സംസ്കൃതവും തെലുങ്കും കൂടിയുള്ള ഭാഷയാണ് ഇദ്ദേഹം ഗാനങ്ങൾക്കു ഉപയോഗിച്ചിട്ടുള്ളതു്.

---

*ശ്രീരാഗം—ആദി

പല്ലവി—എന്ദരൊ മഹാനുഭാവുലന്ദരികിവന്ദനമു

അനുപ — ചന്ദുരവർണ്ണുനിയന്ദചന്ദമുനുഹൃദയാരവിന്ദമുനജ്ജൂചിബ്രഹ്മാനന്ദമനുഭവിഞ്ചു വാ (എ)

ചരണം—ഭാഗവത രാമായണ ഗീതാദി ശ്രുതി ശാസ്ത്രപുരാണവുമർമ്മമുലൻ ശിവാദിഷണ്മതമുലഗൂഢമുലൻ

മുപ്പദിമുക്കോടി സുരാന്തരംഗമുല ഭാവമുലനെ ഗിരിഭാവരാഗലയാദി സൗഖ്യമുചെചിരായുവുൽ ഗലിഗിനിവധി സുഖാത്മുലൈത്യാഗരാജാപ്തുലൈന വാ (എ)

ഗാനങ്ങൾക്ക് സാഹിത്യഗുണം കലൎന്നിരുന്നാൽ സുവൎണ്ണത്തിന്ന സുഗന്ധം ചേൎന്നാലെന്ന പോലൊരു സമാരാധനീയത ഉണ്ടാകുമെന്നുള്ളത് സൎവ്വവിദിതമാണ്. എന്നാൽ സാഹിത്യഗുണത്തിന്ന എത്രത്തോളം മെച്ചം ഒരു പാട്ടിൽ വരുത്തുന്നുവോ അത്രത്തോളം ആലാപനസൗകൎയ്യത്തിന്ന വിലോപം വന്നു പോകുമെന്നുള്ളത് ഒരു അവിസ്മരണീയ വസ്തുതയാകുന്നു. ഈ തത്വം മനസ്സിലാക്കിയിരുന്ന ത്യാഗരാജൻ തൻെറ കൃതികൾക്കും കീൎത്തനങ്ങൾക്കും സാഹിത്യപ്രാധാന്യമല്ല സംഗീത പ്രാധാന്യമാണ് നല്കിയിരുന്നത്. അദ്ദേഹത്തിൻെറ ഗാനങ്ങളിൽ 'സംഗതി' വച്ച് പാടാൻ സാധിക്കുന്നതു പോലെ മററ് അധികം ഗാനങ്ങളിൽ ഒരു സംഗീതജ്ഞന്നു സ്വാമത്ഥ്യ പ്രകടനം നടത്തുന്നതിന്നു സാധിക്കുന്നില്ല; അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിൻെറ ഗാനങ്ങൾ ദക്ഷിണഭാരതം മുഴവനും ഈ ഒന്നര ശതാബ്ദത്തിന്നു ശേഷവും പ്രചരിച്ചു കൊണ്ടിരിക്കുന്നത്. ഗാനങ്ങളിൽ മനുഷ്യവൎഗ്ഗത്തിന്ന ആനന്ദിക്കാൻ സാധിക്കുന്ന സ്ഥിതി നില്ക്കുന്നതുവരെ ത്യാഗരാജ ഗാനങ്ങളും നിലനില്ക്കുമെന്നുള്ളതിന്നു സംശയമില്ല.

ത്യാഗരാജൻെറ നിൎവ്വാണം.

ത്യാഗരാജൻ നിൎവ്വാണമടയുന്നതിന്ന പത്തുദിവസം മുമ്പെ അദ്ദേഹത്തിൻെറ ആരാദ്ധ്യദേവനായ ശ്രീരാമൻ സ്വപ്നത്തിൽ പ്രത്യക്ഷനായി, ജീവിതോദ്ദേശ്യംനിൎവ്വഹിക്കപ്പെട്ടിരിക്കുന്നതിനാൽ പത്തുദിവസത്തിനകം താൻ സായൂജ്യപദവി നല്കുന്നതാണെന്ന് അരുളിച്ചെയ്തതായി ഐതിഹ്യം ഘോഷിക്കുന്നു. പത്തുദിവസം സദാ ഭഗവദ്ധ്യാനത്തിലും ശ്രീരാമകീൎത്തനങ്ങളിലും സമയം വ്യയംചെയ്തതിന്നു ശേഷം, അദ്ദേഹം "പാരിദപാമുകാനി" എന്ന പാട്ടു രചിച്ചുപാടി. "സരയൂനദിയിൽക്കൂടി സീതാസമേതം തോണികടക്കുമ്പോൾ എൻെറ ദയനീയസ്ഥിതികണ്ടു മനസ്സലിഞ്ഞു്, പത്തുദിവസത്തിനകം എനിക്കു മോക്ഷം നല്കാമെന്നു കാരുണ്യപുരസ്സരം അരുളിച്ചെയ്തിരുന്നത് മറന്നു പോയോ"?

അൎത്ഥം വരുന്ന ആ ഗാനം ചൊല്ലിത്തീൎന്ന ഉടനെ ത്യാഗരാജൻ നിൎവ്വാണം പ്രാപിക്കുകയുണ്ടായത്രേ! (ക്രിസ്ത്വബ്ദം 1847).

ഈ പരമ ഭാഗവതൻെറ പാഞ്ചഭൌതിക ശരീരം പഞ്ചഭൂതങ്ങളിൽ വിലയം പ്രാപിച്ചിട്ട് ഇപ്പോൾ 87 സംവത്സരം കഴിഞ്ഞിട്ടുണ്ടെങ്കിലും, ട്ടാഗോർകൃതികൾ ഭാരതീയൈക്യത്തിനു 20-ാം നൂററാണ്ടിൽ ഏതു വിധം പ്രയോജനം ചെയ്തു കൊണ്ടിരിക്കുന്നുവോ അതു പോലെ ഈ ഗായകകവിരാജൻെറ ഗാനങ്ങളും ആ ഉദ്ദേശ്യം ദൈനംദിനം പ്രചുരമായി പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. പ്രശസ്തഗായക ശിരോരത്നങ്ങളായ ഹാൻഡെൽ, ഹെയ്ഡൻ, ബിത്തോവെൻ, ഹരിദാസ്സ്വാമി, ടാൻസെൻ, ഗോപാല നായക് എന്നിവൎക്ക് സംഗീതലോകത്തുള്ള പരമോൽകൃഷ്ടസ്ഥാനങ്ങളിൽ നിഷ്പ്രയാസം ആരോഹണം ചെയ്തിരിക്കുന്ന ത്യാഗരാജൻെറ ദിവ്യഗാനങ്ങൾ സാൎവ്വത്രികമായി ആകല്പം ലസിപ്പൂതാക! ലസിപ്പൂതാക!!

---

൨. ഹാനിബാൾ.

എം. ഏ. ഭാസ്കരപിള്ള എം. ഏ.

ഒരുവനു് ലഭിക്കുന്ന വിജയങ്ങളുടെ ആധിക്യംമാത്രമല്ല മഹത്വത്തിനുള്ള മാനദണ്ഡമായി മഹാന്മാർ കണക്കാക്കീട്ടുള്ളതു്. പരിശുദ്ധവും പ്രയോജനപ്രദവും ആയ ഒരു മഹദുദ്ദേശ്യത്തിൻെറ സാദ്ധ്യത്തിനായി ഒരാൾ അനവരതം പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു എന്നിരിക്കട്ടെ. പ്രതിബന്ധങ്ങളോടു എതിരിട്ടും, വിഷമങ്ങളോടു പോരാടിയും വിജയം പ്രാപിക്കുവാൻ അയാൾ എത്ര അധികാ കഷ്ടതകൾ അനുഭവിക്കുന്നുവോ, കാൎയ്യപ്രാപ്തിക്കുവേണ്ടി അപജയങ്ങൾ അവഗണിച്ചുകൊണ്ടു് മുന്നോട്ടുപോകാൻ എത്ര അധികം ശ്രമിക്കുന്നുവോ അതിനനുസരിച്ചു് അയാളെ ജനങ്ങൾ ബഹുമാ

നിക്കുന്നു; ആ സുസ്ഥിരചിത്തൻെറ അപദാനങ്ങൾ കീൎത്തി ക്കുന്നു; ഒടുവിൽ നേരിടുന്ന തോൽവികളെ കാൎയ്യമായി കണ ക്കാക്കാതെ ജനങ്ങൾ അയാളെ ആരാധിക്കുയും ചെയ്യുന്നു.

യൂറോപ്പിലുള്ള സകല മഹാശക്തികളേയും വിറപ്പിച്ചു കൊണ്ടു ഫ്രഞ്ചുചക്രവൎത്തിയായി അനവധി വിജയങ്ങൾ സമ്പാദിച്ചിട്ടുള്ള നെപ്പോളിയൻെറ പരമോദ്ദേശ്യം സാധി ക്കാതെ അദ്ദേഹം സെൻറ്ഹെലിനാദ്വീപിൽ ഒരു തടവു കാരനായി കിടന്നു കാലപുരിയിലണഞ്ഞു. ഒരു പൌര സ്ത്യസാമ്രാജ്യം സ്ഥാപിക്കണമെന്നുള്ള അത്യാഗ്രഹത്തോടെ ജൈത്രയാത്ര നടത്തി അനേകം രാജ്യങ്ങൾ കീഴടക്കിയ അല ക്സാണ്ഡർ ചക്രവൎത്തിയും തൻെറ ഉദ്ദേശ്യങ്ങളുടെ ദശാംശം പോലും സാധിക്കാതെ 33-ാം വയസ്സിൽ അകാലനിൎയ്യാണം പ്രാപിച്ചു. റോമൻ സാമ്രാജ്യത്തിൻെറ സമുൽക്കഷത്തിനു വേണ്ടി വളരെ പ്രയത്നങ്ങൾ ചെയ്തുകൊണ്ടിരുന്ന സീസറി നും ഉദ്ദേശ്യസിദ്ധിപൂൎണ്ണമായി ലഭിക്കാതെ ദുർമരണം പ്രാപി ക്കേണ്ടതായിവന്നു. ഈ മൂന്നു മഹാപുരുഷന്മാരുടേയും ജീവ ചരിത്രങ്ങൾ പഠിക്കുയും വായിച്ചു രസിക്കുയും ചെയ്യുന്ന കാൎയ്യ ത്തിൽ ജനങ്ങൾ ഇന്നും ഉത്സുകരായിത്തന്നെയിരിക്കുന്നുണ്ട്. ലോകത്തിലെ സുപ്രസിദ്ധരായ ഈ മൂന്നു യുദ്ധവീരന്മാരുടെ യും കൂട്ടത്തിൽ ഹാനിബാളിനും ഒരു ഉന്നതസ്ഥാനം ഉണ്ടെ ന്നുള്ളതു ചരിത്രവസ്തുത മാത്രമാണ്. പതിനാറുസംവത്സര ക്കാലം സമരം ചെയ്തിട്ടും റോമാക്കാരെ ജയിക്കാൻ കഴി യാതെ അപമാനിതനും ഭഗ്നാശനും ആയി നാടുവിട്ട ഹാനി ബാളിന് അന്യരാജ്യത്തുവച്ച് വിഷപാനം ചെയ്തു ജീവിതം അവസാനിപ്പിക്കേണ്ട ദുർഭാഗ്യം നേരിട്ടു എങ്കിലും അദ്ദേ ഹം ഏൎപ്പെട്ടിരുന്ന ഉദ്യമം പാവനവും, ചെയ്തുകൊണ്ടിരുന്ന പരിശ്രമം സുസ്ഥിരവും, പ്രകടിപ്പിച്ച സാമൎത്ഥ്യം അത്യസാ ധാരണവും ആകയാൽ ഹാനിബാളിൻെറ ഉജ്വലജീവിതം ആദൎശയോഗ്യമായി ചരിത്രകാരന്മാർ പ്രഖ്യാപനം ചെയ്തിരി ക്കുന്നു.

ഒൻപതാംവയസ്സിലെ ഉഗ്രശപഥം.

ആഫ്രിക്കാഭൂഖണ്ഡത്തിൻെറ ഉത്തരഭാഗത്ത് ഇന്നു കാണുന്ന അൾജീറിയാ, ടൂനിസ് എന്നീ രാജ്യങ്ങളുടെ വടക്കേ അററത്തായി ക്രിസ്താബ്ദത്തിനു മുമ്പ് അനവധി വഷക്കാലം ഐശ്വര്യസമൃദ്ധിയോടെ നിലനിന്നിരുന്ന ഒരു ചെറുരാജ്യമാണ് കാർത്തേജ്. മെഡിററേനിയൻ സമുദ്രത്തിൻെറ ചുററും മാത്രമല്ല വിദൂരദേശങ്ങളിലും വ്യാപാരബന്ധത്തിൽ ഏപ്പെട്ട് ധനവും കീർത്തിയും ഒന്നുപോലെ സമ്പാദിച്ചിരുന്ന ഈ രാജ്യത്തു ബി. സി. 245-ാം വഷത്തിൽ ഹാനിബാൾ ജാതനായി. അവിടത്തെ പ്രശസ്തസൈന്യനായകനായ ഹാമിൽക്കറിൻെറ നന്ദനനാണ് ഇദ്ദേഹം. കാർത്തേജും ഇററലിയും തമ്മിൽ വ്യാപാരവിഷയത്തിൽ ഉത്ഭവിച്ചമത്സരം പരസ്പരവൈരത്തിൽ എത്തിച്ചേർന്നതിൻെറ ഫലമായി, "പ്യൂണിക്‌വാർ" എന്നു റോമൻചരിത്രത്തിൽ അറിയപ്പെടുന്ന ഘോരസമരത്തിൽ അതു പര്യവസാനിച്ചു. ഹാമിൽക്കർ ആയിരുന്നു കാർത്തജീനിയന്മാരുടെ നേതാവ്. പലേസമരങ്ങളിലും പരാജയം സംഭവിച്ച ഈ ചെറുരാജ്യക്കാർ അഭിമാനമൂർത്തികളും പൗരുഷശാലികളും കൂടി ആയിരുന്നതിനാൽ, ശത്രുക്കൾക്കു കീഴടങ്ങാതെ തന്നെ എതിർപ്പുകൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ എങ്ങനെയും നാട്ടിൽ സമാധാനമുണ്ടായാൽ മതിയെന്നു കരുതുന്ന ഒരുക്കൂട്ടം ജനങ്ങൾക്കു ക്രമേണ പ്രാമുഖ്യംലഭിച്ചതിനാൽ വിദേശ്യസൈന്യത്തിൻെറ സഹായം അവലംബിച്ച് ഉദ്ദിഷ്ടംസാധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഹാമിൽക്കർ സ്പെയിനിൽപോയി, അവിടെ കാർത്തേജിൻെറ അധീശത്വം സ്ഥാപിച്ചു.

ഈ ജനനേതാവു സ്പെയിനിലേക്കു തിരിച്ചഅവസരത്തിൽ കേവലം ഒൻപതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഹാനിബാളിനെക്കൊണ്ട് ഒരു ഉഗ്രശപഥംചെയ്യിച്ചിട്ടുണ്ടായിരുന്നു. "റോമാക്കാരുടെ സ്നേഹിതനായി ഒരിക്കലും വർത്തിക്കുന്നതല്ല" എന്ന് ഹാമിൽക്കാർ ചെയ്യിച്ച ആ ശപഥം ആ ...ഹാനിബാളിനെ ലോകചരിത്രത്തിൽ പ്രഖ്യാതിസമ്പാ

ദിച്ചിട്ടുള്ള നാലു യുദ്ധതന്ത്രജ്ഞന്മാരിൽ ഒരാളാക്കിത്തീർത്തിട്ടുള്ളതു്. ആ കഠോരശപഥംതന്നെയാണു് അദ്ദേഹത്തിനെ പലവിധവിഷമങ്ങളിൽ അകപ്പെടുത്തി ദുരന്തദുരതത്തിലേക്കു് എടുത്തെറിഞ്ഞുകളഞ്ഞതും.

ഒരു ലക്ഷം ഭടന്മാരുമായി യാത്ര.

പിതാവിൻെറ പ്രവൎത്തന രംഗമായിരുന്നസ്പെയിനിൽ ചെന്നു് ഒരു ഭീമസൈന്യം ശേഖരിച്ചു് ഇററലിയുടെ നേരെ യുദ്ധം ചെയ്യുന്നതിന്നു് വേണ്ടുന്ന സകല സജ്ജീകരണങ്ങളും ഹാനിബാൾ ചെയ്തു. പിതൃമരണത്തിനുശേഷം, ബി. സി. 218-ാമാണ്ടോടുകൂടി സ്പെയിനിൻെറ മിക്കഭാഗങ്ങളും സ്വാധീനത്തിലാക്കിയതിനുശേഷം കൎത്തേജിൻേറയും ആ രാജ്യത്തിൻേറയും രക്ഷയ്ക്കായി 35000 ഭടന്മാരെ നിൎത്തിയിട്ടു് ഹാനിബാൾ തൻെറ ജന്മോദ്ദേശ്യംസാധിക്കാനായി ഇററലിയിലേക്കു പുറപ്പെട്ടു.

കാടുകളും മേടുകളും നദികളും പൎവ്വതങ്ങളും തരണം ചെയ്തു് ഇററലിയിൽ പ്രവേശിച്ചു് ആ രാജ്യക്കാരെ തോല്പിച്ചുകളയാമെന്നു വിചാരിക്കുന്നതു് ഒരു സാഹസമായി പലൎക്കും തോന്നിയേക്കാം; കാൎയ്യസാദ്ധ്യത്തിനുശേഷം മാത്രമേ പരിശ്രമത്തിൽനിന്നു് പിൻതിരിയുകയുള്ളൂ എന്ന സുദൃഢനിശ്ചയം ഒരുവനുണ്ടായിരുന്നാൽ ഇത്തരം പ്രവൃത്തികൾ മാത്രമല്ല അവൻ ചെയ്യുന്നതു്. പരാജയങ്ങൾ എത്രതവണ അവനനേരിട്ടുകൊള്ളട്ടെ, പ്രതിബന്ധങ്ങൾ നിരവധി സഹസ്രം അവൻെറ മുമ്പിലുണ്ടായിക്കൊള്ളട്ടെ, അവയെല്ലാം അവൻ എതിൎത്തു ജയിച്ചു കൊണ്ടുതന്നെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കും. അതുതന്നെയാണു് ഹാനിബാളിൻെറ ജീവിതത്തിൽ തെളിഞ്ഞു കാണുന്ന ഒരു പ്രധാനപാഠം.

90000 കാലാൾ ഭടന്മാരും, 12000 അശ്വഭടന്മാരും, 29 ആനകളും അടങ്ങിയ ഒരു ഭീമചമൂസമൂഹത്തോടുകൂടി ഹാനിബാൾ തൻെറ 27-ാംവയസ്സിൽ സ്പെയിനിൽ നിന്നും യാത്ര[illegible]രിച്ചു. ആ രാജ്യത്തിൻെറ വടക്കേ അതിൎത്തിയിലുള്ള[illegible]

ണീസ് പൎവ്വതം കടന്നപ്പോൾ 20000 ഭടന്മാർ മരിച്ചുപോയി. ദുൎഗ്ഗടപടികൾ നിമിത്തം 10000 ഭടന്മാരെ തിരിച്ചയക്കേണ്ട തായും, 11000 പേരെ ഉത്തര സ്പെയിനിന്റെ രക്ഷയ്ക്ക് അവിടെ താമസിപ്പിക്കേണ്ടതായും വന്നു ചേൎന്നു. ശേഷിച്ച അൻപതിനായിരം ഭടന്മാരേയും കൊണ്ടു് ഹാനിബാൾ ഫ്രാൻസിന്റെ ദക്ഷിണഭാഗത്തുകൂടി നടന്നു് ഇററലിയുടെ വടക്കേ ഭാഗത്തുകിടക്കുന്ന ദുഷ്പ്രാപമായ ആൽപ്സ് പൎവ്വതം കടക്കാൻതുടങ്ങി. ആരണ്യദേശങ്ങൾ, പാറക്കൂട്ടങ്ങൾ, മഞ്ഞിൻ കട്ടകൾ, കിഴക്കാം തൂക്കായ പ്രദേശങ്ങൾ എന്നിവയെല്ലാം കഷ്ടതകളും ബുദ്ധിമുട്ടുകളും അളവില്ലാതെ അനുഭവിച്ചു കൊണ്ടു് 21 ദിവസത്തെ കഠോരശ്രമം മുഖേന ആ സൈന്യം കടന്നു. എന്നാൽ, ഇററലിയിലെ മനോഹരമായ മൈതാനത്തിൽ സമരസന്നദ്ധനായിഹാനിബാൾ എത്തിച്ചേൎന്നപ്പോൾ 20000 കാലാൾ ഭടന്മാരും 6000-ത്തിനകം അശ്വഭടന്മാരും മാത്രമേ അദ്ദേഹത്തിനു് ഉണ്ടായിരുന്നുള്ളു. അവർ തന്നെയും അഞ്ചുമാസത്തെ അനവരതസഞ്ചാരത്താൽ ശോഷിച്ചും, ക്ഷീണിച്ചും, നിരാശരായും തീൎന്നിരുന്ന ഒരുകൂട്ടം ഭടന്മാർ ആയിരുന്നു താനും. ഈ അവസരത്തിൽ ഇററലിയിലാകട്ടെ, 70000 ഭടന്മാരും 220 പടകപ്പലുകളും ഉണ്ടായിരുന്നതിനു പുറമെ, ആവശ്യപ്പെട്ടമ്പോൾ സമര ഭൂമിയിലിറങ്ങാൻ സന്നദ്ധരായി ആറുലക്ഷത്തിൽപരം ആളുകൾ ഇററലിയുടെ നാനാഭാഗങ്ങളിലായി താമസിക്കുന്നുമുണ്ടായിരുന്നു. സ്വാതന്ത്ര്യ ചിന്തകൊണ്ടു ഉദ്ധതരായ റോം നഗരനിവാസികളുടെ സഖ്യതാബന്ധുത്വങ്ങളിലുൾപ്പെട്ടും, അധീശത്വത്തിലമൎന്നും ഇററലിയിൽ അക്കാലത്തുണ്ടായിരുന്ന മിക്കരാജ്യങ്ങളും കഴിഞ്ഞുകൂടിയിരുന്നതിനാൽ, അക്കാലത്തെ ഒരു മഹാശക്തിയായിട്ടായിരുന്നു ഇററലി വൎത്തിച്ചിരുന്നതു്. ഈ മഹാശത്രുവിനെ ജയിക്കാനായിട്ടാണു്,

"അങ്ങാഴി തന്നക്കരെ പററുവാൻ ഞാൻ
ചങ്ങാടമേറിത്തുഴയുന്നു മോഹാൽ"

എന്നു പറഞ്ഞതുപോലെ, തുച്ഛസംഖ്യവരുന്ന ഒരു ക്ഷീണസൈന്യവുമായി ഹാനിബാൾ ശ്രമം ചെയ്യുന്നതു്.

തന്ത്രങ്ങൾ, യുദ്ധങ്ങൾ.

സമരരംഗത്തിറങ്ങി ശത്രുക്കളുമായി നേരിട്ടു യുദ്ധംചെയ്ത് അവരെ തോല്പിക്കുന്നതിലല്ല ഹാനിബാൾ പ്രധാനമായി ശ്രദ്ധിച്ചത്. റോമിന്റെ ബന്ധുമിത്രങ്ങളെ ഒന്നൊന്നായി ചതുരുപായങ്ങളും പ്രയോഗിച്ച സ്വാധീനത്തിലാക്കുക, ഓരോ നഗരത്തിനേയും പട്ടണത്തിനേയും തന്ത്രപ്രയോഗങ്ങൾകൊണ്ടു മാത്രം വശത്താക്കുക, അവരിൽനിന്ന് വേണ്ടത്ര ധനവും യുദ്ധസാമഗ്രികളും സമ്പാദിച്ച് റോമിനോടു എതിക്കുക, നിവൃത്തിയുള്ളെടത്തോളം ഭടജനനിഗ്രഹം കൂടാതെ വിജയം സമ്പാദിക്കുക എന്നിത്യാദിയായിരുന്നു ഹാനിബാൾ തയാറാക്കിയിരുന്ന പദ്ധതി.

ഒരു മഹാസൈന്യവുമായി പ്രശസ്തസൈന്യനായകനായ ആ കാൎത്ത്ജീനിയൻ ഇററലിയിലേക്കു പുറപ്പെട്ടുകഴിഞ്ഞു എന്ന വാൎത്ത കേട്ടതുമുതൽ തന്നെ വിഭ്രമചിത്തരായിത്തീൎന്ന റോമൻകാർ മാൎഗ്ഗമദ്ധ്യേ അദ്ദേഹത്തെ തടയുന്നതിനു ശ്രമം ചെയ്തുകൊണ്ടിരുന്നു. അതു വിഫലമായിത്തീൎന്നപ്പോൾ, ടിസിനസ്, ട്രെബിയാ, ടാസിമീനെ എന്നിവിടങ്ങളിൽവച്ച് അദ്ദേഹത്തോടു അവർ എതിൎക്കുകയുണ്ടായി. അവയിലൊന്നിലും അവൎക്കു ജയം ലഭിച്ചില്ല എന്നുമാത്രമല്ല ഹാനിബാളിന് 2500 ഭടന്മാർ നഷ്ടപ്പെട്ടപ്പോൾ റോമൻകാൎക്ക് അതിന്റെ ഏഴിരട്ടി സൈന്യം തടവുകാരായും മരിച്ചും നഷ്ടപ്പെട്ടുപോകത്തക്കവിധം അത്ര അപമാനജനകവും ദുരിതമയവും ആയവിധം പരാജയം പററിപ്പോകയും ചെയ്തുവത്രെ. കാനെ എന്ന സ്ഥലത്തുവച്ചു നടന്ന യുദ്ധത്തിൽ ഹാനിബാളിന് 6000 ഭടന്മാർ നഷ്ടപ്പെട്ടുപോയപ്പോൾ, റോമൻകാൎക്ക് 70,000 ഭടന്മാരും അനേകം സേനാധിപന്മാരും സെനററു മെംബർമാരും മററും നഷ്ടപ്പെട്ടതിനു പുറമേ തോൽവിയുണ്ടാകയും ചെയ്തു.

ഇത്തരം യുദ്ധങ്ങൾക്കിടയ്ക്ക് അരാതി വൎഗ്ഗത്തിനെ അധീ... ജയത്തിലാക്കുന്നതിന് പലവിധ തന്ത്രങ്ങളും ഹാനി...

പ്രയോഗിക്കുന്നുണ്ടായിരുന്നു. 21 ശതാബ്ദത്തിൽപരം വർഷ കാലത്തിനുമുമ്പെ ആ സമരകാലാചതുരൻ പ്രയോഗിച്ചിരുന്ന തന്ത്രങ്ങളിൽ പലതും പില്ക്കാലത്തു പാശ്ചാത്യരാജ്യങ്ങളിലെ അനവധി സേനാനായകന്മാർ അനുകരിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

കാല്ലിക്കുല എന്ന സ്ഥലത്ത് ഹാനിബാൾ ഏതാനും ഭടന്മാരുമായി താമസിക്കുമ്പോൾ അദ്ദേഹത്തിനു പുറത്തു വരേണ്ട ഒരേഒരു മാർഗ്ഗം റോമൻ കാരുടെ ഒരു ഭീമസൈന്യം കൈയ്‌വശത്താക്കി അദ്ദേഹത്തെ വിഷമിപ്പിപ്പാൻ നോക്കി. കാർത്തജീനിയന്റെ സൈന്യതാവളത്തിനു ചുററുമായി ശത്രുക്കൾ ഒരു നിരോധനവും നടത്തിയിരുന്നതുകൊണ്ട്, താരതമ്യേന ഒരു ചെറു സേനമാത്രമുണ്ടായിരുന്ന ഹാനിബാളിന് നേരിട്ടു എതിക്കാൻ നിവൃത്തിയില്ലെന്നായി. ശത്രുക്കളിൽ നിന്ന് കരസ്ഥമാക്കിയിരുന്ന 2000 കാളകളെ ഉപയോഗിച്ച് രക്ഷനേടാനാണ് ആ ബുദ്ധിശാലി അപ്പോൾ തീർച്ചപ്പെടുത്തിയതു്. ഒരുരാത്രി എല്ലാകാളകളുടെയും കൊമ്പുകളിൽ പന്തങ്ങൾചുററി തീകത്തിച്ച് അവയെ ഒരു കുന്നിലേക്ക് അദ്ദേഹം ഓടിച്ചു. നിശാസമരത്തിനു സന്നദ്ധരല്ലായിരുന്ന റോമൻകാർ ശത്രുസൈന്യത്തിന്റെ അപ്രതീക്ഷിതമായ ആഗമനമാണ് അതന്നോർത്ത് പരിഭ്രാന്ത ചിത്തരായിത്തീർന്നു; അവർ പ്രാണരക്ഷാർത്ഥം കണ്ടവഴിയെ ഓടിത്തുടങ്ങി. ആ തക്കം നോക്കി ഹാനിബാളും സൈന്യവും അവിടെനിന്നും പുറത്തു കടന്നു രക്ഷപ്പെട്ടു.

റോം നഗരവാസികളുടെ ബന്ധുക്കളെ ശത്രുക്കളാക്കി സ്വപക്ഷം ചേക്കുന്നതിനായിരുന്നു ഹാനിബാൾ പ്രധാനമായി പരിശ്രമിച്ചതു്. ദൂതന്മാർ മുഖേന ഓരോരാജ്യക്കാരോടും നഗരവാസികളോടും പ്രത്യേകമായി ഇടപെട്ടു അവരെ സ്വാധീനത്തിലാക്കി അവരിൽ നിന്ന് സൈന്യങ്ങളും ധനവും കരസ്ഥമാക്കുന്ന നയം ഒരു ശത്രു രാജ്യത്തു താമസിച്ചുകൊണ്ട് ഈ ലോകത്ത് ആദ്യമായി പ്രയോഗിച്ചതു് ഹാനിബാൾ ആണ്. 1914 ലെ ലോകമഹായുദ്ധംവരെ, യൂറോപ്യൻ രാജ്യക്കാരും വിശേഷിച്ച് ഇംഗ്ലീഷ്കാരും

ഈ നയപ്രയോഗത്താൽ വിജയംകരസ്ഥമാക്കിയിട്ടുണ്ടെന്നുള്ള തിന്ന് അനവധി ദൃഷ്ടാന്തങ്ങളുണ്ട്.

വിജിഗീഷുവും യുദ്ധതന്ത്രജ്ഞനും ആയ ഹാനിബാളിൻെറ പക്ഷത്തു് നഗരങ്ങളും രാജ്യവിഭാഗങ്ങളും ഒന്നൊന്നായി ചേൎന്നുതുടങ്ങി; ധനസമ്പത്തും സൈന്യസമ്പത്തും അദ്ദേഹത്തിന്ന ദിനംപ്രതി വൎദ്ധിച്ചുകൊണ്ടിരുന്നു; അയൽരാജ്യങ്ങളിലും റോമൻകാൎക്ക് ശത്രുക്കളെ ഉണ്ടാക്കിത്തുടങ്ങി. ഏതുദിവസമാണ് അജയ്യനായ ഹാനിബാൾ തങ്ങളെ ആക്രമിക്കുവാൻ വരുന്നതെന്നറിയാതെ രണ്ടുലക്ഷത്തി എഴുപതിനായിരം വരുന്ന റോം നഗരവാസികൾ സംഭ്രാന്തചിത്തരായി കഴിച്ചുകൂട്ടാൻ തുടങ്ങി.

"തേനീച്ചമെടുക്കാൻപോയി കടംവന്നുകേറി"

അടുത്ത അനേകം ശതവത്സരങ്ങളിലേക്കു നിരവധി പാഠങ്ങൾ രാജ്യഭരണസംബന്ധമായി പഠിപ്പിക്കത്തക്കവിധം അത്രവളരെ സുസംഘടിതവും മാതൃകാപരവും ആയ ഒരു ഭരണഘടനയായിരുന്നു അക്കാലത്തു് റോമൻകാൎക്ക് ഉണ്ടായിരുന്നതു്. ഹാനിബാളിന്നുശേഷം അടുത്ത അഞ്ഞൂറോളം സംവത്സരക്കാലത്തേക്കു് അക്ഷയഭാസ്സോടെ റോമൻ സാമ്രാജ്യം നിലനില്ക്കണമെന്നുള്ളതു് ദൈവനിശ്ചയമായിരുന്നതാനും. അപ്രകാരമുള്ള ഒരു മഹാശക്തിയോടാണ് ഹാനിബാളിന്ന ഏകനായി പൊരുതേണ്ടിയിരുന്നതു്.

അക്കാലത്തെ റോമൻ സെനററിന്നുണ്ടായിരുന്ന അധികാരധുരന്ധരതയും, ഹാനിബാളിൻെറ തന്ത്രങ്ങൾ ഉപയോഗിച്ചുതന്നെ അദ്ദേഹത്തോട്ടു് ഇടപെടുന്നതിന്ന് ബുദ്ധിസാമൎത്ഥ്യവും സമരസന്നദ്ധതയുംഉള്ള ഒരു സേനാധിപൻെറ അഭാവവും നിമിത്തം റോമൻസിന്നു നേരിട്ട പരാജയങ്ങളെല്ലാം സിപ്പിയോ എന്ന യുവസേനാനിയുടെ യുദ്ധരംഗപ്രവേശനത്തോടുകൂടി അവസാനിച്ചുതുടങ്ങി. 24 വയസ്സു മാത്രമേ അദ്ദേഹത്തിന്നു പ്രായമുള്ളൂഎങ്കിലും റോമൻചരിത്രത്തിൽ ഒരു അത്യുജ്ജ്വലതാരമായി ആ പോരാളിവീരൻ വി[illegible] കൊണ്ടിരിക്കുന്നുണ്ടു്. കാൎത്ഥജീനിയന്മാരുടെ കൊടിക്കൂ[illegible]

ഗത്യന്തരമില്ലാതെ അമന്നിരുന്ന സ്പെയിൻ നിവാസികളെ മോചിപ്പിച്ച് അവരെ അദ്ദേഹം റോമൻകാരുടെ ബന്ധുക്കളാക്കിത്തീൎത്തു. സിസ്ലിയിൽ ഹാനിബാളിനുണ്ടായിരുന്ന അവകാശ സ്വാതന്ത്ര്യങ്ങൾ നിശ്ശേഷം നശിപ്പിച്ചു; ഇററാലിയൻ ജനതയെ തന്നെ ആകമാനം റോമിൻെറ 'പക്ഷത്തേക്ക്' ആകൎഷിച്ചു. ഒരു ആഫ്രിക്കാക്കാരൻെറ നേതൃത്വത്തിൽ ജീവിക്കാനും സഖ്യത അവലംബിക്കാനും തങ്ങൾക്കുള്ള വൈമനസ്യം ധൈൎയ്യസമേതം പ്രദൎശിപ്പിച്ചു അവർ ഹാനിബാളിൻെറ ബലം കുറച്ചുതുടങ്ങി.

ഈ ഘട്ടത്തിൽ ഒരു സംഗതി പ്രത്യേകം ഓൎത്തിരിക്കേണ്ടതുണ്ട്. സ്വദേശാഭിമാനത്താൽ പ്രേരിതനായി ഏതൊരുരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനും ഉല്കൎഷത്തിനും ആയി ഹാനിബാൾ യുദ്ധംചെയ്തുവോ ആ കാൎത്തേജിൽ നിന്ന് അദ്ദേഹത്തിന് സൈന്യ സഹായമാകട്ടെ ധനസഹായമാകട്ടെ ലഭിച്ചിരുന്നില്ല. ഇററലിയിൽ താമസിച്ച 15 വൎഷവും അദ്ദേഹം യുദ്ധം നടത്തിയതു് സ്വന്തം സാമൎത്ഥ്യവിശേഷവും ഇററലിയിലും ഫ്രാൻസിലും നിന്നു സമ്പാദിച്ച പണവും സൈന്യവും കൊണ്ടു മാത്രമായിരുന്നു. ഒരു സുസംഘടിതരാജ്യത്തിലെ സ്വരാജ്യാഭിമാനികളായ ജനതതിയെ ജയിക്കാൻ ഇപ്രകാരമുള്ള പ്രവൎത്തനം അപൎയ്യാപ്തമായേ പരിണമിക്കുകയുള്ളൂ എന്നതിനു സംശയമില്ലല്ലൊ. സിപ്പിയോവിൻെറ ഊൎജ്ജിത പ്രവൎത്തനത്തെ തുടൎന്നു റോമൻ കാരുടെ ഐകമത്യവും പ്രബുദ്ധതയും കൂടിസംയോജിച്ചപ്പോൾ, അനന്യസഹായനായിത്തീൎന്ന ഹാനിബാളിനു അവിടം വിടേണ്ടതായിവന്നുചേൎന്നു. എന്നാൽ ഇവകൊണ്ടും ആ സുസ്ഥിരചിത്തൻ പിൻതിരിയുന്നതല്ലായിരുന്നു സ്വന്തം നാടിനെതന്നെ ശത്രുക്കൾ ആക്രമിച്ചിട്ടില്ലായിരുന്നു എങ്കിൽ.

സിപ്പിയോ എന്ന ഉഗ്രസേനാനിയുമായി ബി. സി 202ൽ സാമ എന്ന പ്രദേശത്തുവച്ച് ഹാനിബാൾ യുദ്ധം ചെയ്തു. സൈന്യശക്തിയുടെയും ഭടന്മാരുടെ ആത്മവിശ്വാസത്തിൻെറയും കുറവുനിമിത്തം അദ്ദേഹം തോററുപോയി.

റോമൻകാരുടെ സ്വാതന്ത്ര്യത്തിൽ കാർത്തേജ് വർത്തിക്കണമെന്നുള്ള നിന്ദ്യനിലവന്നു കൂടിയെന്നു മാത്രമല്ല, 24 ലക്ഷത്തോളം പവൻ 50 വർഷം കൊണ്ട് അടയ്ക്കണമെന്നും മററുമുള്ള ഒരു ഉടമ്പടിയിൽ ആദേശക്കാർ ഒപ്പുവക്കേണ്ടതായും വന്നുചേർന്നു. "തേമ്മമെടുക്കാൻപോയി കടം വന്നു കേറി" എന്നമട്ടായിത്തീർന്നു അവരുടെ കഥയെന്നേ പറയേണ്ടു.

നാടുവിട്ടുപോയി.

ഇതിനുശേഷം കർത്തേജിലെ ഭരണക്കൂടത്തിൻെറ നായകസ്ഥാനത്ത് ഹാനിബാൾ പ്രവേശിച്ച് രാജ്യാഭിവൃദ്ധിക്കായി പലപ്രവൃത്തികളും ചെയ്തു. വ്യാപാരവർദ്ധന, കാർഷികാഭിവൃദ്ധി ആദിയായവ മുഖേന അഞ്ചുവർഷത്തിനകം തന്നെകാർത്തേജ് പൂർവാധികം ഉൽക്കർഷം പ്രാപിക്കയും, റോമിന് കൊടുക്കേണ്ടയുദ്ധകടം മുഴുവൻ 15 വർഷത്തിനകം കൊടുത്തുതീർക്കുന്നതിനു തക്കവിധം ആ ചെറുരാജ്യം ശ്രീവിലാസത്താൽ അനുഗൃഹീതമാകയും ചെയ്തു.

ഹാനിബാളിൻെറ ഈ സമർത്ഥഭരണം അദ്ദേഹത്തിൻെറ അധഃപതനത്തിനുവീണ്ടും കാരണമായിത്തീർന്നു. അദ്ദേഹത്തിൻെറ ബാല്യകാലശപഥം അനുസരിച്ച് റോമിനോടുഇനിയും സമരത്തിനു പുറപ്പെടാനുള്ള സന്നാഹങ്ങളാണ് ഇതെല്ലാമെന്ന് റോമൻകാർക്ക് ഭയമായി. അവരിൽ ചിലർ കാർത്തേജ് ഭരണാധികാരികളിൽ ഒരു വിഭാഗത്തിനെ ഹാനിബാളിൻെറ ശത്രുക്കളാക്കിത്തീർത്തു. അവരുടെ ശത്രുതവർദ്ധിച്ചുവരുന്നു എന്നു കണ്ടപ്പോൾ സ്വരാജ്യസ്നേഹികളിൽ ഉത്തമസമായ അദ്ദേഹം സ്വമനസാലെ ബി. സി. 196ൽ നാടുവിട്ടുപോയി.

നന്ദികെട്ട കാർത്തജീനിയൻ ഗവമ്മെൻറ് ഹാനിബാളിൻെറ ഭവനം ഇടിച്ചു നിരത്തുകയും വസ്തുക്കൾ കണ്ടുകെട്ടുകയും ചെയ്തുവത്രെ. അൻപതു വർഷത്തിനുശേഷം, റോമൻകാരുടെ അസൂയാവഹ്നിയിൽ ആ നഗരം മുഴുവനും വെന്തുവെണ്ണീറായി. നഗരവാസികളെല്ലാവരും നിരാധാരരായി, മരണത്തി

ദാരിദ്ര്യത്തിനും അടിമപ്പെട്ടു കഷ്ടപ്പെടാനുള്ള കാരണങ്ങളിൽ ഒന്നു ഈ ദുഷ്കർമ്മത്തിന്റെ ഫലമായിരിക്കുമോ?

പൌരസ്ത്യരാജ്യക്കാരുടെ സഹായത്തോടുകൂടി തന്റെ ആജന്മശത്രുക്കളോടു പകരം വീട്ടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു ഹാനിബാൾ സ്വദേശം വിട്ടതു്. സിറിയൻ രാജാവായ ആൻറിയോക്കസ്സിന്റെ കൊട്ടാരത്തിൽ ഈ മഹാസേനാനി ഏകനായി പ്രവേശിച്ചപ്പോൾ അദ്ദേഹം ആഗതനെവേണ്ടവിധം സല്ക്കരിച്ചുസന്തോഷിപ്പിച്ചു. ഗ്രീസിനെ റോമൻകാരുടെ പിടിയിൽനിന്നു് മോചിപ്പിച്ചു് ഇററലിയെ ആക്രമിക്കുന്നപക്ഷം തന്റെ സേവനം രാജാവിനു പലപ്രയോജനങ്ങളും ഉണ്ടാക്കുന്നതാണെന്നു് ഹാനിബാൾ ആൻറിയോക്കസിനെ ബോധപ്പെടുത്തി. എന്നാൽ അവിടെയും അദ്ദേഹത്തിനു് ഒരു കൂട്ടം ശത്രുക്കളുണ്ടാകാതിരുന്നില്ല ഹാനിബാളിനു പ്രാമുഖ്യം നൽകിയാൽ തങ്ങളുടെ പ്രാധാന്യം കുറഞ്ഞുപോകുമെന്നു ഭയപ്പെട്ട അവർ സമരവിദഗ്ദ്ധനായ ഹാനിബാളിന്റെ യുദ്ധപദ്ധതികൾ സ്വീകരിക്കുന്നതിൽനിന്നു് രാജാവിനെ അകററിക്കളഞ്ഞു. തന്നിമിത്തം ആൻറിയോക്കസ് ഗ്രീസിനെ ആക്രമിച്ചു എങ്കിലും, കടൽയുദ്ധത്തിൽ ഹാനിബാളും കരയുദ്ധത്തിൽ രാജാവും നിശ്ശേഷം തോററുപോയി.

അവസാനദുരിതങ്ങൾ.

പരാജിതനായ ആസിറിയൻ രാജാവിനെക്കൊണ്ടു് പല കരാറുകളും റോമൻകാർ സമ്മതിപ്പിച്ച കൂട്ടത്തിൽ അവർ ആവശ്യപ്പെട്ട ഒന്നു് ഹാനിബാളിനെ അവരെ ഏല്പിക്കണമെന്നുള്ളതായിരുന്നു. ആ വാർത്തയറിഞ്ഞ മഹാസേനാനി ബി. സി. 193 ാമാണ്ടു് സിറിയായിൽനിന്നു് ക്രീററ് ദ്വീപിൽ പോയി ഏതാനും വർഷങ്ങൾ താമസിച്ചു. ഹാനിബാളിനെ അന്വേഷിച്ചു കൊണ്ടിരുന്ന റോമൻകാരുടെ കണ്ണിൽപെടാതെ കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാതിരുന്നതിനാലും, പ്രതികാരവഹ്നി ഇനിയും ആ വൃദ്ധന്റെ മനസ്സിൽ അണഞ്ഞുപോയിട്ടില്ലാതിരുന്നതു കൊണ്ടും ഹാനിബാൾ ബഥിനിയായിലെ

രാജാവിനെ അഭയംപ്രാപിച്ചു് ഒരു ചെറുഗ്രാമത്തിൽ താമസ
മാക്കി. പ്രതാപശാലികളും സംവൎദ്ധിതശക്തരും ആയിത്തീ
ൎന്നുകൊണ്ടിരുന്ന റോമൻകാരുടെ നിരന്തരാക്രമണത്തിൽ
നിന്നു രക്ഷപ്പെടാൻ ഹാനിബാളിനെ അവരെ ഏല്പിക്കുക
യെന്ന ഒരു മാൎഗ്ഗം മാത്രമേ അവിടത്തെ രാജാവു കണ്ടുള്ളൂ.
അദ്ദേഹത്തിൻെറ സൈന്യം ഹാനിബാളിൻെറ വാസ
സ്ഥലം വളഞ്ഞപ്പോൾ ആത്മാഭിമാനിയായ ഹാനിബാൾ
വിഷപാനം ചെയ്തു് ഇഹലോകവാസം വെടിഞ്ഞുകളഞ്ഞു.

ഇപ്രകാരം അപ്രശസ്തനും അനന്യശരണനും ആയി
തൻെറ ൬൪-ാം വയസ്സിൽ ആത്മഹത്യ ചെയ്യേണ്ട നിൎഭാഗ്യ
മാണ് ഈ സുപ്രസിദ്ധസേനാനിക്കു നേരിട്ടതെങ്കിലും, ലോക
ചരിത്രത്തിലെ പ്രഖ്യാതയുദ്ധതന്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ
ഒരു പ്രധാനപുരുഷരത്നമായി ഹാനിബാൾ ഇന്നും പ്രശോഭി
ച്ചുകൊണ്ടിരിക്കുന്നുണ്ടു്.

---

൩. ജോവാൻ.

പി. ജി. പൊന്നമ്മ. എം. ഏ.

കേരളീയൎക്കു് അപരിചിതയല്ലാത്ത ഒരു തരുണീമണി
യാണു് ജോവാൻ. പതിനേഴുവയസ്സുമാത്രം പ്രായമുണ്ടായിരു
ന്ന ഈ കന്യക പതിനഞ്ചു മാസത്തെ ശ്രമംകൊണ്ടു് മാതൃഭൂമി
യായ ഫ്രാൻസിനെ രക്ഷിച്ചവസ്തുത ഭുവനപ്രസിദ്ധമായ ഒരു
ചരിത്രമായി ഏവരും അറിയുന്നുണ്ടു്. രാജഭക്തിയും രാജ്യാ
ഭിമാനവും അദ്ധ്യാത്മപ്രഭാവവും ഒത്തിണങ്ങിയിരുന്ന ഈ
യുവതി സുദൃഢനിശ്ചയവും ഈശ്വരവിശ്വാസവും കൊ ണ്ടു
മാത്രം രാജ്യമാതൃസ്വാതന്ത്ര്യം വീണ്ടെടുത്ത കഥ ആൎക്കു
ത്ഭുതകരമായിട്ടാണിരിക്കുന്നതു്. ഇത്തരത്തിലൊരു ...കാ...
മാണിക്യത്തിനെ പ്രസവിക്കുന്നതിനുള്ള മഹാഭാഗ്യം ...
ക്കു് ഇതുവരെ സാധിച്ചിട്ടില്ലെന്നുള്ളതോ പോകട്ടെ ...

നാസമ്പന്നന്മാരായ കവിസാർവ്വഭൗമന്മാരുടെ തൂലികാവിലാസത്തിനുപോലും ജോവാനെപ്പോലൊരു തേജഃപുഞ്ജം സഞ്ജാതമാക്കാൻ സാദ്ധ്യമായിട്ടില്ല എന്നുള്ളതു് ഒരു വെറും പരമാൎത്ഥമത്രെ!

ദിവ്യശാസനം.

വിശുദ്ധയും വിശ്വവിശ്രുതയും ആയ ജോവാൻ അഫ് ആർക് ഫ്രാൻസിലെ ഡോംറെമി ഗ്രാമത്തിൽ 1412-ാമാണ്ടു് ജാതയായി. ജാക്കൂസ് എന്നപേരായ ഒരു ദരിദ്രകൃഷീവലനാണു് ഇവളുടെ പിതാവു്. ഗൃഹജോലികളിലേപ്പെട്ടും, ആടുമാടുകളെ മേയ്ച്ചും, തുന്നൽജോലി പരിചയിച്ചും ജീവിതം നയിച്ചുവന്ന ഈ ബാലികയുടെ 13-ാം വയസ്സുവരെ, ഫ്രാൻസിനെ ഒരു അത്യാപത്തിൽ നിന്നു് രക്ഷിക്കുവാൻ വേണ്ടുന്ന സൽഗുണസഞ്ചയങ്ങളുടെ യാതൊരു ലാഞ്ചനയും അവളിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. എന്നാൽ ഈ പ്രായമായപ്പോൾ മുതൽ സർവ്വേശ്വരൻെറ നിശ്ശബ്ദശാസനങ്ങളെന്നോണം, മാതൃരാജ്യോന്നമനത്തിനുള്ള അന്തഃകരണശാസനങ്ങൾ അനവരതമായി ഉണ്ടായിക്കൊണ്ടിരുന്നു എന്നുള്ളതിന്നു് ലക്ഷ്യങ്ങൾ ധാരാളമുണ്ടു്.

ഫ്രാൻസിൻെറ മേൽ നിഷ്ഠുരമായി അവകാശവാദങ്ങളും യുദ്ധങ്ങളും മുഖേന ആംഗലേയ സിംഹാസനാധിപതി ഈ രാജ്യത്തിൻെറ പകുതിയോളം കൈവശപ്പെടുത്തി ജയഭേരി മുഴക്കുന്ന കാലമായിരുന്നു അതു്. ആർലിയൻസ് നഗരം കൂടിപിടിച്ചടക്കി കഴിഞ്ഞാൽ ഫ്രാൻസിലെ ദുർബ്ബലരാജനായ ചാറൽസ് സപ്തമൻ നില്ക്കക്കള്ളിയില്ലാതെ ഇംഗ്ലീഷ് പതാകയുടെ കീഴിൽ അമരുമെന്നുള്ള ദുർഘടഘട്ടം സമാഗത[illegible]പ്പോഴാണു് ജോവാൻ എന്ന ബാലികയ്ക്കു രാജ്യസംര[illegible]ത്തിനായുള്ള പ്രചോദനങ്ങൾ തുടരെത്തുടരെ ഉണ്ടാ[illegible]ണ്ടിരുന്നതു്.

[illegible]ദുച്ഛഷികമായി ഒരു മദ്ധ്യാഹ്നസമയത്തു് ഒരു പ്രകാ[illegible]ടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു; സൽഗുണ സമ്പന്ന

യായി ജീവിതംനയിക്കാനും മിക്കപ്പോഴും പള്ളിയിൽപോയി ആദ്ധ്യാത്മികചിന്തകളിൽ ലയിക്കാനുമുള്ള ഒരു ഉപദേശവും അതോടുകൂടി എങ്ങനിന്നോ അവൾക്കു ലബ്ധമാകുകയും ചെയ്തു. ഇത്തരത്തിലോരു പ്രകാശമായിരിക്കുമോ നിദ്രാവസരങ്ങളിൽവിവേകാനന്ദസ്വാമികൾക്ക് അനുഭവപ്പെട്ടുകൊണ്ടിരുന്നത്? ഈപ്രകാശത്തിന്റെ സഹസ്രം മടങ്ങുമഹത്തും പവിത്രവും പ്രഭാപരിപൂർണ്ണവുമായ ഒരു പ്രകാശമായിരുന്നോ ഗബ്രിയേൽ എന്ന ദൈവദൂതൻ മുഖേന മഹമ്മദു നബിക്ക് പ്രത്യക്ഷപ്പെട്ടതു്? അപ്രകാരമൊന്നാണോ ശ്രീബുദ്ധദേവന് ആറു സംവത്സരക്കാലത്തെ തപസ്സിനുശേഷം അനുഭവമായിത്തീന്നതു്! ആൎക്കറിയാം 'ഇത്തരം അത്ഭുതസംഭവങ്ങളുടെ കാൎയ്യകാരണ സംബന്ധം!

ദേവാലയങ്ങളിൽ പോയി ചിന്താധീനയായി സമയം പോക്കുന്ന കാൎയ്യത്തിൽ ജോവാനു ഉത്സുകത ദിവസം തോറും വദ്ധിച്ചു കൊണ്ടിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് മാതൃഭൂമിയെ വീണ്ടെടുത്തു് തന്റെ മഹാരാജാവിനെ കിരീടധാരണം ചെയ്യിക്കാനും, അങ്ങനെ രാജ്യമെങ്ങും ക്ഷേമം വളൎത്തുവാനും ആണ് ദൈവം തന്നെ അയച്ചിരിക്കുന്നതെന്ന് ഇവൾ സമ്പൂൎണ്ണമായി വിശ്വസിച്ചു തുടങ്ങി. അതിനു അനുസരണമായുള്ള നിൎദ്ദേശോപദേശങ്ങളും അന്തശ്ശാസനങ്ങളും അവൾക്ക് അടിക്കടി ലഭിച്ചുകൊണ്ടിരുന്നു. ദിവസങ്ങളും മാസങ്ങളും മാത്രമല്ല വഷങ്ങൾ തന്നെ നാലഞ്ചു ഇപ്രകാരം കഴിഞ്ഞു കൂടി. തന്റെ ജീവിതോദ്ദേശ്യമായ മാതൃരാജ്യസംരക്ഷണം നടത്താതെ ജീവധാരണം അസാദ്ധ്യമെന്നുള്ള നിലയിൽ അവൾ എത്തിചേൎന്നു. തനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന ദിവ്യസന്ദേശങ്ങളുടേയും ജീവിതോദ്ദേശ്യത്തിന്റെയും വി[illegible] ങ്ങൾ സിംഹാസനാധിപതിയെ അറിയിച്ചിട്ടു് സൈന[illegible] മേതം അടക്കളത്തിലിറങ്ങാൻ അവൾ ഒരവസാനമായി[illegible] യം ചെയ്കതന്നെ ചെയ്തു.

ഈ വിവരം അവൾ ചിലരോടു പറ[illegible] അവർ അതിനെ അത്യന്തം നിസ്സാരമായി പരി[illegible]

തള്ളിക്കളഞ്ഞു. തന്നിമിത്തം രാജസന്നിധിയിൽ പ്രവേശിക്കാൻ യാതൊരു പഴുതും കിട്ടാതെ ജോവാൻ വിഷമിച്ചു. പലരോടും ദീർഘകാലമായി പലതരത്തിൽ അപേക്ഷിച്ചതിൻെറ ഫലമായി മാത്രമേ ആ ഗ്രാമീണകന്യകയ്ക്കു് രാജസന്നിധിയിൽ പ്രവേശനം ലഭിച്ചുള്ളു.

ഫ്രാൻസിനെ സംരക്ഷിക്കാനായി ദൈവത്താൽ അയക്കപ്പെട്ടു വന്നിരിക്കുന്ന ഒരു പാവന കന്യകയാണു് താൻ എന്നും, തന്നോടൊന്നിച്ചു് സൈന്യങ്ങളെ അയച്ചു കൊടുക്കുന്നതായാൽ ഇംഗ്ലീഷുകാരെ നാട്ടിൽ നിന്നു നിഷ്കാസനം ചെയ്തു മഹാരാജാവിൻെറ കിരീടധാരണ കർമ്മം നടത്തിക്കുന്നതാണെന്നും, അവൾ നിർവിശങ്കം രാജാവിനെ അറിയിച്ചു. രാജ്യതന്ത്രജ്ഞന്മാർ, സേനാനായകന്മാർ, വൃദ്ധകൾ, വിധവകൾ, യുവതീയുവാക്കന്മാർ തുടങ്ങി പലതരം ആളുകൾ അവളെ പലപ്രകാരത്തിൽ പരിശോധിച്ചു നോക്കിയിട്ടും പരിശുദ്ധതയും, മാതൃരാജ്യഭക്തിയും, അദ്ധ്യാത്മ ചൈതന്യവും അല്ലാതെ മറെറാന്നും അവളിൽ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല; അതിനാൽ അവളുടെ ആജ്ഞയിൽ യുദ്ധം ചെയ്യാനായി ഒരു സൈന്യത്തിനെ ചാറൽസ് മനസ്സില്ലാമനസ്സോടെ അയച്ചു കൊടുത്തു.

17-ാം വയസ്സിൽ പടക്കളത്തിൽ

കേവലം ഒരു കൃഷിക്കാരൻെറ മകളായി നാട്ടുംപുറത്തു വളൎന്നുവന്ന ഒരു യുവതി അതാ പുരുഷന്മാർ ധരിക്കുന്ന പടച്ചട്ടയണിഞ്ഞു് തുരംഗാരൂഢയായി പടക്കളത്തിലേക്കു് പാഞ്ഞു പോകുന്നു; ക്രിസ്തുദേവൻെറ രൂപം വരച്ചിട്ടുള്ള ഒരു [illegible]ത്യേക പതാക പൊക്കത്തിൽ പറപ്പിച്ചു കൊണ്ടു് ഉജ്ജ്വല[illegible]നയും നിശ്ചയമനസ്വിനിയും ആയി യാത്രചെയ്യുന്ന ആ [illegible]ന്നിധിയുടെ സാമീപ്യംകൊണ്ടു് ഉത്തേജിതരായി [illegible] ഭടജനസമൂഹവും, സാധാരണ ജനസഞ്ചയവും കൂടി [illegible]ദ്ധതമായ ആർലിയൻസ് നഗരത്തിൽ 1429 ഏ[illegible] [illegible]ഴെനു എത്തിച്ചേൎന്നു.

ചാറൽസ് രാജനു എതിരായ ബർഗൻഡിയൻ പ്രഭു
വിന്റെയും ഇംഗ്ലീഷുകാരുടേയും സംയുക്താക്രമണങ്ങൾ
നിമിത്തം ആഹാരം കിട്ടാതെ വലഞ്ഞും, കൈയിലുള്ളവ
നഷ്ടപ്പെട്ടും കഷ്ടപ്പെട്ടുകൊണ്ടിരുന്ന ആ നഗരവാസികൾ
കന്യകയ്ക്കും അനുഗാമികൾക്കും ഹൃദയമലിഞ്ഞു സ്വാഗത
മരുളി. രക്തം ചിന്തുന്നതിൽ വൈമനസ്യമുള്ള കന്യക, ശത്രു
ക്കൾ ആ സ്ഥലം വിട്ടു പൊയ്ക്കൊള്ളണമെന്നു കാണിച്ച് ഇം
ഗ്ലീഷുകാർക്കു മൂന്നു സന്ദേശം അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ
അക്ഷരാഭ്യാസവിഹീനയായ ഒരു ഗ്രാമീണ കന്യകയുടെ ഇത്ത
രം അപേക്ഷകൾ അവർ അശേഷം വകവച്ചതേയില്ല. അ
തിനാൽ ജോവാനിന്റെ അനുയായികൾ സകലരും ആ യുവ
തിയുടെ ധീരതയിലും രാജ്യാഭിമാനത്തിലും സംവൎദ്ധിതോത്സാ
ഹികളായി യുദ്ധരംഗത്തിറങ്ങി. ആശ്ചര്യം! സമരചതുരന്മാ
രായ സേനാനായകന്മാരുടെ സമൎത്ഥത മുഴുവൻ പ്രയോഗിച്ചു
കഴിഞ്ഞിട്ടും ഇംഗ്ലീഷുകാരെ ഓടിക്കുന്നതിന് കഴിയാതി
രിക്കെ, 17 വയസ്സു മാത്രം പ്രായമുള്ള ഒരു കൎഷകനന്ദിനി ശത്രു
ക്കളെ ഗത്യന്തരമില്ലാതെ പിന്നോട്ടോടിച്ചു കളഞ്ഞു. ഒരാഴ്ച
നടത്തിയ ശ്രമം കൊണ്ടു ആ നഗരം ചാറൽസിന്റെ സമ്പൂ
ൎണ്ണസ്വാതന്ത്ര്യത്തിൽ കൊണ്ടുവരുന്നതിന് ജോവാന് സാധ്യ
മായി. ഈ അത്ഭുതവാൎത്ത ഫ്രഞ്ചുകാരെയും ഇംഗ്ലീഷുകാരെ
യും ഒന്നുപോലെ ലജ്ജാവിഷ്ടരാക്കിത്തീൎത്തു. തുടൎന്നു ജാർഗോ,
മിയാൺ ബ്യോജൻസി, പാറെറ, ചാലൺസ് തുടങ്ങിയ സ്ഥ
ലങ്ങളിൽനിന്ന് അവൾ ഇംഗ്ലീഷുകാരെ ഓടിച്ചിട്ട് പല
പ്രദേശങ്ങളും സ്വാധീനത്തിലാക്കി. ഫ്രാൻസിന്റെ സ്വാ
തന്ത്ര്യം വീണ്ടെടുക്കുന്നതിലേക്ക് ദൈവത്താൽ നിയോഗിച്ച
യക്കപ്പെട്ട ഒരു കന്യകാരത്നമാണ് ജോവാൻ എന്നു അനേക
സഹസ്രം ജനങ്ങൾക്ക് ഇതിനകം ബോദ്ധ്യമായിക്കഴിഞ്ഞു

ഗ്രാമീണ കന്യക കിരീട ധാരണം ചെയ്യിച്ചു.

ഇത്രയുമായിട്ടും ജോവാനിൽ സമ്പൂൎണ്ണമായി
ച്ചില്ല ചാറൽസ് രാജകുമാരൻ. പ്രകൃത്യാ അലസ

ഹൃദയനും,ധൂത്തനും ആയ ആ രാജാവിന്റെ കിരീടധാരണ കമ്മം നടന്നുകാണ്മാൻ അവറം ചെയ്ത ശ്രമങ്ങറം ചില്ലറയല്ല. ഭൂതവേശിതയോ ദുമ്മന്ത്രവാദിനിയോ മാത്രം ആയിട്ടേ രാജസേവകന്മാരിൽ പലരും അവളെ പരിഗണിച്ചുള്ളു. മേലാൽ ശത്രുക്കളിൽ നിന്നും ഉണ്ടാകാവുന്ന സകലവിധാക്രമണങ്ങളേയും താൻ തടുത്തു നിത്തിക്കൊള്ളാമെന്നും, ചാറൽസ് കിരീടധാരണം ചെയ്യണമെന്നുള്ളതു് ദൈവനിയോഗമാണെന്നും അവറം അദ്ദേഹത്തെ ഒരുവിധം ബോധപ്പെടുത്തി എന്നു പറഞ്ഞാൽ മതിയല്ലോ. അങ്ങനെ, ആ വഷം ജൂലൈ 17-ാം തീയ്യതി റീംസ് നഗരത്തിൽ വച്ചു് ചാറൽസ് രാജകുമാരന്റെ കിരീടധാരണ മഹോത്സവം അത്യാഡംബരത്തോടെ ഈ ഗ്രാമീണ കന്യക നടത്തുകയുണ്ടായി.

കാരാഗൃഹത്തിലകപ്പെട്ടു.

അനവരതവും അസാധാരണവും ആയവിധം ജോവാൻ പ്രദശിപ്പിച്ച സ്വരാജ്യാഭിമാനം, രാജഭക്തി, ധൈര്യം, ആത്മവിശ്വാസം എന്നിവ നിമിത്തം അവറം ഫ്രാൻസിൽ അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഒരുവളായി പരിഗണിക്കപ്പെട്ടു. കിരീടധാരണത്തിനുശേഷം അവളുടെ കുടുംബത്തിനു പ്രഭുസ്ഥാനം നല്കിയും, അവളെ കൊട്ടാരത്തിൽതന്നെ താമസിപ്പിച്ചും ചാറൽസ് വേണ്ടവിധം അവളെ ബഹുമാനിച്ചു. എന്നാൽ ഈ അത്യസാധാരണമായ വിജയം സമ്പാദിച്ച അവറം ദുദ്ദേവതോപാസനം നടത്തുന്നവളാണെന്നുള്ള ഒരു ശ്രുതിയും ഇതോടൊന്നിച്ചുതന്നെ രാജ്യമെങ്ങും പൊങ്ങി പരന്നിരുന്നു. യുദ്ധരംഗപ്രവേശനത്തിനു അവറംക്ക് ഇനിയും അവസരം നല്കുന്നപക്ഷം തങ്ങറംക്കു രാജ്യത്തുള്ള സ്ഥാനമാനങ്ങ[illegible] പ്രതാപൈശ്വര്യങ്ങളും അസ്തമിച്ചുപോകുമെന്നു ഭയ[illegible] സേനാധിപന്മാരും മററു ഉദ്യോഗസ്ഥവഗ്ഗവും അവ[illegible]അസൂയാലുവായി വത്തിക്കുകയായിരുന്നു. തന്നെ എത്ര[illegible]ാം യുദ്ധക്കളത്തിലയക്കുന്നതായാൽ ഇംഗ്ലീഷുകാരെ[illegible]ൽ നിന്നു് ഓടിക്കുന്നതാണെന്നും, ശത്രുഭയം അശേ[illegible]ഷം രാജ്യം സുരക്ഷിതമാക്കിത്തീക്കാമെന്നും അവറം

അനവധി തവണ രാജാവിനെ അറിയിച്ചിട്ടും അലസനും ഭീരുവും ആയ അദ്ദേഹം അതിന്നനുസരിച്ച പ്രവൎത്തിക്കാതെ ദീൎഘകാലം മൌനം ദീക്ഷിച്ചുകളഞ്ഞു. ഇപ്രകാരം മാസങ്ങൾ പലതു കഴിഞ്ഞു. ഫ്രാൻസിൻെറ ഉത്തരഭാഗങ്ങളിലെങ്ങും ശത്രുക്കൾ തീവെട്ടിക്കൊള്ളക്കാരെപ്പോലെ വീടുകൾക്ക് തീകൊളുത്തിയും, കുത്തിക്കവൎച്ച നടത്തിയും, ജനങ്ങളെ ക്രൂരത്തോടെ കൊലപ്പെടുത്തിയും ബഹുവിധാക്രമങ്ങൾ ദിനംപ്രതി നടത്തിവന്നു. ഇവ തനിക്കു രാജ്യനഷ്ടം വരുത്തുമെന്നുള്ള പതനത്തിലായപ്പോൾ ജോവാനെ സൈന്യസമേതം അയക്കാൻ രാജാവ് സന്നദ്ധനായി.

ഈ കന്യകയുടെ 13-ാംവയസ്സുമുതൽ എങ്ങുനിന്നോ അവൾക്ക് ലഭിച്ചുകൊണ്ടിരുന്ന ദിവ്യസന്ദേശങ്ങൾ അഥവാ ആത്മശാസനങ്ങൾ രണ്ടും—ഫ്രാൻസിൻെറ സ്വാതന്ത്ര്യംവീണ്ടെടുക്കലും ചാറൽസിൻെറ കിരീടധാരണവും—സാധിച്ചുകഴിഞ്ഞിരിക്കുന്നു. തനിക്കു അന്ത്യം അടുത്തു എന്നു അവൾക്കു ബോദ്ധ്യംവന്നു എന്നു മാത്രമല്ല ശത്രുക്കളുടെ കൈയിലകപ്പെട്ട് ദയനീയമായവിധം മരണംപ്രാപിക്കാനാണ് സംഗതിയാകുന്നതെന്നും അവൾക്ക് ശാസനംലഭിക്കുകയുണ്ടായി. എന്നാൽ പടക്കളത്തിൽ കിടന്നു മരിക്കാനും, മരിക്കുന്നതുവരെ സ്വരാജ്യത്തിനുവേണ്ടി പടവെട്ടാനും നിശ്ചയംചെയ്ത കന്യകയാകട്ടെ രാജകല്പന ലഭിക്കാത്ത താമസം അശ്വാരൂഢയായി പുറപ്പെടാൻ. അടുത്ത യുദ്ധത്തിൽതന്നെ പരാജയം പററിപ്പോകുമെന്നും, എന്നാൽ അതു തടുക്കാവുന്നതല്ലെന്നും വിശ്വസിച്ചുകൊണ്ടു ആ കൎമ്മയോഗിനി മാൎണിഗ്രാമത്തിൽ പ്രവേശിച്ചു.

ശത്രുക്കളുടെ സംഖ്യാധിക്യം, രണ്ടുവശത്തുകൂടിയുള്ള അ[illegible] പ്രതീക്ഷിതാക്രമണങ്ങൾ ഇവനിമിത്തം ഫ്രഞ്ചുസൈന്[illegible] ത്തിന് തോല്ക്കേണ്ടതായി വന്നുകൂടി. അവർ പുറകോ[illegible] യുദ്ധക്കളത്തിൽ പിന്തിരിയുക ശീലമില്ലാതിരുന്ന കന്യക "[illegible] അംഗരക്ഷകന്മാരെയും നിരവധി ശത്രുഭടന്മാർ [illegible]കാ[illegible] ന്ധിച്ചു. കൈയ്കാലുകൾ ശൃംഖലാബദ്ധമാക്കി [illegible] കന്യകയെ ഒരു കാരാഗൃഹത്തിലടയ്ക്കുകയും ചെ[illegible]

ഇംഗ്ലീഷുകാർ കന്യകയെ വിററു.

ലോകനിവാസികളുടെ പാപമോചനത്തിനും, പരമാനന്ദജീവിതത്തിനും ആയി അവതാരമെടുത്ത ക്രിസ്തുദേവനെ അജ്ഞരായ ഒരുകൂട്ടം ശത്രുക്കൾ കുരിശിൽതറച്ച ആ നിഷ്ഠുര സംഭവത്തിനുശേഷം, ജോവാൻ എന്ന ഈ പാവനാത്മികയോട് അസൂയാലുക്കളായ അവളുടെ അരാതികൾ കാണിച്ച കഠോരതയെപ്പോലൊരു സംഭവം ലോകചരിത്രത്തിൽ എങ്ങും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ശ്രീയേശുനാഥൻ ഒരു പുരുഷനും 33 വയസ്സായ ഒരാളും ആണെന്നോർത്തെങ്കിലും അല്പം സമാധാനപ്പെടാം. എന്നാൽ ഈ പിഞ്ചുകന്യകയോ 18 വയസ്സുമാത്രം പ്രായമുള്ള ഒരു ദുർബ്ബലഗാത്രി മാത്രമാണ്. അവളോട്, യമദൂതന്മാരെന്നു പറയപ്പെടാവുന്ന ഒരുകൂട്ടം ആളുകൾ മതത്തിൻേറയും നീതിയുടേയും നാമങ്ങൾ ഉച്ചരിച്ചുകൊണ്ടു കാണിച്ച കടുംകൈയ്കൾ കണ്ണുനീർ ഒലിപ്പിക്കുന്നതും, കേവലം അവർണ്ണ്യങ്ങളും ആകുന്നു. ഇത്തരം കടുംകൈയ്കളുടെ പ്രവൃത്തനം മഹാത്മാക്കളുടെ മഹത്വത്തിന് മാററുവർദ്ധിപ്പിക്കുകയേയുള്ളൂ എന്ന തത്വം ക്രിസ്തുവിൻെറ കാര്യത്തിലെന്നപോലെ ജോവാൻെറ സംഗതിയിലും അക്ഷരംപ്രതി പരമാർത്ഥമായിത്തീർന്നിട്ടുണ്ട്.

ശത്രുക്കളുടെ നായകനായ ലക്സംബർഗ്ഗ്പ്രഭു ഈ കന്യകയെ നാലുമാസത്തിലധികംകാലം അന്ധകാരനിബിഡമായ ഒരു കാരാഗൃഹത്തിൽ അടച്ചു കഷ്ടപ്പെടുത്തി. ബന്ധനസ്ഥയാണെങ്കിലും ലക്ഷക്കണക്കിനു ജനങ്ങൾ അവളോടു സ്നേഹബഹുമാനങ്ങൾ ഉള്ളവരായി ഫ്രാൻസിലെങ്ങും ഉണ്ടെ[illegible]് അറിവുള്ളതിനാൽമാത്രം അയാൾ ആ സാധ്വിയുവ[illegible] കാലപുരിക്കയച്ചില്ലെന്നേയുള്ളൂ. ചാറൽസിൻെറ [illegible]ത്തിലുള്ള പ്രദേശങ്ങളിൽ ഇംഗ്ലീഷുകാർ ആബാല[illegible] കാലനടത്തിവരുന്ന കണ്ണാരുണ്ണുദവാത്ത ശ്രവിച്ച് [illegible]സഹ്യചിത്തയായിത്തീർന്നു. "എൻെറ പ്രിയപ്പെട്ട [illegible]സികളെ ശത്രുക്കൾ കൊല്ലുന്നു എന്നറിയുന്നതി

നെക്കാറം മരിക്കുന്നതാണു് നല്ലതു്'' എന്നു് നിശ്ചയിച്ചുകൊണ്ടു് ശോഷിതഗാത്രിയായിത്തീൎന്ന ആ അബല 60 അടി പൊക്കമുള്ള ഗോപുരത്തിൽനിന്നു് ഒരുദിവസം താഴത്തേക്കു ചാടിയത്രെ! എന്നിട്ടും അവറക്കു മുറിവുകളേററു കഷ്ടപ്പെടാനല്ലാതെ മരിക്കാൻ സംഗതിവന്നില്ല. ഇവളെ സൂക്ഷിക്കുന്നതു് പലവിധഉപദ്രവങ്ങറക്കു് നിദാനമായിത്തീരുന്നു എന്നുകണ്ടിട്ടു് രാക്ഷസതുല്യനും ധനാൎത്തനും ആയ ലക്സംബൎഗ്ഗു് ആ കന്യകയെ 23000 പവൻ സ്വീകരിച്ചുകൊണ്ടു, ഇംഗ്ലീഷുകാൎക്കു വിററുകളഞ്ഞു.

ഒരു അബലയോടുകാണിച്ച നിഷ്ഠുരതകറ.

———

അനന്തരമുള്ള അവളുടെ ചരിത്രമാണു് അത്യന്തം ദയനീയമായിരിക്കുന്നതു്. തങ്ങളെ നിഷ്പ്രയാസം തോല്പിച്ചു് ലജ്ജിപ്പിച്ചോടിച്ച ആ കന്യകയോടു് പകരംവീട്ടാൻ ഓരോ ഇംഗ്ലീഷുകാരനും പരമോത്സുകനായിത്തീൎന്നു. ''വിദ്രുതം തവ രക്തധാര കുടിച്ചിടാതെയടങ്ങുമോ?'' എന്നിത്തരം പ്രതീകാരപരമായ് ഒരു ചിന്ത അവളുടെ ശത്രുക്കളിൽ പലരുടേയും ഹൃദയങ്ങളിൽ തിങ്ങിവിങ്ങിപ്പൊങ്ങിവന്നു.

കൗഷൻ എന്നു പേരുള്ള ഒരു ബിഷപ്പാണു് അവളുടെ നാശംതന്നെ കാണ്മാൻ കൊതിച്ചുകൊണ്ടിരുന്ന ഒരു ഭയങ്കര ശത്രു. ഒരു വിചാരണനടത്തി ജോവാൻ ഒരു ക്ഷുദ്രക്കാരിയും, ക്രിസ്തുമതാവിശ്വാസിനിയും, പൊതുജനദ്രോഹിണിയും മററും ആണെന്നു് സ്ഥാപിച്ചതിനുശേഷം നിഗ്രഹിക്കണമെന്നായിരുന്നു അയാളുടെ നിശ്ചയം. അയാറക്കു അനുകൂലമായി നിൽക്കുമെന്നു വിശ്വാസമുള്ള 120 പേരെ പഞ്ചായത്തു് ജഡ്ജിമാരായും മററനേകം മതപണ്ഡിതന്മാരെ വിധികൎ... ളായും തിരഞ്ഞെടുത്തതിനുശേഷം ലോകചരിത്രത്തിൽ ... തപൂൎവ്വമായ ആകുപ്രസിദ്ധവിചാരണ ആരംഭിച്ചു. ...

ഈ സാധുകൃഷീവല കന്യകയെ ബന്ധനത്തിൽ... ച്ചിരുന്നതു പോലും ജുഗുപ്സാവഹവും ഹൃദയഭേദക...

വിധത്തിലായിരുന്നു. പകൽ സമയം അവളുടെ കാലുകൾ ഇരിമ്പു ചങ്ങല കൊണ്ടു ബന്ധിച്ച് ഭ്രാന്തന്മാരെ കെട്ടിയിടുന്നതുപോലെ ഭാരമുള്ള ഒരു മരക്കഷണത്തോടു ചേൎത്തു ബന്ധിച്ചിരുന്നു; രാത്രികാലത്ത് അവളുടെ ശരീരം രണ്ടു ചങ്ങല കൊണ്ട് കിടക്കയോടു ചേൎത്തു ബന്ധിക്കുകയും ചെയ്യും. ധിക്കാരികളും നിൎദ്ദയന്മാരും ആയ ഏതാനും പടയാളികളായിരുന്നു അവളെ സൂക്ഷിച്ചുകൊണ്ട് അവളുടെ മുറിക്കകത്തും പുറത്തും കാവലായി രാപകൽ നിന്നിരുന്നത്. ഇവർ എപ്പോഴും ഇവളെ പരിഹസിക്കുകയും ഇവളോടു ആഭാസങ്ങൾ പറയുകയും ചെയ്യുന്നതിന് ഒട്ടും തന്നെ മടികാണിച്ചിരുന്നവരല്ല. ഇങ്ങനെ അല്പസമയം പോലും സ്വൈരം അനുവദിക്കാതെയും, അല്പമായുള്ള മനുഷ്യത്വം പോലും പ്രദൎശിപ്പിക്കാതെയും, 18 വയസ്സു പ്രായമുള്ള ഈ കന്യകയെ അനവധിമാസങ്ങൾ കഷ്ടപ്പെടുത്തിയ വസ്തുത ഓൎക്കുമ്പോൾ ക്രൂരമൃഗങ്ങൾ മനുഷ്യരെക്കാൾ എത്രയോ വിവേകവും കാരുണ്യവും ഉള്ളവയാണെന്നു തോന്നിപ്പോകുന്നുണ്ട്. ഈ അവസരങ്ങളിലെങ്ങും അവളെ രക്ഷപ്പെടുത്താൻ അവൾ നിമിത്തം കിരീടധാരണം ചെയ്ത ചാറൽസ് ആകട്ടെ, അവൾ നിമിത്തം സ്വാതന്ത്ര്യം വീണ്ടെടുത്ത രാജ്യവാസികളാകട്ടെ ഒരുങ്ങിയില്ല എന്നതു് സങ്കടത്തോടുകൂടി പ്രസ്താവിക്കേണ്ട ഒരു പരമാൎത്ഥമാണ്. നന്ദിയുടെ ലേശം പോലും പ്രദൎശിപ്പിക്കുവാൻ ഒട്ടേറെ വൈമനസ്യം ഉള്ളവരാണ് സാധാരണജനങ്ങൾ എന്നു മാത്രം ഓൎത്തു സമാധാനപ്പെടാനെ മാൎഗ്ഗമുള്ളൂ.

ശത്രുക്കളാൽമാത്രം നിറയപ്പെട്ടിരിക്കുന്ന ആ കോടതിയിൽവച്ച് ജോവാനിനെ ആറുദിവസം പരസ്യമായി വിസ്തരിച്ചു. അവളുടെ മേൽ കുററം സ്ഥാപിക്കുന്നതിനുവേണ്ടി ന്യായാധിപവേഷധാരികൾ അവളുടെ ബാല്യകാലം മുതൽക്കുള്ള [illegible]ിതം പരാമൎശിച്ചുകൊണ്ട് നിരവധി ചോദ്യങ്ങൾ ചോ[illegible]ട്ടും, ആ പാവനചരിതയുടെ നിഷ്കളങ്കത, രാജഭക്തി [illegible]സ്നേഹം, ഈശ്വരവിശ്വാസം ആദിയായവ അധികമ[illegible]പ്രത്യക്ഷമായിക്കൊണ്ടിരുന്നതല്ലാതെ മറെറാരു പ്ര[illegible]വും ഉണ്ടായില്ല എന്നു അവർ കണ്ടു. എന്നാൽ

കന്യകയുടെ ശത്രുക്കളായിരുന്ന പലരും അവളുടെ സംശുദ്ധിയിൽ മതിമയങ്ങി ഇപ്പോൾ അവൾക്കുവേണ്ടി വാദിക്കാനും ആരംഭിച്ചിരിക്കുന്നു. അത്തരത്തിലുള്ളവരെ കൗഷൻ കഠിനമായി ശിക്ഷിച്ചതിനുശേഷം രഹസ്യമായി അവളെ വിസ്തരിച്ചു. അനവധി മാസങ്ങൾ അവർ ഇപ്രകാരം ശ്രമം ചെയ്തു, എന്നാൽ അവൾക്കെതിരായി കുററം തെളിയിക്കാൻ ആ ശത്രുസംഘത്തിനു സാദ്ധ്യമായില്ല എന്ന വസ്തുത ഒന്നുമാത്രം അവളുടെ ജീവിതപാവനതയുടെ മഹത്വം എത്രത്തോളമുണ്ടെന്നു വെളിവാക്കുന്നുണ്ടല്ലോ.

ഒരു മാൻകിടാവിനെ കൊല്ലണമെന്നു തീച്ച്പ്പെടുത്തിക്കഴിഞ്ഞാൽ അതിലേക്കു കുറെ കാരണങ്ങൾ പറയാൻ ഒരു ചെന്നായ്ക്കു് യാതൊരു പ്രയാസവുമില്ല എന്നു കാണിക്കുന്ന ഹിതോപദേശകഥ ഈ അവസരത്തിൽ സ്മരണീയമാണു്. ജോവാൻ ക്രിസ്തുമതം ധിക്കരിച്ചവളും, വഞ്ചകിയും, ദുർമ്മന്ത്രവാദിനിയും മററുമാകയാൽ അവളെ തീയിൽ ചുട്ടെരിച്ചുകൊല്ലേണ്ടതാകുന്നു എന്നു വിധികർത്താക്കൾ പ്രഖ്യാപനംചെയ്തു. കഷ്ടം! ഇപ്രകാരമുള്ള പെരുങ്കള്ളങ്ങളും ദൈവദ്രോഹകരങ്ങളായ വാക്കുകളും എഴുതിപ്പിടിപ്പിക്കുവാൻ ആ നിഷ്ഠുരാത്മാക്കൾക്കു് എങ്ങനെ മനസ്സുവന്നോ !!

തീയിലെരിച്ചുകൊന്നു.

വിഷം നിറച്ചു വച്ചിരിക്കുന്ന പാത്രം വിറയൽക്കൂടാതെ എടുത്തു അനവധി ജനങ്ങളുടെ മുമ്പാകെ യാതൊരു ചാഞ്ചല്യവുംകൂടാതെ സാക്രട്ടീസ് പാനംചെയ്തു എന്നതു വാസ്തവം തന്നെ. ഫലിതങ്ങൾ പറഞ്ഞു രസിച്ചുകൊണ്ടു് ആരാച്ചാരുടെ മുമ്പിൽ തലചായ്ച്ചു് കണ്ണും തുറന്നു കിടന്നുകൊണ്ടു സർ താമസ് മൂർ മരണം വരിച്ചതും പരമാത്ഥമാണു്. "അവിടത്തെ ആജ്ഞ നടക്കട്ടെ" എന്നു അരുളിച്ചെയ്തുകൊണ്ടു ശ്രീ യേശുനാഥൻ കുരിശിൽ ബന്ധിതനായി സ്വർഗ്ഗാരോഹണംചെയ്തതും പ്രസിദ്ധമത്രെ.

തീയിലെരിഞ്ഞു ചാകണമെന്നുള്ള വിധിപ്രസ്താവം അനു സരിച്ച യാതൊരു വേദനയും തോന്നാതെ ഒരു അബല മരി ക്കുന്നതെങ്ങനെ! തനിക്കു നേരിടുന്ന ദുര്യോഗം ഓൎത്തു ആ സാധു സ്ത്രീ കിടുങ്ങി വിറച്ചു നിലവിളിച്ചുപോയി. നിരപരാ ധിനിയായ തന്നെ ക്രിസ്തുമതാധികാരിയായ പോപ്പിൻെറ മുമ്പാകെ അയച്ചു വിസ്തരിക്കണേയെന്ന് അവൾ കേണുകേണ പേക്ഷിച്ചു. വധിക്കുന്നെങ്കിൽ തന്നെയും, ആ വിധത്തിൽ അതിക്രൂരമായവിധം തന്നെ വധിക്കരുതേയെന്ന് ജോവാൻ പലതവണ പ്രാൎത്ഥിച്ചു. അവളും മനുഷ്യവൎഗ്ഗത്തിൽ പെട്ട വളാണല്ലോ! എന്നാൽ ഇവയൊന്നും ആ കശ്മലഹൃദയന്മാർ ചെവിക്കൊണ്ടതേയില്ല. അവർ അവളെ ചുട്ടുകളയാൻ തന്നെ തീൎച്ചപ്പെടുത്തി.

സ്വരാജ്യ സംരക്ഷണം ചെയ്ത ഒരു നിഷ്കളങ്കമാനിനീമ ണിയുടെ നിഷ്ഠൂരവധം കൊണ്ട് ശപ്തമായിത്തീൎന്നിരിക്കുന്ന ദുർദ്ദിനമാണ് 1431 മേമാസത്തിലെ 30-ാംനു. അനവധിസ ഹസ്രം ജനങ്ങൾ നോക്കി നില്ക്കവേ, രാക്ഷസഹൃദയരായ വധ കൎത്താക്കൾ ജോവാനിനെ ഒരു കഴുകുമരത്തിൽ ചേൎത്തുനിൎത്തി ഇരിമ്പുചങ്ങലകൊണ്ടു ബന്ധിച്ചു. അവൾക്കു ചുററുപാടും ഘോരാഗ്നി കത്തിജ്വലിച്ചു. ശത്രുക്കളുടെ ഹൃദയത്തിനു നൈ ൎമ്മല്യം നല്കണെ എന്നു പ്രാൎത്ഥിച്ചുകൊണ്ട് ആ അബലാമാ ണിക്യം ക്രിസ്തുദേവനിൽ മനമൎപ്പിച്ചു. "എനിക്കുലഭിച്ച ദിവ്യസന്ദേശം ദൈവത്തിൻേറതായിരുന്നു. എൻെറ ദിവ്യ സന്ദേശം എന്നെ ചതിച്ചില്ല" "ഈശോയേ! ഈ ശോയേ!" എന്നിവയായിരുന്നു ജോവാനിൻെറ വദനാരവി ന്ദത്തിൽ നിന്ന് അവസാനമായി ഉൽഗളിതമായ ദിവ്യാമൃതം.

ഒരു അത്യാപൽഘട്ടത്തിൽ ഫ്രാൻസിനെ രക്ഷിച്ച ജോവാൻ ഇപ്രകാരം ദിവംഗതയായി. അവളുടെ അന്ത്യ ...ത്താടുകൂടി ഫ്രാൻസ് മുഴുവനും സ്വാധീനപ്പെടുത്താൻ സാധി ...മെന്നു ഇംഗ്ലീഷുകാരും ബർഗണ്ഡിയൻ പ്രഭു തുടങ്ങിയവരും ...ിരുന്നതു അബദ്ധമാണെന്ന് അവൎക്ക് ബോദ്ധ്യമാകാൻ ... അധികം വേണ്ടി വന്നില്ല. അടുത്ത ഏതാനും വൎഷ

ങ്ങൾക്കകം തന്നെ ഫ്രാൻസ് മുഴുവനും ചാറൽസിന്റെ അധീനതയിൽ വന്നുചേൎന്നു. അങ്ങനെ ജോവാനിന്റെ ജീവിതോദ്ദേശ്യം സമ്പൂൎണ്ണമായി ഫലിച്ചു.

ആ മഹിളാമണിയുടെ സ്മരണയെ നില നിൎത്തുന്ന സ്ഥാപനങ്ങൾ ഫ്രാൻസിൽ മാത്രമല്ലാ യൂറോപ്പിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ഗ്രേററ്ബ്രിട്ടനിലും അനവധിയുണ്ട്. ആ യുവതിയുടെ വിശിഷ്ട ജീവിതം അത്യുജ്വല കാന്തിയോടുകൂടി അനേകം കോടി ജനങ്ങളുടെ ഹൃദയം സംശുദ്ധീകരിച്ചുകൊണ്ടു ദിനം പ്രതി തിളങ്ങി വിളങ്ങിക്കൊണ്ടിരിക്കുന്നു.

---

൪. സ്വാമി രാമതീൎത്ഥൻ

വെങ്കുളം ജി. പരമേശ്വരൻപിള്ള

“നിങ്ങളുടെ ദിവ്യത്വം അഥവാ നിങ്ങളുടെ സ്വേശ്വരത്വം നിങ്ങൾ അനുഭവിച്ചറിയുക! ഏതിന്റെയും അന്തസ്സാരം ഗ്രഹിക്കുന്നതിന് നിങ്ങൾ അഭിമുഖമായിത്തന്നെ അതിനെ ദശിക്കേണ്ടതാകുന്നു; ഹൃദയസങ്കോചം ഒരിക്കലും പ്രദശിപ്പിക്കരുത്. അന്യരുടെ കണ്ണുകളിൽക്കൂടി അല്ല നിങ്ങളുടെ ആത്മാവിൽക്കൂടിയാണ് നിങ്ങൾ നിങ്ങളെ കാണേണ്ടത്. ഈ ലോകത്തിലെ പരമാത്മാവാണു നിങ്ങൾ എന്നുള്ളവസ്തുത നിങ്ങളുടെ ആത്മാവു നിങ്ങളോട് ഓരോരുത്തരോടും ഉദ്ഘോഷണം ചെയ്യുന്നതാണ്.”

ഈ ഇരുപതാം ശതാബ്ദത്തിന്റെ പ്രഥമദശകത്തിൽ ലോകമെങ്ങും കീൎത്തിപരത്തി സർവ്വരുടേയും ശ്രദ്ധ സമാകൎഷിച്ച ഒരു അപൂർവ്വതേജഃപുഞ്ജമാണ് സ്വാമി രാമതീൎത്ഥൻ. ദാരിദ്ര്യദാവാനലനിൽ നാം എരിപൊരികൊള്ളുന്നതായാലും, പ്രതിബന്ധസഹസ്രങ്ങൾ നിമിത്തം നമുക്കു വി[illegible]മങ്ങൾ നിരവധി നേരിടുന്നതായാലും, ഫലോദയപ[illegible] പ്രവൃത്തിയിൽനിന്നു പിന്മാറാതെ പ്രയത്നിക്കേണ്ടതാ[illegible] വിവിധതരത്തിൽ നമ്മെ പഠിപ്പിച്ചിരിക്കുന്ന ഒരു[illegible] ധാരണപുരുഷരത്നമത്രെ ഈ സന്യാസിപ്രവരൻ. [illegible]

ദാരിദ്ര്യത്തിനിടയിൽ വിദ്യാഭ്യാസം.

സ്വാമി രാമതീൎത്ഥൻ പഞ്ചാബിലെ മുരളിപാല ഗ്രാമത്തിലുള്ള ഒരു ദരിദ്ര ബ്രാഹ്മണകുടുംബത്തിൽ 1873-ാമാണ്ടു ജാതനായി. ശൈശവത്തിൽ തന്നെ മാതാവു മരിച്ചുപോകയാൽ പിതൃസംരക്ഷണത്തിൽ വളൎന്നുവന്ന ബാലന്നു് ആ ഇളം പ്രായത്തിലും ദാരിദ്ര്യദുഃഖം അനുഭവിക്കേണ്ടതായി വന്നുചേൎന്നിട്ടുണ്ടു്. പരിതഃസ്ഥിതികൾ എത്രതന്നെ വിപരീതമായിരുന്നുകൊള്ളട്ടെ, അചഞ്ചലമായ നിശ്ചയശക്തിയും നിരന്തരപരിശ്രമവും ഉണ്ടായിരുന്നാൽ വിദ്യാഭ്യാസവയോഘട്ടത്തിൽ കലാശാലാഭ്യസനംപോലും നടത്തുവാൻ ഒരുവന്നു സാദ്ധ്യമാണെന്നു് ലോകൎക്കു ബോദ്ധ്യം വരുത്തുവാൻ മാത്രമേ രാമതീൎത്ഥനെ സംബന്ധിച്ചേടത്തോളം ഈ ദാരിദ്ര്യരാക്ഷസിക്കു കഴിഞ്ഞുള്ളു. ദൎബ്ബലമാനസന്മാരെ അധഃപതിപ്പിക്കുന്ന വസ്തുക്കളും പരിതസ്ഥിതികളും, മനശ്ശക്തിസമ്പന്നന്മാൎക്കു് ഔന്നത്യപ്രാപ്തിക്കുള്ള സോപാനപംക്തികളായിട്ടാണു പരിണമിക്കാറുള്ളതു്.

യഥാകാലം വിദ്യാഭ്യാസത്തിന്നയക്കപ്പെട്ട ബാലൻ ഗ്രഹണധാരണാദികളിൽ അസാധാരണസാമൎത്ഥ്യവും കണക്കുവിഷയത്തിൽ അദ്ഭുതകരമായ വാസനയും പ്രദൎശിപ്പിച്ചുകൊണ്ടിരുന്നു. വിദ്യാലയത്തിൽ സകലരുടേയും സ്നേഹബഹുമാനങ്ങൾ സമാൎജിച്ചുകൊണ്ടുതന്നെ രാമതീൎത്ഥൻ 15-ാംവയസ്സിൽ മെറ്റ്രിക്കുലേഷൻ ജയിക്കുകയുണ്ടായി.

ബാല്യകാലവിവാഹശൃങ്ഖലയാൽ ബദ്ധനായിത്തീൎന്ന രാമതീൎത്ഥന്റെ ഉന്നതവിദ്യാഭ്യാസപുരോഗതിക്കു പ്രധാന [illegible]തിബന്ധകനായി നിന്നതു് അദ്ദേഹത്തിന്റെ പിതാവാ[illegible]രുന്നു. ജ്യേഷ്ഠസഹോദരനായ ഗോസ്വാമിഗുരുദാസിന്റെ [illegible]ജവാത്സല്യവും, സഹപാഠിസുഹൃത്തുക്കളുടെ പലതര[illegible]ള്ള പ്രോത്സാഹനങ്ങളും രാമതീൎത്ഥനെ ലാഹോറിലുള്ള [illegible] കാളേജിലെ ഒരു വിദ്യാൎത്ഥിസ്ഥാനത്തു് ആരോഹണം

രുഒ റൊട്ടിയും പച്ചവെള്ളവുംമാത്രം.

ദാരിദ്ര്യത്തിന്റെയും നിശ്ചയശക്തിയുടേയും പാരസ്പര്യമായ പോരാട്ടം, പ്രതിബന്ധങ്ങളുടേയും ഉല്ക്കർഷേച്ഛയുടേയും ഭയങ്കരദ്വന്ദ്വയുദ്ധം വിഷമവൈതരണീതരണത്തിനിടയിൽ ഒരു അശരണപഥികൻ ഉദ്ദിഷ്ടസിദ്ധിക്ക് ഉഗ്രശപഥങ്ങളോടുകൂടി നടത്തുന്ന കഠിനപരിശ്രമങ്ങൾ ആദിയായി ആക്ക്ം അനുകരിക്കാൻ യോഗ്യമായ വിശിഷ്ടഗുണങ്ങളുടെ പ്രകടനം കൊണ്ടു് രാമതീത്ഥന്റെ ഉജ്വലജീവിതം ഭാസുരതരമായി തീന്നതു് അടുത്ത നാലുവഷത്തിനിടയ്ക്കാകുന്നു. ഘോരദാരിദ്ര്യത്തിൽക്കൂടി ക്രൂസലെന്ന്യേ ഈ കലാശാലാവിദ്യാത്ഥി മുന്നോട്ടുപാഞ്ഞു് എം. എ. സമുദ്രം ചാടിക്കടന്നതെങ്ങനെയെന്നു നമുക്കൊന്നു നോക്കാം.

ഒരു ശ്രുപാവാടകക്കെട്ടിടത്തിൽ താമസിച്ചും, അത്യന്തം ലഘുവായ ആഹാരം മാത്രം കഴിച്ചും, സഹപാഠികളോടു അധികമായി ഇടപെടാതെയും, രാമതീത്ഥൻ ആ സരസ്വതീസങ്കേതത്തിൽ വിദ്യാത്ഥിജീവിതം ആരംഭിച്ചു. ഫീസിനു വേണ്ടുന്ന പണം സ്കാളർഷിപ്പിൽ നിന്നു കിട്ടി. അരിഷ്ടജീവിതം നയിക്കുന്നതിനു പോലും മതിയാകാത്ത കൊച്ചു കൊച്ചു പണത്തുകകൾ ചിലപ്പോഴൊക്കെ വീട്ടിൽ നിന്നു് ലഭിച്ചു കൊണ്ടിരുന്നു. ട്യൂഷനിൽ നിന്നു ബാക്കി വേണ്ടുന്നതും രാമതീത്ഥൻ സമ്പാദിച്ചു. ഈ അരിഷ്ടതയുടെ ഇടയ്ക്കു രാമതീത്ഥൻ സ്വകളത്രത്തിനു വല്ലതും അയച്ചുകൊടുക്കാറുണ്ടായിരുന്നതാനും.

"വലിയ പരിശ്രമം കൂടാതെ ഏതെങ്കിലും ഒരു വിദ്യാത്ഥി പരീക്ഷയിൽ പ്രശസ്തനായി പാസ്സാകുന്നുണ്ടെങ്കിൽ, അയാൾ കേവലം ഒരു വിജയി ആയിത്തീരുന്നു എന്നല്ലാ[illegible] പഠനം കൊണ്ടു ലബ്ധമാകേണ്ട ആഹ്ലാദം അയാൾക്കു [illegible]ന്നതല്ല തന്നെ. വിദ്യാത്ഥിജീവിതത്തിലെ യഥാത്ഥ[illegible] ഒരുവനു് അനുഭവമാകുന്നതു് കഠിനപരിശ്രമം മുഖേന[illegible] മാകുന്നു" എന്നീ ഈ അഭിപ്രായങ്ങളോടുകൂടിയ രാമ[illegible]

ഒരിക്കലും മുഷിയാതെ തന്നെ രാത്രിയുടെ ഏറിയഭാഗവും പുസ്തകവായനയ്ക്കായി വ്യയം ചെയ്തുകൊണ്ടിരുന്നു എന്നു പ്രത്യേകിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ.

ഇൻററർമീഡിയററിന്നു ഒന്നാംക്ലാസിൽ പാസായതോടു കൂടി രാമതീർത്ഥൻെറ കീർത്തി സമ്പത്തു് അത്യധികം വർദ്ധിച്ചു. തുടൎന്നു ബി. ഏയ്ക്കുകൂടി പഠിക്കുവാൻ ഈ വിജിഗീഷുവിനുള്ള അഭിവാഞ്ഛയും അമിതമായിത്തീൎന്നു.

ഏതെങ്കിലും ജോലിയിലേൎപ്പെട്ടു് പിതൃഭാരം ലഘൂകരിക്കേണ്ട ഈ ഗൃഹസ്ഥാശ്രമി ഇനിയും പഠിത്തം തുടരാൻ പോകുന്നതോൎത്തു പിതാവു് നിരാശനും കുപിതനും ആയിത്തീൎന്നു. അതിനാൽ കുടുംബസംരക്ഷണ കൎത്തൃത്വം പുത്രൻെറ ദുൎബ്ബല ഹസ്തങ്ങളിലേക്കു് എറിഞ്ഞു കൊടുത്തിട്ടു് ആദ്ദേഹം ചരിതാൎത്ഥനായി ഇതു കൊണ്ടുണ്ടോ ജ്ഞാനദാഹ പരവശനായ സ്വാമിരാമതീൎത്ഥൻ സ്വ നിശ്ചയം ഭേദപ്പെടുത്തുന്നു! ബി. ഏ ക്ലാസിൽ ചേൎന്നു അദ്ദേഹം മുറയ്ക്കു് പഠിത്തം തുടരാൻ തുടങ്ങി. അടുത്ത രണ്ടുവൎഷം അദ്ദേഹം പലതരത്തിലുള്ള വൈഷമ്യങ്ങൾ അനുഭവിച്ചിട്ടുണ്ടു്. ബി. ഏയ്ക്കു പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാൎത്ഥിയുടെ ട്യൂട്ടരായി ജോലിനോക്കിയിരുന്നതു നിമിത്തം, പണം കുറേശ്ശവന്നു കൊണ്ടിരുന്നു. ഒരിക്കൽ പ്രിൻസിപ്പാൾ സംഭാവനചെയ്ത 54 രൂപായുടേയും, ഒരു പ്രഫസർ ദാനം ചെയ്ത 30 രൂപായുടേയും പകുതിവീതമുള്ളതുക ഈ ദരിദ്രവിദ്യാൎത്ഥി കാളേജിലേക്കു സംഭാവന ചെയ്തു എങ്കിലും, അധികൃതന്മാർഅവ സ്വീകരിക്കാതെ ഇദ്ദേഹത്തിനുതന്നെ തിരിയെ കൊടുക്കുകയാണു ചെയ്തതു്. ഹോസ്റ്റലിൽ പോയി താമസിക്കുന്നതിനു സഹപാഠികളും മററും വളരെ നിൎബ്ബന്ധിച്ചിട്ടും, ഇദ്ദേഹം അവൎക്കു വഴങ്ങിയില്ല. [illegible]കാന്ത ജീവിതത്തിലുള്ള സന്തോഷവും, സ്വയംപാകഭക്ഷ[illegible]ത്തിലുള്ള സന്തുഷ്ടിയും ആണു് അദ്ദേഹത്തിനെ അതിൽ [illegible]പിന്തിരിച്ചതു്. അദ്ദേഹത്തിൻെറ പുസ്തകങ്ങളും ചില [illegible]നങ്ങളും രണ്ടുതവണ ആരോ-മോഷ്ടിച്ചുകൊണ്ടു പൊയ്ക്കു

ഒരു റൊട്ടിക്കഷണത്തിന്നു പച്ചവെള്ളവും കുടിച്ചുകൊണ്ടു ദിനരാത്രികൾ കഴിച്ചുകൂട്ടേണ്ട നിർഭാഗ്യം രാമതീർത്ഥന്നു നേരിട്ടിട്ടുള്ളതു് നാലഞ്ചു ദിവസത്തേക്കു മാത്രമല്ല; അടുത്തടുത്തും ചില കൊല്ലങ്ങളിൽ അനുക്രമമായും അദ്ദേഹം ഈ ദുരിതം അനുഭവിച്ചിട്ടുണ്ടു്. അപ്പോഴും, നേരംവെളുക്കുന്നതുവരെ കണക്കുകൾ ചെയ്തും, പുസ്തകങ്ങൾ വായിച്ചും, സമയവിനിയോഗം ചെയ്യുന്നതിനു് അദ്ദേഹത്തിനു് സാധിച്ചിരുന്നു എന്നോക്കുമ്പോൾ രാമതീർത്ഥൻെറ ജ്ഞാനതൃഷ്ണയോ, സഹനശക്തിയോ, സുദൃഢനിശ്ചയമോ, സുസ്ഥിര പരിശ്രമമോ ഏതാണു മഹത്തമമെന്നറിയാതെ നാം കുഴങ്ങിപ്പോകുന്നുണ്ടല്ലൊ.

കണക്കിൻെറ ഉത്തരം ശരിയായില്ലെങ്കിൽ ചത്തുകളയും.

കണക്കു ചെയ്യുന്ന രീതിയെക്കുറിച്ചു് അദ്ദേഹംതന്നെ സ്വാനുഭവം പ്രസ്താവിച്ചിട്ടുള്ളതു നോക്കുക:—"കണക്കിൽ ഏററവും പ്രയാസമുള്ള വിഷമചോദ്യങ്ങൾ ചെയ്യുന്നതിനു് രാത്രിസമയം ആണു് രാമൻ വിനിയോഗിച്ചുവന്നതു്. അടുത്ത സൂര്യോദയത്തിനു മുമ്പെ നിശ്ചിതചോദ്യങ്ങളെല്ലാം ചെയ്തുതീർക്കാത്തപക്ഷം, കഴുത്തുകണ്ടിച്ചുകളയണമെന്നു് തന്നത്താനെ ശപഥം ചെയ്യുകയെന്നതു രാമൻെറ പതിവാണു്. ഈ ദ്വിതീയോദ്ദേശ്യസിദ്ധിക്കായി, രാമൻെറ ഇരിപ്പിടത്തിനടിയിൽ മൂർച്ചയുള്ള ഒരു കഠാരി സൂക്ഷിച്ചുവയ്ക്കും. ഇതൊരു വലിയ മടത്തരം തന്നെയെന്നതു സമ്മതിക്കണം; എന്നാൽ തെററായാലും ശരിയായാലും, രാമൻ സമ്പാദിച്ചിട്ടുള്ള ജ്ഞാനംമുഴുവൻ ഇത്തരത്തിലുള്ള കഠിനശിക്ഷണം മുഖേനയാണു് ലബ്ധമായിട്ടുള്ളതു്. ഒരു ദിവസം ചെയ്തുതീർക്കേണ്ട നാലു വിഷമചോദ്യത്തിൽ മൂന്നും പാതിരായ്ക്കുമുമ്പെ ചെയ്തുതീർത്തു; എന്നാൽ വെളുപ്പാൻ കാലത്തു് ജനാലവഴി സൂര്യരശ്മി കടന്നുതുടങ്ങിയിട്ടും, നാ മത്തേതിൻെറ ഉത്തരം കണ്ടുപിടിക്കാൻ രാമനു് കഴിഞ്ഞി രാമൻ തൻെറ ശപഥം അനുസരിച്ചുതന്നെ, ആ ക്ഷ എടുത്തുകൊണ്ടു് തട്ടിൻമുകളിലേക്കു പാഞ്ഞു. ആ സ്യ യുധത്തിൻെറ അഗ്രഭാഗം കഴുത്തിൽവച്ചു; കഠാരിമ

ലേക്കു താഴ്ന്നു തുടങ്ങി; ഒരു ചെറിയ മുറിവുണ്ടായി; കുറച്ചു രക്തം പുറത്തു വന്നു; രാമൻ നിശ്ചലനും അല്പസമയം സുബോധരഹിതനും ആയിത്തീരുകയും ചെയ്തു. അപ്പോഴേക്കും ആ വിഷമചോദ്യത്തിനുത്തരം വായുവിൽ പ്രഭാപരിപൂരിതമായ അക്ഷരങ്ങൾ കൊണ്ടു് എഴുതപ്പെട്ടിരിക്കുന്നതായി കണ്ടു. രാമൻ അതു കുറിച്ചെടുത്തു. അതു് ഏററവും നവീനമായ മാർഗ്ഗത്തിൽക്കൂടി കണ്ടുപിടിക്കപ്പെട്ട ഉത്തരമായിരുന്നു. ഇതുകണ്ടു് ഗവൺമെൻറു കാളേജിലെ പ്രൊഫസർ മുഖർജി ആശ്ചര്യപ്പെട്ടുപോയി. ഇപ്രകാരം രാമൻ പലതവണ പ്രവൎത്തിച്ചിട്ടുണ്ടു്. കണക്കുശാസ്ത്ര പരിജ്ഞാനം രാമൻ കരസ്ഥമാക്കിയതു് ഇത്തരം കഠിനപ്രയത്നത്താൽ മാത്രമാണു്."

ബി. ഏ. പരീക്ഷയ്ക്കു് കണക്കിനു് 13 ചോദ്യം കൊടുത്തിട്ടു് 9 എണ്ണം ചെയ്താൽ മതിയെന്നു് പരീക്ഷകൻ ആവശ്യപ്പെട്ടിരുന്നു. രാമതീൎത്ഥനാകട്ടെ 13 ചോദ്യവും നിശ്ചിതസമയത്തു ചെയ്തുതീൎത്തിട്ടു്, ഏതെങ്കിലും ഒൻപതു എണ്ണം നോക്കിക്കൊള്ളണമെന്നു ഉത്തരക്കടലാസിൽ നിൎദ്ദേശിച്ചിരുന്നുവത്രെ. ഇപ്രകാരമുള്ള ഒരു വിദ്യാൎത്ഥി ഒന്നാംക്ലാസിൽ ഒന്നാമതായി പാസായി എന്നോ, 60 രൂപാ പ്രതിമാസം സ്കാളർഷിപ്പോടുകൂടി എം. ഏയ്ക്കു് പഠിച്ചു് അതിനും ഒന്നാമതായി ജയിച്ചു എന്നോ പ്രസ്താവിക്കുന്നതു് ആശ്ചര്യജനകമായി ആൎക്കും തോന്നുന്നതല്ലല്ലൊ.

ജീവികളെല്ലാം തൻെറ ആത്മാവു്.

ജോലിക്കായി അധികകാലം അലഞ്ഞുതിരിയേണ്ട ആവശ്യം രാമതീൎത്ഥനുണ്ടായില്ല. ലാഹോറിലെ മിഷ്യൻകാളേജിൽ പ്രൊഫ്സർ ആയി അദ്ദേഹം നിയമിക്കപ്പെട്ടു. സഹ[illegible]പ്രവൎത്തകന്മാരുടേയുംവിദ്യാൎത്ഥിസഞ്ചയത്തിൻേറയും സ്നേഹാ[illegible]ബഹുമാനങ്ങൾ സമാൎജ്ജിച്ചുകൊണ്ടു് രാമതീൎത്ഥൻ തൻെറ [illegible]ി തൃപ്തികരമാകുംവണ്ണം ചെയ്തു. എന്നാൽ ഏകാന്തജീ[illegible]സ്വഹം ഔദ്യോഗികസോപാനത്തിൽ ആരോഹണം അദ്ദേഹത്തെ അനുവദിച്ചില്ല. കാശ്മീരം, അമര

നാഥം ആദിയായ പ്രദേശങ്ങളിലും ഹിമാലയൻ പൎവ്വതപ്രാന്തങ്ങളിലെ ഘോരാരണ്യങ്ങളിലും ഏകനായി സഞ്ചരിക്കുന്നതു രാമതീൎത്ഥന്നു് അത്യധികം സന്തോഷപ്രദമായിത്തീൎന്നു. അതിൻെറ വൎദ്ധന, പ്രഥമസൎജ്ജോലിയും അനന്തരം ലബ്ധമായ "റീഡർ" (ഓറിയൻറൽ കാളേജ്) ജോലിയും രാജിവെയ്ക്കാൻ അദ്ദേഹത്തിനെ നിൎബ്ബന്ധിച്ചു. മനുഷ്യവൎഗ്ഗത്തിനെ കാണാതെയും, ശരിയായി ആഹാരം കഴിക്കാതെയും, സൎവ്വേശ്വരചിന്തയിൽ ഹൃദയം ലയിപ്പിച്ചുകൊണ്ടു് രാമതീൎത്ഥൻ ദിവസങ്ങളും മാസങ്ങളും നയിച്ചുതുടങ്ങി. സകല ജീവജാലങ്ങളും സ്വാത്മാവിൻെറ വിവിധരൂപങ്ങളാണെന്നും, പ്രപഞ്ചനാഥൻ തന്നെയാണു് തൻെറ ആത്മാവെന്നും അദ്ദേഹം സൎവ്വദാ വിശ്വസിച്ചു. ആത്മശക്തിയുടെ അത്ഭുതപ്രാഭവം അദ്ദേഹത്തിന്നു ആനുഭവികമായി. അതോടുകൂടി ലൌകികചിന്താതീതനായിത്തീൎന്ന സ്വാമി രാമതീൎത്ഥൻ കാഷായവസ്ത്രധാരിയായ ഒരു സന്യാസിയായിത്തീൎന്നു. (1901 ൽ)

അമേരിക്കൻ പ്രസംഗങ്ങൾ.

അമേരിക്കൻ പ്രസംഗങ്ങൾ മുഖേന ഭുവനപ്രസിദ്ധി സമ്പാദിച്ച ശ്രീമദ്വിവേകാനന്ദൻ ലാഹോറിൽ നടത്തിയ ഒരു പ്രസംഗം രാമതീൎത്ഥനിൽ അന്തൎല്ലീനമായി കിടന്നിരുന്ന ഒരു ആശയെ തട്ടിഉണൎത്തി. വേദാന്തമതത്തിൻെറ സൎവ്വവ്യാപകശക്തിയെ ലോകംമുഴുവനും ഉൽഘോഷണം ചെയ്യണമെന്നുള്ള അത്യാശനിമിത്തം രാമതീൎത്ഥൻ ഒരു ഭൂപ്രദക്ഷിണത്തിന്നു് സന്നദ്ധനായിത്തീൎന്നു. 1902-ൽ അദ്ദേഹം ജപ്പാനിലേക്കു പുറപ്പെടുകയും ചെയ്തു.

വിജയരഹസ്യത്തെക്കുറിച്ചും മററും ആ രാജ്യത്തു് ചില പ്രസംഗങ്ങൾ നടത്തിയതിനുശേഷം, രാമതീൎത്ഥൻ അമേ[illegible] ക്കയിലേക്കു തിരിച്ചു. "ഹിന്ദുമതമോ, മഹമ്മദ്മതമോ, [illegible] സ്തുമതമോ, കത്തോലിക്കമതമോ, പ്രാട്ടസ്റ്റൻറമതമോ അ-[illegible] രാമൻെറ മതം; എന്നാൽ യാതൊരുമതത്തിനും എതിരി[illegible] ത്തുമല്ല അതു്. പ്രകാശം, സൂൎയ്യൻ, നക്ഷത്രങ്ങൾ, [illegible]

ആകർഷണം, മനസ്സ്, ശരീരം ഇവകൊണ്ടു മൂടിയിരിക്കുന്ന ഒരു പ്രദേശമാണു് രാമന്റെ മതചിന്താപരിധിയിൽ ഉൾപ്പെടുന്നതു്". ഇത്തരം വിശിഷ്ടാഭിപ്രായത്തോടുകൂടിയ ഒരു സന്ന്യാസിപ്രവരന്റെ പ്രബുദ്ധഹൃദയത്തിൽനിന്നും ഉൽഗളിതമായിക്കൊണ്ടിരുന്ന ആശയാമൃതം പാനംചെയ്യാൻ ശാസ്ത്രത്തിലും കലയിലും ഒന്നുപോലെ ഔൽകൃഷ്ട്യം പ്രാപിച്ചിട്ടുള്ള അമേരിക്കൻ ജനത ഉത്സാഹം പ്രദർശിപ്പിച്ചു. 17 അക്കങ്ങൾ വരെയുള്ള സംഖ്യകൾ മനസ്സുകൊണ്ടു് ഗുണിക്കത്തക്കവിധം ധിഷണാസമ്പത്തും, സർവ്വകലാശാലയിൽനിന്നുള്ള പ്രശസ്തബിരുദവും ഉള്ളതിനുപുറമേ ആദ്ധ്യാത്മികലോകത്തിലെ അത്യുന്നതപദം ആനുഭവികമാക്കിത്തീർക്കുകകൂടിചെയ്തിട്ടുള്ള രാമതീർത്ഥന്റെ പ്രസംഗങ്ങൾ ജനസഞ്ചയം അത്യാഹ്ലാദത്തോടുകൂടി ശ്രവിച്ചുതുടങ്ങി. അടുത്തുവരുന്ന ആരെയും അത്യുത്സാഹസരിത്തിലും, ആഹ്ലാദവാരിരാശിയിലും, ആറാടിക്കാൻ തക്ക പ്രസന്നതയും ഹൃദയനൈർമ്മല്യവും ഉള്ള ഇദ്ദേഹത്തിന്റെ സമീപം ജനങ്ങൾ സ്ത്രീപുരുഷഭേദമെന്യേ കൂട്ടം കൂട്ടമായി വന്നുകൊണ്ടിരുന്നു.

ഒരിക്കൽ തന്റെ സ്വന്തംകുഞ്ഞു മരിച്ചുപോയ വ്യസനം നിമിത്തം പരിപീഡിതയായിത്തീർന്ന ഒരു മദാമ്മ രാമതീർത്ഥന്റെ അടുത്തുചെന്നു് തനിക്കു് സമാധാനവും ആഹ്ലാദവും നൽകണമേയെന്നു അപേക്ഷിച്ചു.

"രാമൻ ആഹ്ലാദം വിൽക്കുന്നു; നിങ്ങൾ അതിനു് വില കൊടുക്കണം" എന്നായി സന്ന്യാസി.

മദാമ്മ:—എന്തുവില വേണമോ അതു നൽകാം സ്വാമി; എന്തുവിലയോ അതു അവിടന്നു ചോദിച്ചാലും.

—ആഹ്ലാദലോകത്തിലെ നാണയങ്ങൾ വ്യത്യസ്തമാണു്, തിനാൽ രാമന്റെ ലോകത്തിലെ നാണയമാണു് ങ്ങൾകൊടുക്കേണ്ടതു്.

മദാമ്മ:—അങ്ങനെതന്നെ സ്വാമി!

രാമ:—ശരി. ആനീഗ്രോബാലനെ സ്വീകരിച്ചു അവനെസ്വ ന്തംകുഞ്ഞായികരുതി സ്നേഹിക്കുക. ഇതാണ് നിങ്ങൾ നൽകേണ്ടപ്രതിഫലം.

മദാമ്മ:—ഹാ! ഇതു് അത്യന്തം പ്രയാസമുള്ള ഒരു കാൎയ്യമാണ്.

രാമ:—അങ്ങനെയാണെങ്കിൽ ആഹ്ലാദജീവിതത്തിനും അത്യ ന്തംപ്രയാസം തന്നെ.

കറുത്തകുഞ്ഞിനെ സ്വീകരിക്കാൻ ആ വെള്ളക്കാരിക്കു് അസാദ്ധ്യമായിരുന്നു. തൽക്കാലം നിരാശ തോന്നിയെ ങ്കിലും കുറേക്കാലമായി രാമതീൎത്ഥന്റെ ശിഷ്യസ്ഥാന മാരുമുള്ള സഹചൎയ്യം നിമിത്തം മദാമ്മ ആശ്വാസ്തയായി ത്തീൎന്നു എന്നതു പ്രസ്താവയോഗ്യമാണ്. ഇങ്ങനെ അ നവധി ആളുകൾ അദ്ദേഹത്തിൽനിന്നു പരമാശ്വാ സവും സൗഖ്യവും പ്രാപിച്ചിട്ടുണ്ട്. പ്രസംഗമോ ഉപ ദേശമോ സംഭാഷണമോ കൊണ്ടുമാത്രമല്ല ഈ സന്ന്യാ സി അമേരിക്കയിൽ ദിനരാത്രങ്ങൾ തരണം ചെയ്തിരു ന്നതു്. എന്തെല്ലാമാണ് ആ ഉല്ലാസസ്വരൂപൻ ചെ യ്തിരുന്നതെന്നു വിസ്തരിക്കാനും സൗകൎയ്യമില്ല. അതേവ രെ ആരും പ്രവേശിച്ചിട്ടില്ലാത്ത ഷാസ്തപൎവ്വതത്തിന്റെ അത്യപരിഭാഗത്തു് ആദ്യമായി പ്രവേശിച്ച ആൾ ഈ രാമതീൎത്ഥൻ ആകുന്നു. 30 മൈൽ ഓടേണ്ട ഒരു പന്ത യത്തിൽ കേവലം വിനോദത്തിനുവേണ്ടി മാത്രം വെള്ള ക്കാരോടു മത്സരിച്ചു ഓടി ഒന്നാംസമ്മാനം വാങ്ങിച്ച ഈ ശോഷിതഗാത്രനെക്കുറിച്ചു അമേരിക്കമുഴുവനും സ്തുതി ഗീതങ്ങൾ കൊണ്ടുമുഴങ്ങി. പ്രസംഗമദ്ധ്യേ ആനന്ദ ബാഷ്പം പൊഴിച്ചും, സമാധിയിൽ ലയിച്ചും, സദസ്യരെ ആകമാനം ആഹ്ലാദിപ്പിച്ചു് ഉൽബോധിപ്പിച്ചുകൊ[illegible] രുന്ന രാമതീൎത്ഥൻ പ്രസംഗങ്ങൾ മൂലം ലോകത്[illegible] ഒരു അക്ഷയസമ്പത്തുനൽകിയതിനുശേഷം യൂറോ[illegible] 1904ൽ തിരിച്ചുവന്നു.

സംസ്കൃതപാഠനം.

അലഹബാദ്, കാശി തുടങ്ങിയ നഗരങ്ങളിൽ ആദ്ധ്യാത്മികപ്രസംഗങ്ങൾ നടത്തിയും, ലേഖനങ്ങളും "കവിതകളും രചിച്ചും അദ്ദേഹം കുറേക്കാലം കഴിച്ചുകൂട്ടി. സംസ്കൃതവ്യുല്പന്നനല്ലാത്ത ഒരാളിന് ഹിന്ദുമതത്തെക്കുറിച്ച് പ്രസംഗിക്കാൻ അധികാരമോ അവകാശമോ ഇല്ലെന്ന് ചില ബ്രാഹ്മണർ പ്രസ്താവിച്ചു കേട്ടതിനാൽ, ആത്മാഭിമാനിയായ രാമതീർത്ഥൻ ആ ദേവഭാഷാപഠനത്തിനു ഉദ്യുക്തനായി. ഹിന്ദുമതാചാര്യന്മാരുടെ തത്വചിന്തകളിലേക്കു അദ്ദേഹം മനസ്സു ചെലുത്തിത്തുടങ്ങിയതോടുകൂടി ആഹാരത്തിലും ദേഹസംരക്ഷണത്തിലും ശ്രദ്ധവളരെ കുറഞ്ഞുപോകയും തന്നിമിത്തം ശരീരശക്തി തീരെകുറഞ്ഞുപോകയും ചെയ്തു. അദ്ദേഹത്തിൽ സദാ നൃത്താചെയ്തുകൊണ്ടിരുന്ന ഉത്സാഹം അസ്തമിച്ചു തുടങ്ങി.

മരണമേ നിനക്കു സ്വാഗതം.

ഈ അത്യുജ്ജ്വല തേജസ്വിയുടെ അകാലാസ്തമയം ഒരു പ്രത്യേകരീതിയിലാണു് സംഭവിച്ചതു്. ഗംഗയിൽ ദിവസവും നീന്തിക്കുളിനടത്താറുണ്ടായിരുന്ന രാമതീർത്ഥൻ ക്ഷീണഗാത്രനായിരുന്ന ഒരു അവസരത്തിൽ ഗംഗയിൽ ചാടിമുങ്ങിയതിനുശേഷം കുറേ സമയത്തേക്കു പൊങ്ങിയതേയില്ല. വളരെസമയം കഴിഞ്ഞു വെള്ളത്തിനുമുകളിൽ പ്രത്യക്ഷപ്പെട്ടതു് രാമതീർത്ഥൻെറ ശവശരീരം ആയിരുന്നു. അടിയൊഴുക്കിനെ ജയിച്ചു പൊങ്ങാനുള്ള അശക്തതനിമിത്തം ഇദ്ദേഹം മരിച്ചുപോയതായിരിക്കാമെന്നു പലരും വിശ്വസിച്ചുപൊരുന്നുണ്ടു്. എന്നാൽ ലോകജീവിതം വെറുത്ത ഈ സന്യാസി തൻെറ [illegible]വശരീരം അന്യർസ്പൃശിക്കേണ്ട എന്ന മനഃപൂർവോദ്ദേശ്യത്തോ[illegible]ടി പാവനാത്മികയായ ഗംഗാദേവിയുടെ വക്ഷോദേശം [illegible]ിച്ചതാണെന്നു മററു ചിലർ വിശ്വസിച്ചുപോരുന്നുണ്ടു്. [illegible]ാലും മരണത്തിനു അല്പം മുമ്പേ രാമതീർത്ഥൻ എഴുതി[illegible]ന്ന ലേഖനഭാഗം താഴെ കാണും പ്രകാരമാകുന്നു.

"അല്ലയോ മരണമേ! നിനക്കു ആവശ്യമുണ്ടെങ്കിൽ ഈ ശരീരം എടുത്തുകൊള്ളുക. എനിക്കു ജീവിതം നയിക്കുന്നതിന് ഒട്ടധികം ശരീരങ്ങൾ ഉണ്ട്. പനിമതിയുടെ രജതമരീചികളും അരുണദേവന്റെ സുവൎണ്ണകിരണങ്ങളും ധരിച്ചുകൊണ്ടു് ആഹ്ലാദസമന്വിതം എനിക്കു ജീവിക്കാവുന്നതാണ്. വനനദികളുടെ രൂപത്തിൽ സ്വതന്ത്രമായി പാട്ടുപാടിക്കൊണ്ടു എനിക്കു് സഞ്ചരിക്കാം. സമുദ്രത്തിലെ തരംഗപരമ്പരകൾക്കിടയിൽ ആഹ്ലാദസമേതം എനിക്കു നൃത്തം ചെയ്യാം. ഞാൻ മനോമോഹനനായ മന്ദമാരുതനാണ്; അത്യധികം ഉത്തേജിക്കുന്ന പാവനപവമാനനുമാണ്; എന്റെ ഈ രൂപങ്ങളെല്ലാം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പരിവൎത്തനരൂപങ്ങളാകുന്നു. ഉൽകൃഷ്ടതയിൽ നിന്നു താഴെ വന്ന ഞാൻ പടിവാതലുകളിൽ മുട്ടി ഉറങ്ങിക്കിടന്നവരെ ഉണൎത്തി; ദുഃഖിതൎക്കു സമാധാനം നൾകി; ബാഷ്പാകുലനേത്രരുടെ കണ്ണുനീർ തുടച്ചു; മൂടുപടങ്ങൾ മാററി; പ്രകാശം ദാനം ചെയ്തു; പലതും സ്പൎശിച്ചു; ഞാനിതാ ദൂരെപോകുന്നു. യാതൊന്നും എന്റെ പക്കലില്ല. യാതൊരുത്തൎക്കും എന്നെ കാണ്മാൻ കഴിയുന്നതല്ല." കാമ്യങ്ങളായ സകലകൎമ്മങ്ങളും ത്യജിച്ചുകഴിഞ്ഞാൽ ഒരു സന്ന്യാസി എന്തിനായി ലോകജീവിതം നയിക്കണം!

ആത്മാവു ദൈവമാകുന്നു.

"ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേൽ
ആത്മൈവഹ്യാത്മനോബന്ധു-
രാത്മൈവരിപുരാത്മന"

എന്ന ഗീതാതത്വം അക്ഷരംപ്രതി പ്രായോഗികമാക്കിത്തീൎത്തിട്ടുള്ള ഒരു വിശിഷ്ട പുരുഷനത്രെ സ്വാമിരാമതീൎത്ഥൻ. രൂപമുള്ളതും ഇല്ലാത്തതും ആയ സകല ജീവജാലങ്ങ[illegible] തന്റെ ആത്മാവാണെന്നു് അനുഭവിച്ചറിഞ്ഞിട്ടുള്ള ഇദ്ദേ[illegible]ത്തിനെപ്പോലുള്ളവരുടെ ചരിത്രങ്ങൾ അത്യപൂൎവ്വമായി[illegible]മേ ലോകത്തിനു ലഭിച്ചിട്ടുള്ളൂ. വേദാന്തസാഗര പാരം[illegible] സൎവ്വമതസാരവേദിയും ആയ സ്വാമിരാമതീൎത്ഥൻ [illegible]

ഭിമാനിയുമായ ഒരു സന്ന്യാസി പ്രവരനായിരുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ വിശ്വാസപ്രകടനത്തിൽ നിന്നു തന്നെ നമുക്കു് ഗ്രഹിക്കാവുന്നതാണു്. അദ്ദേഹം പറയുന്നു:—

"ഭാരതഭൂമി എന്റെ സ്വന്തം ശരീരമാകുന്നു. കന്യാകുമാരി എന്റെ ചരണദ്വന്ദ്വവും ഹിമാലയം എന്റെ ശിരസ്സും ആണു്. എന്റെ തലമുടിയിൽ നിന്നാണു് ഗംഗ ഒഴുകുന്നതു് ബ്രഹ്മപുത്രയും സിന്ധുവുമാകട്ടെ എന്റെ തലയിൽ നിന്നും നിഷ്ക്രമിക്കുന്നു. വിന്ധ്യാചലം എന്റെ അരഞ്ഞാൺ; കോറമണ്ഡലവും മലബാറും എന്റെ ഇടതും വലതും പാദങ്ങൾ; ഇൻഡ്യയുടെ പൂർവ്വപശ്ചിമഭാഗങ്ങൾ എന്റെ കരങ്ങൾ; ഇങ്ങനെ ഭാരതം മുഴുവനും ഞാനാകുന്നു. മനുഷ്യസമുദായത്തിനെ ആലിംഗനം ചെയ്യുന്നതിനായി ഞാൻ എന്റെ കൈകൾ നേരെ നീട്ടുന്നു. സർവ്വവ്യാപകമായ സ്നേഹമൂർത്തിയാണു് ഞാൻ. ഹാ! ഇതത്രേ എന്റെ ശരീരം. സീമാതീതമായ സ്ഥലം വ്യാപിക്കത്തക്കവിധം അതു് സ്ഥിതിചെയ്യുന്നുണ്ടു്. എന്നാൽ എന്റെ അന്തരാത്മാവാകട്ടെ സർവ്വത്തിന്റെയും ആത്മാവാകുന്നു. ഞാൻ നടക്കുമ്പോൾ ഭാരതമാതാവു നടക്കുന്നതായി എനിക്കു തോന്നുന്നു. ഞാൻ സംസാരിക്കുമ്പോൾ ഇൻഡ്യ സംസാരിക്കുന്നതായി എനിക്കു തോന്നുന്നു; ഞാൻ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ ഭാരതമാതാവു ശ്വാസോച്ഛ്വാസം ചെയ്യുന്നതായി ഞാൻ വിശ്വസിക്കുന്നു. ഞാനാണു് ഭാരതഭൂമി; ഞാൻ തന്നെ ശങ്കരൻ; ശിവനും ഞാൻ തന്നെ. സ്വരാജ്യസ്നേഹത്തിന്റെ പരമമായ ആനന്ദാനുഭൂതി ഇതുതന്നെ. പ്രായോഗിക വേദാന്തവും ഇതല്ലാതെ മററൊന്നുമല്ല."

നിരാശരെ പരമോത്സാഹികളും, ഉദ്വിഗ്നമാനസരെ ഉത്തേജിതചിത്തരും, വിഗതവിദ്യവാന്മാരെ പ്രബുദ്ധമതിമാന്മാരും ആക്കിത്തീർക്കുന്നതിനു പോരുന്ന സ്വാമി രാമതീർത്ഥന്റെ ഉജ്ജ്വലപ്രസംഗങ്ങൾ ഏവരും വായിച്ചിരിക്കേണ്ടതാണു്. മഹർഷിപുംഗവന്മാരുടെയും അവതാരപുരുഷന്മാരുടെയും ദിവ്യോപദേശങ്ങൾ ഇക്കാലത്തെ മനസ്ഥിതിക്കനുസരണം വിശദമായി മനസ്സിലാക്കണമെന്നുള്ളവർ ഈ മഹാപുരുഷന്റെ മഹദുദ്ഗാരങ്ങൾ ഗ്രഹിക്കാൻ ശ്രമിക്കട്ടെ.

---

൭. ഫെർഡിനാൻഡ് ഡി ലെസ്സെപ്സ്

കെ. ദാമോദരൻ ബി. ഏ.

അസാദ്ധ്യമായി പരിഗണിക്കപ്പെട്ടിരുന്ന സൂവെസ്തോടിൻെറ നിമ്മാണംമൂലം പ്രഖ്യാതി പരത്തിയതിൽ പിന്നീട്ട പനാമാതോടിൻെറ പ്രാരംഭപ്രവൎത്തനംകൊണ്ടു് അപഖ്യാതി സമ്പാദിച്ച ആളാണ് ഫെർഡിനാൻഡ് ഡി ലെസ്സെപ്സ്. ഒന്നിൽ സിദ്ധിച്ച പരിപൂൎണ്ണവിജയം അദ്ദേഹത്തിന് ലോകബഹുമാനവും അനുമോദന സഹസ്രങ്ങളും സമ്പാദിച്ചുകൊടുത്തു; എന്നാൽ മററതിൽ സിദ്ധിച്ച അപജയം, അദ്ദേഹത്തെ അപമാനത്തിൽ അകപ്പെടുത്തി കാരാഗാരത്തിലേക്കു എറിഞ്ഞുകളഞ്ഞു. സകല പരിഷ്കൃതരാജ്യക്കാരുടേയും അനുകമ്പകൾക്കു ആധീനനായിട്ടാണ് മരിച്ചുപോയതെങ്കിലും ജലവാഹനങ്ങൾ ലോകത്തുള്ളെടത്തോളംകാലം ഈ ധീരാത്മാവിൻെറ കീൎത്തിയും നിലനില്ക്കുന്നതാണ്.

ബാല്യവും യൗവ്വനവും

അനവധി തലമുറക്കാലം ഫ്രാൻസിലെ രാജ്യകാര്യദൂതന്മാരും വിശ്വസ്ത ഭരണതന്ത്രജ്ഞന്മാരും ജനിച്ചിട്ടുള്ള ഒരു പ്രശസ്തകുടുംബത്തിലാണ് ഡി ലെസ്സെപ്സ് ജാതനായത്. കേഡിസ്, കെയിറോ, സെൻറ് പിറേറഴ്സ്ബൎഗ്ഗ് (ലെനിൻഗ്രാഡ്) ന്യൂയാക്ക് എന്നീ നഗരങ്ങളിൽ കാൺസൽ ജനറൽ ആയി ഇദ്ദേഹത്തിൻെറ പിതാവ് ജോലിനോക്കിയിട്ടുണ്ട്. വെഴ്സെയിൽസ് നഗരത്തിൽ 1805 നവംബർ 19-ാനു-[illegible] ജനിച്ച ഈ ജീവചരിത്രനായകൻെറ ബാല്യകാലം, വിദ്യാ[illegible]ഭ്യാസത്തോടൊത്തു കുതിരസവാരി തുടങ്ങിയ കായികവ്യായാമ[illegible]ങ്ങളിൽ വ്യാപൃതമായി കഴിഞ്ഞുകൂടിയിരുന്നു. ഒരു ഏ[illegible]

യക്ക് അത്യന്താപേക്ഷിതമായ കായികശക്തിയും ദേഹസ്വാധീനവും സമ്പാദിക്കുന്നതിന്ന് ദൈവം ഇപ്രകാരം നേരത്തേ തന്നെ ലെസ്സെപ്സിന്ന് സൗകര്യം നൽകിയെന്നേ പറയേണ്ടു. പിതാവു രാജ്യത്തിന്ന് നൽകിയിരുന്ന വിശ്വസ്തസേവനം പരിഗണിച്ച് ഗവർമ്മെൻറ് ചെലവിൽ ആയിരുന്നു ഇദ്ദേഹം വിദ്യാഭ്യാസം ചെയ്തത്.

18-ാം വയസ്സിൽ ഇദ്ദേഹം പഠിത്തം അവസാനിപ്പിച്ചു; അതിന്നശേഷം, ലെസ്സെപ്സ് ഉദ്യോഗത്തിൽ നിയമിതനായി. ലിസ്ബൺ, ട്യൂണിസ്, അൾജിയേഴ്സ് എന്നീനഗരങ്ങളിലെഫ്രഞ്ച്കൺസുലേററ് ആഫീസുകളിൽ ജോലിനോക്കിയതിന്നശേഷം, 1832 മാണ്ടോടുകൂടി ഈജിപ്ററിൽ കോൺസൽ ആയിട്ടു നിയമിക്കപ്പെട്ടപ്പോൾ, ആ ജോലിക്ക് അദ്ദേഹം സർവ്വഥായോഗ്യനായിത്തീൎന്നിരുന്നു. ഈജിപ്ററിലെ ഭാഷ പഠിക്കയും ജനങ്ങളുടെ ജീവിതരീതി ആചാരങ്ങൾ ആദിയായവ മനസ്സിലാക്കുകയും ചെയ്തുകൊണ്ട് ഇദ്ദേഹം അവിടെ പത്തുവൎഷം ജനസമ്മതനായി ഉദ്യോഗംഭരിച്ചിട്ടുണ്ട്.

ഉദ്യോഗം രാജി.

ഫ്രഞ്ചു ഗവർമ്മെൻറിൻെറ ഒരു ദൂതൻ എന്ന നിലയ്ക്ക് മാഡ്രിഡ് നഗരത്തിലേക്ക് ലെസ്സെപ്സ് 43-ാം വയസ്സിൽ നിയമിക്കപ്പെട്ടു. എത്രയും ഗൗരവമേറിയ ഈ ജോലിയിൽ ഒരുവൎഷം ഇരുന്നു കഴിഞ്ഞപ്പോൾതന്നെ അദ്ദേഹത്തിനെ അതിലും ഗുരുതരമായ ഒരു ജോലിക്കായി അന്നത്തെ ഫ്രഞ്ചു പ്രസിഡൻറ ആയ ലൂയി നെപ്പോളിയൻ റോമിലേക്കു അയച്ചു. ഇററലിയിലെ റിപ്പബ്ളിക്കൻ ഗവർമ്മെൻറുമായി ഫ്രാൻസിനുള്ള സഖ്യം നിലനിൎത്തുന്നതിനു നിയമിക്കപ്പെട്ട ലെസ്സെപ്സിനെ ഏല്പിച്ച ജോലി പൂൎത്തിയാക്കാറായപ്പോൾ സംശയശീലനായ ലൂയിനെപ്പോളിയൻ അദ്ദേഹത്തിനെ തിരിയെ വിളിച്ചുകളഞ്ഞു. ഇദ്ദേഹത്തിൻെറ പ്രവൃത്തി

കളെക്കുറിച്ചു പബ്ളിക്കായി ഗവൺമെൻറു ഒരു വിചാരണ നടത്തിയിട്ട ഒരു നടപടി പ്പിശകും കണ്ടുപിടിക്കാൻ അവക്കു കഴിഞ്ഞില്ല. എന്നാലും "രാജ്യത്തിൻെറ നന്മക്കെ"ന്നുള്ള പേരിൽ ഇദ്ദേഹത്തിനെ താക്കീതുചെയ്യുതുകൊണ്ടു, ലെസ്സെപ്സ് കുപിതനും നിരാശനും ആയി സക്കാരുദ്യോഗം രാജികൊടുത്തു. അദ്ദേഹം ഒരു വലിയ കൃഷിക്കാരനായി താമസം തുടങ്ങി. സക്കാരുദ്യോഗം തുടൎന്നുകൊണ്ടിരുന്നു എങ്കിൽ സൂവെസ് തോടിൻെറ നിൎമ്മാണത്തിനു അക്കാലത്തെങ്ങും സംഗതിയാകുന്നതല്ലാത്തതിനാൽ, ഈ രാജി പരോക്ഷമായി വാണിജ്യലോകത്തിനും സഞ്ചാരസൌകര്യവൎദ്ധനയ്ക്കും വളരെ സൌകൎയ്യം നൽകുകയാണുണ്ടായതു്.

സൂവെസ് തോടിനുള്ള പ്രാരംഭശ്രമങ്ങൾ.

ചെങ്കടലിനേയും മദ്ധ്യധരണ്യാഴിയേയും യോജിപ്പിച്ചുകൊണ്ടു് ഒരു തോടു പുരാതന ഈജിപ്ഷ്യൻ രാജാവായ റമേസസ് ദ്വിതീയൻ വെട്ടിച്ചിട്ടുണ്ടായിരുന്നു എന്നും, പെൎഷ്യൻ രാജാവായ ഡറയസ് (ബി. സി 521—485) ആ തോടിനെ കൂടുതൽ കുഴിച്ചു് അതിൽക്കൂടി കപ്പൽ ഓടിച്ചിട്ടുണ്ടായിരുന്നു എന്നും പറയപ്പെടുന്നു. ഇൻഡ്യ ചൈന മുതലായ രാജ്യങ്ങൾ പിടിച്ചടക്കി ഒരു പൌരസ്ത്യസാമ്രാജ്യം സ്ഥാപിക്കണമെന്നു് ആശയുണ്ടായിരുന്ന നെപ്പോളിയൻ ഈ രണ്ടു കടലിനേയും യോജിപ്പിക്കുന്ന ഒരു തോടു നിൎമ്മിക്കണമെന്നു് തീൎച്ചപ്പെടുത്തിയിരുന്നു എങ്കിലും സമരവിമുക്തനാകാൻ സാധിക്കാതിരുന്നതിനാൽ ആ ഉദ്ദേശ്യം അദ്ദേഹം ഉപേക്ഷിച്ചുകളഞ്ഞു. അതിൽപിന്നീട് പലരും ഇതിലേക്കു് വേണ്ടുന്ന പ്ളാൻ തയാറാക്കിയിട്ടുണ്ടു്, എന്നാൽ അതൊന്നും ഫലപ്രാപ്തിയിൽ വരുവാൻ ആരംഭിച്ചതുപോലുമില്ല. കഷ്ടകാലത്തിയിൽ ഏൎപ്പെട്ടിരുന്നപ്പോൾ ലെസ്സെപ്സിനു് ഈ വിഷമപ്രശ്നത്തെക്കുറിച്ചു് നല്ലവണ്ണം പഠിക്കാൻ സൌകൎയ്യം ലഭിച്ചു.

1854-ൽ തുൎക്കി ഗവൺമെൻറിൻെറ വൈസ്റായി ആയി സൈദ്പാഷാ ഈജിപ്ററ് ഭരണം ആരംഭിച്ചപ്പോൾ

അദ്ദേഹം തൻെറ സ്നേഹിതനായ ലെസ്സെപ്സിനെ ഇക്കായ്യം ചുമതലപ്പെടുത്തുകയുണ്ടായി.

രണ്ടുസമുദ്രം യോജിപ്പിച്ചുകൊണ്ട് കപ്പൽ സഞ്ചാരത്തിന്ന ഉപയുക്തമാകുംവണ്ണം ഒരു തോടുവെട്ടാൻ സാധിക്കുമോയെന്നുള്ളതു ബോദ്ധ്യംവരത്തക്കവണ്ണം ഒരു സർവ്വേ നടത്താനാണ് ലെസ്സെപ്സ് ആദ്യമായി നിശ്ചയിച്ചത്. 200 പവൻ വീതം ശമ്പളത്തിൽ ലെസ്സെപ്സിൻെറ 100 സ്നേഹിതന്മാരോടുകൂടി അദ്ദേഹം ഒട്ടകങ്ങളിൽ സഞ്ചരിച്ചു ഒരു സർവ്വെ നടത്തി. മൂന്നുകായലുകൾ യോജിപ്പിച്ച് 30 അടി താഴ്ചയിലും 200 അടി വീതിയിലും ഒരു തൊടുതീക്കുന്നതു് സാദ്ധ്യമാണെന്ന്, അദ്ദേഹത്തിന്ന ബോദ്ധ്യം വന്നതിനാൽ അതിലേക്കു വേണ്ടുന്ന പദ്ധതികളെല്ലാം ലെസ്സെപ്സ് തയാറാക്കി പാഷായെ ഏല്പിച്ചു; അദ്ദേഹം അതു സ്വീകരിക്കയും ചെയ്തു. ഫ്രഞ്ചുഗവണ്മെൻറും സമ്മതം നൽകി; എന്നാൽ ഈ തോട്ട് വ്യാപാരാഭിവൃദ്ധിക്കു അത്യന്തം സഹായമായിത്തീരുന്നതാണെങ്കിലും, ഗംഭീരമായ രാഷ്ട്രീയ പരിവത്തനങ്ങൾ വന്നേക്കുമെന്നു ഭയപ്പെട്ട ബ്രിട്ടീഷ്ഗവണ്മെൻറു ഇതിൻെറ നിമ്മാണത്തിൽ വൈപരീത്യമാണ് പ്രദശിപ്പിച്ചിരുന്നതു്. ഇംഗ്ലണ്ടിൽ പോയി പ്രധാനമന്ത്രിയെ ലെസ്സെപ്സ് സന്ദശിച്ചു എങ്കിലും അനുകൂലമായ മറുപടി ലഭിച്ചില്ല.

സൂവെസ് തോടുതീരുന്നതായാൽ വ്യാപാരത്തിന് വളരെ അഭിവൃദ്ധിയുണ്ടാകുമെന്നു ഒരു പൊതുജനാഭിപ്രായം യൂറോപ്പിലെസകലരാജ്യങ്ങളിലും ലെസ്സെപ്സ് ഉല്പാദിപ്പിച്ചു. തൽഫലമായി ഒരു അഖിലരാജ്യ ശാസ്ത്രജ്ഞ സമിതി ഇതിനെപ്പററി പയ്യാലോചിക്കയും ലെസ്സെപ്സിൻെറ പദ്ധതി അംഗീകരിക്കയും ചെയ്തു.

25000-ത്തിൽ പരം ജോലിക്കാർ

ഇത്രയും നടക്കുന്നതിന് വഷം അഞ്ചു വേണ്ടിവന്നു. ...പ്രിൽമാസം 25-ാംനു 150 ജോലിക്കാരോടു കൂടി

ലെസ്സെപ്സ് ജോലി ആരംഭിച്ചു. ദിനംപ്രതി 25000 ത്തിനു മേൽ 30000 ത്തിനകം ജോലിക്കാർ വീതം വേലചെയ്തു ഈ നിർമ്മാണം ഊർജ്ജിതമായി നടത്തിക്കൊണ്ടിരുന്നു. അപ്രതീതമായി പലേ പ്രതിബന്ധങ്ങളും ഇതിൻെറ വിജയത്തിനു മുമ്പേ വന്നു ചേർന്നിട്ടുണ്ട്. ജോലിക്കാർക്ക് ആവശ്യമുള്ള ശുദ്ധജലം ലഭിക്കാതെയായതാണ് ഒരു പ്രധാന പ്രതിബന്ധം. നൈൽ നദിയിൽ നിന്ന് ഒരു തോട് ഈ സൂവെസ് കരയുടെ മദ്ധ്യത്തിലേക്ക് വെട്ടിയിട്ട് അതിനെ ചെങ്കടൽവരെ നീട്ടി ആ ജലദൗർല്ലഭ്യം തീർത്തു. ഇംഗ്ലീഷ് ഗവണ്മെൻറിൻെറ തടസ്സം അടിക്കടിയുണ്ടായിക്കൊണ്ടിരുന്നു. 1863-ൽ സൈദ് പാഷാ മരണം പ്രാപിച്ചുപോയി. തുർക്കിസുൽത്താനിൽ നിന്ന് ലഭിക്കേണ്ട അനുവാദം ഇതുവരെ ലഭിച്ചിരുന്നുമില്ല.

വിഷമങ്ങളെല്ലാം പ്രയാസപ്പെട്ടിട്ടാണെങ്കിലും പരിഹരിക്കപ്പെടുകയുണ്ടായി. സർവ്വരാജ്യവാണിജ്യ പ്രശ്നം എന്നനിലയിൽ പരിഗണിക്കപ്പെട്ടിരിക്കുന്ന സൂവെസ് തോടിൻെറ പണിയെ തടുക്കുന്നതിന് ഇംഗ്ലീഷ്കാർക്ക സാദ്ധ്യമല്ലാതായി. സൈദ്പാഷായുടെ അനന്തരാവകാശിയും ജോലി തുടരാൻ തന്നെയാണ് തീർച്ചപ്പെടുത്തിയതു്. ചിരപ്രതീക്ഷിതമായ അനുവാദം തുർക്കിസുൽത്താനിൽ നിന്ന് 1866 ൽ ലഭിക്കയും ചെയ്തു.

ജോലികൾ പൂർവ്വാധികം ഊർജ്ജിതത്തോടുകൂടി നടന്നുകൊണ്ടിരുന്നു. ഉൽഘാടനത്തിന് ഒരുമാസം മുമ്പെ തോടിൻെറ മാർഗ്ഗത്തിൽ കുറെ പാറക്കൂട്ടങ്ങൾ പ്രത്യക്ഷപ്പെട്ടതു് പൊട്ടിച്ചുകളഞ്ഞതോടുകൂടി പ്രതിബന്ധങ്ങളെല്ലാം തീർന്നു. തോടു പൂർത്തിയായി.

ഉൽഘാടനം

1869 നവംബർ 17-ാംനു- ആണ് 103 മൈൽ നീളം വരുന്ന ഈ പുതിയ തോടിൻെറ ഉൽഘാടനകർമ്മം നടക്കുന്നതെന്നുള്ള വസ്തുത ഭുവനപ്രസിദ്ധമായിത്തീർന്നു. ലോകവ്യാപാരചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കുന്ന ഈ

വിശിഷ്ടദിവസം ശരിയായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പലേ ദൂരദേശങ്ങളിൽനിന്നും പ്രതിനിധികളായും മററും അനവധി ജനങ്ങൾ അവിടെ കൂടിയിരുന്നു. സകല ഗവൺമെൻറുകളുടേയും പ്രതിനിധികൾ വിശേഷിച്ച് ബ്രിട്ടീഷ് പ്രധാന മന്ത്രിപോലും അവിടെ സന്നിഹിതരായിരുന്നു എന്നുള്ളത് പ്രസ്താവയോഗ്യമായ സംഗതിയാകുന്നു.

അഭൂതപൂൎവ്വമായ ആഘോഷങ്ങളോടുകൂടി തോടു തുറക്കപ്പെട്ടു. ഫ്രാൻസിലെ യൂജെനി ചക്രവൎത്തിനിയും എഞ്ചിനീയരും കയറിയിരുന്ന കപ്പൽ ആദ്യവും അനേകം കപ്പലുകൾ തുടൎന്നും നടത്തപ്പെട്ട ആ ഘോഷയാത്ര മൂന്നുദിവസംകൊണ്ടു തോടിൻെറ വടക്കെഅററം മുതൽ തെക്കെഅററം വരെ എത്തിച്ചേൎന്നു.

അടുത്ത ആറുമാസക്കാലത്തേയ്ക്കു ലെസ്സെപ്സ് അനുഭവിച്ച ആഹ്ലാദം അവൎണ്ണനീയമെന്നേ പറയേണ്ടു. ഓരോ രാജ്യക്കാരും അദ്ദേഹത്തിനെ തങ്ങളുടെ രാജ്യത്തേക്കു ക്ഷണിച്ചു സല്ക്കരിക്കുകയും, സ്ഥാനമാനങ്ങൾ നൽകുകയും ചെയ്തു. വിക്ടോറിയാചക്രവൎത്തിനി ഈ എഞ്ചിനീയരെ ക്ഷണിച്ചുവരുത്തി "ആണററി നൈററ് ഗ്രാൻഡ് കമ്മാൻഡർ അഫ് ദി ആർഡർ അഫ് ദി സ്റ്റാർ അഫ് ഇൻഡ്യാ" എന്ന ബഹുമാന്യമായ സ്ഥാനം നല്കി ബഹുമാനിച്ചു എന്നു കേൾക്കുമ്പോൾ ഇദ്ദേഹം ഈ സൂവെസ് തോടിൻെറ നിൎമ്മാണംമുഖേന എന്തുമാത്രം നന്മയാണ് ലോകത്തിനു വരുത്തിയിട്ടുള്ളതെന്ന് ഏതാണ്ട് ഊഹിക്കാവുന്നതാണല്ലോ.

പനാമാതോട്.

ലോകംനിറഞ്ഞ കീൎത്തിയോടുകൂടി വിളങ്ങിയ ഈ അക്ഷീണപരിശ്രമിയുടെ ആത്മവിശ്വാസം അദ്ദേഹത്തെ ഉല്ക്കൎഷസോപാനത്തിലേക്ക് ആരോഹണംചെയ്യിച്ചതുപോലെ തന്നെ അത് അപകൎഷഗൎത്തത്തിലേക്കും പതിപ്പിച്ചുകളഞ്ഞു എന്നുള്ളത് അദ്ദേഹത്തിൻെറ അനന്തരജീവിതം തെളിച്ചു കാണിക്കുന്നുണ്ട്. പരിതസ്ഥിതികളെക്കുറിച്ചു വേണ്ടുംവണ്ണം

പര്യാലോചിക്കാതെയും, സ്വശക്തിയുടെ അധഃപതനം അവഗണിച്ചും ചെയ്യപ്പെടുന്ന പ്രവൃത്തികൾ ഉൽകൃഷ്ടകാര്യോന്മുഖമായാൽ തന്നെയും, വിജയത്തിൽ അവസാനിക്കുവാൻ സാധിക്കുന്നതല്ലല്ലോ. • എന്നാലും, അത്തരം ഗംഭീരോദ്യമങ്ങളിൽ ഏപ്പെട്ടുകൊണ്ടിരിക്കുന്ന സുധീരചിത്തത്തെ നമിക്കുക തന്നെവേണം. വർഷം പ്രതി 5000 ത്തിൽപരം കപ്പലുകൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന സൂവെസ് തോടുപോലെ തന്നെ അതിപ്രാധാന്യം വഹിക്കുന്ന ഒന്നാകുന്നു പനാമാതോട്. വടക്കേ അമേരിക്കയെ തെക്കേഅമേരിക്കയിൽ നിന്നും വേർതിരിക്കുന്ന ഈ തോടുവെട്ടുന്നതിനു മുമ്പുവരെ കപ്പലുകൾ തെക്കേഅമേരിക്കാ ഭൂഖണ്ഡം ചുററിത്തിരിഞ്ഞാണ് അററ്ലാൻറിക്കിൽ നിന്ന് പസഫിക്ക് മഹാസമുദ്രത്തിൽ പ്രവേശിച്ചിരുന്നതെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. പനാമാ എന്ന ആ ഇടുങ്ങിയ ഭൂവിഭാഗത്തിൽ ഒരു തോടു നിർമ്മിച്ച് ആ മഹാസമുദ്രങ്ങൾ തമ്മിൽ യോജിപ്പിക്കുന്നതിനായി യൂറോപ്പിലും അമേരിക്കയിലും ഉള്ള പലേ വ്യാപാരിത്തലവന്മാർ, രാജ്യതന്ത്രജ്ഞന്മാർ, എഞ്ചിനീയർമാർ തുടങ്ങിയവർ പല കാലങ്ങളിലും ആലോചിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ഈ ഉദ്ദേശ്യസിദ്ധിക്കായി യൂറോപ്പിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. രണ്ടുകോടി പവൻ ഓഹരി വിററവകയിൽ കമ്പനിക്കു കിട്ടിയതിൻെറ ഫലമായി അവർ ലെസ്സെപ്സിനെ പനാമാ സർവ്വെ ചെയ്യുന്നതിനായിട്ടയച്ചു. എട്ടുവർഷത്തെശ്രമവും 70 ലക്ഷം പവനും മുഖേന ഈ ജോലി പൂർത്തിയാക്കാൻ സാധിക്കുന്നതാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടതിനാൽ അദ്ദേഹത്തെ തന്നെ ഈ ഗംഭീരമായ ജോലി കമ്പനിക്കാർ ഏല്പിച്ചു.

1881 ൽ ആരംഭിക്കപ്പെട്ട ഈ ജോലി ദിനംപ്രതി 8000 ത്തിൽ പരം ജോലിക്കാർ മൂന്നു വർഷക്കാലം ഊർജ്ജിതമായി നടത്തിക്കൊണ്ടിരുന്നു. പ്രതിബന്ധങ്ങൾ വന്നുകൊണ്ടിരുന്നതു് സഹസ്രാധികമായിരുന്നു എന്നു വേണം പറയാൻ. 50 മൈൽ ദൂരം മാത്രമേയുള്ളു എങ്കിലും സമുദ്ര നിരപ്പിൽ നിന്നു് വളരെ ഉയന്നു് പാറക്കൂട്ടങ്ങളും കുന്നുകളും അ...

ക്കിടന്ന ഒരു പ്രദേശമാണതു്. അതുകൊണ്ടു തോടുകുഴിക്കുന്ന ജോലി വളരെ മന്ദഗതിയിലേ നടന്നിരുന്നുള്ളൂ. ഭൂമികുലുക്കങ്ങൾ കൂടക്കൂടെ സംഭവിച്ചുതുടങ്ങി. കഴിച്ചു ചെല്ലുന്ന അവസരത്തിൽ അപ്രതീക്ഷിതമായി പലേ ഊററുകളും ഉറവകളും പ്രത്യക്ഷപ്പെട്ടു് വൃഥാശ്രമങ്ങൾ വർദ്ധിപ്പിച്ചു. അടുത്ത സംസ്ഥാനമായ കൊളംബിയായിൽ സംഭവിച്ച ഒരുഭയങ്കര കലാപം ഈ ജോലിക്കാരുടെ പ്രധാന സങ്കേതത്തിനെ തകർത്തുകളഞ്ഞു. അതിനെ തുടന്നു ജോലിക്കാരുടെ ഇടയ്ക്കു് സാവ്ത്രികമായി പിത്തജ്വരം (Yellow Fever) വ്യാപിക്കാനും തുടങ്ങി.

പനാമയിലെങ്ങും നിറഞ്ഞിരുന്ന കൊതുക് ആണു് ഈ രോഗം ഉല്പാദിപ്പിക്കുന്നതെന്നുള്ള വാസ്തവം അക്കാലത്തു അജ്ഞാതമായിരുന്നതിനാൽ പിത്തജ്വരം ദിവസംതോറും മുപ്പതും നാല്പതും ആളുകളെ വീതം ശവക്കുഴിയിലേക്കു അയച്ചു കൊണ്ടേയിരുന്നു. കാലദൂതന്മാരുടെ ഇത്തരം നിർദ്ദയാക്രമണം ജോലിക്കാരിൽ ഊർജിതക്കുറവും, ദുന്നടപടികളും വരുത്തിവച്ചപ്പോൾ രണ്ടിന്റേയും ഫലമായി ധനാപഹരണം സംഭവിച്ചു. കമ്പനിവകപണം കണ്ടമാനം ഓരോരുത്തരുടെ കൈയിൽ ചെന്നു ചേരുന്നതിനു് സംഗതിയായി.

സൂവെസു്തോടുവെട്ടിയ ഡി ലെസ്സെപ്സു് അല്ല പനാമതോടു വെട്ടുന്ന ഡി ലെസ്സെപ്സ് എന്നുള്ള വാസ്തവം വായനക്കാർ വിസ്മരിക്കാൻ പാടില്ലാത്തതാണു്. 79 വയസ്സു് പ്രായം ചെന്ന ഈ വൃദ്ധൻ ഇപ്പോൾ ഗംഭീരമായ ഈ ജോലിയുടെ നാനാശാഖകളിലും ദൃഷ്ടികളെത്തിക്കുന്നതിനു തീരെ അശക്തനാണെന്നുള്ള വസ്തുത അദ്ദേഹത്തിനുപോലും അറിയാൻ പാടില്ലായിരുന്നു. മൂലധനത്തിനുള്ളകുറവും കമ്പനി ഓഹരിക്കാരുടെ അവിശ്വാസവും ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ ജോലി തുടരാൻ നിവൃത്തിയില്ലാത്തമട്ടായി. ജനങ്ങളുടെ വിശ്വാസം വർദ്ധിക്കുന്നതിനുവേണ്ടി ഫ്രാൻസിൽ [illegible]പോയി അദ്ദേഹം പലേ പ്രസംഗങ്ങൾ നടത്തി. "അ[illegible]ാദ്ധ്യമെന്നു പരിഗണിക്കപ്പെട്ടിരുന്ന രണ്ടു ഗംഭീരമായ ജോ[illegible]കൾക്കായി ഞാൻ എന്റെ ജീവിതം അപ്പിച്ചിട്ടുണ്ടു്. അവ[illegible]സ്തോടും പനാമതോടും ആകുന്നു. ആദ്യത്തേതു്

പൂർണ്ണവിജയത്തിൽ എത്തിച്ചേന്നതിൻെറ ഫലമായി ഫ്രഞ്ചു കാക്ക് വളരെ ധനലാഭം ഉണ്ടായിട്ടുണ്ട്. പനാമാതോടിൻെറ പണിപൂർത്തിയാകണമെന്ന് നിങ്ങഠം ആഗ്രഹിക്കുന്ന പക്ഷം, നിങ്ങഠം തന്നെയാണ് അതിലേക്കു ശ്രമിക്കേണ്ടതു്. തീരുമാനപ്പെടുത്തേണ്ടതും നിങ്ങളല്ലാതെ മററാരുമല്ല''

എഞ്ചിനീയരുടെ ഇത്തരം പ്രസംഗങ്ങളെല്ലാം വനരോദനമായി പരിണമിച്ചതേയുള്ളൂ. ആ കമ്പനിക്കു ഇനിയൊരു ചില്ലിക്കാശു കൊടുക്കുന്നതു നഷ്ടം തന്നെയെന്ന് ഫ്രഞ്ചുകാർ വിശ്വസിച്ചു. കമ്പനി മുടിഞ്ഞു. അതുകൊണ്ടു നിരാശനാകാതെ ഡി ലെസ്സെപ്സ് പനാമാതോടു പൂർത്തിയാക്കാൻ വേറൊരുകമ്പനി ആരംഭിച്ചു. എന്നാൽ ഓഹരിപ്പണം ആരും കൊടുത്തില്ല. അങ്ങനെ അദ്ദേഹം തൻെറ ഉദ്യമം പൂർത്തിയാക്കാനുള്ള ആശയുടെ ലേശംപോലും പുലത്തിപ്പോരുവാൻ നിവൃത്തിയില്ലാതെ നിരാശാഗത്തത്തിൽ നിപതിച്ചു.

ദയനീയമരണം.

''ഭിക്ഷതന്നില്ലെങ്കിലും വേണ്ടുകില്ല, പട്ടിയെവിട്ടു കടിപ്പിക്കാതിരുന്നാൽ മതിയായിരുന്നു.'' പനാമാകമ്പനി നശിക്കാനുള്ള കാരണങ്ങഠം അന്വേഷിക്കാനായി ഫ്രഞ്ചുഗവണ്മെൻറ് ഒരു കമ്മററിയെ നിയമിച്ചു. അവർ സമപ്പിച്ച റിപ്പോർട്ടു് അനുസരിച്ചു് ഡി ലെസ്സെപ്പിനേയും സഹപ്രവത്തകരായിരുന്ന ഡയറക്ററർമാരേയും 1892-ാമാണ്ടു് പ്രാസിക്യൂട്ട് ചെയ്തു കേസെടുത്തു.

ധനാപഹരണത്തിനും ധനവിനിമയാവഗണനത്തിനും ആയി അപരാധം ആരോപിക്കപ്പെട്ടുകൊണ്ട് എൺപത്തേഴു വയസ്സു കഴിഞ്ഞിരുന്ന ഈ വൃദ്ധന് കോടതികയറേണ്ടിവന്നതു് ഫ്രഞ്ചു് ഗവണ്മെൻറിൻെറ ക്രൂരത കാണിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. വിഗതബോധവാനായിത്തീന്ന വൃദ്ധൻ വിചാരണതോറും ന്യായാധിപമന്ദിരത്തിൽ ഹാജരാകാൻ നിവൃത്തി

ല്ലാതെ സ്വന്തം ഭവനത്തിൽ കഴിച്ചുകൂട്ടി. അഞ്ചുവർഷത്തെ തടവിനും 120 പവൻ പിഴയ്ക്കും ശിക്ഷിക്കപ്പെട്ട വിവരം പോലും ആ പട്ടു കിഴവൻ അറിഞ്ഞതേയില്ല.

അറിഞ്ഞുകൊണ്ടു അപരാധമൊന്നും ചെയ്തിട്ടില്ലാത്ത ഡിലെസ്സെപ്സ് ഇപ്രകാരം പരിതഃസ്ഥിതികളുടെ പ്രാതികൂല്യവും, സഹപ്രവർത്തകരുടെ ദുഷ്പ്രവർത്തനവും നിമിത്തം കാരാഗൃഹം പ്രാപിക്കേണ്ടതായി വന്നുചേർന്നു. ലോകരുടെ അനുകമ്പാപൂരം സമാർജിച്ചുകൊണ്ട് 1894 ഡിസംബർ 7-ാംനു- അദ്ദേഹം ദിവംഗതനായി.

---

൯. എബ്രഹാം ലിൻകൺ

കെ. ശിവശങ്കരപ്പിള്ള ബി. ഏ., ബി. എൽ.

ഐക്യനാടുകളിലെ ന്യൂ ഓർ ലിയൻസ് നഗരം ഇന്നും ഒരു വ്യാപാരകേന്ദ്രം തന്നെ. എഴുപത്തിരണ്ടു സംവത്സരത്തിനുമുമ്പു വരെ അവിടെയുള്ള വില്പന സാമാനങ്ങളുടെ കൂട്ടത്തിൽ ഒരു പ്രത്യേകതരം ജീവികളും കൂടിയുണ്ടായിരുന്നു. നൂറോളം സംവത്സരക്കാലമായി ആഫ്രിക്കയിൽ നിന്ന് കയറുമതി ചെയ്യപ്പെട്ടവരും, ഐക്യനാടുകളിൽ തന്നെ ആദികാലം മുതല്ക്കേ ഉണ്ടായിരുന്നവരും ആയ ആ ജീവികൾ മുപ്പതുലക്ഷത്തിൽ കുറയാതെ വരും. സംസാരിക്കുന്ന ഈ കറുത്ത ഇരുകാലി മൃഗങ്ങളുടെ ഉടമസ്ഥരായ വെള്ളക്കാർ ഇവരുടെ കൈകളും കാലുകളും കെട്ടി നാലും അഞ്ചും എണ്ണത്തിനെ ഒന്നായി ചേർത്തും, നടക്കാൻ അനുവദിക്കാതെയും ആ ചന്തയിൽ അവിടവിടെ കൂട്ടിയിട്ടിരിക്കുന്നതു കണ്ടാൽ അവ മനുഷ്യപ്രാണികളാണെന്ന് ആരു പറയും!

ആ അടിമകളുടെ ദയനീയരോദനം അവിടെ ആരുടേയും ...ന്നങ്ങളിൽ പതിയുന്നില്ല. "കണ്ടാലാരും കരയുമലിയും

കല്ലിനൊത്തൊരു ഏത്തും'' എന്നനിലയ്ക്ക് അവിടെ വില്ലന സാധനങ്ങളായി കൂട്ടിയിട്ടിരിക്കുന്ന അനേകശതം അടിമകളുടെ ദർശനം നികൃഷ്ടമായി അവിടെ ആരും കണക്കാക്കുന്നില്ല. അവിടെ മറയ്ക്ക് "സാമാനങ്ങൾ'' വാങ്ങുന്നു; വില പേശുന്നു; സാമാനങ്ങളുടെ ഉപയോഗയോഗ്യത പരിശോധിക്കുന്നു; അവററകളെ അടികൊടുത്തു ഓടിച്ചും, ഇടികൊടുത്തു ചാടിച്ചും, ഭാരമുള്ള സാമാനങ്ങൾ എടുപ്പിച്ചും ആണ് സാമർത്ഥ്യം പരിശോധിക്കുന്നതു്. പെൺകുട്ടികളോടുപോലും ഈ പ്രയോഗം നടത്താറുണ്ട്. മനുഷ്യരെ ക്രയവിക്രയ സാധനങ്ങളായി കണക്കാക്കിക്കളഞ്ഞാൽ അവിടെയുണ്ടോ പിന്നെ ആണും പെണ്ണും നോക്കുന്നു! തോട്ടങ്ങളിൽ കൊണ്ടുപോയി കഠിനജോലിചെയ്യിക്കുന്നതിന് തക്കവണ്ണം ദേഹശക്തിയുണ്ടോയെന്നു മാത്രമേ ആരും പ്രധാനമായിനോക്കുകയുള്ളൂ.

വെള്ളക്കാരുടെ വർഗ്ഗത്തിൽ പെട്ട ഒരു തരുണൻമാത്രം ഈ കാഴ്ചകണ്ടു നടുങ്ങുന്നു. അയാൾ അതിനുമുമ്പു് ഇത്തരം ഒരു ചന്ത കണ്ടിട്ടുണ്ടായിരുന്നില്ല. ഉൽകൃഷ്ടജീവികളായ മനുഷ്യരെ മനുഷ്യർ തന്നെ ഇപ്രകാരം കച്ചവടം ചെയ്യുന്നല്ലോയെന്നോർത്ത് അയാൾ അത്യന്തം ഖിന്നനായിത്തീരുന്നു. അയാളുടെ കണ്ണുകളിൽ ജലം പെരുകിപ്പോയി. തനിക്കുഎന്തെങ്കിലും ശക്തിയുണ്ടായിരുന്നെങ്കിൽ അതു മുഴുവനും വിനിയോഗിച്ച് അടിമകളിൽ ഒരാളിനെയെങ്കിലും രക്ഷപ്പെടുത്തുമായിരുന്നു എന്നു അയാൾ വിചാരിച്ചു. ആ വിചാരം ആ വീരതരുണനെക്കൊണ്ടൊരു ശപഥം ചെയ്യിക്കുകയും ചെയ്തു. തനിക്ക് എപ്പോഴെങ്കിലും അധികാരമോ ജനസ്വാധീനമോ ലഭിക്കുമ്പോൾ ത്രിവിധകരണങ്ങളും ഉപയോഗിച്ച് ഈ ജുഗുപ്സാവഹമായ അടിമവ്യാപാരം നിർത്തൽ ചെയ്യുന്നതാണെന്ന് എബ്രഹാം ലിൻകൺ ശപഥം ചെയ്തു. അതനുസരിച്ചു തന്നെ അദ്ദേഹം പ്രവർത്തിക്കയും ചെയ്തു.

രണ്ടുതരം മഹാത്മാക്കളെ നമുക്കു കാണാവുന്നതാണ്. അനുകൂലപരിത സ്ഥിതികളുടെ സംയോഗം നിമിത്തം, ഉല്ക്കർഷോന്മുഖമായി പ്രയാണം ചെയ്യുന്നതിനു സൗകര്യം ലഭിച്ച

തിനാൽ മഹത്വം പ്രാപിച്ചവരാണ് ഒരു കൂട്ടർ. ദാരിദ്ര്യദുർദേവതയുടെ നിരന്തരോപദ്രവങ്ങളേയോ മററുതരം പ്രതിബന്ധങ്ങളേയോ അശേഷം വകവയ്ക്കാതെ സ്വാശ്രയശക്തി അവലംബിച്ചുമാത്രം മഹദ് പദംപ്രാപിച്ചിട്ടുള്ള രണ്ടാമത്തെ കൂട്ടരാണ് സാധാരണ ജനസമൂഹത്തിന കൂടുതൽ ആദർശപുരുഷന്മാരായിത്തീരുന്നതു്. "കുടിലിൽ നിന്ന് കൊട്ടാരത്തിലേക്ക്" എന്നമട്ടിൽ ഔന്നത്യം പ്രാപിച്ചിട്ടുള്ള ഉത്തമന്മാരിൽ ഒരാളത്രെ എബ്രഹാംലിൻകൺ എന്ന പ്രഖ്യാത പുരുഷൻ.

മരക്കുടിലിൽ ജനനം

1809-ാമാണ്ട് ഫെബ്രുവരി മാസം 12-ാംനു- അമേരിക്കൻ ഐക്യനാടുകളിലെ കെൻറക്കി എന്ന സംസ്ഥാനത്ത് ലിൻകൺ ജാതനായി. കുന്നുകളും കാടുകളും കൊണ്ട് നിറഞ്ഞിരുന്ന ആ പ്രദേശത്തിലെ ഒരു മരക്കുടിലിലാണ് ഈ മഹാപുരുഷൻ ജനിച്ചതു്. എന്നാൽ അതു് അമേരിക്കയെ സംബന്ധിച്ചെടത്തോളം അസാധാരണമായി പരിഗണിക്കേണ്ട ഒന്നല്ല. മരക്കുടിലിൽ നിന്ന് മഹാ സൗധത്തിലേക്ക് സ്വന്തം പ്രയത്നം മുഖേനമാത്രം ആരോഹണം ചെയ്തിട്ടുള്ള മഹാ പുരുഷന്മാരെ അമേരിക്കയിലെന്നപോലെ അത്ര ധാരാളം മറെറാരു രാജ്യത്തും കാണ്മാൻ കഴിയുന്നതല്ല. പിതാവായ താമസിന് വേട്ടയാടാനും വിറകുവെട്ടാനും മാത്രം വശമുണ്ടായിരുന്നു. ഇത്രയും മാത്രമല്ല മാതാവായ നാൻസിക്ക് അറിയാമായിരുന്നതു്. അക്ഷരാഭ്യാസം ചെയ്തിരുന്ന ആ സ്ത്രീ പുസ്തക വായനയിൽ വലിയ താല്പര്യം പ്രദർശിപ്പിച്ചു വന്നിരുന്നു. ഇവയൊക്കെയായിരുന്നു എബ്രഹാം ലിൻകന് മാതൃപിതൃസമ്പാദ്യങ്ങളായി ലഭിച്ചിരുന്നതു്. ഈ ദയനീയ നിലയിൽ നിന്ന് അനന്തവും അക്ഷയവും ആകും വിധം കീർത്തിയോടുകൂടിയ ഒരു നായകരത്നമായി ഉയന്നതെങ്ങനെയെന്നുള്ളതാണ നമുക്കു നോക്കാനുള്ളതു്.

കരിക്കട്ടകൊണ്ടു അക്ഷരാഭ്യാസം

കടലാസും പെൻസിലും കിട്ടാതിരുന്ന ആ കാട്ടിൽ താമസിച്ചുകൊണ്ട് മാതാവു പുത്രനെ എഴുത്തുപഠിപ്പിച്ചു. ചുള്ളിക്കമ്പുകൾകൊണ്ടു പച്ചിലകളിലും, കരിക്കട്ടകൊണ്ട് തടിക്കഷണങ്ങളിലും എഴുതി പരിചയിച്ചാണ് അക്ഷരങ്ങളും കണക്കും ആ കുട്ടി വശമാക്കിയത്. പള്ളിയും പള്ളിക്കൂടവും കാണാതെ ലിൻകൺൻെറ കാലം മുഴുവനും കഴിഞ്ഞുകൂടിയെന്നു തീർത്തു പറയാൻ നിവൃത്തിയില്ല; എന്തെന്നാൽ ഒരു "എഴുത്തുപള്ളി"യിൽ ഏതാനും മാസക്കാലം പോയിരിക്കാൻ അദ്ദേഹത്തിനു സംഗതി ആയിട്ടുണ്ട്. വായിച്ചാലും വായിച്ചാലും തൃപ്തിവരാത്ത ഒരു അത്യാഗ്രഹം ലിൻകൺ മാതൃസ്വമായി ലഭിച്ചിരുന്നതുകൊണ്ട്, വിറകുവെട്ടുന്ന കോടാലി താഴെ വച്ചാൽ, ബാലൻ പുസ്തകം കൈയിലെടുക്കുകയായിരുന്നു പതിവ്. ഇരവൽ വാങ്ങിച്ചുകൊണ്ടുവരുന്ന പുസ്തകങ്ങൾ, വിറകുകൂട്ടിയുള്ള തീയുടെ മുമ്പിലിരുന്ന് രാത്രി വായിച്ചു തീർത്തു വാഗ്ദാനം തെറ്റാതെ തിരിച്ചേൾപ്പിക്കാൻ ബാലനുള്ള താല്പര്യം ഒന്നു വേറെയാണ്. അടുപ്പിൻെറ അടുത്തിരുന്ന് അമ്മ പറഞ്ഞുകേൾപ്പിച്ചിരുന്ന കഥകളിൽ പലതും പില്ക്കാലത്ത് എബ്രഹാംലിൻകൺ വളരെ പ്രയോജനം ചെയ്തിരുന്നുവത്രെ! കെൻറക്കിയിലുള്ള സ്ഥലം വിററുകിട്ടിയ 4 പവനും ഏതാനും വീഞ്ഞു നിറച്ച വിസ്കിയുംകൊണ്ട് ഈ ദരിദ്രകുടുംബം ഇൻഡ്യാനായിലേക്കു തിരിച്ചു. കെട്ടും ചുമടുമായി പുറപ്പെട്ട ഇവരുടെ സാമാനങ്ങളിൽ മിക്കതും ഒരു നദിയിൽകൂടിയുള്ള യാത്രയിൽ വള്ളംമറിഞ്ഞു നഷ്ടപ്പെട്ടുപോയി. വളരെ തുച്ഛമായ പണത്തുകമാത്രം കൊടുത്തു വാങ്ങിച്ച ഭൂമിയിൽ അപ്പനും അമ്മയും കുഞ്ഞുങ്ങളുംകൂടി ശ്രമിച്ചൊരു കുടിൽ കെട്ടിയുണ്ടാക്കി അതിൽ അവർ താമസം ഉറപ്പിച്ചു. ആറര അടിയോളം പൊക്കംവരുന്ന ലിൻകൺ ഏതുതരം കൂലിപ്പണിയും സാമർത്ഥ്യത്തോടെ ചെയ്തുവന്നു.

പത്താംവയസ്സിൽ സംഭവിച്ച മാതൃമരണം പിതാവിൻെറ ദ്വിതീയവിവാഹത്തിനു കാരണമായതല്ലാതെ പുത്രൻെറ പുസ്തകപാരായണാസക്തിയെ അശേഷം ബാധിച്ചില്ല. നിയമശാസ്ത്രം, വാഗ്വിതപ്രകടനം, രാഷ്ട്രീയവിഷയകവാദപ്രതിവാദം ആദിയായവയോട്ട് അത്യന്തം താല്പര്യമുണ്ടായിരുന്നതിനാൽ ബാല്യകാലം കഴിഞ്ഞതോട്ടുകൂടി അത്തരം ചിന്തകളിലും, നിയമപാനത്തിലും ലിൻകൺ പ്രവേശിച്ചുതുടങ്ങി. അത്യാവശ്യം വേണ്ടുന്ന നിയമഗ്രന്ഥങ്ങൾ ഒരു അഭ്യുദയകാംക്ഷിയുടെ പക്കൽനിന്നു ഇരവൽ വാങ്ങിച്ചുകൊണ്ടു വരുവാൻ ലിൻകൺ 22 മൈൽദൂരം നടന്നു. തിരിയെ അന്നേദിവസം 22 മൈൽനടന്നു വീട്ടിലെത്തിയപ്പോഠം ഒരു പുസ്തകത്തിലെ 40 പുറം കാണാതെ പഠിച്ചു കഴിഞ്ഞു. അതിന്നു സ്വാശ്രയശക്തിതന്നെ പരമാവലംബം. വക്കീൽവൃത്തിയിൽ പ്രവേശിച്ച 28-ാം വയസ്സുവരെ തൊഴിലില്ലാതെ വലഞ്ഞും, കടക്കാരിൽ നിന്നു രക്ഷപ്പെടാൻ മാർഗ്ഗം കാണാതെയും, അദ്ദേഹം അനുഭവിച്ചിട്ടുള്ള കഷ്ടതകൾ അവൎണ്ണനീയമെന്നേ പറയേണ്ടു. എന്നാൽ, സത്യവാനും, സ്ഥിരോത്സാഹിയും, വിശ്വസ്തനും, ജനക്ഷേമകാംക്ഷിയും എന്നപേർ ലിൻകൺ ഇതിനിടയ്ക്കുതന്നെ പരിസരപ്രദേശങ്ങളിൽ പരത്തിയിരുന്നതുകൊണ്ട്, ഇല്ലിനായിസ് സംസ്ഥാനത്തിലെ നിയമസഭാംഗമായി അദ്ദേഹത്തിനെ ജനങ്ങൾ തിരഞ്ഞെടുത്തു. ഭരണസഭാമന്ദിരത്തിൽ ആദ്യം ലിൻകൺ പ്രവേശിച്ച ദിവസം അദ്ദേഹത്തിനു കാലിൽ യാതൊന്നും ധരിക്കാനുണ്ടായിരുന്നില്ലത്രേ! അനന്തരകാലത്ത് ഇല്ലിനായിസിൻെറ പ്രതിനിധിയായി സെനററിൽ പ്രവേശിക്കുന്നതിനുള്ള തിരഞ്ഞെടുപ്പിന് വോട്ടുലഭിക്കാൻ ലിൻകൺ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ സദസ്യരിൽ ഒരാൾ ഇദ്ദേഹത്തെ ലജ്ജിപ്പിക്കണമെന്നുകരുതി ചോദിച്ചതു് ഈ ദാരിദ്ര്യത്തെ സൂചിപ്പിച്ചുകൊണ്ടായിരുന്നു.

കള്ളം പറയാത്തവക്കീൽ.

---

24 വൎഷം വക്കീലായി വ്യവഹരിച്ച പരിചയം എബ്ര[ഹാ]ം ലിൻകണു് ഉണ്ടു്. അവാസ്തവകഥനത്തിനു തയാറാ



കാത്ത ഒരാൾ ആ ജോലിയിൽ വേണ്ടും വണ്ണം ശോഭിക്കുന്നതല്ല എന്നു് സാധാരണ ജനങ്ങളുടെ ഇടയ്ക്കു് ഒരു അബദ്ധധാരണയുണ്ടു്. ഉത്തമനായ ഒരു അഭിഭാഷകനും സത്യസന്ധനായ ഒരു ന്യായവാദിയും ആയി ലിൻകൺ ജനസമ്മതി നേടിയിരുന്നു എന്നു കേട്ടാൽ അവർ ആശ്ചര്യപ്പെട്ടേയ്ക്കും. "സത്യസന്ധതയോടുകൂടി അഭിഭാഷകവൃത്തിയിൽ വിജയിക്കുന്നതു് അസാദ്ധ്യമാണെന്നു കാണുന്ന പക്ഷം ആ പ്രവൃത്തി ഉപേക്ഷിച്ചിട്ടും സത്യനിഷ്ഠരായിരിക്കേണ്ടതാണു്" എന്ന മുദ്രവാക്യക്കാരനായിരുന്നു ലിൻകൺ. "സത്യവാനായ ലിൻകൺ" എന്നു് പലരും അദ്ദേഹത്തെ വിളിക്കാറുണ്ടായിരുന്നുതാനും.

കള്ളമാണെന്നു തോന്നുന്ന കേസുകളൊന്നും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ഒരു കേസ് പിടിച്ചു് വാദിച്ചു കൊണ്ടിരിക്കുന്ന അവസരത്തിലാണു് അദ്ദേഹത്തിനു ബോദ്ധ്യമാകുന്നതു് തൻെറ കക്ഷിപറയുന്നതിൽ കള്ളമുണ്ടെന്നു്. തൽക്ഷണം ആ കേസ് അദ്ദേഹം വിട്ടുകളയുന്നതാണു്; മുൻകൂറായി വാങ്ങിച്ച പണം കക്ഷിക്കു് തിരിച്ചുകൊടുക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. സത്യമാണെന്നു് ബോദ്ധ്യമുണ്ടായിരുന്നാൽ പലപ്പോഴും കക്ഷികളുടെ കൃതജ്ഞതാ പ്രകടനങ്ങളോ നന്ദിസൂചകമായ നോട്ടങ്ങളോ മാത്രം പ്രതിഫലമായി സ്വീകരിച്ചു കൊണ്ടു കൊലപാതകക്കേസുകൾ പോലും ലിൻകൺ വ്യവഹരിച്ചിട്ടുണ്ടു്. കേവലം കീർത്തിക്കുവേണ്ടി ആയിരുന്നില്ല അങ്ങനെ ചെയ്തതെന്നുള്ളതു് നിർദ്ധനരുടേയും അപരിഷ്കൃതരായ റെഡ് ഇൻഡ്യാക്കാരുടെയും കേസുകൾ പ്രതിഫലം കൂടാതെ വാദിച്ചതിൽനിന്നു നമുക്കു മനസ്സിലാക്കാം. ഫലിതസമ്മിശ്രമായി പ്രസംഗിക്കുവാനും, യുക്തിയുക്തമായി വാദപ്രതിവാദം നടത്താനും വിദഗ്ദ്ധനായ ഈ നിയമശാസ്ത്രജ്ഞൻെറ മുമ്പിൽനിന്നു കള്ളം പറയാൻ പലക്കും അസാദ്ധ്യമായിരുന്നു എന്നുവേണം പറയാൻ. ലളിതജീവിതകാംക്ഷിയായിരുന്നതിനാൽ, ധനതൃഷ്ണയ്ക്കു് വശഗനാകാതെ, ആയുരന്താവരെ സത്യസന്ധനായി പ്രശോഭിക്കാൻ ഇദ്ദേഹത്തിനു സാധിച്ചു എന്നുള്ളതു് ലോകചരിത്രത്തിൽ തങ്കമഷികൊണ്ടു് ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥമാകുന്നു.

കുടിലിൽനിന്നു് കൊട്ടാരത്തിലേക്കു്.

ലോകനിവാസികൾ എക്കാലത്തും ഓൎക്കത്തക്കവിധം ഈ അനശ്വര യശസ്സമ്പന്നൻ ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയിലേക്കാണു് വായനക്കാരുടെ ശ്രദ്ധയെ പ്രധാനമായി ക്ഷണിക്കേണ്ടിയിരിക്കുന്നതു്. ആഫ്രിക്കയിൽ താമസിച്ചിരുന്ന നീഗ്രോവൎഗ്ഗക്കാരിൽ ഒട്ടധികംപേരെ യൂറോപ്യന്മാർ അമേരിക്കയിൽ കൊണ്ടുപോയി വിൽക്കുകയെന്നുള്ളതു അനേകവൎഷങ്ങളായി നടന്നുവരുകയായിരുന്നു. മൃഗങ്ങളോടു പെരുമാറുന്നതിനെക്കാൾ നികൃഷ്ടമായി ഈ കറുത്ത വൎഗ്ഗക്കാരോടു വെള്ളക്കാർ പെരുമാറിയിരുന്നു എന്നുള്ളതു് ഒരു രഹസ്യസംഗതി ആയിരുന്നില്ല. ഐക്യനാടുകളിലെ തെക്കൻപ്രദേശങ്ങളിൽ തോട്ടങ്ങൾ കൂടുതലായുണ്ടായിരുന്നതിനാൽ അവിടെ ആയിരുന്നു ഈ അടിമവ്യാപാരം അത്യധികമായി നിലനിന്നിരുന്നതു്. എന്നാൽ വടക്കക്കു് ഈ ഏൎപ്പാടിനോടു വിരോധമായിരുന്നുതാനും. ദാക്ഷിണാത്യരും ഔത്തരാഹരും യോജിച്ചു് ഇംഗ്ലീഷ്മേധാവിത്വം 1783-ാമാണ്ടു് ഐക്യനാട്ടിൽനിന്നു് നിഷ്കാസനംചെയ്തു എങ്കിലും, "സ്വാതന്ത്ര്യം മനുഷ്യൻെറ ജന്മാവകാശമാകുന്നു" എന്നിങ്ങനെ ഉൽഘോഷണം ചെയ്തിട്ടുള്ള ആ രാജ്യത്തിലെ പകുതിയിലധികം ജനങ്ങൾ ഈ അടിമവ്യാപാരം നിൎത്തൽ ചെയ്യുന്നതിനു് അനുകൂലികളല്ലായിരുന്നു എന്നതു് ആശ്ചൎയ്യജനകംതന്നെ.

തെക്കരും വടക്കരും തമ്മിൽ ഉണ്ടായ ഈ അഭിപ്രായവ്യത്യാസം ദിനംപ്രതി വൎദ്ധിച്ചുകൊണ്ടിരുന്നതേയുള്ളു.

അടിമത്തത്തിനെ നികൃഷ്ടമായി പരിഗണിച്ചിരുന്നവർ "റിപ്പബ്ളിക്കൻ കക്ഷി" എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു തങ്ങളുടെ ഉദ്ദേശ്യസിദ്ധിക്കായി പ്രവൎത്തിച്ചുകൊണ്ടിരുന്നു. എബ്രഹാം ലിൻകൺ ഈ സംഘത്തിൽ ഒരു അംഗമായിചേൎന്നു ത്രിവിധകരണങ്ങൾകൊണ്ടും പ്രവൎത്തിച്ചു. സെനററിൽ ഒരു ഒഴിവു വന്നപ്പോൾ ഡഗ്ളസ് എന്ന സ്ഥാനാൎത്ഥിക്കെതിരായി ലിൻകണും തൻെറ പേർ പ്രഖ്യാപനം

ചെയ്തു പ്രചരണവേല നടത്തി. അക്കാലത്തെ പതിവനുസരിച്ച് സ്ഥാനാർത്ഥികൾ ഒരേ പ്ളാററ്ഫാറത്തിൽ നിന്ന് തങ്ങളുടെ അഭിപ്രായങ്ങൾ പ്രസംഗരൂപത്തിൽ പുറപ്പെടുവിക്കണമെന്നുണ്ടായിരുന്നു. അതനുസരിച്ചു ഈ പ്രതിയോഗികൾ നാട്ടുതോറും ചുററിസഞ്ചരിച്ച് നടത്തപ്പെട്ട പ്രസംഗങ്ങളിൽ യുക്തിയും വാഗ്മിത്വവും ഫലിതവും വേണ്ടുവോളം പ്രകടിപ്പിച്ചിരുന്നത് എബ്രഹാംലിൻകൺ ആയിരുന്നു എന്നത് പ്രസിദ്ധമാണ്; "ഒരു ജനതയെ ഭരിക്കുന്നതിനു തക്കവിധം അത്ര നല്ല മറെറാരു ജനത ഈ ലോകത്തു ഒരിക്കലും ഉണ്ടായിട്ടില്ല" എന്ന അദ്ദേഹത്തിൻെറ സിദ്ധാന്തം വിശദമായി പ്രഖ്യാപനം ചെയ്യപ്പെട്ടു; ഇങ്ങനെയൊക്കെയാണെങ്കിലും വോട്ടെടുപ്പിൽ അദ്ദേഹത്തിന്ന് പരാജയമാണ് സംഭവിച്ചുപോയത്.

അപജയങ്ങളോടും ആപത്തുകളോടും നിതാന്ത പരിചയം സമ്പാദിച്ചിരുന്ന ലിൻകൺ ഈ തോൽവിയിൽ അശേഷം കുലുങ്ങാതെ അതിനെ ഒരു ഉല്ക്കർഷസോപാനമായിട്ടാണ് കണക്കാക്കിയത്.

"സത്യസന്ധനായ എബ്രഹാം ലിൻകൺ"ൻെറ കീർത്തി ഈ അവസരത്തിൽ അമേരിക്കാ മുഴുവനും വ്യാപിച്ചു. സെനററ് മെംബറായി നിന്ന് തോൽവി പററിയ ലിൻകൺ ഇതാ ഇപ്പോൾ അമേരിക്കയിലെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ജനരഞ്ജന, സത്യസന്ധത, സാമർത്ഥ്യം, ഭരണമീമാംസാ പരിജ്ഞാനം, ആദിയായി ഒരു ഭരണമേധാവിക്കുണ്ടായിരിക്കേണ്ട സകല ഗുണങ്ങളും ഒത്തിണങ്ങി എബ്രഹാംലിൻകണിൽ പ്രത്യക്ഷപ്പെട്ടിരുന്നതു പോലെ മററാരിലും ഇല്ലായിരുന്നു എന്നു ഐക്യനാട്ടുകാർ എല്ലാവരും മനസ്സിലാക്കി.

അടിമത്തവിദ്ധ്വംസനം

പുതിയ ഭരണ പരിഷ്കാരങ്ങൾ ഏപ്പെടുത്തിയോ, ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിച്ചോ രാജ്യക്ഷേമം വർദ്ധിപ്പിക്കാനു

ദൈവം ഈ പുരുഷനെ നിയോഗിച്ചിരുന്നത്. തൻെറ ജന്മോദ്ദേശ്യമായി കരുതിയിരുന്ന അടിമവ്യാപാരധ്വംസനം സാധിക്കാൻ മാത്രമേ ലിൻകണ്ഠ് സൗകര്യം ലഭിച്ചുള്ളൂ. അദ്ദേഹം സ്ഥാനാരോഹണം ചെയ്തു് ഒരു മാസം കഴിഞ്ഞപ്പോഠം തെക്കർ ഐക്യ ഭരണക്കൂടത്തിൽ നിന്ന് വേർതിരിഞ്ഞു് ഗവണ്മെൻറിനോട്ട യുദ്ധം ആരംഭിച്ചു. പ്രസിഡൻറിനെ അദ്ദേഹത്തിൻെറ ഭരണക്കൂടത്തോടൊന്നിച്ചു തകത്തുകളയണമെന്നായിരുന്നു അവരുടെ നിശ്ചയം. പലേ നഗരങ്ങളും ഗ്രാമങ്ങളും മൈതാനങ്ങളും യുദ്ധരംഗങ്ങളായ രൂപാന്തരപ്പെട്ടു; "സർവ്വേശ്വരൻെറ കീഴിലുള്ള ഈ രാഷ്ട്രത്തിന് സ്വാതന്ത്ര്യത്തിൻെറ പുനർജ്ജനനം ഉണ്ടായിരിക്കേണ്ടതാകുന്നു. ജനങ്ങഠംക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനസമുദായ ഭരണക്രൂടം ഈ ഭൂമണ്ഡലത്തിൽ നിന്നു ഒരിക്കലും അപ്രത്യമാകുന്നതല്ല" എന്നിത്യാദി ലിൻകൺ നടത്തിയ പ്രശസ്ത പ്രഖ്യാപനങ്ങഠം തല്ക്കാലം യാതൊരു പ്രയോജനവും ചെയ്തില്ല എന്നേ പറയേണ്ടു. യുദ്ധം ഭയങ്കരതമമായിത്തീൎന്നു. ഐക്യനാട്ടുകളിൽ അനൈക്യം സുപ്രതിഷ്ഠിതമാകുമെന്നു സകലൎക്കും ഭയമായി; ഗവണ്മെൻറിൻെറ ശക്തി ശരിയായി വിനിയോഗിച്ചിട്ടും ശത്രുക്കളുടെ ഈ വദ്ധിതശക്തിയെ അമൎത്തുവാൻ കഴിഞ്ഞില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ വന്നപ്പോഠം അടിമകഠംക്കെല്ലാം സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്യുന്ന വിളംബരം 1863-ാ മാണ്ടു് പ്രസിഡൻറ് പ്രസിദ്ധം ചെയ്തു. ഇങ്ങനെ അദ്ദേഹം തൻെറ ജീവിതോദ്ദേശ്യമായി സ്വീകരിച്ചിരുന്ന ഒരു മഹൽ കാര്യം സാധിച്ചു.

ഐക്യനാട്ടുകളിലെ 30 ലക്ഷത്തിൽപരം അടിമകഠം ഈ പ്രഖ്യാപനം മുഖേന ആഹ്ലാദവാരിരാശിയിൽ ആറാടി സ്വച്ഛാനന്ദം അനുഭവിക്കാൻതുടങ്ങി. ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള തൊഴിലാളിവൎഗ്ഗങ്ങഠം, ഈ പ്രഖ്യാപനത്തിൽ പ്രസിഡൻറിനെ അനുമോദിച്ചിട്ടുണ്ടു്.

ഇതിനുശേഷവും രാജ്യത്തിൽ ആഭ്യന്തരയുദ്ധം നടന്നു കൊണ്ടേയിരുന്നു; എന്നാൽ വിളംബരപ്രഖ്യാപനത്തിനു ശേഷം തെക്കെ തോല്വിപിണയാൻ തുടങ്ങി. അവരുടെ പക്ഷത്തുണ്ടായിരുന്നവരിൽ പലരും ഐക്യഗവണ്മെൻറി ൻെറ പക്ഷത്തുചേൎന്നു. അങ്ങനെ 1864 മാൎച്ച്മാസത്തോടു കൂടി ആ യുദ്ധം അവസാനിച്ചു.

ഐക്യനാടുകളുടെ ചരിത്രത്തിൽ ഇത്രവളരെ ഭയങ്കര മായ ഒരു കാലഘട്ടത്തിൽകൂടി ജനസഞ്ചയത്തെ നയിക്കാൻ ദൈവനിയോഗിതനായിവന്നുചേൎന്ന മഹാപുരുഷനാണ് എബ്രഹാംലിൻകൺ എന്നുപോലും അവിടത്തെ ജനങ്ങളിൽ പലരും വിശ്വസിച്ചുപോരുന്നുണ്ട്. അത്രമഹത്തായ സേവ നമാണ് അദ്ദേഹം രാജ്യത്തിനു ചെയ്തിരിക്കുന്നത്. അതുമററു രാജ്യക്കാൎക്കും അനുകരണീയമായിത്തീൎന്നിരിക്കുന്നു.

പ്രസിഡൻറുദ്യോഗത്തിൻെറ കാലാവധി ഈ ഘട്ട ത്തിൽ തീൎന്നുപോയി എങ്കിലും അദ്ദേഹത്തെതന്നെ വീണ്ടും തിരഞ്ഞെടുത്തു. രാജ്യമെങ്ങും സമാധാനമായിത്തീൎന്നതിനു ശേഷം അധികകാലം രാജ്യംഭരിക്കുന്നതിനുള്ള ഭാഗ്യം ലിൻ കണു സിദ്ധിച്ചില്ല. 1865 ഏപ്രിൽ 13-ാനു-അദ്ദേഹം തല സ്ഥാനനഗരിയായ വാഷിംഗ്ടനിൽ കുടുംബസമേതം ഒരു നാടകം കണ്ടുകൊണ്ടിരിക്കുമ്പോൾ ജാൺ വിൽക്സ് ബൂത്ത് എന്ന ഒരു നടൻ പെട്ടെന്നു അദ്ദേഹത്തിൻെറ അടുത്തെത്തി വെടി വയ്ക്കുകയുണ്ടായി. വെടിയുണ്ട തലയ്ക്കു് ഏററതിനാൽ അദ്ദേഹത്തിനു അതിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞില്ല. അടുത്തദിവസം രാവിലെ മനുഷ്യവൎഗ്ഗസ്നേഹിയായ ആ മഹാ പുരുഷൻ ദിവംഗതനായി. അദ്ദേഹത്തിൻെറ കഠോരശത്രു ക്കളും സ്വാൎത്ഥലോഭികളും ആയ അപൂൎവ്വം ചിലരൊഴിച്ചു ബാക്കി അമേരിക്കർ മുഴവനും അപ്രതീക്ഷിതമായി നേരിട്ട ഈ അത്യാഹിതത്തിൽ കണ്ണുനീർ പൊഴിച്ചു എന്നുതന്നെ പറയാം.

൭. ജോസഫയിൻ.

പി. കെ. പരമേശ്വരൻനായർ ബി. ഏ.

I

ഭൂലോക ചക്രവർത്തികളിൽ പ്രഥമ ഗണനീയനായ നെപ്പോളിയൻ ബോണപ്പാർട്ടിനെപ്പററി കേട്ടിട്ടില്ലാത്തവർ വളരെ ചുരുക്കമാണു്. എന്നാൽ സിംഹപരാക്രമിയായ ആ മഹാനെ പലപ്പോഴും ഗദ്ഗദകണ്ഠനും ബാഷ്പധാരാവിലാംഗനുമാക്കിയിട്ടുള്ള ജോസഫയിൻ എന്ന അദ്ദേഹത്തിന്റെ ധർമ്മപത്നിയെപ്പററി അധികംപേർ അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. ശോകസങ്കലിതമായ ഒരു ജീവിതസായാഹ്നംകൊണ്ടു്, അനന്തരപരമ്പരകളായ ചരിത്രാന്വേഷികളുടെ ഹൃദയ തളിമങ്ങളെ സന്താപമയമാക്കുന്ന ജോസഫയിന്റെ ചരിത്രം കരുണരസസ്ഫൂർത്തിയിൽ ഭാവനാസൃഷ്ടങ്ങളായ കല്പിതകഥകളെപ്പോലും അധഃകരിക്കുന്നതാണെന്നു പ്രാരംഭത്തിൽതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഫ്രാൻസിലെ വിപ്ളവകാരികളോടെതിർത്തു്, യുദ്ധത്തിൽ മരിച്ചപിതാവിന്റെ ഖഡ്ഗം തിരിച്ചുകിട്ടണമെന്നുള്ള അഭ്യർത്ഥനയോടുകൂടി സുഭഗനായ ഒരു ബാലൻ സേനാനായകനായ നെപ്പോളിയന്റെ മുമ്പിൽ ഒരിക്കൽ പ്രത്യക്ഷനായി. ആ ബാലന്റെ അന്യാദൃശമായ ആകാരസൌഷ്ഠവും മുഖത്തു സ്ഫുരിച്ച ബാല്യാതീതമായ ധീരതയും, സർവോപരി പരേതനായ പിതാവിലുള്ള ആത്മാഭിമാനത്തോടുകൂടി അദ്ദേഹത്തിന്റെ ഖഡ്ഗം തിരിച്ചുകിട്ടണമെന്നുള്ള അവന്റെ അഭ്യർത്ഥനയുടെരീതിയും എല്ലാം നെപ്പോളിയനെ ഹഠാദു് ആകർഷിച്ചു. ആ മനോഹരബാലന്റെ ധീരമെങ്കിലും കരുണമായ അപേക്ഷയെ നിരസിക്കുവാൻ ശക്തനാകാതെ വാഠം കൊണ്ടുവന്നു് കരുണാമസൃണമായ വാക്കുകളോടുകൂടി ആ ഗംഭീരപുരുഷൻ ബാലനുദാനം ചെയ്തു. ഇത്ര സുഭഗനും സുധീരനും ആയ ബാലകനെ പ്രസവിച്ച മാതാവു ധൈര്യ

ശാലിനിയായ ഒരു മാനിനീമണി തന്നെയായിരിക്കണം എന്നൊരുവിചാരം അപ്പോൾ അദ്ദേഹത്തിനുണ്ടായി. ജന്മാന്തര സൌഹൃദാംകൊണ്ടോ എന്നു തോന്നുമാറ് അദ്ദേഹം ആ ബാലന്റെ മാതാവിനെപ്പററി അന്വേഷണം നടത്തി. എന്തിന്, ഏറെത്താമസിയാതെ അദ്ദേഹം ആ മാതാവിന്റെ ഗൃഹത്തിലെ ഒരു സന്ദർശകനായിത്തീൎന്നു. വിധവയായ ആ സ്ത്രീരത്നമാകട്ടെ നമ്മുടെ ജീവചരിത്രനായകിയായ ജോസഫയിനല്ലാതെ മററാരുമായിരുന്നില്ല.

പ്രകൃതിദേവിയുടെ സൗന്ദര്യകേന്ദ്രമായ വെസ്റ്റിൻഡീസിലെ മാട്ടനിക്ക് ദ്വീപിൽ 1766-ാമാണ്ടു് ഈ സുന്ദരീമണി സംജാതയായി. ഫ്രാൻസിന്റെ ദക്ഷിണഭാഗത്തു പുരാതനമായ ഒരു ഉൽകൃഷ്ട കുടുംബത്തിന് അനന്തരകാലങ്ങളിൽ പററിയ ക്ഷീണാവസ്ഥമൂലം പ്രസ്തുത ദ്വീപിനെ അഭയം പ്രാപിക്കേണ്ടിവരുകയും, ആ കുടുംബത്തിൽ ഐശ്വൎയ്യദേവതയുടെ പിന്നീടുണ്ടായ കടാക്ഷത്തിനു പ്രത്യക്ഷ ലക്ഷ്യമായി ഈ ഭാഗ്യവതി ജനിക്കുകയും ചെയ്തതാണ്. യൂറോപ്പിൽനിന്നു അതിദൂരമായ ഒരു സ്ഥലത്താണ് ജനിച്ചതെങ്കിലും, പരിഷ്കൃതാശയരും സമ്പന്നന്മാരും ആയ അനവധി പ്രഭുക്കന്മാരുടെ അധിവാസരംഗമായിരുന്നതിനാൽ ഒരു യൂറോപ്യൻ സംവരണത്തിൽ തന്നെ ഈ ജീവചരിത്രനായികയ്ക്കു വളരുവാൻ സാധിച്ചു.

ഉദ്ദേശം പതിനാറു വയസ്സായപ്പോൾ, വൈക്കൌണ്ടു് അലക്സാണ്ഡർ എന്നൊരുപ്രഭുകുമാരൻ ഈ തരുണിയെ കല്യാണം കഴിച്ചു. അവരുടെ ദാമ്പത്യ ജീവിതത്തിന്റെ ശാശ്വത സമ്പത്തായി യൂജൻ എന്നൊരു പുത്രനും ഹാട്ടൻസ് എന്നൊരു പുത്രിയും ജാതരായി. ചരിത്രപ്രസിദ്ധമായ പരന്ത്രീസ് കലാപത്തിലകപ്പെട്ടു് ഈ കുഞ്ഞുങ്ങളുടെ പിതാവു മരിച്ചുപോയതിനാൽ ഈ ചെറുകുടുംബം പലവിധ കഷ്ടതകൾ അനുഭവിച്ചുകൊണ്ടു് പാരീസ് നഗരത്തിൽ കുറെക്കാലം താമസിച്ചു. ഇക്കാലത്താണ് പാരിസിലെ അക്രമികളെ അമൎത്തി പ്രശസ്തി സമ്പാദിച്ചിരുന്ന നെപ്പോളിയനുമായി മേൽകാണിച്ച വിധം ജോസഫയിൻ പരിചയപ്പെട്ടതു്.

ആദ്യത്തെ സന്ദശ്നത്തിൽതന്നെ ആ സൌന്ദയ്യമകരന്ദ ത്തിൻെറ സംഭാഷണചാതുയ്യവും പെരുമാററത്തിൻെറ വൈ ശിഷ്ട്യവും നെപ്പോളിയനെ അപഹൃതചിത്തവൃത്തിയാക്കി. അദ്ദേഹം തൻെറ ഉദ്ദേശ്യം തുറന്നു പ്രസ്താവിച്ചു. തൻെറ രണ്ടു കുട്ടികളുടെ രക്ഷയ്ക്കുകൂടി പര്യാപ്തമാകുന്ന ഒരു വിവാഹബന്ധമാണ് ഉണ്ടാകാൻ പോകുന്നതെന്ന് ബോദ്ധ്യം വരുന്നതുവരെ അവർ അനുകൂലമായ മറുപടിയൊന്നും പറ ഞ്ഞില്ല. ഒടുവിൽ ഗാഢവിചിന്തനത്തിനുശേഷം 1796 മാർ ച്ചുമാസത്തിൽ അവരുടെ വിവാഹകമ്മം ആഡംബരപുര സ്സരം ആഘോഷിക്കപ്പെട്ടു. ആദ്യഭത്താവിൻെറ അകാല മരണം മൂലം പരിതപ്തമാനസയായി കാലയാപനം ചെയ്തി രുന്ന ജോസഫയിന് പ്രകാശപൂണ്ണവും ഉന്മേഷസമ്മോഹ നവും ആയ ഒരു നവ്യജീവിതപ്രഭാതം സമാഗതമായി.

II

രാജവംശങ്ങളെല്ലാം തട്ടിത്തകത്ത് പ്രജാധിപത്യം ലോ കമെങ്ങും സ്ഥാപിക്കണമെന്നുള്ള ആദശം ഫ്രഞ്ചുവിപ്ലവ ത്തോടൊത്ത് യൂറോപ്പുമുഴവനും വ്യാപിച്ചുകൊണ്ടിരുന്ന കാല മായിരുന്നു അത്. സിംഹാസനവൈരികളായ വിപ്ലവകാരി കളെ ഗളഹസ്തം ചെയ്യുന്നതിന് ധൃതകങ്കണരായി യൂറോപ്യൻ രാജാക്കന്മാർ ഐകമത്യത്തോടുകൂടി പ്രവത്തിച്ചുതുടങ്ങി. അതിനാൽ ഐക്യകക്ഷികളുടെ സഹായം അവലംബിച്ചു ആസ്ട്രിയായിലെ രാജശക്തി ഇററലിയെ ആക്രമിച്ചപ്പോഠം ഫ്രാൻസിലെ പുതിയ ഭരണകൂടം നെപ്പോളിയനെ സൈന്യ സമേതം അങ്ങോട്ടയച്ചു. അനാഥവും അപ്രഗത്ഭവും ആയി ക്കിടന്നിരുന്ന ഫ്രഞ്ചുസൈന്യം നെപ്പോളിയൻെറ നേതൃ ത്വത്തിൽ അവിടെ അനേകം വിജയങ്ങഠം സമ്പാദിച്ചതു കേട്ട് ജനങ്ങളെല്ലാം അത്ഭുതപരവശരായി. അശനശയനാദി കഠം വെടിഞ്ഞു സദാ ആയുധപാണിയും അശ്വാരൂഢനുമായി പത്തുമാസത്തോളം പോക്കളത്തിൽ താമസമാക്കിയിരുന്ന ആ ഘട്ടത്തിൽപോലും, വീരമാണിക്യമെന്നോണം പ്രേമവാ രിരാശിയും ആയിരുന്ന നെപ്പോളിയൻ തൻെറ പ്രിയപത്നി ക്ക് കൂടക്കൂടെ കത്തുകഠം എഴുതി അയക്കാറുണ്ടായിരുന്നു.

അവ ഹ്രസ്വവും ദ്രുതരചിതവും ആയിരുന്നു, എങ്കിലും ഏതെഴുത്തിൻെറ ഏതു വരിയിലും പരിപാവനമായ പ്രേമത്തിൻെറ സ്ഫുരണങ്ങൾ പ്രത്യക്ഷമായി കാണാവുന്നതാണ്. യൂറോപ്പിലെ സുന്ദരികളിൽ പ്രഥമഗണനീയയായ ജോസഫയിനുമായി പരിചയം സമ്പാദിക്കുവാൻ ആ ഭൂഖണ്ഡത്തിൻെറ നാനാഭാഗങ്ങളിലും നിന്ന് അനവധി മഹതീമഹാന്മാർ വന്നുകൊണ്ടിരുന്നു. തന്മൂലം നെപ്പോളിയൻെറ സ്വാധീനശക്തി ക്രമാതീതമായി വൎദ്ധിച്ചു. "ഞാൻ യുദ്ധത്തിൽ രാജ്യങ്ങൾ പിടിച്ചടക്കുന്നു. ജോസഫൈനാകട്ടെ അനവധി ഹൃദയങ്ങൾ സ്വാധീനപ്പെടുത്തുന്നു." എന്നു അദ്ദേഹംതന്നെ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

പൗരസ്ത്യരാജ്യങ്ങളിൽ ഒരു ഫ്രഞ്ച് സാമ്രാജ്യം സ്ഥാപിച്ച് അതിൻെറ ചക്രവത്തിപദം ആളുവാൻ ആഗ്രഹിച്ച നെപ്പോളിയൻ ഉദ്ദേശ്യസിദ്ധിക്കുള്ള പ്രാരംഭപരിപാടിയായി ഈജിപ്ററ് പിടിച്ചടക്കുന്നതിനു നിശ്ചയംചെയ്തു. ഒന്നരവത്സരത്തോളം കാലം അദ്ദേഹം അവിടെ താമസിച്ച് പല യുദ്ധങ്ങളും നടത്തിയെങ്കിലും സ്വദേശത്ത് പലതരം കലാപങ്ങൾദിനംപ്രതി സംഭവിച്ചു കൊണ്ടിരുന്നതുകൊണ്ടു ഗത്യന്തരമില്ലാതെ അദ്ദേഹം തിരിച്ചുവന്നു.

ഇതിനിടയ്ക്ക് ആ ദമ്പതികളുടെ ജീവിതത്തിൽ വലിയ കുഴപ്പങ്ങൾ വരുത്തുന്നതിനു പൎയ്യാപ്തമായ ചിലസംഭവങ്ങൾ ഉണ്ടായി. നെപ്പോളിയൻ ഈജിപ്റ്റിലായിരുന്നപ്പോൾ അദ്ദേഹത്തിന് പേരുവയ്ക്കാത്ത ചില കത്തുകൾ കിട്ടിയതിൽ അദ്ദേഹത്തിൻെറ അസന്നിധാനത്തിൽ ജോസഫയിൻ നയിച്ചുകൊണ്ടിരുന്ന ജീവിതരീതിയെ അത്യന്തം ആക്ഷേപിച്ചിരുന്നു. ചെറുപ്പക്കാരും ദുർവൃത്തന്മാരുമായ പ്രഭുജനങ്ങളുടെ സദസ്സുകളിൽ മോഹിനിവേഷം ചമഞ്ഞും, ലോകാ മിർട്ടിയും അവർ ദിനരാത്രങ്ങൾ കഴിച്ചിരുന്നതായാണ് ആ എഴുത്തുകളിൽ വൎണ്ണിച്ചിട്ടുണ്ടായിരുന്നത്. ശുദ്ധാത്മാവായ നെപ്പോളിയൻ നിർഭാഗ്യവശാൽ അവയെല്ലാം അക്ഷരം പ്രതി വിശ്വസിച്ചിരുന്നു. അത്യന്തം ക്ഷുഭിതനും, ക്രൂദ്ധനുമായി നെപ്പോ

യൻ തന്റെ മന്ദിരത്തിൽ തിരിച്ചെത്തി. നെപ്പോളിയന്റെ ആഗമവൃത്താന്താകേട്ട ജോസഫയിൻ അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി തലസ്ഥാനത്തുനിന്നും അനേകം മൈൽ ദൂരമുള്ള തുറമുഖത്തേക്കു തിരിച്ചു; എന്നാൽ ജോസഫയിൻ അവിടെ എത്തുന്നതിനുമുമ്പായി നെപ്പോളിയൻ മറെറാരു മാൎഗ്ഗത്തിൽക്കൂടി രാജധാനിയിൽ എത്തിക്കഴിഞ്ഞിരുന്നു. ജോസഫയിൻ നിരാശയും സംഭ്രമവുംകൊണ്ടു് വിവൎണ്ണയായിട്ടാണു് കൊട്ടാരത്തിൽ പ്രത്യക്ഷപ്പെട്ടതു്. അവരോടു് കഠോരമായ ഒരു മനോഭാവത്തോടുകൂടി നെപ്പോളിയൻ തന്റെ മുറിയിൽ ഇരുന്നു. എന്നാൽ ജോസഫയിൻ മുറിയിലേക്കു പ്രവേശിച്ചു കഴിഞ്ഞപ്പോൾ നെപ്പോളിയന്റെ സകല പാരുഷ്യങ്ങളും ഹൃദയത്തിൽ നിന്നും മാറിപ്പോയി. എന്നിട്ടും അദ്ദേഹം ജോസഫയിനോടു് ലേശവും ദാക്ഷിണ്യം പുറമേ കാണിച്ചില്ല. രണ്ടുമൂന്നുദിവസം ഇങ്ങനെയിരുന്നതിനിടയ്ക്കു് അദ്ദേഹത്തിന്റെ അബദ്ധധാരണകൾ നീങ്ങിത്തുടങ്ങി. അദ്ദേഹം എഴുതിയ എഴുത്തുകളെപ്പററിയും അവയിൽ വല്ല കൃത്രിമവും അന്തർഭവിച്ചിട്ടുണ്ടോ എന്നും ആലോചിക്കാൻ അവസരം ലഭിച്ചു. ഒടുവിൽ അദ്ദേഹത്തിനു് പരമാൎത്ഥങ്ങൾ ബോധപ്പെട്ടു; ദമ്പതികൾ വീണ്ടും ഐക്യം പ്രാപിച്ചു.

രണ്ടു മൂന്നു ദിവസത്തെ മൗനത്തിനുശേഷം ആ ദമ്പതികൾ വീണ്ടും യോജിക്കുകയുണ്ടായി. ഇത്തരം അബദ്ധങ്ങൾ പിണയാതെ മേലാൽ സൂക്ഷിച്ചുകൊള്ളാമെന്നു് നെപ്പോളിയൻ നിശ്ചയിക്കുകയും ചെയ്തു.

ഫ്രാൻസിലെ അക്രമികളെയെല്ലാം അമൎത്തി ശത്രുവൎഗ്ഗത്തിനു് ആധി വളൎത്തി നെപ്പോളിയൻ ബോണപ്പാർട്ടു് പഞ്ചമിച്ചന്ദ്രനെന്നോണം വളൎന്നുകൊണ്ടിരുന്നു. ഒരു ഉത്തമ രാജ്യഭരണ തന്ത്രജ്ഞനു വേണ്ടുന്ന സകല ഗുണങ്ങളും അഭംഗുരമായി വിളങ്ങിയിരുന്ന ആ മഹാപുരുഷനിൽ സർവ്വാധിപത്യം സമൎപ്പിച്ചുകൊണ്ടു് ഫ്രഞ്ചു ജനത അദ്ദേഹത്തെ "കാൺസൽ" സ്ഥാനത്തേക്കു ഉയൎത്തി; അതുകൊണ്ടുമാത്രം തൃപ്തരാകാതെ അവർ അദ്ദേഹത്തിൽ ആയുഷ്കാലപൎയ്യന്തം ആ

മഹൽ സ്ഥാനം നിക്ഷേപിച്ചു. എന്നിട്ടും തൃപ്തരാകാതെ അവർ പൊതുജന വോട്ടെടുപ്പു മുഖേന അദ്ദേഹത്തെ ചക്രവർത്തി സ്ഥാനത്തു് പ്രവേശിപ്പിക്കുകയും ചെയ്തുവത്രെ.

1804 ഡിസംബർ 2-ാംനു- നടത്തപ്പെട്ട കിരീടധാരണ മഹോത്സവത്തിൽ ചക്രവർത്തിനിയായി ജോസഫയിൻ പ്രഖ്യാപനം ചെയ്യപ്പെട്ടു. അവൾക്കായി ഒരുക്കിവച്ചിരുന്ന കിരീടം പോപ്പിന്റെ സന്നിധാനത്തിൽ വച്ചു് ഭർത്താവു, തന്റെ മുമ്പിൽ മുട്ടുകുത്തി നിന്ന ഭാര്യയുടെ ശിരോദേശം അലങ്കരിച്ചപ്പോൾ അവർ പ്രേമവിഹ്വലയായി പ്രിയ ഭർത്താവിനെ ഒന്നു നോക്കി. അതിന്റെ സാരം മനസ്സിലാക്കിയ നെപ്പോളിയൻ പ്രത്യവലോകനം ചെയ്തു് പ്രേയസിയെ പ്രശാന്തയാക്കാൻ ശ്രമംചെയ്തു എങ്കിലും വികാരോദ്ദീപകങ്ങളായ ആ സംഭവങ്ങളാൽ തരളിതഹൃദയയായിത്തീർന്നുപോയ ആ അബലാമണി പൊട്ടിക്കരഞ്ഞുപോകയാണു് ചെയ്തതു്.

ഭാഗ്യസമ്പന്നരായ ആ ദമ്പതിമാരുടെ ജീവിതാകാശമണ്ഡലത്തിൽ ഒരു വിചാരമേഘം പ്രത്യക്ഷപ്പെട്ടു അവരുടെ ആനന്ദചന്ദ്രനെ അസ്തപ്രഭനാക്കാറുണ്ടായിരുന്നു. ജോസഫയിനു നെപ്പോളിയനിൽ യാതൊരു സന്താനവും ജനിക്കാതിരുന്നതു് അവൾക്കു മാത്രമല്ല രാജ്യനിവാസികൾക്കും വ്യാകുലതയുണ്ടാക്കി. നെപ്പോളിയന്റെ കാലശേഷം ഫ്രാൻസിനെ ഭരിക്കുന്നതിനു് ഒരു അനന്തരാവകാശിയെ കണ്ടുപിടിക്കാൻ ജനങ്ങൾ ഉല്ക്കണ്ഠിതരായി. തന്റെ പ്രാണപ്രിയയെ പരിത്യജിച്ചിട്ടു് ഒരു രാജകുമാരിയെ കല്യാണം കഴിക്കുന്ന കാര്യം ആലോചിക്കുവാൻ പോലും ചക്രവർത്തിക്കു കഴിഞ്ഞിരുന്നില്ല. ജോസഫയിനാകട്ടെ, ഇതരസ്ത്രീയുമായി സ്വകാന്തനു് ഒരു ഭാര്യാബന്ധം ഉണ്ടാകുമോയെന്നോർത്തു് സദാ വിഷാദമഗ്നയാകാറുണ്ടായിരുന്നുതാനും. എന്നാൽ ഈ ഘട്ടങ്ങളിലും നെപ്പോളിയൻ പ്രദർശിപ്പിച്ചുകൊണ്ടിരുന്ന പ്രണയം അന്യാദൃശമെന്നേ പറയേണ്ടൂ. സമരഭൂമികളിൽ നിൽക്കുമ്പോൾപോലും ദിവസന്തോറും ചിലപ്പോൾ മണിക്കൂർതോറും തന്റെ പ്രിയപത്നിക്കു് കത്തുകളും സന്ദേശങ്ങളും അയച്ചുകൊടുക്കാതെ അദ്ദേഹം സമാധാനപ്പെട്ടിരുന്നില്ല.

III

ചക്രവൎത്തിയുടെ പുനൎവിവാഹപ്രശ്നം, അഥവാ ജോസഫയിൻെറ വിവാഹമോചന സംഗതി ജനങ്ങളുടെ ഇടയ്ക്കു പ്രാധാന്യം അൎഹിച്ചുകൊണ്ടിരുന്നതേയുള്ളു. സകല സൽഗുണ സമ്പൂൎണ്ണയും ജീവിതാനന്ദ സന്ദായിനിയും ആണെങ്കിലും ജോസഫയിനെ സ്വരാജ്യത്തെക്കാൾ കൂടുതലായി സ്നേഹിച്ചിരുന്ന ആളല്ല നെപ്പോളിയൻ. പ്രജാസഞ്ചയത്തിൻെറ ക്ഷേമത്തിനായി പ്രണയിനിയുമായുള്ള വിവാഹബന്ധം വേർപെടുത്താൻ തന്നെ അദ്ദേഹം അവസാനമായി നിശ്ചയം ചെയ്തു. തൻെറ 40-ാമത്തെ വയസ്സിൽ പൊതുജന മദ്ധ്യത്തുവച്ചു ആ ഘോരകൎമ്മം അദ്ദേഹം അനുഷ്ഠിക്കുകയും ചെയ്തു.

ഒരിക്കലും വിഘടിതമാകാത്തവിധം പ്രേമശൃംഖല കൊണ്ടു് ഘടിച്ചിരുന്ന ആ ദമ്പതിമാരുടെ വിയോഗരംഗങ്ങൾ പോലെ അത്ര ഹൃദയസ്പൃക്കമായ രംഗങ്ങൾ ലോകത്തു് രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്നതു എത്രയോ വാസ്തവം! ഗദ്ഗദസ്വരത്തിൽ അശ്രുകലുഷിതനേത്രങ്ങളോടുകൂടി നെപ്പോളിയൻ ആദ്യമായി ആ സംഗതി ഇപ്രകാരമാണു് സ്വപത്നിയോടു പറഞ്ഞതു്:—

"പ്രിയപ്പെട്ട എൻെറ ജോസഫയിൻ, ഞാൻ നിന്നെ എത്ര ഹൃദയംഗമമായി സ്നേഹിക്കുന്നുണ്ടെന്നുള്ളതു് നിനക്കറിയാമല്ലോ. ലോകത്തിൽ ഞാൻ സുഖം എന്നുള്ളതു എപ്പോഴെങ്കിലും അറിഞ്ഞിട്ടുണ്ടെങ്കിൽ അതു പ്രേമഭാജനമായ നിന്നോടുകൂടിയിരുന്നിട്ടുള്ളപ്പോൾ മാത്രമാണു്. പ്രിയേ! വിധിബലം എൻെറ മനസ്സിൻെറ ശക്തിയെ ജയിച്ചിരിക്കുന്നു. എൻെറ പ്രിയതരങ്ങളായ ഇച്ഛകളും പ്രേമവും എല്ലാം ഫ്രാൻസിൻെറ ഉൽക്കൎഷത്തെപ്പററിയുള്ള വിചാരത്തിനു കീഴടങ്ങാതെ തരമില്ല."

ഈ ആശയഗരളം ഉള്ളിലേക്കു പാഞ്ഞക്ഷണത്തിൽ ആ സാദ്ധ്വി മൂർച്ഛിതയായി നിലംപതിച്ചു. അന്നത്തെ രാത്രി മുഴുവൻ നിദ്രാവിഹീനനായി ചക്രവൎത്തി കഴിച്ചുകൂട്ടി.

പരസ്യമായി വിവാഹമോചനം നടത്തപ്പെട്ട ഘട്ടത്തിൽ ചക്രവത്തിനി ഇപ്രകാരം പ്രസ്താവിച്ചു:—

"ഈ സാമ്രാജ്യസ്ഥാപകനായ മഹാപുരുഷൻെറ സന്താനപരമ്പരകരംതന്നെ ഫ്രാൻസിനെ ഭരിക്കകയെന്നുള്ള മഹാഭാഗ്യത്തിനു ബാധകമായി നിൽക്കുന്ന ഈ വിവാഹബന്ധം വേർപെടുത്തുന്നതിനുള്ള എൻെറ ഭത്താവിൻെറ പരിശ്രമത്തെ ഞാൻ ഹാൎദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. എന്നാൽ ഈ വിവാഹമോചനം എനിക്കു അദ്ദേഹത്തോടുള്ള സ്നേഹബന്ധത്തിനു യാതൊരു ഹാനിയും ഉണ്ടാക്കുന്നതല്ല എന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളട്ടെ. രാജ്യനന്മയിലുള്ള അത്യാദരവാൽ പ്രേരിതമായ ഈ പ്രവൃത്തി ചക്രവത്തിയെ എത്രമാത്രം വേദനപ്പെടുത്തിട്ടുണ്ടെന്നു എനിക്കു നല്ലതുപോലെ അറിയാം. എന്നാൽ ഒരു മഹാരാജ്യത്തിൻെറ ഭാവിരക്ഷയ്ക്കു വേണ്ടി ഞങ്ങരംക്കു ചെയ്യുവാൻ സാധിക്കുന്ന ഈ ത്യാഗകൎമ്മത്തിൽ ഞങ്ങരംരണ്ടുപേരും അത്യന്തം അഭിമാനിക്കുകതന്നെ ചെയ്യുന്നു."

IV

പരിത്യാഗത്തിനുശേഷം, ഇവർ ആജീവനാന്തം പുലർത്തിക്കൊണ്ടിരുന്ന ആ പ്രേമബന്ധം ഹൃദയാവജ്കമെന്നേ പറയേണ്ടു. ചക്രവത്തിനിയുടെ പദവികളെല്ലാം ആ വനിതാമണിക്കു ഗവണ്മെൻറു അനുവദിച്ചുകൊടുത്തിരുന്നു. "മാൽമേയ്സൺ" കൊട്ടാരത്തിൽ അനാഡംബരയും സാധുജനപരിചരണോത്സ്സുകയും ആയി അവർ ജീവിതം നയിച്ചു. സ്വ ഭത്താവ് ആ കൊട്ടാരത്തിൽ താമസിച്ചിരുന്ന കാലത്ത് ഉപയോഗപ്പെടുത്തിയിരുന്ന മനോഹരമായ മണിമച്ചിനെ ഒരു വിശുദ്ധദേവാലയംപോലെ പാവനമായി കരുതി അവർ ബഹുമാനിച്ചു സൂക്ഷിച്ചു. അന്യരെ ആ പുണ്യസ്ഥലത്തു ക[illegible]ക്കാൻ അനുവദിച്ചിരുന്നില്ല. ചക്രവത്തി ഒടുവിൽ ആ സ്ഥലം വിട്ടപ്പോരം അവിടെ വച്ചിരുന്ന സകല സാമാനങ്ങളും യഥാസ്ഥാനങ്ങളിൽസൂക്ഷിക്കപ്പെട്ടിരുന്നു. അവയെല്ലാം ശു[illegible]യായി സൂക്ഷിക്കുന്നതിനു പരിചാരികമാരെ നിയമിക്ക[illegible]

സ്വഹസ്തങ്ങൾ കൊണ്ടുതന്നെ ആ കർമ്മം അവർ നിർവ്വഹിച്ചു വന്നു. ഒരൊററസാധനംപോലും അതിൻെറ സ്ഥാനത്തുനിന്നു മാററുന്നതിന്ന് സമ്മതിച്ചിരുന്നില്ല. അദ്ദേഹം ഒടുവിലായി വായിച്ചുകൊണ്ടിരുന്ന ചരിത്രഗ്രന്ഥം അതേപടിതന്നെ സ്ഥിതിചെയ്യുന്നു. എഴുതുന്നതിന്ന് ഉപയോഗിച്ചിരുന്നപേനയും ഒടുവിൽ എഴുതിയിട്ട ഏതുനിലയിൽ വച്ചിരുന്നുവോ അതേ നിലയിൽ ആ ഗ്രന്ഥത്തിന്നസമീപമായുണ്ട്. നെപ്പോളിയൻ ഒടുവിൽ അവിടെയായിരുന്നപ്പോൾ മാറിയിട്ട ഉടുപ്പുകളും മററു വസ്ത്രങ്ങളും അദ്ദേഹം തൂക്കിയിട്ടിരുന്ന വിധത്തിൽ ഭദ്രമായി അവിടെ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കൃത്രിമമായ ഒരു ബന്ധവിച്ഛേദം പ്രകൃത്യാ ഉള്ള പ്രണയത്തെ പ്രമാർജ്ജനം ചെയ്യുന്നതിന്ന ഒരിക്കലും ശക്തമല്ല. ആസ്റ്റ്രിയൻ രാജകുമാരിയായ മേരിയാലൂയിസായെ വിവാഹംകഴിച്ചു എങ്കിലും അദ്ദേഹത്തിന്ന് ഈ മാനിനീമണിയെ കൂടക്കൂടെ കാണാതെയും കത്തുകളയക്കാതെയും ജീവിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. പ്രേമലോലഹൃദയനായ നെപ്പോളിയൻ പലപ്പോഴും "മാൽമേയ്സ"ണിലേക്കു പരസ്യയാത്രകൾതന്നെ ചെയ്തിട്ടുണ്ട്. അവർ തമ്മിലുണ്ടായ ഒരു കൂടിക്കാഴ്ചക്കുശേഷം അദ്ദേഹം ഇപ്രകാരം എഴുതുകയാണ്:—

"പ്രേമസർവ്വസ്വമേ! ഇന്നു നീ വളരെ ക്ഷീണയായിട്ടാണ് കാണപ്പെട്ടത്. നമ്മളുടെ അത്യാഹിതത്തിൽ നീ പ്രദർശിപ്പിച്ച ധൈര്യം സ്തുത്യർഹം തന്നെ. സന്താപസമ്മിശ്രമായ ചിന്താപരമ്പരകൾക്കു് നീ ഒരിക്കലും വശംവദയാകരുതേ. എപ്പോഴും സമാധാനചിത്തയായിരിക്കാൻ ശ്രമിക്കണം. ഞാൻ അമൂല്യമായി കരുതിയിട്ടുള്ള നിൻെറ ആരോഗ്യത്തെ നീ പ്രത്യേകം സൂക്ഷിക്കണം. എന്നെ നീ സ്നേഹിക്കുന്നുണ്ടെങ്കിൽ നിരുന്മേഷയായിരിക്കാതെ സന്തോഷചിത്തയായിരിക്കുവാൻ ശ്രമിക്കുക. നീ വ്യാകുലപ്പെട്ടിരിക്കുമ്പോൾ എനിക്കു സന്തോഷിക്കുന്നതിനോ നീ സംഭ്രമിച്ചിരിക്കുമ്പോൾ എനിക്കു സമാധാനബദ്ധയായിരിക്കാനോ സാദ്ധ്യമല്ലെന്ന് ഞാൻ പ്രത്യേകം പറയേണമോ? പ്രിയേ! ഞാൻ തല്ക്കാലം

യാത്രപറയട്ടെ. നീ ശരിയായി ഉറങ്ങണം. ഇതൊക്കെയും ഞാൻ ആത്മാൎത്ഥമായി ഇച്ഛിക്കുന്നു.''

എന്നു്
സ്വന്തം നെപ്പോളിയൻ

നെപ്പോളിയന്നു് സ്വപത്നിയിൽ 1811 മാൎച്ച് 19-ാംനു- ഒരു ആൺകുഞ്ഞു ജനിച്ച വാൎത്ത കേട്ടപ്പോൾ ചുററുമുണ്ടായിരുന്ന അതിഥികളോടു ജോസഫയിൻ ഇപ്രകാരം പറഞ്ഞു:— "സ്നേഹിതരേ! നമുക്കു ഈ ശുഭാവസരത്തെ ആഡംബരപൂൎവ്വം ആഘോഷിക്കണം. ഈ സംഭവത്തിൻെറ ഓൎമ്മക്കായി ഞാൻ നിങ്ങൾക്കെല്ലാവൎക്കും ഒരു വിരുന്നു സല്ക്കാരം ചെയ്യുന്നുണ്ടു്.'' ആ ജനനവാൎത്തകൊണ്ടുവന്ന ആളിന്നു് അവർ ഒരു ''ബ്രൂസ്റ്റ്പി''ന്നും ആയിരം സ്വൎണ്ണനാണയവും സമ്മാനിച്ചുവത്രെ !

ആ കുഞ്ഞിനെ ഒന്നു കാണ്മാൻ കൊതിച്ചുകൊണ്ടു ജോസഫയിൻ വളരെ തവണ അപേക്ഷിച്ചിട്ടും മേരിയാലൂയിസാ കൊടുത്തയച്ചില്ല. ആ സ്ത്രീക്കു് സ്നേഹത്തിൻെറ വ്യാപ്തിയോ ശക്തിയോ അശേഷം അറിഞ്ഞുകൂടായിരുന്നു. ഒടുവിൽ നിൎബ്ബന്ധത്തോടുകൂടി നെപ്പോളിയൻ ആ രാജകുമാരനെ തൻെറ പ്രഥമപത്നിയുടെ അടുക്കലേക്കു കൊണ്ടുപോയപ്പോൾ അവർ പുറപ്പെടുവിച്ച ആഹ്ലാദം അവൎണ്ണനീയമെന്നേ പറയേണ്ടൂ. അന്നത്തെ സന്ദൎശനത്തിനുശേഷം ജോസഫയിൻ ഇപ്രകാരം എഴുതുന്നു:—''എനിക്കു് ഒരു കുട്ടിയെ കാണ്മാനുള്ള അത്യാശകൊണ്ടു മാത്രമല്ല ഞാൻ കുമാരനെ കാണുന്നതിനിത്ര മോഹിച്ചതു്. അവൻെറ ഛായ എൻെറ മനസ്സിൽ പതിക്കുക, പിതാവിൻെറ സ്വരത്തോടു സാദൃശ്യമുള്ള അവൻെറ മധുരസ്വരം ഒന്നു കേൾക്കുക, അവിടന്നു് ഒരു കുഞ്ഞിനെ ഓമനിക്കുന്ന മനോഹരക്കാഴ്ചകണ്ടു ആനന്ദിക്കുക, എൻെറ കുഞ്ഞുങ്ങളോടു അവിടന്നു കാണിച്ചിട്ടുള്ള അതിരററ വാത്സല്യം സ്വല്പമെങ്കിലും അനുകരിക്കുക ഇത്യാദി പല കാൎയ്യങ്ങൾക്കും വേണ്ടിയാണു് ഞാൻ അവനെ കാണ്മാൻ ആഗ്രഹിച്ചതു്. അവിടത്തെ കൈയിൽ എടുത്തിരുന്ന ... ചെറുനെപ്പോളിയനേയും കൊണ്ടു് അവിടന്നു് കയറിവന്ന ...

നിമിഷമായിരുന്നു എൻെറ ജീവിതത്തിലെ ഏററവും ആന ന്ദപ്രദമായ സമയം. ഞാൻ മുമ്പ് അനുഭവിച്ചിട്ടുള്ള സകല ദുഃഖങ്ങളും ആ അവസരത്തിൽ വിസ്മൃതങ്ങളായി.'' പ്രേമ ത്തിൻെറ സമ്മോഹനീയത ഏതെല്ലാം വിധത്തിൽ പ്രത്യക്ഷ പ്പെടുന്നു! പ്രാണേശ്വരനെ സംബന്ധിക്കുന്ന സകലരോടും സകലത്തിനോടും ഈ പ്രേമസർവ്വസ്വത്തിനു സ്നേഹംതന്നെ!!

V

തൻെറ വിവാഹമോചനകാര്യം ആലോചനയിലിരുന്ന കാലത്ത് തീവ്രവേദനയോടുകൂടിയിരുന്ന ജോസഫയിൻ ഒരു രാത്രി ഭർത്താവിനെ ഒരു ജന്നൽ വാതുക്കൽ വിളിച്ചുകൊണ്ടു പോയി ഒരുനക്ഷത്രത്തെ ചൂണ്ടിക്കാണിച്ചിട്ട് ഇപ്രകാരം പറഞ്ഞു. "ആകാണുന്നതു് എൻെറ നക്ഷത്രമാണു്. അ തിൻെറ ബലം കൊണ്ടാണു് അവിടത്തേക്കു് സാമ്രാട്പദം ലഭിച്ചതു്. എന്നെ ഉപേക്ഷിക്കുകയാണെങ്കിൽ അതു വിപ രീതഫലം ചെയ്യും.''ആ പതിവ്രതാശിരോരത്നത്തിൻെറ വാക്കു കൾ അക്ഷരംപ്രതിഫലിച്ചു എന്നു അനന്തരസംഭവങ്ങൾ വെളിപ്പെടുത്തി. നെപ്പോളിയൻെറ ദ്വിതീയവിവാഹത്തിനു ശേഷം അദ്ദേഹത്തിനു അധഃപതനം വന്നുകൊണ്ടേയിരുന്നു. പലയുദ്ധങ്ങളിൽ ഏപ്പെട്ടു അദ്ദേഹം പരാജയം പ്രാപിച്ചു. ശത്രുരാജാക്കന്മാരുടെ സ്വാധീനത്തിൽ അകപ്പെട്ടു പോയ അദ്ദേഹത്തെ അവർ എൽബാദ്വീപിലേക്കു നാടുകടത്തി. അതിനു നാലുദിവസംമുമ്പു് അദ്ദേഹം ജോസഫയിനു എഴുതി അയച്ച എഴുത്തിൽ ഇപ്രകാരം കാണുന്നുണ്ടു്. "പ്രിയപ്പെട്ട ജോസഫയിൻ! ഞാനിതാ നിന്നോടു യാത്രപറയുന്നു. ഭവതി സമാധാനചിത്തയായി വിശ്രമിച്ചാലും. നിന്നെ സദാപി സ്മരിച്ചുകൊണ്ടിരിക്കുന്ന ഈയുള്ളവനെ മറന്നുകളയരുതേ''.

ദ്വീപാന്തരത്തിൽ കാരാഗൃഹവാസിയെന്നോണം താമസി ക്കുന്ന സ്വഭർത്താവിനെ ശുശ്രൂഷിക്കാനും ആശ്വസിപ്പിക്കാനും ജോസഫയിനുള്ള ആഗ്രഹം അനല്പമായിരുന്നു. എന്നാൽ രാജകുമാരിയുടെ അന്തർഗതം അറിയാതെ അവൾക്കു ഒന്നും ചെയ്യാൻ സാധിക്കുന്നതല്ലല്ലൊ. തന്നെ പരിചരണത്തിനു അനുവദിക്കണമെന്നു് കാണിച്ചു് ആ മഹതി നെപ്പോളിയനു

എഴുതി അയച്ചു. അതിലേക്ക മറുപടി ലഭിച്ചില്ല. അദ്ദേഹത്തെ ഒന്നു കാണുന്നതിനു പോലും ശത്രുക്കൾ ഭത്തൃചിന്താഗ്നിയിൽപെട്ടിരുന്ന ആ സതീരത്നത്തിന് അനുവാദം കൊടുത്തില്ല. ഖിന്നയായിത്തീൎന്ന ആ സന്നതാംഗിയുടെ ശരീരം ഇതുനിമിത്തം ഒന്നിനൊന്നുക്ഷയിച്ചു തുടങ്ങി. അവർ ഒരു രോഗിണിയായിത്തീൎന്നു. വൈദ്യവരേണ്യന്മാരുടെ വിദഗ്ദ്ധപ്രയോഗങ്ങൾ പോലും ഫലിക്കാതെ ജോസഫയിൻ ഇഹലോകവാസം വെടിയാറായി. നെപ്പോളിയന്റെ ചിത്രം മാറോടുചേൎത്തു പുണൎന്നു കൊണ്ടു ആ ഭത്തൃഭക്ത ഇപ്രകാരം അവ്യക്തമായി ഉച്ചരിച്ചു:—

"അല്ലയോ പരമകാരുണികനായ ജഗദീശ്വരാ! ഈ ലോകമഹാരണ്യത്തിൽ അങ്ങു നെപ്പോളിയനു തുണയായിരിക്കേണമേ! അദ്ദേഹം വലിയ തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിലും ഭയങ്കരകഷ്ടതകൾ അനുഭവിച്ചു. പ്രതിവിധികളും ചെയ്തിട്ടുണ്ട്. സവ്വസാക്ഷിയായ അങ്ങു അദ്ദേഹത്തിന്റെ ഹൃദയം അറിയുമല്ലൊ. പൊതുവേയുള്ള ഗുണകാംക്ഷയും ഉൽകൃഷ്ടമായ മനോഭാവവും അല്ലേ അതിന്റെ പ്രധാനഗുണങ്ങൾ? എന്റെ ഈ അന്ത്യപ്രാൎത്ഥനയെ അവിടന്നു സ്വീകരിക്കേണമേ. പ്രിയ ഭത്താവിന്റെ ഈപ്രതിമ എന്റെ അവസാനമായ പ്രാൎത്ഥനക്കു സാക്ഷ്യംവഹിക്കട്ടെ." ഭത്തൃചിന്തകൊണ്ടു മാത്രം പരിപൂരിതയായ ഈ മഹാമനസ്വിനി അവസാനമായി "എൽബാ" "നെപ്പോളിയൻ" എന്നീ ശബ്ദങ്ങൾ അവ്യക്തമായി ഉച്ചരിച്ചു കൊണ്ടു 1814–മാണ്ടു മെ മാസം 29–ാംനു ദിവംഗതയായി.

ഭത്തൃപ്രേമം കൊണ്ടു സുപ്രസിദ്ധചരിതരും സംപൂജനീയരും ആയിത്തീൎന്നിട്ടുള്ള ആദൎശവനിതമാർ ലോകത്തിൽ ദുർലഭമല്ലെങ്കിലും, ജോസഫയിനെപ്പോലെ പ്രണയബന്ധത്തിന്റെ ശോകപയ്യവസായിത്വം കൊണ്ടു ലോകത്തിന്റെ ഹൃദയം ഇത്രമാത്രം അപഹരിച്ചിട്ടുള്ള വനിതാരത്നങ്ങൾ വളരെ കുറവുതന്നെയാണെന്നു ചരിത്രകാരന്മാർ സമ്മതിക്കാതിരിക്കുകയില്ല.

വ്യ. ഡാക്ടർ സാമുവൽ ജാൺസൺ.

പി. കെ. നാരായണപിള്ള എം. എ.

സാധാരണജനങ്ങൾ ഗതാഗതികരാണ്. മററുള്ളവർ പറയുന്നതിനെ അനുസരിച്ചും, പ്രവർത്തിക്കുന്നതിനെ ശരിവെച്ചും, ജീവിക്കുന്നതിനെ അനുകരിച്ചും, കാലംകഴിക്കുകയാണ് ഇവരുടെ രീതി. പരതന്ത്രരായ ഇവരുടെ ജീവിതം ഒരു അനുകരണംമാത്രമാണ്. എന്നാൽ മഹാന്മാരിപ്രകാരമല്ല. അവർ ലോകത്തെ നയിക്കുന്നു. ലോകത്തിന് അമൂല്യങ്ങളായ ആദർശങ്ങളെ പ്രദാനംചെയ്യുന്നു. ഇങ്ങനെ പരന്മാരാൽ നയിക്കപ്പെടാതെ പരന്മാരെ നയിച്ചും, സ്വതന്ത്രമായി ചിന്തിച്ചും, കാര്യങ്ങൾ വേണ്ടവിധം ഗ്രഹിച്ചും, ലോകചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ സൃഷ്ടിച്ചും സജീവം ജീവിതം നയിക്കുന്നവരാണ് യഥാർത്ഥത്തിൽ മഹാന്മാർ. പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ ബഹുമാനിച്ചുപോരുന്ന സുഗൃഹീതനാമധേയനായ ജാൺസൺ ഇങ്ങനെയുള്ള മഹാന്മാരുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നു.

അസാധാരണമായ ഓർമ്മശക്തി.

1709 സെപ്റ്റംബർമാസം 18-ാംതീയതി "സ്റ്റാഫോർഡ്ഷയറി"ൽ 'ലിച്ഫീൽഡ്' എന്ന സ്ഥലത്താണ് ജാൺസൺ ജനിച്ചത്. മൈക്കൾ ജാൺസൺ എന്ന ഒരു പുസ്തകക്കച്ചവടക്കാരന്റെ പ്രഥമപുത്രനായി ജനിച്ച ജാൺസന്റെ ശൈശവം മററു മഹാന്മാരുടെ ക്ലേശഭൂയിഷ്ഠമായ ബാല്യദശ അനുസ്മരിപ്പിക്കുന്നതാണ്. തനിക്കു പ്രകൃത്യാ സിദ്ധിച്ചിരുന്ന മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതിന് അനുഗുണമല്ലാത്ത പരിതഃസ്ഥിതിയിൽ ജീവിച്ചാണ് ഇന്ന് ലോകത്തിന്റെ ഹാർദ്ദമായ ബഹുമാനം അർഹിക്കുന്ന ഒരു സ്ഥാനത്ത് ജാൺസൺ എത്തിയിരിക്കുന്നതെന്നുള്ള വസ്തുത അദ്ദേഹത്തെ

പ്പുററിയുള്ള ആദരവിനെ ശതഗുണീഭവിപ്പിക്കുന്നു. അദ്ദേഹത്തിൻെറ അസാമാന്യമായ ബുദ്ധിശക്തിയും അനിതരസാധാരണമായ ഓർമ്മശക്തിയും ബാല്യകാലത്തുണ്ടായ ഒരു സംഭവത്തിൽനിന്നും വ്യക്തമാണ്. ഒരു ദിവസം പ്രാർത്ഥനാപുസ്തകത്തിൽനിന്നും ഒരു ഭാഗം മുഖസ്ഥമാക്കുന്നതിന് ശിശുവായ ജാൺസനോട്ട് ആജ്ഞാപിച്ചശേഷം അദ്ദേഹത്തിൻെറ മാതാവ് മാളികമുകളിലേക്ക് പോയി. എന്നാൽ രണ്ടാം നിലയിൽ എത്തികഴിഞ്ഞപ്പോഴേയ്ക്കും തൻെറ പുത്രൻ കോണിപ്പടി കേറുന്ന ശബ്ദം ആ സ്ത്രീ കേട്ടു. മാതാവ് പുത്രനോട്ട് "എന്തെ"ന്ന് ചോദിച്ചതിനു ഉത്തരമായി താൻ ആ ഭാഗം കാണാതെ ചൊല്ലുവാൻ സന്നദ്ധനാണെന്ന് ബാലൻ ഉത്തരം പറഞ്ഞു. രണ്ടു പ്രാവശ്യത്തിൽ കൂടുതൽ വായിക്കാൻ ശിശുവിനു സൗകര്യം ലഭിച്ചിരുന്നില്ലെങ്കിലും, വളരെ വ്യക്തമായും ഇടവിടാതെയും ആ ഭാഗം മുഴുവൻ ജാൺസൺ ചൊല്ലികേൾപ്പിച്ചു.

ശിശുക്കൾക്കുവേണ്ടി "ഡേമ് ഒലിവർ" എന്ന വിധവ നടത്തിവന്ന ഒരു വിദ്യാലയത്തിലാണ് ജാൺസൺ പ്രഥമമായി വിദ്യാഭ്യാസം ചെയ്തതു്. അവിടെയാണ് ഇംഗ്ലീഷ് വായിക്കുന്നതിന് ജാൺസൺ പരിശീലിച്ചതു്. ഇതിനുശേഷം സ്വപിതാവിൻെറ ഗ്രന്ഥശാലയിലുള്ള അനവധി ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനും വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ജാൺസനു സാധിച്ചു.

ദാനവസ്തു ദൂരത്തെറിഞ്ഞു.

തൻെറ പത്തൊമ്പതാമത്തെവയസ്സിൽ ജാൺ[illegible] ഉപരിവിദ്യാഭ്യാസാർത്ഥം ആക്സ്ഫോർഡിലെ പെം[illegible] കാളെജിൽ ചേൎന്നു. പക്ഷെ ദാരിദ്ര്യം ജാൺസനെ [illegible] ബാധിച്ചു. തൻെറ കീറിപ്പറിഞ്ഞ ചെരുപ്പു പല[illegible] പരിഹാസത്തിനു വിഷയമായതു കൊണ്ടു് ജാൺസൺ [illegible] ജിൽതന്നെ പോയില്ല. ആ സാധു യുവാവിൽ [illegible]

തോന്നി ആരോ ഒരു ജോടി പുതിയ ചെരിപ്പ് വാതലിൽ വച്ചിരുന്നു. എന്നാൽ പൗരുഷമൂൎത്തിയായ ജാൺസൺ കോപത്തോടുകൂടി അതിനെ ദൂരെ വലിച്ചെറിയുകയാണ് ചെയ്തതു്. പിതാവിന്റെ നിൎദ്ധനത്വവും, തന്റെ നിസ്സഹായതയും മൂലം ജാൺസൺ ബിരുദനേടുന്നതിനു മുമ്പുതന്നെ കാളേജ്‌വിടാൻ നിൎബന്ധിതനായിത്തീൎന്നു.

ഇപ്രകാരം നിരാധാരനായി, സ്വദേശത്തെത്തിച്ചേൎന്ന ജാൺസൻ കുറച്ചുനാൾ തൊഴിലില്ലാതെ വലഞ്ഞും, അനന്തരം ഒരു സ്കൂൾ അദ്ധ്യാപകനായും, അതു കഴിഞ്ഞു ഒരു വിദ്യാലയത്തിന്റെ അധിപനായും കഴിച്ചുകൂട്ടി. ഇപ്രകാരമുള്ള ജീവിതത്തിൽ അത്യന്തം അസംതൃപ്തനായ ജാൺസൺ തന്റെ ഭാവിമേന്മയെത്തേടി ലണ്ടൻ പട്ടണത്തിലെത്തി. സാഹിത്യ പരിശ്രമം അന്നും ഇന്നും ദുൎഭിക്ഷതയെ പരിഹരിക്കുന്നതിന് പൎയ്യാപ്തമായ ഒരു മാൎഗ്ഗമല്ല. അതിനാൽ ഏതാനും പെൻസ് മാത്രമാകുന്ന ഒരു സമ്പാദ്യത്തോടുകൂടി പുത്തനായി ലണ്ടനിലെത്തിയ ജാൺസനു സ്വതൂലികാവ്യാപാരംകൊണ്ടു് നിത്യവൃത്തികഴിക്കുവാൻ വന്നുചേൎന്ന വിഷമങ്ങളെക്കുറിച്ചു നമുക്ക് ഊഹിക്കാവുന്നതാണ്. ഉദരപൂരണത്തിനു വേണ്ടി മാത്രം സാഹിത്യസംബന്ധമായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കവെയാണ് ജാൺസണ് പേരും പെരുമയും സമ്പാദിച്ചുകൊടുത്ത "ലണ്ടൻ" എന്ന പദ്യകൃതി അദ്ദേഹം 1738 ൽ പ്രസിദ്ധപ്പെടുത്തിയതു്. അനന്തരം രണ്ടുവൎഷമായി "പാർലിയമെൻറിലെ പ്രഭാഷണങ്ങൾ" എന്ന പേരോടുകൂടി, പാർലിയമെൻറ് സാമാജികന്മാരുടെ പ്രസംഗങ്ങളെന്നരീതിയിൽ, ... ഉൽകൃഷ്ടങ്ങളായ ഉപന്യാസങ്ങൾ ജാൺസൺ എഴുതി ...സ്യം ചെയ്തുകയുണ്ടായി.

നിഘണ്ടുനിൎമ്മാണം.

...747-ൽ ഭഗീരഥപ്രയത്നം കൊണ്ടു മാത്രം സാദ്ധ്യമാ...ഇംഗ്ലീഷ്‌ഭാഷാനിഘണ്ടു മൂന്നു വൎഷത്തിനുള്ളിൽ എഴു...തുന്നതിനുള്ള കാൎയ്യപരിപാടി ജാൺസൺ പരസ്യ

പ്പെടുത്തി. ഈ മഹാസാഹസത്തെ വലയം ചെയ്യുന്ന ഒരു രസപ്രദമായ കഥയുണ്ട്. ഡാക്ടർ ആഡംസ് ഒരു അഭിമുഖസംഭാഷണത്തിൽ, നാല്പതു പേർ നാല്പതുവർഷം പ്രയത്നിച്ചതിൻെറ ഫലമായാണ് ഫ്രഞ്ച് നിഘണ്ടു ഉണ്ടായതെന്നിരിക്കെ, ഇത്ര ഗൗരവമായ ശബ്ദകോശ രചന ഒരാൾ മൂന്നു വർഷം കൊണ്ട് എങ്ങനെയാണ് തീർക്കുന്നതെന്നു ചോദിച്ചു. അതിനുത്തരമായി "മൂന്ന് ഇംഗ്ലീഷുകാരും ആയിരത്തി അറുനൂറു ഫ്രഞ്ചുകാരും തുല്യമാണെ"ന്ന് ഏററവും രസകരമായി ജാൺസൺ ഉത്തരം പറഞ്ഞുവത്രെ!

ഈ ഭീമമായ പ്രസിദ്ധീകരണത്തിനു വേണ്ട ധനസഹായവും പ്രചാരവും ലഭിക്കുന്നതിനു രക്ഷാധികാരിയായി ചെസ്റ്റർഫീൽഡ് പ്രഭുവിനെ ജാൺസൺ സ്വീകരിച്ചു. ധനാഢ്യനും സാഹിത്യപ്രണയിയുമായിരുന്ന ആ പ്രഭു സാഹ്യപ്രതിജ്ഞകൾ ചെയ്തു ജാൺസണിൽ ആശ അങ്കുരിപ്പിച്ചു. തൻെറ ഉപകർത്താവെന്ന നിലയിൽ അത്യന്തം ബഹുമാനത്തോടും സ്നേഹത്തോടും കൂടി ജാൺസൺ പ്രഭുവിനോടു പെരുമാറിവരുകയും ചെയ്തു.

ജാൺസൻെറ രക്ഷാധികാരം നടിച്ചു വന്നിരുന്ന ആ പ്രഭു "കാര്യത്തോടടുക്കുമ്പോൾ" മാറിക്കളയുമെന്നാരറിഞ്ഞു! താൻ പ്രതീക്ഷിക്കുന്ന യാതൊരു സഹായവും പ്രഭുവിൽ നിന്നുമുണ്ടാകുന്നതല്ലെന്ന് അദ്ദേഹത്തിൻെറ പെരുമാററത്തിൽ നിന്നും ജാൺസനു ക്രമേണ ബോദ്ധ്യമായി. നിർമ്മലഹൃദയനായ ജാൺസൺ പ്രഭുവിൻെറ ഈ ദുർന്നയം നിമിത്തം അത്യന്തം കുണ്ഠിതപ്പെട്ടു. ദൃഢനിശ്ചയനും സ്ഥിരധീയുമായ ജാൺസൺ തൻെറ അവശതകളെ വിഗണിച്ചും, ശബ്ദസഞ്ചയ[illegible]ത്തിൽ അതിരററു പരിശ്രമിച്ചും ഒരു വിധം നിഘണ്ടുവി[illegible] പ്രസാധനസീമയിൽ കൊണ്ടുവന്നു. അതു ഒരു അസാധാ[illegible] ഗ്രന്ഥമാണെന്നുള്ള കീർത്തിയും പൊങ്ങി. ഈ വിവരം [illegible]ഞ്ഞപ്പോഴേയ്ക്കും ജാൺസനിൽ നിന്നും നിഘണ്ടുവിൻെറ[illegible] പ്പണം ലഭിക്കണമെന്നുള്ള ആന്തരോദ്ദേശ്യത്തോടെ [illegible] ശ്രേസരനായ പ്രഭു "വേൾഡ്" എന്ന മാസികയിൽ [illegible] നേയും അദ്ദേഹത്തിൻെറ നിഘണ്ടുവിനേയും ഏ[illegible] ശംസിച്ചു രണ്ടു ലേഖനം എഴുതി.

ഈ രണ്ടു ലേഖനവും തൻെറ അഭിമാനത്തെ കളങ്കപ്പെടുത്തിയതായി അദ്ദേഹത്തിന്നു തോന്നി. ഇതിൻെറ ഫലമായി അത്യന്തം പരുഷമായ സ്വരത്തിൽ പ്രഭുവിൻെറ നയത്തെ അപലപിച്ചും തൻെറ പൌരുഷത്തെ പ്രകടിപ്പിച്ചും ജാൺസൺ ഒരു പ്രതിലേഖനം എഴുതി. "അല്ലയോ പ്രഭോ! വെള്ളത്തിലകപ്പെട്ടു പ്രാണരക്ഷക്കായി ബദ്ധപ്പെടുന്ന ഒരുവനെ നിർദാക്ഷണ്യം നോക്കിക്കൊണ്ടിരുന്നിട്ടു വല്ല പ്രകാരത്തിലും അവൻ കരയ്ക്കെത്തിയാൽ സഹായങ്ങളെക്കൊണ്ട് കുഴക്കുന്നവനെയല്ലേ രക്ഷാധികാരിയെന്നു വിളിക്കേണ്ടതു്?" എന്നിങ്ങനെ ഈ ലേഖനത്തിലുള്ള വാചകങ്ങൾ അത്യന്തം പ്രസിദ്ധിയുള്ളതാണ്. കുബേരതുല്യനും സ്ഥാനമാനാദി തികഞ്ഞവനുമായ ആ പ്രഭു എവിടെ! ദരിദ്രനും സാധാരണക്കാരനുമായ ജാൺസൺ എവിടെ! ഇവർ തമ്മിൽ ഇത്ര വലുതായ അന്തരമുണ്ടായിരുന്നിട്ടും, ഇത്ര തന്േറടത്തോടും ഹാസ്യത്തോടുംകൂടി ഇപ്രകാരം ഒരെഴുത്ത് എഴുതിയതിന് പ്രമാണം ജാൺസൻെറ പൌരുഷം മാത്രമാണെന്നുള്ളതു് നിസ്സംശയമാണ്. സാഹിത്യലോകത്തു് പ്രതിഷ്ഠ സിദ്ധിക്കുകയോ, ഏതെങ്കിലും ഒരു ഗ്രന്ഥത്തിനു പൊതുജനങ്ങളുടെ ഹാർദ്ദമായ സ്വീകരണം ലഭിക്കുകയോ ചെയ്യുന്നതിന് പ്രഭുകുലത്തലവന്മാരുടെ രക്ഷാധികാരമോ പ്രശംസാവചനങ്ങളോ അത്യന്താപേക്ഷിതമാണ് എന്നു് അക്കാലത്തു് ഇംഗ്ലീഷുകാരുടെ ഇടയ്ക്കുണ്ടായിരുന്ന ഒരു വിശ്വാസത്തെ ജാൺസൻെറ ഈ ധീരതയേറിയ പ്രവൃത്തി നിശ്ശേഷം നശിപ്പിച്ചു കളഞ്ഞു. [illegible]ന്നിമിത്തം ഈ ചെറു ലേഖനം സാഹിത്യലോകത്തു് ഏററവും പ്രാധാന്യം അർഹിക്കുന്ന ഒന്നായി പരിഗണിക്കപ്പെട്ടിരിക്കുന്നു.

20 വയസ്സ് പ്രായം കൂടുതലുള്ള ഭാര്യ.

[illegible]നമ്മുടെ ചരിത്രനായകൻെറ വിവാഹബന്ധം കൌതുക[illegible]. വിദ്യാഭ്യാസം കഴിഞ്ഞു് സ്വദേശത്തു താമസി[illegible] [illegible]വസരത്തിൽ മിസ്സിസ് പോർട്ടർ എന്ന ഒരു സ്ത്രീ

യിൽ ജാൺസന്റെ പ്രണയമങ്കുരിച്ചു. തന്നെക്കാൾ ഇരട്ടിയോളം വയസ്സുണ്ടായിരുന്ന ഈ സ്ത്രീയെ അദ്ദേഹം പ്രേമിച്ചു എന്നു പറയുന്നതു് വിശ്വസിക്കുക വിഷമമാണു്; എങ്കിലും "പ്രേമത്തിനു് കണ്ണില്ല" എന്നുള്ള പഴംചൊല്ലിനെ ആസ്പദമാക്കി ഇതിനെ ഏറക്കുറെ വിശ്വസിക്കാം. വിധവയായ മിസ്സിസ് പോർട്ടർ ലാവണ്യവതിയായിരുന്നില്ല. അവർ ധനാഢ്യയോ വിദുഷിയോ അല്ലായിരുന്നു. എങ്കിലും ഈ സ്ത്രീയുടെ അസാധാരണമായ ബോധനശക്തിയും സ്വഭാവഗുണവുമാണു ജാൺസനെ ആകർഷിച്ചതെന്നു ബൊാസ്‌വെൽ ഒരു സമാധാനം പറയുന്നുണ്ടു്. തന്റെ ദാരങ്ങൾ സൗന്ദര്യശൂന്യയും വയോവൃദ്ധയുമായിരുന്നിട്ടും, ഉത്സാഹശീലനായ ഈ യുവപണ്ഡിതൻ ഇതര നാരികളുമായി വല്ല ബന്ധവും പുലർത്തിയിട്ടുള്ളതായി ജാൺസന്റെ ജീവചരിത്രകർത്താക്കന്മാർ ആരും ഉരിയാടുന്നതേ ഇല്ല. ജാൺസണു് 43 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവസരത്തിൽ ഷഷ്ടിപൂർത്തി കഴിഞ്ഞിരുന്ന പ്രിയപത്നി ചരമമടഞ്ഞു. ഇതിനെക്കുറിച്ചു സ്വന്തം ഡയറിയിൽ അദ്ദേഹം എഴുതിയിട്ടുള്ള വിലാപവാക്യങ്ങൾ ഏററവും ഹൃദയസ്പൃക്കുകളാണു്. മരണാനന്തരം സ്വപ്രേയസിയുടെ വിവാഹാങ്ഗുലീയം അത്യന്തം ആദരവോടും പ്രേമപൂർണ്ണമായ സ്മരണയോടുംകൂടി ജാൺസൺ സൂക്ഷിച്ചുവെച്ചിരുന്നു എന്നതു് സ്മരണീയമാകുന്നു.

പത്രാധിപർ.

1747-നും 1754-നും മദ്ധ്യേ. "വ്യാമോഹം" (Vani[ty] of Human Wishes) എന്ന പദ്യകൃതിയും, "ഐറീ[ൻ]" എന്ന നാടകവും ജാൺസൺ രചിച്ചു. നാടകത്തി[ൽ] അസ്വരസങ്ങൾ ഉണ്ടായിരുന്നിട്ടും, ഗാരിക്കിന്റെ [illegible] ലാവൈദഗ്ദ്ധ്യംകൊണ്ടു് അതു് പല പ്രാവശ്യവും [illegible] യിക്കുന്നതിനും ജാണസനു് ൩൦൦ പവൻ പ്രതി[illegible] ലഭിക്കുന്നതിനും ഇടയായി. അനന്തരം "റാം[illegible] ന്ന പേരോടുകൂടി ആഴ്ചയിൽ രണ്ടു പ്രസിദ്ധ[illegible]

ഒരു പത്രം അദ്ദേഹം നടത്തിയതിൽ ഗഹനങ്ങളും ചി
ന്താപ്രചോദകങ്ങളുമായ അനവധിലേഖനങ്ങൾ അദ്ദേഹം
എഴുതിയിട്ടുണ്ടു്. ഇവയൊന്നും എഴുതിക്കഴിഞ്ഞു രണ്ടാമ
തൊന്നു വായിച്ചുനോക്കുകപോലും ചെയ്തിട്ടുള്ളവയല്ല. തനി
ക്കറിയാവുന്ന കാൎയ്യങ്ങൾ ഏതവസരത്തിലും ശക്തിയായ
ശുദ്ധഭാഷയിൽ പറയുകയും എഴുതുകയും ചെയ്യാൻ നിഷ്പ്ര
യാസം സാധിച്ചിരുന്ന അദ്ദേഹത്തിന്റെ കാൎയ്യത്തിൽ ഇതു്
അത്ഭുതമല്ലതന്നെ.

7 ദിവസം കൊണ്ടു് ഒരു നാവൽ.

ജാൺസന്റെ 50 ാംവയസ്സിൽ അദ്ദേഹത്തിന്റെ പ്രിയ
മാതാവു് ചരമഗതിയെ പ്രാപിച്ചു. ഈ സംഭവം അദ്ദേഹ
ത്തെ അത്യന്തം വ്യസനാക്രാന്തനാക്കി. രോഗശയ്യയിൽ കിട
ക്കുന്ന തന്റെ മാതാവിനു ജാൺസൺ എഴുതിയ ഒരു ലേഖ
നത്തിൽ "എന്നെ അനുഗ്രഹിക്കണമെന്നു് ഞാൻ പ്രാൎത്ഥി
ക്കുന്നു. ഞാൻ ചെയ്തിട്ടുള്ള അപരാധങ്ങൾ എല്ലാം ക്ഷമിക്ക
ണമേ" എന്നു എഴുതിയിരിക്കുന്നതു മാതൃസ്നേഹത്തിന്റെ മാധു
ൎയ്യമറിയുന്ന ഏതൊരു ഹൃദയാലുവിനും അഭിമാനകരമാണു്.
ആംഗലസാഹിത്യത്തിൽ അതിപ്രസിദ്ധമായിത്തീൎന്ന "റാ
സ്ലെസ്" എന്നഗ്രന്ഥം അദ്ദേഹം ഒരാഴ്ചകൊണ്ടു് എഴു
തിത്തീൎത്തു. ഇതിനുപ്രതിഫലമായി ലഭിച്ച 100 പവൻ
കൊണ്ടാണു മാതാവിന്റെ ശവസംസ്കാരം നിറവേററിയതു്.
തന്റെ മാതാവിനുവേണ്ടിയുള്ള അന്തിമകൃത്യം സ്വ സാഹി
ത്യപാടവംകൊണ്ടു് സാധിച്ച ജാൺസനെപ്പോലെ യാ
തൊരു സാഹിതീപ്രണയിയും കൃതാൎത്ഥനായിട്ടുണ്ടെന്നു പറ
യുന്നതല്ല.

പശ്ചാത്താപപ്രകടനം.

[...]റ്റു വ്യക്തികൾക്കും അസൂയാസ്പദമായ ഒരു ഉന്നതപദ
[...]ിക്കഴിഞ്ഞിട്ടും മൃതനായ പിതാവിനോടു് ജാൺ
[...]ഹവും ബഹുമാനവും വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു

എന്നതു്, വൃദ്ധനായശേഷം അവസാനമായി സ്വദേശം സന്ദ ശിച്ചപ്പോഠം നടന്ന ഒരു സംഭവം വ്യക്തമാക്കുന്നുണ്ടു്. 'ഉട്ടോക്സ്റററർ' എന്ന ചന്തയിൽ ജാൺസന്റെ അച്ഛനു പുസ്തക ക്കച്ചവടമുണ്ടായിരുന്നു. അയാഠക്കു സുഖമില്ലാതിരുന്ന ഒരു ദിവസം ചന്തയിൽ പോയി വ്യാപാരം നടത്തുന്നതിനു ബാല നായ ജാൺസനോടു പിതാവു ആജ്ഞാപിച്ചു; എന്നാൽ അ പ്പോഠം ദുരഭിമാനം നിമിത്തം ഈ ആജ്ഞയെ ജാൺസൻ നിരസിക്കയാണു ചെയ്തതു്. പ്രായമായതോടുകൂടി ഇതു് അദ്ദേഹത്തിന്റെ ഹൃദയത്തെ ക്രമത്തിലധികം വേദനപ്പെടു ത്താൻ തുടങ്ങി. എഴുപത്തിഅഞ്ചുവയസ്സോളം പ്രായംവരു ന്നഅവസരത്തിൽ ഒരു ദിവസം വിശ്വവിശ്രുതനായ ജാൺ സൻ "ഉട്ടോക്സ്റററർ" ചന്തയിലേക്കു തിരിച്ചു. തന്റെ പിതാ വുഅനേകകൊല്ലങ്ങഠക്കു മുമ്പു് പുസ്തകങ്ങഠ വച്ചു കച്ചവടം ചെയ്തിരുന്ന സ്ഥലത്തു് വന്നു് അദ്ദേഹം നിലയുറച്ചു. മഴ നല്ല തുപോലെ പെയ്യുന്നുണ്ടായിരുന്നു. അതിനെ അശേഷം അവ ഗണിച്ചും, തലയിൽ യാതൊന്നും ധരിക്കാതെയും, ഒട്ടധിക നേരം ആസ്ഥലത്തുതന്നെ നിന്നു ജാൺസൻ പശ്ചാത്താപ നിവൃത്തിവരുത്തി. നിരവധി ശതം ജനങ്ങഠ അത്ഭുതപരതന്ത്ര രായി ആ മഹാപുരുഷനെ നോക്കുന്നുണ്ടായിരുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തിന്റെ മനസ്സിനെ സ്പശിക്കയുണ്ടായി ല്ല. അച്ഛനോടു ചെയ്തുപോയ അപരാധം ഒന്നു മാത്രമേ ആപാവന ഹൃദയത്തിൽ അപ്പോഠം പുകഞ്ഞുകൊണ്ടിരു ന്നൊള്ളു.

ജാൺസന്റെ ജീവചരിത്രം.

1763 ലാണു് ജാൺസന്റെ പരിചയം സമ്പാദി[illegible] തിനു് ബാസ്വെല്ലിനു് സാധിച്ചതു്. അതിനു[illegible] അദ്ദേഹവുമായി ധാരാളം സഹവസിക്കുന്നതിനും, [illegible] മെഴുതുന്നതിനുള്ള കരുക്കഠ സമ്പാദിക്കുന്നതിനു[illegible] വെല്ലിനു് സൗകര്യം ലഭിച്ചു. ഇരുപതു സംവ[illegible] ജാൺസനുമായി സഹവസിച്ചും, അദ്ദേഹത്തി[illegible]

സ്നേഹിതന്മാരിലുംനിന്നു വേണ്ടതു ഗ്രഹിച്ചും, അദ്ദേഹം സഞ്ചരിച്ചിട്ടുള്ള സകല പ്രദേശങ്ങളിലും സഞ്ചാരം നടത്തിയും അത്യധികം ശ്രമംചെയ്തു് അഞ്ചുവാള്യമായി ഏകദേശം 2500 പുറം വരത്തക്കവിധം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ജീവചരിത്രംപോലെ ഇത്ര സൂക്ഷ്മവും, രസാവഹവും, സംഭാഷണപൂരിതവും ആയ ഒരു വിശിഷ്ട ഗ്രന്ഥം ലോകസാഹിത്യത്തിലെങ്ങും കാണ്മാനില്ല എന്നതു ഏത്രയും പരമാൎത്ഥമാണു്. ഈ ഉത്തമഗ്രന്ഥം ജാൺസൺ സ്വന്തമായി എഴുതീട്ടുള്ള ഗ്രന്ഥങ്ങളെക്കാൾ ഉൽകൃഷ്ടമായിരിക്കുന്നു എന്നു് കാർലൈൽ എന്ന വിമൎശനകേസരി അഭിപ്രായപ്പെട്ടിട്ടുണ്ടു്. സ്വാപകഷത്തേപ്പോലും വിഗണിച്ചു ജാൺസന്റെ ഉത്കൎഷം വെളിപ്പെടുത്തുന്നതിനു് യത്നിച്ച ബാസ്വെൽ ഒരു വിഡ്ഢിയാണെന്നു് ഒരു കൂട്ടർ അഭിപ്രായപ്പെട്ടിരുന്നു; എന്നാൽ ഒരു ഉത്തമജീവചരിത്ര രചയിതാവിനു വേണ്ടുന്ന അസാധാരണമായ ക്ഷമ, സഹനശക്തി, മാതൃകാപരമായ അക്ഷീണ പരിശ്രമം, സുദൃഢനിശ്ചയം, പ്രശംസാൎഹമായ പ്രതിഭാശക്തി, സാഹിത്യവാസന ആദിയായ ഗുണങ്ങൾ ഇതുപോലെ മറെറാരു ജീവചരിത്രകാരനിലും അനന്യസുലഭമാകുംവിധം ഒത്തിണങ്ങി കണ്ടിട്ടില്ല എന്നു് ആംഗലസാഹിത്യകാരന്മാർ ഇപ്പോഴും ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്.

72-ാമത്തെ വയസ്സിൽ "കവികളുടെ ജീവചരിത്രം" എന്ന ഗ്രന്ഥം ജാൺസൺ എഴുതിത്തീൎത്തു. പാരായണപര[illegible]ാരുടെ ഇടക്കു് ഇതിനു് അദ്ദേഹത്തിന്റെ മററു കൃതികളെ [illegible]പേക്ഷിച്ചു് കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. ഭാഷാ[illegible]സൂവും ജീവചരിത്രപ്രസ്ഥാനവുമായിരുന്നു അദ്ദേഹത്തിനു് [illegible]മുണ്ടായിരുന്ന വിഷയങ്ങൾ. ഇംഗ്ലീഷ് കവികളുടെ [illegible]ം ദോഷങ്ങളും പ്രതിപാദിക്കുന്നതിനു അദ്ദേഹം [illegible]യിരുന്നു. ഈ ശീലംനിമിത്തം ഇങ്ങനെ ഒരു [illegible]തിത്തീക്കാൻ അദ്ദേഹത്തിനു് വിശേഷവിധിയായി [illegible] പ്രയത്നിക്കേണ്ടിയിരുന്നില്ല. അസാധാരണമായ

ഓർമ്മശക്തിയുള്ളതിനുപുറമെ ദിനംപ്രതിയെന്നോണം സാഹിത്യനിരൂപണങ്ങളിൽ ഏൎപ്പെട്ടിരിക്കയും ചെയ്തതുകൊണ്ടു് തന്റെ ബുദ്ധിയിൽ, രൂപവൽകൃതമായിരുന്ന കാൎയ്യങ്ങളെ തനിക്കു് അധീനമായിരുന്ന ശക്തിയായ ഭാഷയിൽ ആവരണം ചെയ്യേണ്ടശ്രമം മാത്രമായിരുന്നു ഈ ഗ്രന്ഥരചനയിൽ അദ്ദേഹത്തിനുണ്ടായിരുന്നതു്. ഈ ജീവചരിത്ര സഞ്ചികയിൽ അലക്സാണ്ഡർ പോപ്പിന്റെ ചരിത്രം ഏററവും നന്നായിരിക്കുന്നുണ്ടു്.

300 പവൻ പെൻഷൻ.

ജാൺസന്റെ അവസാനദശയിൽ, അദ്ദേഹം ചെയ്തിട്ടുള്ള സാഹിത്യപരിശ്രമങ്ങളെ അഭിനന്ദിച്ചു് ഗവമ്മെൻറിൽ നിന്നും പ്രതിവൎഷം 300 പവൻ അദ്ദേഹത്തിനു പെൻഷനായികൊടുത്തുവന്നു. സരസ്വതീദേവിയാൽ സവിശേഷം അനുഗ്രഹിക്കപ്പെട്ടിരുന്ന ജാൺസൻ ലക്ഷ്മീദേവിയുടെ കരുണാപുരസ്സരമായ ഒരു കടാക്ഷത്തിനുപോലും പാത്രീഭവിച്ചിരുന്നില്ല. തൻമൂലം ആ സരസ്വതീസേവകൻ അനുഭവിച്ച ക്ലേശങ്ങൾ, അരിഷ്ടതകൾ, മാനഹാനി, മുതലായവ അനവധിയാണു്. അതുകൊണ്ടു് ജാൺസനു ലഭിച്ച പെൻഷൻ അദ്ദേഹത്തിന്റെ അനന്തര ജീവിത വൈഷമ്യങ്ങളെകുറച്ചു എന്നു തന്നെ പറയാം. അദ്ദേഹം പെൻഷൻ സ്വീകരിച്ചിരിക്കുന്നതിന്റെ ഔചിത്യത്തെപ്പററി ചോദിച്ചവൎക്കു നൽകിയ മറുപടി പ്രസ്താവയോഗ്യമാണു്. "സർ, ഞാൻ ഇതുവരെ ആരോടും ഒരു ആവലാതിയും പുറപ്പെടുവിച്ചിട്ടില്ല; എനിക്കു അതിന്റെ ആവശ്യവുമില്ല. എനിക്കു ഇത്രയെങ്കിലും കിട്ടു[illegible]തിനെപ്പററി അത്ഭുതപ്പെടുകയാണുവേണ്ടതു്. എന്റെ [illegible]ൻഷൻ അസാധാരണമായ ഒന്നാണു്. ഗവമ്മെൻറി[illegible] സേവപിടിക്കാത്ത എനിക്കു് അപ്രാൎത്ഥിതമായി ലഭിച്ച[illegible] ഇതു്" ഇതു് ബാസ്വെല്ലിനു അത്ര ബോദ്ധ്യമായി[illegible] നെ ജാൺസന്റെ സംഭാഷണത്തിൽ മയങ്ങിയ[illegible] കാരം ഒരു അനുകൂല്യം അദ്ദേഹത്തിനു വലി[illegible]

ചെയ്തുകൊടുത്തതെന്നു് ബാസ്‌വെൽ പറഞ്ഞതിനുത്തരമായി, "സർ അതങ്ങനെയല്ല, വലിയ പ്രഭുക്കന്മാക്കും പ്രഭ്വികൾക്കും ഉത്തരം മുട്ടിപ്പോകുന്നതു് അത്ര ഹിതകരമല്ല" എന്നു് ആത്മവിശ്വാസത്തോടുകൂടി ജാൺസൻ പറഞ്ഞു. ഇതിനെ തുടന്നു് ബാസ്‌വെൽ തനിക്കു് ജാൺസന്റെ സംഭാഷണം കേൾക്കുന്നതിലുള്ള കൗതുകം പ്രകടിപ്പിക്കുകയും, അതിനു് ഏററവും സരസമായി "അതു ശരിയാണു് പക്ഷേ നിങ്ങൾ ലോർഡ് ചാൻസ്‌ലർ ആയിരുന്നെങ്കിൽ അപ്രകാരമായിരിക്കുകയില്ല. അപ്പോൾ നിങ്ങൾ നിലയും വിലയും മററുമൊക്കെ്ക്കരുതും".

സംഭാഷണ വൈദഗ്ദ്ധ്യം.

ജാൺസന്റെ സംഭാഷണ ചാതുര്യത്തെ വിശദീകരിക്കുന്നതിനു് അനവധി ഉദാഹരണങ്ങൾ ബാസ്‌വെൽ പ്രസ്താവിക്കുന്നുണ്ടു്. യഥാത്ഥത്തിൽ അദ്ദേഹം തന്റെ സവ്വസാമത്ഥ്യങ്ങളും പ്രകടിപ്പിച്ചിരുന്നതു് സംഭാഷണരംഗത്തിലാണു്. അദ്ദേഹവുമായി സംഭാഷണത്തിലേപ്പെട്ട പ്രതിയോഗികൾ, പൂച്ചയുടെ കയ്യിലകപ്പെട്ട എലിയേപ്പോലെ കിടന്നു കുഴങ്ങുന്നതു അനവധി തവണ കാണുവാൻ ഭാഗ്യമുണ്ടായ ബാസ്‌വൽ ധന്യൻ തന്നെ. ഏതു രാജ്യത്തുള്ളവക്കും എക്കാലത്തും രസിക്കത്തക്കവിധം അനവധി വിഷയങ്ങളെക്കുറിച്ചു് ഡാക്ടർ ജാൺസൻ പെട്ടെന്നു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്ന വിശിഷ്ടാഭിപ്രായങ്ങൾ അതാതുദിവസം തന്നെ സംഭാഷണ സമന്വിതം എഴുതി സൂക്ഷിച്ചു ലോകത്തിനു പ്രദാനം ചെയ്തിരുന്ന ഈ ജീവചരിത്രകാരനെ എത്രതന്നെ പ്രശംസിച്ചാ[illegible] മതിയാകുന്നതല്ല.

[illegible]ചില മതാചാരങ്ങളെ ഭഞ്ജിച്ചതിനു് ഓക്‌സ്‌ഫോർഡ് [illegible]്വാശാലയിലെ ഏതാനും വിദ്യാത്ഥികളെ ബഹിഷ്കരി[illegible]ത്‌പ്പുററി ജാൺസനും ബാസ്‌വെല്ലുമായി നടന്ന സം[illegible] [illegible]ദ്ധസപ്രദമാണു്.

ബാസ്‌വെൽ:—അവരെ ബഹിഷ്കരിച്ചതു് കുറച്ചു് കടുപ്പമായിപ്പോയില്ലെ? എന്തുകൊണ്ടെന്നാൽ അവർ നല്ലകുട്ടികളാണെന്നു ഞാൻ അറിയുന്നു.

ജാൺ:—അവർ നല്ലവരാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അവർ ഓക്സ്‌ഫോർഡ് സർവ്വകലാശാലക്കു ചേൎന്നവരല്ല. വെളിം പ്രദേശത്തു് പശു ഒരു നല്ല ജന്തുവാണു്. എന്നാൽ അതിനെ നാം ഉദ്യാനത്തിൽ നിന്നും അടിച്ചിറക്കുന്നു.

ഒരവസരത്തിൽ "ഗോൾസ്മിത്ത്" തന്റെ കടുത്തനിറത്തിലുള്ള കോട്ടിനെപ്പററി അഭിമാനിച്ചപ്പോൾ നടനകലാവിദഗ്ദ്ധനായ ഗാരിക്കു് ചിരിക്കയുണ്ടായി. തന്റെ അഭിമാനത്തെ സാധൂകരിച്ചു കൊണ്ടു ഗോൾസ്മിത്ത് ഇപ്രകാരം പറഞ്ഞു. "ഈ കോട്ടു് തച്ചു കൊണ്ടു വന്നപ്പോൾ തയ്യൽക്കാരൻ അവനു വേണ്ടി ഒരു ആനുകൂല്യം ചെയ്യണമെന്നു് എന്നോടാവശ്യപ്പെട്ടു. അതു് ഈ ഉടുപ്പു് തച്ചതു് ആരാണെന്നു ചോദിക്കുമ്പോൾ 'ജോൺഫിൽബി'യാണെന്നു പറയണമെന്നുള്ളതാണു്. ഇതു കേട്ടുകൊണ്ടിരുന്ന ജോൺസൻ മറുപടിയായി "അതെന്താണെന്നുവെച്ചാൽ കോട്ടിന്റെ അസാധാരണവൎണ്ണം ജനങ്ങളെ ആകൎഷിക്കുമെന്നും, അവനു് ഇപ്രകാരം വൃത്തികെട്ട നിറത്തിലുള്ള ഉടുപ്പു് ഉണ്ടാക്കാനറിയാമെന്നു ലോകത്തെ ധരിപ്പിക്കാൻ കഴിയുമെന്നും ഉദ്ദേശിച്ചാണു്" ഇങ്ങനെ നോക്കുന്നപക്ഷം ജാൺസനു സംഭാഷണത്തിലുള്ള പാടവം മാനാതീതമാണെന്നു് ബോധപ്പെടും.

മിക്കവിഷയത്തെക്കുറിച്ചും ആരോടും എതിരു പറയു[illegible]യെന്നുള്ളതു് ജാൺസന്റെ സ്വഭാവവിശേഷമാണു്. ഇ[illegible]നെ സമൎത്ഥിക്കുന്നതിനു് ഉദാഹരണങ്ങൾ സുലഭമാ[illegible] ജാൺ വിൽക്സ് എന്ന ആളുമായി പിണങ്ങിയിരുന്ന ജാ[illegible]സനെ യോജിപ്പിക്കുന്നതിനു് ബാസ്‌വെൽ വളരെ [illegible]യിരുന്നു. ഈ കാൎയ്യസാദ്ധ്യത്തിനു് അദ്ദേഹത്തിന്റെ [illegible] സ്വഭാവം ബാസ്‌വെല്ലിനു് വളരെ സഹായകമാ[illegible]

ഒരു ദിവസം സംഭാഷണ മദ്ധ്യേ—ബാസ്‌വെൽ—"സർ; മിസ്റ്റർ ഡില്ലി അടുത്ത ബുധനാഴ്ച നിങ്ങളെ ഒരു വിരുന്നിനു ക്ഷണിച്ചിട്ടുണ്ട്. നിങ്ങൾ സന്നിഹിതനായി അദ്ദേഹത്തെ ബഹുമാനിക്കുമല്ലോ".

ജാ:—ഞാൻ മി: ഡില്ലിയോടു കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ഗൃഹത്തിൽ ഞാൻ പോകും.

ബാസ്‌വെൽ—അവിടെ കൂടുന്ന ആളുകളെ നിങ്ങൾക്ക് രസിക്കുന്ന പക്ഷം?

ജാ:—നിങ്ങൾ എന്തുദ്ദേശിക്കുന്നു? ആതിഥേയനോട്ട് അദ്ദേഹത്തിൻെറ ഗൃഹത്തിൽ സന്നിഹിതരാകുന്നവർ ഇന്നവരൊക്കെ ആയിരിക്കണമെന്നു പറയത്തക്കവണ്ണം ഞാൻ മൂഢനാണെന്ന് നിങ്ങൾ വിചാരിക്കുന്നുവോ?

"എല്ലാമനുഷ്യരിലും കാരുണ്യം ചൊരിയേണമേ!"

ഇപ്രകാരം ഉജ്വലമായ ഒരു ജീവിതം നയിച്ച ലോകവന്ദ്യനായിത്തീന്ന ഡാക്ടർ ജാണ്‌സനു തൻെറ ദേഹവിയോഗത്തെപ്പററി ചിന്തിക്കുന്നതു അസഹ്യമാണ്. മരണമെന്ന അവസ്ഥയെക്കുറിച്ചു ആലോചിക്കുന്നതുപോലും അദ്ദേഹത്തിനു വിഷമമായിരുന്നു. തന്നെ കൂടക്കൂടെ ഉപദ്രവിച്ചുകൊണ്ടിരുന്ന സുഖക്കേടു കൂടുതലായി അദ്ദേഹത്തെ ബാധിച്ചു രോഗം ക്രമേണ വദ്ധിച്ചുതുടങ്ങി. പ്രതിഫലേച്ഛകൂടാതെ നാലു ഡാക്ടർമാർ അദ്ദേഹത്തെ ചികിത്സിച്ചു. തന്നെ വളരെക്കാലം സ്വാമിഭക്തിയോടും, കരുണാപുരസ്സരവും പരിചരിച്ചുവന്ന ഫ്രാൻസിസ് എന്ന ഭൃത്യന് ഏതെങ്കിലും ഒരു ധനസഹായം ചെയ്യണമെന്നു ജാൺസൻ ആഗ്രഹിച്ചു. പക്ഷേ ദുർഭിക്ഷതയിൽ ജനിച്ചു ദുർഭിക്ഷതയിൽതന്നെ വളന്നു ദുർഭിക്ഷമായ ജീവിതം നയിച്ച അദ്ദേഹത്തിനു സമ്പാദ്യമായി പറയത്തക്കതൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും തനിക്ക് ജീവിതകാലം മിച്ചംവക്കുവാൻ സാധിച്ചതും ഒരു കൊല്ലത്തിൽ ... പലിശകിട്ടുന്നതുമായ ഒരു തുക, 'ഫ്രാൻസിസി'ന്

ദാനം ചെയ്കയുണ്ടായി. ജാൺസൻെറ രോഗം മൂദ്ധന്യനിലയിൽ എത്തി; രക്ഷകിട്ടുക അസാദ്ധ്യമെന്ന മട്ടിലായി.

"എൻെറ അസമ്പൂൎണ്ണമായ പശ്ചാത്താപത്തെ അവിടുന്നു സ്വീകരിക്കേണമേ. എന്നിൽ കരുണകാട്ടേണമേ. അസംഖ്യങ്ങളായ എൻെറ അപരാധങ്ങൾ പൊറുത്തുകൊള്ളേണമേ. എൻെറ സ്നേഹിതവൃന്ദത്തെ അനുഗ്രഹിക്കേണമേ. സകലമനുഷ്യരിലും അവിടുന്ന് കാരുണ്യപൂരം ചൊരിയേണമേ—" എന്നിങ്ങനെ തൻെറ അന്തിമശ്വാസത്തിൽ ഭക്തിപൂർവ്വം ഈശ്വരനോടു ചെയ്യുന്ന പ്രാൎത്ഥന ശിലാഹൃദയത്തെയാണ് ദ്രവിപ്പിക്കുന്നതാണ്.

1784 സെപ്റ്റംബർ 13-ാം തീയതി ദിവംഗതനായ ജാൺസൻെറ സംസ്കാരകൎമ്മങ്ങൾ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതനുസരിച്ച് വെസ്ററ് മിൻസ്റ്റർ പള്ളിയിൽ നിൎവ്വഹിക്കപ്പെട്ടു.

ഉപസംഹാരം.

പതിനെട്ടാം നൂററാണ്ടിൽ ഇംഗ്ലീഷുസാഹിത്യ ചക്രവൎത്തിയായിരുന്ന ജാൺസൻ ഒരുത്കൃഷ്ട സാഹിത്യകാരൻ എന്ന നിലയ്ക്കുമാത്രമല്ല നമ്മുടെ ബഹുമതിയെ അർഹിക്കുന്നതു്. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന വിശിഷ്ടങ്ങളായ ഗുണങ്ങൾ ആൎക്കും എതൊരു കാലത്തും അനുകരണീയങ്ങളും ആദരണീയങ്ങളുമാണ്.

സാഹിത്യപരിശ്രമംമൂലം പണമുണ്ടാക്കി സുഖസമ്പൂൎണ്ണമായ ജീവിതം നയിക്കണമെന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ നൈസൎഗ്ഗികമായ തൻെറ വാസനയ്ക്കനു[illegible]മായി സാഹിത്യപരിപോഷണവിഷയത്തിൽ അ[illegible] ഉത്സാഹിച്ചുമിരുന്നു. അതു ഇന്നത്തെ ഭൂരിപക്ഷം സ[illegible] കാരന്മാരെപ്പോലെ, കണക്കു പറഞ്ഞു കാശെണ്ണി [illegible] നല്ലായിരുന്നുതാനും. അതുമൂലം അദ്ദേഹത്തിൻെറ [illegible]

ക്ലേശസമ്മിശ്രമായിരുന്നുവെന്നും കാണാം. വാടകകൊടുക്കാൻ പണമില്ലാത്തതുകൊണ്ടു കയറിക്കിടക്കാൻ വീടില്ലാതെവന്നിട്ടുണ്ട്; അനേകരാത്രികൾ തെരുവുനീളെ അലഞ്ഞു നടന്നു കഴിഞ്ഞിട്ടുണ്ട്; ആ അവസരത്തിലും ജാൺസനു് മനമിടിയുകയോ ബുദ്ധിമങ്ങുകയോ, ഹൃദയം തളരുകയോ ചെയ്തിട്ടില്ല. സാഹിത്യചക്രവർത്തി എന്ന അസുലഭബഹുമതി ലബ്ധമായിട്ടും ഊണുകഴിച്ചു ഹോട്ടലിൽ രൂപകൊടുക്കാഞ്ഞതുകൊണ്ടു ജയിലിൽ പാർക്കുന്നതിനും അദ്ദേഹത്തിന് ഇടയായിട്ടുണ്ട്. നോക്കുക! ജീവിതചക്രത്തിൻെറ അനിയന്ത്രിത ഭ്രമണങ്ങൾ. ഒരു ലോകോത്തര സാഹിത്യകാരൻ, ഇംഗ്ലണ്ടുമാത്രമല്ല യൂറോപ്പു മുഴുക്കെയും സ്വജീവിതദശയിൽ തന്നെ കീർത്തി ധാവള്യം പരത്തിയ ഒരു പണ്ഡിതവര്യൻ, സംഭാഷണ ചതുരതയിലും, വാദപ്രതിവാദ വൈഭവത്തിലും അദ്വിതീയ പ്രമാണി, ഏതാനും ഷില്ലിങ്ങിനായി ജയിൽവാസം കൈക്കൊള്ളുന്നു! എന്നാൽ ജാൺസൻ ഇതൊന്നും കൊണ്ടു് അസ്തപ്രജ്ഞനോ നഷ്ടപ്രഗത്ഭനോ ആകുന്നില്ല. വേണ്ടിവന്നാൽ ആരോടും മല്ലിടുന്നതിനും, അദ്ദേഹം മടിച്ചില്ല. ഒരു നാടകശാലയിൽ താൻ ഇരുന്നിരുന്ന കസേരയിൽ കയറി ഇരുന്ന ഒരാളെ കസേരയോടെ എടുത്തു ദൂരെ എറിഞ്ഞുകളഞ്ഞതും, വഴിയിൽവെച്ചു തന്നെ എതിർത്ത നാലഞ്ചു മുട്ടാളന്മാരെ നിഷ്പ്രയാസം ആട്ടിയോടിച്ചു കളഞ്ഞതും, ആർക്കും ഇറങ്ങി നീന്താൻ വയ്യാതിരുന്ന അത്യഗാധമായ ഒരു തടാകത്തിൽ ഇറങ്ങി നീന്തിയതും അദ്ദേഹത്തിൻെറ അസാധാരണ ധൈര്യം വെളിപ്പെടുത്തുന്നു.

ഇങ്ങനെയുള്ള ഒരസാമാന്യമനുഷ്യൻ താൻ വളർത്തിവന്ന [illegible]ച്ചയോടുള്ള വാത്സല്യാതിരേകം നിമിത്തം തന്നത്താൻ [illegible]യിൽ പോയി മാംസം വാങ്ങിക്കൊണ്ടുവന്നു അതിനു [illegible]ടുത്തു കൊണ്ടിരുന്നുവെന്നതു് ആർക്കും അദ്ഭുതം ജനി[illegible]ത്തതു്. അദ്ദേഹത്തിൻെറ വസതി പ്രായേണ അശ[illegible] അവശന്മാർക്കും ഒരു രക്ഷാകേന്ദ്രമായി ബ്ഭവിച്ചു. [illegible] പണമില്ലാത്ത അവസരത്തിൽ സ്നേഹിതന്മാരോടു [illegible]ദിച്ചും അദ്ദേഹം സാധുക്കളെ സംരക്ഷിച്ചു പോന്നു.

കുട്ടികൾക്കു മധുര പദാൎത്ഥങ്ങൾ വാങ്ങിക്കൊടുക്കുന്നതു് ജാൺസന്നു് അത്യധികം ആനന്ദപ്രദമാണു്. റോഡരികിൽ കിടന്നുറങ്ങുന്ന സാധുകുട്ടികളുടെ കൈയ്യിൽ അവരറിയാതെ തന്നെ, അദ്ദേഹം നാണയങ്ങൾ വെച്ചുകൊടുക്കുന്നതു പതിവായിരുന്നു. അനവധി സാധുക്കൾ തിങ്ങിക്കൂടിയാണു് ജാൺസന്റെ വസതിയിൽ പാൎത്തിരുന്നതു്. അദ്ദേഹത്തിനു സ്വൈരജീവിതം പോലും അവർ അനുവദിച്ചിരുന്നില്ല. എങ്കിലും അവരോടെല്ലാം സൗഹാൎദ്ദമായും നിഷ്കളങ്കമായും അദ്ദേഹം അനുവൎത്തിച്ചുവന്നു.

ദേശകാലഭേദമോ, സ്ത്രീപുരുഷഭേദമോ ജാൺസന്റെ ദയാലുത്വത്തെ ബാധിച്ചിരുന്നില്ല. ഒരു രാത്രി, വഴിയിൽ നടക്കുവാൻ പാടില്ലാതെ അത്യധികം അവശതയാൎന്നു കിടന്നിരുന്ന ഒരു വൃദ്ധസ്ത്രീയെ, അദ്ദേഹം ചുമലിൽ എടുത്തു സ്വഭവനത്തിൽ കൊണ്ടുപോയി വേണ്ട ശുശ്രൂഷ ചെയ്തു. കേവലം അഭിസാരികയായി നികൃഷ്ട ജീവിതം നയിച്ചു പോന്നിരുന്ന ഒരു സ്ത്രീയാണെന്നറിഞ്ഞിട്ടും, ഈ ദീനാനുകമ്പയുടെ അനുകമ്പയ്ക്കോ, ശുശ്രൂഷയ്ക്കോ, കുറവുവന്നില്ല. വളരെയധികം പണം ആ സ്ത്രീക്കു വേണ്ടി അദ്ദേഹം ചെലവു ചെയ്കയും ചെയ്തു.

സാഹിത്യകേസരിയും പണ്ഡിതശ്രേഷ്ഠനുമായ ജാൺസൻ, "കവൻറ ഗാർഡൻ" എന്ന ചന്തയിൽ പലവിധ സാമാനങ്ങളുമായി കച്ചവടത്തിനു വന്നിരിക്കുന്ന സാധുകൎഷകരുടെ ഇടയിൽ കയറി സാമാനങ്ങൾ കെട്ടുന്നതിനും, മാററി വെയ്ക്കുന്നതിനും മററുമായി അവരോടുകൂടി ചെയ്യുന്ന അത്യ[illegible] ത്സാഹം ആരെയാണു് ആശ്ചൎയ്യപരതന്ത്രരാക്കാത്തതു്.

ഇംഗ്ലണ്ടിലെ അന്നത്തെ രാജാവായ ജാ‍ർജ് മൂന്നാ[illegible]പം [illegible] മായി ബഹുമാനപൂൎവം സംസാരിച്ചു് അദ്ദേഹത്തിന്റെ ച[illegible] തിക്കു് പാത്രീഭവിച്ച ജാൺസൻ സ്വഭൃത്യനായ ഫ്രാ[illegible] സിനോടും കരുണാപുരസ്സരം പെരുമാറി അവന്റെ [illegible] ബഹുമാനവും ആൎജിച്ചിരുന്നു. [illegible]

ഇത്രകണ്ടു് ഗുണസമ്പത്തും സാഹിത്യപ്രണയവും ഉണ്ടായിരുന്ന മററൊരു പൂൎണ്ണനായ പുരുഷനെ ലോകം കണ്ടിരിക്കയില്ല. ലോകനന്മക്കുവേണ്ടി സാഹിത്യപരിശ്രമം ചെയ്തുകൊണ്ടിരിക്കെ ധനസഹായാൎത്ഥം ആരുടെ പടിവാതുക്കൽ ജാൺസൻ അഭിമാനമുപേക്ഷിച്ചു കാത്തുനിന്നുവോ കാലചക്രത്തിൽ അകപ്പെട്ടു് വിദൂര വിസ്മൃതിയിൽ ലയിച്ച ആ ചെസ്റ്റർഫീൽസ് പ്രഭു എവിടെ? തന്റെ നിസൎഗ്ഗസിദ്ധമായ സാഹിത്യാഭിരുചിയും, മഹനീയഗുണങ്ങളും നിമിത്തം ലോകഹൃദയത്തിൽ സുസ്ഥിരപ്രതിഷ്ഠാപിതനായ ജാൺസൻ എവിടെ? ഇതാണു് യഥാൎത്ഥമായ മാഹാത്മ്യം. ഇങ്ങനെയുള്ളവരാണു് യഥാൎത്ഥമഹാന്മാർ.

---

൯. ബേബർ.

വെങ്കുളം ജി. പരമേശ്വരൻപിള്ള.

1497-ാമാണ്ടു് ബേബറിനു പതിന്നാലുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ഫർഘാന എന്ന ചെറിയരാജ്യത്തിൻെറ ആധിപത്യം കൊണ്ടു മാത്രം തൃപ്തിപ്പെടുന്നതിനു ബാലനു ഒട്ടും സാധിച്ചില്ല. ഒരു പിതാമഹനായിരുന്ന ടൈമൂറിൻെറ സിംഹാസനത്തിൽ ആരോഹണം ചെയ്യാതിരുന്നാൽ പൗരുഷത്തോടുകൂടി ജീവിക്കുന്നതെങ്ങനെ!

"കുണ്ടിലിരിക്കും തവളക്കുഞ്ഞിനു
കുന്നിന്മീതെ പറക്കാൻ മോഹം"

...ള്ള നിലയ്ക്കു മാത്രമേ, ഒരുനൂറു വൎഷക്കാലമായി അന്യർ ...ാളുന്ന സമർഖണ്ഡിനെ ഭരിക്കുന്നതിനു് ഈ ബാല... ആഗ്രഹം പരിഗണിക്കുവാനുള്ളു. പ്രബലന്മാരും

മുഷ്ക്കർന്മാരും ആയ ഒരുക്കൂട്ടം ആളുകളുടെ കൈയിലായിരുന്നു ആ രാജ്യം അക്കാലത്തു സ്ഥിതി ചെയ്തിരുന്നതു്. എന്നാൽ അതൊന്നും വകവയ്ക്കാതെ ഈ കൊച്ചു സിംഹാസനാധിപതി ഒരു ചെറിയ സൈന്യവുമായി ആ രാജധാനിയിൽ പ്രവേശിച്ചു. രാജ്യാവകാശത്തക്കം നടന്നു കൊണ്ടിരുന്ന ഒരു ഘട്ടമാകയാൽ, ബേബറിനു സിംഹാസനം കൈക്കലാക്കാൻ തരംകിട്ടി.

സമർഖണ്ഡ് നഗരം മനോഹരമായ ഒരു രാജധാനിയായി വിരാജിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. മോഹനസൗധങ്ങളും സുന്ദരവീഥികളും കൊണ്ടു നിറഞ്ഞു്, ആപണങ്ങളും മലർവാടികളും കൊണ്ടു സമലംകൃതമായി, മദ്ധ്യ ഏഷ്യയിലെങ്ങും സുപ്രസിദ്ധി സമ്പാദിച്ചിരുന്ന ആ പുരാതന നഗരത്തിലെ അഭിവന്ദ്യ സിംഹാസനത്തിലേക്കു ചാടിക്കയറിയപ്പോൾ ബാലൻ ആനന്ദ സാഗരത്തിൽ ആറാടിക്കഴിഞ്ഞു. സ്വ പൂർവികന്റെ രാജ്യമാകയാൽ വംശാഭിമാനവും, സ്വന്തം പ്രയത്നം കൊണ്ടു തട്ടിയെടുത്തതാകയാൽ ആത്മാഭിമാനവും തള്ളിവന്നു് ബാലനെ അല്പം അഹങ്കാരിയാക്കിത്തീർത്തില്ലേയെന്നൊരു ശങ്ക.

ദിവസങ്ങൾ തികച്ചു നൂറു കഴിഞ്ഞില്ല, ആഹ്ലാദ ജീവിതത്തിൽ നിന്നു് അതി ദുഃഖസാഗരത്തിലേക്കു ബേബർരാജനെ എടുത്തെറിയുവാൻ. ബാലന്റെ ശത്രുക്കൾ നാലുവശത്തുകൂടിയും വേണ്ടത്ര കരുതലോടുകൂടി രാജധാനി വളഞ്ഞു. ഗത്യന്തരമില്ലാതെ സകലതും വെടിഞ്ഞിട്ടു് ബേബർ ഓടിപ്പോയി.

പഴയ ഫർഘാനയിൽ ചെന്നു രാജ്യം ഭരിച്ചുകളയാമെന്നായിരുന്നു ബാലന്റെ വിചാരം. അവിടെയും ശത്രുക്കൾ പ്രവേശിച്ചു് കൊട്ടാരം കൈയ്‌വശപ്പെടുത്തിക്കളഞ്ഞതുകൊണ്ടു് കൊടുംകാടു തന്നെയായി ആ കുട്ടിക്കു അവലംബം. അടവികളും വയലുകളും കടന്നു, ഇടവഴികളും ആറടിപ്പാ[illegible]കളും തരണം ചെയ്തു്, ബേബർ ഒരുവിധത്തിൽ 'വേ[illegible]ൻഡ്' എന്ന ഗ്രാമത്തിലെത്തിച്ചേർന്നുഎന്നേ പറയേ[illegible] ചുമതലയേററു സംരക്ഷിക്കേണ്ടതായിട്ടൊരു കുടുംബവ[illegible] തന്നെയുണ്ടു്. [illegible]

ആധിവിവശനായിട്ടല്ല, നിരാശാവശംവദനായിട്ടല്ല, ആഗ്രഹനിവൃത്തി വരുത്തുന്നതെങ്ങനെയെന്നുള്ള ഗാഢാലോചനകളോടുകൂടിയാണ് ബേബർ അവിടെ ദിവസങ്ങൾ കഴിച്ചു കൂട്ടിയതു്. "രാജ്യങ്ങൾ പിടിച്ചടക്കി ഒരു വിപുലവിഭാഗത്തിൻെറ അധിപനായി വാഴണമെന്നുള്ള അത്യാഗ്രഹം കൊണ്ടു് എൻെറ ഹൃദയം നിറഞ്ഞിരുന്നതിനാൽ, ഒന്നോ രണ്ടോ ദൗർഭാഗ്യത്തിനു എന്നെ ഒരിടത്തു കുത്തിയിരിക്കാൻ നിർബ്ബന്ധിച്ചു് കർമ്മവിമുഖനാക്കാൻ കഴിയുന്നതല്ലായിരുന്നു". എന്നിങ്ങനെ തൻെറ 14 ാം വയസ്സിലെ മനോഗതത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന ബേബർ ആരാതിവർഗ്ഗത്തിനെ അടക്കുളത്തിൽ വച്ചുതന്നെ തോല്പിക്കാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു കൊണ്ടു് വർഷം രണ്ടു കഴിച്ചു കൂട്ടി.

അനുകമ്പകൊണ്ടു് ബാലൻ ആർജിച്ചു പലരുടേയും ഹൃദയം. ഒരു വീരരാജനായി വിജയിക്കുമെന്നു ബേബറിനെ പരിചയമുള്ള സകലരും അന്നേ വിശ്വസിച്ചിരുന്നു. ചെറിയ അനുചര സംഘത്തെ പട്ടാളമായും, ക്രമേണ പടക്കളത്തിലിറങ്ങാൻ സകല യോഗ്യതകളും സമ്പാദിച്ച പോരാളി വീരന്മാരായും ആകൃതി പ്രകൃതികളിൽ രൂപാന്തരം വരുത്തിയപ്പോൾ ബേബർ വീണ്ടും ഫർഘാനയിലേക്കു പുറപ്പെട്ടു. യുദ്ധങ്ങൾ രണ്ടു മൂന്നു നടത്തിയതിനുശേഷം നഷ്ടസിംഹാസനത്തിൽ പ്രവേശിക്കാൻ ഭാഗ്യലക്ഷ്മി ആ യുദ്ധവീരനെ അനുഗ്രഹിച്ചു. 240 രണശൂരന്മാർ അടങ്ങിയ ഒരു സൈന്യവ്യൂഹമായി സമർഖണ്ഡിൽ വീണ്ടും കടന്നു ആ രാജ്യവും ബാലൻ കൈയ്‌വശപ്പെടുത്തി.

തിരുവിതാംകൂറിനെക്കാൾ തുലോം ചെറുതായ ഒരു രാജ്യത്തിൻെറ അവകാശിയായി ജനിച്ച ബേബർ സ്വാശ്രയശക്തിയും അക്ഷീണ പരിശ്രമവുംകൊണ്ടു മാത്രം ഒരു മഹാസാമ്രാജ്യം സ്ഥാപിച്ച വസ്തുത ലോകചരിത്രത്തിൽ അതിപ്രാധാന്യം അർഹിക്കുന്ന ഒരു സംഭവമാകുന്നു. പതിനൊന്നാം വയസ്സിൽ സിംഹാസനാരോഹണം ചെയ്യാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി; എന്നാൽ മരിക്കുന്നതുവരെ രണാങ്കണ

ങ്ങളിൽ പ്രവേശിച്ചുകൊണ്ടിരിക്കാനും, പലതവണ രാജ്യഭ്രഷ്ടനാം അനന്യശരണനാം ആയി ബുദ്ധിമുട്ടാനും ആണു് ഈ സിംഹാസനാരോഹണം സംഗതിയാക്കിയതു് എന്നുള്ളതോർക്കുമ്പോൾ ആ രാജപദപ്രാപ്തി ഭാഗ്യമായിട്ടല്ല ഭാഗ്യവിപര്യയമായിട്ടാണു് നാം കണക്കാക്കേണ്ടതു്. ഉണ്ണാനും ഉടുക്കാനുമില്ലാതെ, ഗ്രാമദേശങ്ങളിലും വിപിനാന്തരങ്ങളിലും സഞ്ചരിച്ചു കഷ്ടപ്പെട്ടു കൊണ്ടിരുന്ന ഘട്ടങ്ങളിൽ പോലും ഉദ്ദേശ്യത്തിൽ നിന്നു പിന്തിരിയാതെ ജീവിതോല്ക്കർഷാർത്ഥം നിരന്തരം പോരാടി വിജയലക്ഷ്മിയെ വരിച്ച ഒരു ഉജ്ജ്വല കാന്തിമാൻ അത്രെ ബേബർ ചക്രവർത്തി.

മനസ്സമാധാനമില്ലാത്ത വിധത്തിലാണു് ഈ സമരപ്രിയൻ ജീവിതം നയിച്ചിരുന്നതെങ്കിലും, പ്രശാന്തജീവിതത്തിനിടയ്ക്കു മാത്രം എഴുതിത്തീക്കാവുന്ന ഒരു ഒന്നാംതരം ആത്മചരിതം രചിക്കുവാൻ അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. അവിസ്മരണീയങ്ങളായ കവിതകൾകൂടി ഇടയ്ക്കിടയ്ക്കു് രചിച്ച ഒരു ഗായകകവിരാജനാകാൻ അദ്ദേഹം സമയവും സൗകര്യവും കണ്ടുപിടിച്ചതു ആശ്ചര്യജനകമായിരിക്കുന്നു. ഏതുരാജ്യത്തുള്ളവക്കും ഏതുകാലത്തും അനുകരിക്കാൻ കൊള്ളാവുന്ന പലേസംഭവങ്ങളും കൊണ്ടു് പരിപൂരിതമായ ഒരു വിശിഷ്ടജീവിതമാണു് ഈ മഹാപുരുഷൻ നയിച്ചിട്ടുള്ളതു്.

ബാല്യകാലത്തു സിംഹാസനാരോഹണം

1483-ാമാണ്ടു് ആറാമത്തെ മുഹറം ദിവസം ഫർഘാന ദേശത്തു ജാതനായ ബേബർ പിതൃവംശം മുഖേന ടൈമൂറിൻേറയും, മാതൃവംശം മുഖേന ചെംഗീസ്ഖാൻെറയും പി[illegible] തുടച്ചാവകാശിയാകുന്നു. ഇദ്ദേഹം ഓമർഷെയിക്കു് എ[illegible] സിംഹാസനാധിപതിയുടെ നന്ദനനാണു്. പിതൃമരണശേ[illegible] ബേബർ 1494-ൽ രാജ്യഭാരം ഏററു. രാജബാലക[illegible] പിതാവിനു അഞ്ചു ഭാര്യമാരിലായി ഏഴു കുഞ്ഞുങ്ങ[illegible] ണ്ടായിരുന്നതുകൊണ്ടു് രാജ്യാവകാശതക്കത്തിനു [illegible]

പിതൃവ്യന്മാരും ഇദ്ദേഹത്തിന് എതിരായി വാദകോലാഹല ങ്ങളും ബഹുവിധകലാപങ്ങളും ആരംഭിച്ചു. അതുകൊണ്ട് ആ ഇളംപ്രായം മുതൽക്കുതന്നെ ബാലനു യുദ്ധവുമായി അനവരതം ഇടപെടേണ്ടതുണ്ടായിരുന്നു. രാജധാനിയെ ആക്രമിക്കാൻ ശ്രമംചെയ്തു മൂന്നു പിതൃവ്യന്മാർക്കും ബന്ധുക്കൾക്കും ഓരോകാരണങ്ങളാൽ മടങ്ങിപ്പോകേണ്ടിവന്നു. ഇങ്ങനെ ഫർഘാനയിൽ കുറച്ചുകാലം സ്വൈരമായി രാജ്യംഭരിക്കുന്നതിന് ബാലനു അവസരം കിട്ടി.

ബാലനാണെങ്കിലും കേവലം ഒരു ബാലനായിട്ടല്ല, അത്യാഗ്രഹമുള്ള ഒരു രാജാധിരാജന്റെ ചിന്താഗതിയിൽ കൂടിയാണ് ബേബർ ജീവിതം നയിച്ചിരുന്നതെന്നുള്ളതു് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ വേണ്ടുവോളം ലക്ഷ്യങ്ങൾ തരുന്നുണ്ട്. സ്വപൂർവ്വികനായ തൈമൂറിന്റെ സിംഹാസനത്തിൽ ആരോഹണം ചെയ്യണമെന്നുള്ള അത്യാഗ്രഹം ബേബർ 14-ാംവയസ്സിൽ തന്നെ ഫലിപ്പിച്ചു.

സിംഹാസനപരിപാലനസുഖവും, അതിന്റെ നഷ്ടത്തിൽ ദരിദ്രജീവിതാനുഭവവും ഉണ്ടാകയെന്നുള്ള ഭാഗ്യദുർഭാഗ്യഘട്ടങ്ങൾ ബേബറിന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ളതുപോലെ അത്ര ധാരാളമായി മററാരുടെയെങ്കിലും ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടോയെന്നുള്ളതു സംശയമാണ്. എത്ര തന്നെ വിപത്തുകൾ നേരിട്ടാലും മനസ്സുമടുത്തുപോകാതെ പിന്നെയും പിന്നെയും പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ഒരു അപൂർവ്വസൃഷ്ടിയായിരുന്നു ബേബർ.

ദാരിദ്ര്യപീഡ.

അദ്ദേഹത്തിന്റെ എതിരാളികളിൽ ഒരാളായ ഷായി ...നി ബേബറിനെ തോല്പിച്ചു സമർഖണ്ഡിൽനിന്നു ഓടിച്ചു. ...ളദ്ദേഹം അനന്യശരണനും ഉദ്വിഗ്നമാനസനും ആയി പഴയ ...ദ്ദാഗങ്ങളെ വീണ്ടും ശരണംപ്രാപിച്ചു. ഇത്തവണ അ...ത്അനുഭവിച്ച ജീവിതം ദയനീയമെന്നേ പറയേണ്ടൂ. ...പ്പാത്ത ആ രാജനാമധേയധാരി എഴുതിയിരിക്കുന്നതു

നോക്കുക:—"എനിക്കു രാജ്യമില്ല; രാജ്യം കിട്ടുമെന്നുള്ള ആശ പോലുമില്ല. നിത്യതകഴിച്ചുക്കൂട്ടുന്നതിനു നിവൃത്തിയില്ലാത്തതിനാൽ എന്റെ ഭൃത്യന്മാരിൽ മിക്കവരും എന്നെ ഉപേക്ഷിച്ചിട്ടുപോയി. വിട്ടുപിരിയാതിരുന്ന അപൂർവ്വം ചിലൎക്കു പോലും എന്റെ യാത്രയിൽ എന്നെ പരിചരിക്കാൻ സാധിക്കാതെയായി; ആഹാരംകഴിക്കാനൊന്നുമില്ലാത്തതുതന്നെ ഇതിനു കാരണം. എന്റെ ഒരു മാതുലനായ ഖാന്റെ സന്നിധിയിൽ ഞാൻ പ്രവേശിച്ചപ്പോൾ എന്നോടൊത്തു് ഒന്നോരണ്ടോ ഭൃത്യന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു".

ഇപ്രകാരം "കുടിക്കാൻ കഞ്ഞിയോ കിടക്കാൻ ഭൂമിയോ ഇല്ലാതെ" ബേബർ ഒരു ദരിദ്രനാരായണന്റെ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് അനവധി ദിവസങ്ങൾ കഴിച്ചുക്കൂട്ടി. കുന്നും കുഴിയും കയറിയിറങ്ങി, കാട്ടും മേട്ടും നടന്നു കടന്നു, കുററിക്കാട്ടും കുഗ്രാമവും വാസഭൂമിയാക്കി ആ സിംഹാസനാധിപതി പരമദയനീയമായ ജീവിതം നയിച്ചു. ദ്വിധിയുടെ കൎക്കശതാണ്ഡവത്തിന്നു് ഇതുപോലെ വിധേയമായ ഒരു ശിരസ്സുണ്ടായിട്ടില്ലെന്നു ആൎക്കും തോന്നിപ്പോകും.

അരിഷ്ടതകളിൽക്കൂടി ജീവിക്കാമെന്നുവച്ചാൽ അതിനും സമ്മതിച്ചില്ല ശത്രുക്കൾ. ജീവനോടുകൂടിയോ അല്ലാതെയോ ബേബറിന്റെ ശരീരം ഭരണാധികാരിമാരുടെ മുമ്പിൽ കൊണ്ടു ചെല്ലുന്നവൎക്കു ലഭിക്കാവുന്ന സമ്മാനങ്ങൾ നിരവധിയായിരുന്നു. ഒരു മഹാസാമ്രാജ്യം ഇന്ത്യയിൽ സ്ഥാപിക്കുന്നതിന്നു് അടിസ്ഥാനമിടേണ്ട ഭാഗ്യം അദ്ദേഹത്തിന്നു് ഉണ്ടായിരുന്നതിനാൽ ആ കാന്ദിശികനെ കൈയിൽ കിട്ടുന്നതിന്നു ശത്രുക്കൾക്കു സാധിച്ചില്ലെന്നേ പറയേണ്ടു.

ചക്രവൎത്തിപദപ്രാപ്തി.

ആശാസഹസ്രങ്ങൾ കൊണ്ടു പ്രശോഭിത[illegible] ബേബറുടെ ഹൃദയത്തിൽ ചൈനാ പിടിച്ചടക്കണമെന്നു [illegible] ശ്യം ഉണ്ടായിരുന്നു. എന്നാൽ അതിപ്പോൾ മാഞ്ഞു [illegible]

തന്റെ പിതൃവ്യന്മാരിൽ ഒരാൾ കാബൂളിൽ വച്ചു മരിച്ചു പോയതക്കത്തിന് അവിടെ പ്രവേശിച്ചു രാജ്യം ഭരിക്കാനാണ് ബേബർ ഈ ഘട്ടത്തിൽ നിശ്ചയം ചെയ്തത്. ഏതാനും അനുചരന്മാരോടുകൂടി ബേബർ, സിംഹാസനാധിപത്യ മത്സരം മൂർക്കിയിരുന്ന കാബൂളിൽ പ്രവേശിച്ച് അവിടത്തെ രാജാവായിത്തീർന്നു. കരബലന്യായം കൊണ്ടു മാത്രം കൈയ്‌വശപ്പെടുത്തിയ കാബൂളിനെ "പേന കൊണ്ടല്ല വാൾ കൊണ്ടാണു ഭരിക്കേണ്ടതു്" എന്നു ജനങ്ങളുടെ പ്രകൃതത്തിൽ നിന്ന് അദ്ദേഹം ക്ഷണനം മനസ്സിലാക്കി; അതനുസരിച്ചു പ്രവർത്തിക്കയും ചെയ്തു.

തന്റെ പൂർവ്വികസമ്പാദ്യമായ സമർഖണ്ഡിനെ സ്വാധീനപ്പെടുത്തണമെന്നുള്ള ആഗ്രഹം ബേബറിന്റെ ഹൃദയത്തിൽനിന്ന് ഇനിയും അസ്തമിച്ചിട്ടില്ല. കാബൂളിലെ അവകാശം സ്ഥിരീകരിച്ചതിനുശേഷം അടുത്തുള്ള ഗ്രാമങ്ങൾകൂടി കുറേശ്ശ ഇതിനോടു ചേർക്കുകയും കാൻഡഹാർ പിടിച്ചടക്കുകയും ചെയ്തു. അതോടുകൂടി "പാദുഷാ" (ചക്രവർത്തി) സ്ഥാനത്തേക്കു ബേബർ ആരോഹണം ചെയ്യുകയുണ്ടായി.

വർഷങ്ങൾ പിന്നെയും പലതു കഴിഞ്ഞു. പെഴ്സ്യയിലെ സിംഹാസനാധിപതിയുമായി യോജിച്ചു യുദ്ധം ചെയ്തു സമർഖണ്ഡിലെ ഉസ്‌ബെഗ്‌വർഗ്ഗക്കാരെ നിശ്ശേഷം തോല്പിച്ചു ഓടിക്കുന്നതിന് ബേബർക്കു 1511-ൽ അവസരം കിട്ടി. ഇങ്ങനെ മൂന്നാമത്തെ തവണ ബേബർ സമർഖണ്ഡിന്റെ അധിപനായിത്തീർന്നു. "ചക്രവർത്തിയുടെ ആഗമനത്തിൽ ഉയർന്നവരും താഴ്ന്നവരും, പ്രഭുക്കന്മാരും പാവപ്പെട്ടവരും, രാജകുമാരന്മാരും കൃഷീവലന്മാരും അടങ്ങിയ പ്രജാസമൂഹം ഒന്നുപോലെ സന്തോഷം പ്രദർശിപ്പിച്ച് അദ്ദേഹത്തെ സ്വാഗതമരുളി. പ്രഭുക്കന്മാർ അദ്ദേഹത്തിനെ എതിരേൽക്കുന്നതിന് തയാറായപ്പോൾ, മററുള്ളവർ നഗരം അലങ്കരിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. വസ്ത്രങ്ങളും കസവുകളും കൊണ്ടു തെരുവീഥികളും അങ്ങാടികളും അലം ... ഇരുവശങ്ങളിലും ... ന ... മഹനമായ ബഹു

വിധ ചിത്രങ്ങൾ കെട്ടിത്തൂക്കി. ഇതിനമുമ്പ് ആരും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത വിധം അത്ര ആഘോഷത്തോടും രാജകീയാഡംബരങ്ങളോടും കൂടി 1511-ാമാണ്ട് അക്ടോബർമാസമദ്ധ്യത്തിൽ ചക്രവൎത്തി നഗരപ്രവേശനം നടത്തി.''

ഒളിച്ചോട്ടം.

താത്താർ അതിൎത്തിമുതൽ ഇൻഡ്യൻ അതിൎത്തിവരെ കാബൂൾ, ഗസ്നി, സമർഖണ്ഡ്, ബുക്കാറ, ഹിസ്സാർ തുടങ്ങി അനേകം പ്രദേശങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു വിസ്തൃ ഭൂവിഭാഗത്തിൻെറ അധിപനായി ബേബർ രാജ്യം ഭരിക്കാൻ തുടങ്ങി. സുദീൎഘകാലമായുള്ള ഉദ്ദേശ്യം സാധിച്ചതിൽ കൃതാൎത്ഥചിത്തനായിത്തീൎന്ന ബേബറിന് സൎവ്വജനങ്ങളുടേയും സമ്മതത്തോടും, പ്രജാസഞ്ചയത്തിന്ന ആഹ്ലാദദായകനായും രാജ്യഭാരം ചെയ്യുന്നതിന്ന എട്ടുമാസം മാത്രമേ സംഗതി ആയുള്ളൂ. അതിനിടയ്ക്കുതന്നെ ശത്രുക്കൾ ഒരു വിപുലസൈന്യവുമായി അദ്ദേഹത്തിനോടെതിൎത്തു പല യുദ്ധങ്ങളിൽ തോല്പിച്ചുകളഞ്ഞു. ആയുസ്സിനെ രക്ഷിക്കുന്നതിനായി അദ്ദേഹം അനുചരന്മാരോടുകൂടി പല പ്രദേശങ്ങളും കടന്ന് ഓടി ഒളിച്ചു താമസിക്കേണ്ടിവന്നു. വിക്രമനായ ഒരു ചക്രവൎത്തി നിസ്സഹായനും എന്നാൽ ആശാസമ്പന്നനുമായി, ഗത്യന്തരമില്ലാതെ കാബൂളിനെ അഭയം പ്രാപിച്ചു. ''തൻെറ സ്വന്തം ഭൂമി തിരിച്ചെടുത്തുകൊള്ളാമെന്നുള്ള ആശയുടെ ശകലം പോലും ഇല്ലാതെ നാടു കടത്തപ്പെട്ട ചക്രവൎത്തി തൻെറ ദൃഷ്ടികൾ പൂൎവ്വദേശാഭിമുഖമായി തിരിച്ചു.''

''ഹാ! സുഖങ്ങൾ വെറുംജാലം! ആരറിവൂ. നിയതിതൻ [illegible]
ത്രാസ് പൊങ്ങുന്നതും താനേ താണുപോവതും!!''

ഇത്തരം ചിന്താനലനിൽ പെട്ട് ജീവിതോൽ[illegible]
മുള്ള പ്രയത്നത്തിൽനിന്ന പിന്തിരിയുവാനേ സ്ത്ര[illegible]

ക്ക തോന്നുകയുള്ളൂ. എന്നാൽ ബേബർ ആകട്ടെ; "സുഖങ്ങൾ വെറുംജാലം" അല്ലെന്ന് ഉൽഘോഷണം ചെയ്യുന്ന ഒരു മതം വിശ്വസിക്കുന്ന ആളാണ്. "മല മഹമ്മദിന്റെ അടുത്തു വന്നില്ലെങ്കിൽ മഹമ്മദ് മലയുടെ അടുത്തു പോകും" എന്നു പ്രഖ്യാപനം ചെയ്തിട്ടുള്ള ഒരു പ്രവാചകന്റെ അനുയായി, അവനവനെ സംബന്ധിച്ചുള്ള നിയതിയുടെ ത്രാസ് പൊങ്ങുന്നതിനും താണുപോകുന്നതിനും അവനവൻ തന്നെയാണ് ഉത്തരവാദി എന്നു ബലമായി വിശ്വസിച്ചുകൊണ്ടിരുന്നതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ. മരണംവരെ സമരാങ്കണങ്ങളിലിറങ്ങി പൊരുതുകൊണ്ടിരുന്ന ബേബറിന്റെ ഓരോദിവസത്തെ ജീവിതവും അദ്ദേഹത്തിന്റെ ഈ വിശിഷ്ടവിശ്വാസമാണ് സ്ഫുടികസ്പഷ്ടമായി പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കുന്നതു്.

പാനിപ്പറ്റ്യുദ്ധം

മുപ്പത്താറാംവയസ്സു മുതൽക്കുള്ള ബേബർ ഒരു പുതിയ തരത്തിലാണ് കാണപ്പെടുന്നതു്. "സ്വർണ്ണത്തിന്റേയും വെള്ളിയുടേയും സമൃദ്ധികൊണ്ട് അനുഗൃഹീതമായിരുന്ന വിസ്തൃതഹിന്ദുസ്ഥാന"വുമായി ഒരു വ്യാഴവട്ടം മുതല്ക്കേ പരിചയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ദൃഷ്ടികൾ പർവ്വതങ്ങളും പാറക്കൂട്ടങ്ങളും കൊണ്ടു നിറഞ്ഞുകിടക്കുന്ന ആ പാശ്ചാത്യദേശങ്ങളിൽനിന്ന് പൂർവ്വദിക്കുകളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പൂർവ്വികനായ തൈമൂർ ആക്രമണംനടത്തിയിട്ടുണ്ടായിരുന്ന ഡൽഹിയിൽ പ്രവേശിച്ച് ഉത്തരഭാരതത്തിലെ [illegible]ക്രവർത്തിയായി ജീവിക്കണമെന്നുള്ളതു് തന്റെ ജന്മോദ്ദേ[illegible]മായി ബേബർ വിശ്വസിച്ചുവന്നു. അതിനാൽ തരം കിട്ടു[illegible]ഴെല്ലാം സിൻഡിലും പഞ്ചാബിലും ആക്രമണങ്ങൾ നട[illegible]ന്നങ്ങളെ കീഴടക്കുന്നതിൽ അദ്ദേഹം ജാഗ്രത പ്രദശി[illegible] 1519 മുതൽക്കുള്ള ആറുവർഷക്കാലത്തിനിടയ്ക്ക് അഞ്ചു [illegible] അദ്ദേഹം പശ്ചിമോത്തരഭാരതം ആക്രമിച്ചിട്ടുണ്ട്. [illegible]യെ ആക്രമിച്ച്, പഞ്ചാബുമുതൽ അയോദ്ധ്യവരെ

യുള്ള രാജ്യങ്ങൾ ഭരിച്ചുകൊണ്ടിരുന്ന ഇബ്രാഹിം ലോഡിയെ തോല്പിക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ഇൻഡ്യയിൽനിന്നു രണ്ടുപേർ അദ്ദേഹത്തിനെ ഇങ്ങോട്ടു ക്ഷണിക്കുകയുണ്ടായതു്.

ഇബ്രാഹിമിൻെറ ഒരു ബന്ധുവായ ആലംഖാനു രാജ്യം ഭരിക്കണമെന്നുള്ള ദുരാശയും, പഞ്ചാബ് ഗവർണ്ണരായിരുന്ന ദൗലത്ഖാനു സ്വാതന്ത്ര്യം സമ്പാദിക്കണമെന്നുള്ള അതിമോഹവും കൂടി ബേബറിനെ കാബൂളിൽനിന്നു് ക്ഷണിച്ചുവരുത്തി. കുരുക്ഷേത്രത്തിൽവച്ച് ബേബറും ഇബ്രാഹിമുമായി 1526-ാമാണ്ടു ഭയങ്കരമായ ഒരു പോരു നടന്നു. ഒരു ലക്ഷം ഭടന്മാർ ഡൽഹിസുൽത്താനുണ്ടായിരുന്നു എങ്കിലും സമരവൈദഗ്ദ്ധ്യം ഇല്ലാത്ത അദ്ദേഹത്തെ പതിനൊന്നാം വയസ്സുമുതല്ക്കേ പടക്കളവുമായി പരിചയപ്പെട്ടിട്ടുള്ള ബേബർ പതിനായിരത്തോളം വീരഭടന്മാരെക്കൊണ്ടു് ആറുമണിക്കൂറിനകം നിശ്ശേഷം തോല്പിച്ചുകളഞ്ഞു; 15000 ഭടന്മാരൊത്തു് അദ്ദേഹത്തിനെ ബേബർ നിഗ്രഹിച്ചു എന്നു പറയുന്നതാണു് കൂടുതൽ പരമാത്ഥം.

വിജയിയായി ദില്ലിരാജധാനിയിൽ പ്രവേശിച്ച ബേബറിനു് ഭണ്ഡാരത്തിൽനിന്നു് ആയിരക്കണക്കിനു പവനും രത്നങ്ങളും കിട്ടി; എന്നാൽ ആ വൻപിച്ച തുകയിൽ നിന്നു യാതൊന്നും സ്വന്തം ഉപയോഗത്തിനായിട്ടെടുക്കാതെ, ബേബർ അതിനെ സ്വസൈന്യങ്ങൾക്കും ബന്ധുക്കൾക്കുമായി വീതിച്ചുകൊടുക്കുകയാണു ചെയ്തതു്. കാബൂളിലെ സകലക്കും, മെക്കാ, മെദീന, സമർഖണ്ഡ് തുടങ്ങിയ വിദൂരദേശങ്ങളിലെ എല്ലാ പുരോഹിതന്മാക്കും ഓരോ വെള്ളിനാണയമോ സ്വ[illegible]ണ്ണനാണയമോ ഈ വിജയത്തിൻെറ സ്മാരകമായി ല[illegible] എന്നറിയുമ്പോൾ ബേബറിൻെറ ഉദാരമനോഭാവവും, [illegible] ഹിഭണ്ഡാരത്തിലെ ധനസമൃദ്ധിയും ഏതാണ്ടു ഊഹ്[illegible]ന്നതാണല്ലോ.

80 മുറിവുള്ള യുദ്ധവിദഗ്ദ്ധൻ.

സുൽത്താന്റെ അന്ത്യത്തോടുകൂടി സമാധാനസമന്വിതം രാജ്യം ഭരിക്കാമെന്നു ആശിച്ചിരുന്ന ബാബറിന്ന് ഓരോ ഇഞ്ചുഭൂമിക്കുവേണ്ടിയും പിന്നീടു യുദ്ധം ചെയ്യേണ്ടതുണ്ടായിരുന്നു. എന്നാൽ കണ്വാഹ എന്ന സ്ഥലത്തുവെച്ചു രാജപുത്രരുമായി നടത്തിയ യുദ്ധമാണ് ഭയങ്കരതമമായി കാണുന്നതു്.

ചിററൂർ രാജാവായ റാണാസിംഗന്റെ നായകത്വത്തിൽ 9 ചെറു രാജാക്കന്മാരും 104 പ്രഭുകുലത്തലവന്മാരും, കൂടി യോജിച്ചു വേണ്ടത്ര സന്നാഹങ്ങളോടുകൂടിയാണ് ഹൈന്ദവമേധാവിത്വ സംരക്ഷണാർത്ഥം രാജപുത്രർ ആ യുദ്ധം നടത്തിയതു്. അന്വർത്ഥ നാമാവായ റാണാസംഗ്രാമസിംഹൻ ഒററക്കയ്യനും ഒററക്കാലനും ഒററക്കണ്ണനും ആയിത്തീൎന്നിട്ടുള്ളതു അടർക്കളങ്ങളിൽ അരാതിവൎഗ്ഗങ്ങളുമായി എതിരിട്ടതു കൊണ്ടാണെന്നുള്ളതു് അദ്ദേഹത്തിന്റെ ദേഹത്തിൽ അപ്പോഴും കാണാറുണ്ടായിരുന്ന മുറിവുകളുടെ എൺപതുപാടുകൾ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. തനിക്കു് എതിരെ 54,000 കുതിരപ്പടയാളികളോടും അനേകായിരം കാലാൾ ഭടന്മാരോടും 500 ആനകളോടും അനേകം സേനാനായകന്മാരോടും കൂടി യുദ്ധരംഗത്തു നില്ക്കുന്ന വിരാഗ്രേസരന്മാർ അനവധി ശതവർഷക്കാലം ആയോധനം തന്നെ കുലധൎമ്മമായി കരുതി ജീവിതം നയിച്ചിട്ടുള്ള ഒരു വിശിഷ്ടവംശത്തിൽപെട്ടവരാണെന്നു ബാബറിന്നു നല്ലവണ്ണം അറിയാമായിരുന്നു. അത്തരത്തിലുള്ള ഒരു ശത്രുസഞ്ചയത്തോടു് ആടരാടി അകാലമരണം പ്രാപിക്കുന്നതിനെക്കാൾ പിന്തിരിഞ്ഞു പോകുന്നതു പന്തിയായിരിക്കുമെന്നു് അനുയായികൾ ബാബറിനോടു് അപേക്ഷിച്ചു; ...ാൎത്ഥിച്ചു; ആവശ്യപ്പെട്ടു; നിർബന്ധിച്ചു. ആ സുസ്ഥിരചി... ...ാകട്ടെ, അതുകൊണ്ടൊന്നും അല്പവും ചഞ്ചലചിത്ത... ...ത്തീൎന്നില്ല. എതിരാളികളോടു നേരെ എതിരിടുവാൻ ...അദ്ദേഹം ഉറച്ചു.

കീർത്തിയോടുകൂടി മരിക്കുവിൻ!

മദ്യപാനം ചെയ്ത മദോന്മത്തനും ചിലപ്പോഴും മതിമറന്നവനും ആയി പതിന്നാലുവർഷത്തോളം ജീവിതം നയിച്ചിട്ടുള്ള ബേബർ തന്റെ സുവർണ്ണപാനപാത്രങ്ങളെല്ലാം ഒരു അത്യുഗ്രശപഥത്തോടുകൂടി പൊട്ടിച്ചെറിഞ്ഞു. തങ്ങളാരും മേലാൽ മദ്യപാനം ചെയ്യുന്നതല്ലെന്ന് ഉച്ചത്തിൽ ഘോഷിച്ചുകൊണ്ടു 300 പേർ അദ്ദേഹത്തെ അനുകരിച്ചു. അനന്തരം ഉത്തേജകവും ഉദ്ബോധജനകവും ആയ വിധത്തിൽ ബേബർ ഒരു ഗംഭീരപ്രസംഗം ചെയ്ത് അനുയായികളെ സുദൃഢചിത്തന്മാരാക്കിത്തീർത്തു. ആ പ്രസംഗത്തിന്റെ ഒരു ഭാഗം നോക്കുക:—

"ബഹുമാന്യരായ ഭടജനങ്ങളേ,

ഈ ലോകത്തു് ജനിക്കുന്ന ഏതൊരുവനും മരണം പ്രാപിക്കുമെന്നുള്ളതു തീർച്ചയാണ്. ദൈവം മാത്രമേ മരിക്കാതെയും, മാററം കൂടാതെയും സ്ഥിതിചെയ്യുന്നുള്ളൂ. ജീവിതസദ്യയിൽ ഭാഗഭാക്കായി സൗഖ്യം അനുഭവിക്കുന്നതിന് ആസനസ്ഥരാകുന്ന സകലരും മരണപാത്രത്തിലെ പാനീയം കുടിച്ചു മരിക്കേണമെന്നുള്ളതു നിശ്ചയം തന്നെ. മൃത്യുസത്രത്തിലെ സകലസന്ദർശകന്മാരും ഈ സങ്കടമന്ദിരത്തിനെ ഒരു ദിവസം ഉപേക്ഷിക്കാതിരിക്കുന്നതല്ല. അപമാനിതരായി ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നതു തന്നെയാണ് നമ്മൾക്കു ഉത്തമം. കീർത്തിയോടുകൂടി ഞാൻ മരിക്കുന്നപക്ഷം അതു തന്നെയാണ് എനിക്കു് ചാരിതാർത്ഥ്യ ജനകം. ഞാൻ മരിച്ചുപോകുന്നതായാലും കീർത്തി എന്റേതായിരിക്കുന്നതാണല്ലോ. നാം മരിക്കുന്ന പക്ഷം ഉൽകൃഷ്ടകാര്യസിദ്ധ്യർത്ഥം പ്രാണപരിത്യാഗം ചെയ്ത വീരപുരുഷകേസരികളായിട്ടാണ് നാം മരിക്കുന്നതു് എന്നു ഓർത്തുകൊള്ളുവിൻ. നാം വിജയിക്കു[illegible]യാണെങ്കിലോ, അതു് സർവേശ്വരന്റെ പാവനോദ്ദേ[illegible] സാധിക്കുന്നതിനായിട്ടായിരിക്കുകയും ചെയ്യും. ഏതാ[illegible] ഇപ്രകാരമുള്ള ഒരു വിധി നമ്മൾക്കു പ്രദാനം ചെ[illegible]

വേണ്ടി നാം ദൈവത്തെ സ്തുതിക്കേണ്ടതാകുന്നു. നമ്മളുടെ ആത്മാക്കൾ ശരീരങ്ങളിൽ നിന്നു വേർപെടുന്നതുവരെ അ പ്രകാരമുള്ള ഒരു മരണം വരിക്കുന്നതിൽ നിന്നു പിന്മാറു കയോ, സമരഭൂമിയിൽ പ്രവേശിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുകയോ ചെയ്യുന്നതല്ലെന്ന് നമ്മൾ എല്ലാവരും ഏകമനസ്സതയോടെ ശപഥം ചെയ്യട്ടെ.''

വാഗ്മിതാപ്രശോഭിതമായ ഈ ഉജ്വല പ്രസംഗത്തോടു കൂടി അവിടെ ഉണ്ടായിരുന്ന സകലരും കൊറാൻ കൈയി ലെടുത്തു സത്യം ചെയ്തു.

പ്രബുദ്ധവീര്യവാന്മാരായി പടക്കളത്തിൽ പ്രവേശിച്ച മുകിലഭടന്മാർ രാജപുത്രന്മാരെ നിശ്ശേഷം തോല്പിച്ച് ഓടി ച്ചു. അതോടുകൂടി ഹിന്ദുക്കളും മുസ്ലീങ്ങളും മിക്കവാറും ജേതാവിനു കീഴടങ്ങി എന്നുതന്നെ പറയാം. ഇൻഡ്യയി ലെ പ്രഥമമുകിലചക്രവർത്തിയായി ബേബർ പ്രഖ്യാപനം ചെയ്യപ്പെട്ടു.

ചരമസ്വീകരണം.

ഇതിനുശേഷമുള്ള ബേബറിൻെറ ആയുഷ്കാലവും യുദ്ധ ങ്ങളിലേർപ്പെട്ടുതന്നെ കഴിഞ്ഞുകൂടിയിരുന്നു. 1530-ൽ ഇഹ ലോകവാസം വെടിഞ്ഞ ഇദ്ദേഹത്തിൻെറ അന്ത്യം സ്മരണീ യമായ ഒരു സംഭവമായിട്ടാണ് ചരിത്രത്തിൽ പ്രസ്താവിക്ക പ്പെട്ടിരിക്കുന്നത്.

പ്രിയനന്ദനനും അടുത്ത രാജ്യാവകാശിയും ആയ ഹുമ യൂൺ ജ്വരബാധിതനായി, മരിച്ചുപോകുമെന്നുള്ള ഘട്ടത്തിൽ എത്തിച്ചേർന്നു. ഒരു ദൈവികശക്തിയുടെ അത്ഭുത പ്രകടന ത്തിനു മാത്രമേ നന്ദനജീവനെ രക്ഷിക്കുവാൻ സാധിക്കുക യുള്ളു എന്നുകണ്ടിട്ട് ബേബർ തൻെറജീവനെ പുത്രനുപകരം ത്യജിക്കാൻ നിശ്ചയംചെയ്തു. ആ വിലയേറിയ ജീവിത ം അകാലത്തിൽ അസ്തമിപ്പിക്കരുതെന്നും, അതിനുപകരം ൾ വജ്രങ്ങൾ തുടങ്ങിയവ ദാനം ചെയ്താൽ മതിയെന്നും

വേണ്ടതെല്ലാവരെല്ലാം പറഞ്ഞിട്ടും അവയൊന്നും ബേബർ സ്വീകരിച്ചില്ല "എൻെറ പുത്രനു കിടപിടിക്കത്തക്കവിധം വല്ല രത്നങ്ങളും ഈ ലോകത്തുണ്ടോ?" എന്നു ചോദിച്ചുകൊണ്ടു് ആ പുത്രവത്സലൻ രോഗബാധിതൻെറ മുറിയിൽ പ്രവേശിച്ചു ഹുമയൂണിൻെറ കിടക്കയ്ക്കു് മൂന്നു പ്രദക്ഷിണം ചെയ്തു. "എൻെറ മകൻ ഇപ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളെല്ലാം എനിക്കു വന്നുചേരണേ!" എന്നു ഹൃദയംഗമമായി അദ്ദേഹം പ്രാർത്ഥിച്ചു. എന്തത്ഭുതം! പുത്രൻ രോഗവിമുക്തനായിപുറത്തുവന്നു; പിതാവു് ദീനക്കിടക്കയിൽ വീണുമരിക്കയും ചെയ്തു.

അടുത്ത ഇരുനൂറു സംവത്സരക്കാലം പ്രതാപൈശ്വര്യസമൃദ്ധികളോടുകൂടി ഇൻഡ്യാരാജ്യഭരണം നടത്തിയ മുകിലരാജവംശത്തിലെ ഈ പ്രഥമചക്രവർത്തിയുടെ ജീവിതം മററു പലേ പ്രകാരത്തിലും പ്രകീർത്തിതമായിത്തീർന്നിട്ടുള്ള ഒന്നാണു്. ഇൻഡ്യയിൽ താൻ കണ്ടിട്ടുള്ള നദികളെല്ലാം അദ്ദേഹം നീന്തിക്കടന്നിട്ടുണ്ടു്. ചില ദിവസങ്ങളിൽ 80 മൈൽ ദൂരംവരെ കുതിരസ്സവാരി ചെയ്യുവാൻ ബേബറിനു് വൈമനസ്യമോ വൈഷമ്യമോ ഉണ്ടായിരുന്നില്ല. രണ്ടു് ആളുകളെ രണ്ടുകൈയിലായി വഹിച്ചുകൊണ്ടു കോട്ടമുകളിൽക്കൂടി ഇദ്ദേഹം ഒരിക്കൽ പ്രദക്ഷിണം വച്ചോടിയതു് കേവലം വിനോദത്തിനുവേണ്ടി മാത്രമായിരുന്നു.

പ്രകൃതിയുടെ സമ്മോഹനീയതയിൽ ആകൃഷ്ടനായിത്തീരാറുണ്ടായിരുന്ന ബേബറിൻെറ കവിതകളും, ദിനംപ്രതി ഡയറിയെഴുതുന്നതിൽ നിഷ്ഠ പ്രദർശിപ്പിച്ചിരുന്ന ഇദ്ദേഹത്തിൻെറ ആത്മചരിതവും ഇന്നും പ്രചുരപ്രചാരത്തിലിരിക്കുന്നുണ്ടു്.

---

൧൦. ചട്ടമ്പി സ്വാമികൾ.

വെങ്കുളം ജീ. പരമേശ്വരൻപിള്ള.

നാല്പതു സംവത്സരത്തിനു മുമ്പെ തരുണാരുണൻ അരുണ കിരണങ്ങൾകൊണ്ടു് കേരളീയൎക്ക് ആനന്ദദായകനായി വിളങ്ങിയ ഒരു മോഹനപ്രഭാതത്തിൽ എറണാകുളം വള്ളക്കടവിലെ കേവുവഞ്ചിയിൽനിന്നു ഒരു തേജഃപുഞ്ജം കരയ്ക്കിറങ്ങി. യാതൊരു നാണയവും അനേകവൎഷങ്ങളായി സ്പൎശിക്കാതെ, ഭാരതത്തിന്റെ വടക്കേ അററംമുതൽ പരിവ്രാജകനായി സഞ്ചാരം നടത്തിയ ഒരു സന്യാസിവൎയ്യനാണു് ആഗതൻ. ഭാരതഭൂദേവിയുടെ വത്സലസന്താനങ്ങളെക്കുറിച്ചു് നല്ലൊരു പഠനം നടത്താനായി പ്രയാണംചെയ്യുന്ന ഈ വേദാന്തകേസരി സകല മതങ്ങളിലേയും ജ്ഞാനം ആനുഭവികമാക്കി, പാശ്ചാത്യ ശാസ്ത്രാഭ്യസനവും നടത്തി പരിപൂൎണ്ണത്വത്തിനോടു്, ഏററവും സമീപിച്ചിരിക്കുന്ന ശ്രീമദ് വിവേകാനന്ദസ്വാമികൾ ആണെന്നു ആദ്യമേ പ്രസ്താവിച്ചു കൊള്ളട്ടെ.

ബാലമാരുതന്റെ ആലിങ്ഗനം അനുഭവിച്ചു അകംകുളൎപ്പിക്കുന്നതിനായി കടവിൽ ലാത്തിക്കൊണ്ടിരുന്ന രാമയ്യർ (കൊച്ചിദിവാൻജിയുടെ സെക്രട്ടറി) ചന്തുലാലാ (പോലീസ് സൂപ്രണ്ടു്) തുടങ്ങിയുള്ളവർ ആഗതന്റെ വേഷം കണ്ടാദരിച്ചു പലതും അദ്ദേഹത്തോടു മലയാളത്തിൽ ചോദിച്ചു. കൈരളിയുമായുള്ള അപരിചയം നിമിത്തം ശ്രീ രാമകൃഷ്ണശിഷ്യൻ മൌനംമുഖേന മാത്രമേ മറുപടി നൽകിയുള്ളു. എന്നാൽ അടുത്തുതന്നെ ഹിന്ദുസ്ഥാനിയിലും ഇംഗ്ലീഷിലും അവർ നടത്തിയ സംഭാഷണം അദ്ദേഹത്തിന്റെ ഭാഷാപാണ്ഡിത്യത്തെയും മതപരിജ്ഞാനത്തേയും കുറിച്ചു, ഏകദേശമായ ഒരു ബോധം ഇവൎക്കു് ഉണ്ടാക്കിക്കൊടുത്തു.

അവിടെക്കൂടിയിരുന്ന സകലരാലും സ്വീകൃതനും രാമയ്യ സൽകൃതനും ആയിത്തീൎന്ന ആ സന്യാസിവൎയ്യനെ, സമീ...നത്തിൽ വിശ്രമിച്ചിരുന്ന ഒരു പ്രൌഢവയസ്കനുമായി ...ഹയൻ പരിചയപ്പെടുത്തി. ഗീൎവ്വാണിയിലായി അവ

രുടെ സംഭാഷണം. ചിന്മുദ്രയെക്കുറിച്ചു പറഞ്ഞുകേൾക്കണമെന്നു ഔത്തരാഹൻ ഔത്സുക്യം പ്രദർശിപ്പിച്ചു. ചിന്മുദ്ര ഇന്നതാണെന്നും, അതു് അദ്ധ്യാത്മജ്ഞാനത്തിന്നു് ഉപകരിക്കുന്നതു എങ്ങനെയാണെന്നും ബൃഹദാരണ്യോപനിഷത്തിന്റെ ഒരു ഭാഷ്യം ഉദ്ധരിച്ചു ദാക്ഷിണാത്യൻ തെളിയിച്ചു കാണിച്ചു. വിവേകാനന്ദസ്വാമികൾ പ്രതിപക്ഷ ബഹുമാനത്തിന്റെ ആധിക്യത്താൽ ആ കേരളീയനെ ഗാഢമായി പരിരംഭണം ചെയ്തു. ആദരവിന്റെ മേദുരത ഇങ്ങനെ പൊട്ടിപ്പുറപ്പെടുകയും ചെയ്തു:—"ഞാൻ ബങ്കാളത്തുനിന്നും വളരെദൂരം—തെക്കേഅററത്തു്—ഇവിടംവരെ എത്തി. പല സന്യാസിമാരെയും കണ്ടു. ഈ ചോദ്യംതന്നെ അവരോടെല്ലാം ഞാൻ ചോദിച്ചു. ഇത്ര തൃപ്തികരമായ സമാധാനം പറവാൻ ഇന്നേവരെ ആൎക്കും സാധിച്ചിട്ടില്ല."

അധിക താമസം കൂടാതെ ലോകമെങ്ങും കീൎത്തിപരത്തി അനേക ലക്ഷം ജനങ്ങളുടെ നിത്യാരാധനയ്ക്കു പാത്രമായിത്തീൎന്നിരിക്കുന്ന ശ്രീമദ്വിവേകാനന്ദ സ്വാമികളുടെ പക്കൽ നിന്നു് ഈ മഹദഭിപ്രായം പ്രയാസലേശമെന്യേ സമാൎജിച്ച വിശ്രുത സന്യാസി പ്രവരനത്രേ ഈ ലഘുജവചരിത്രത്തിലെ നായകനായ പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ. ഏതൊരു തേജോനിധിയുടെ രസനയിൽ നിന്നാണോ "കേരളം ഒരു ഭ്രാന്താലയമാകുന്നു" എന്ന അഭിപ്രായം പുറപ്പെട്ടതിന്റെ ഫലമായി കേരളീയൎക്കൊരു തീരാക്കളങ്കം വന്നു ചേൎന്നിരിക്കുന്നതു്, ചിന്തകാഗ്രേസരനായ അതേ മഹാത്മാവിൽ നിന്നുതന്നെ ഇപ്രകാരം ഒരു അഭിപ്രായം കൂടി പുറപ്പെട്ടിട്ടുള്ളതു് മലയാളികൾക്കു് ആകമാനം ആശ്വാസപ്രദം തന്നെയാണു്. ശ്രീ ശങ്കരാചാൎയ്യൎക്കു ശേഷം മലയാള മഹീതലത്തിലെങ്ങും ഇതുപോലെ സകല കലാവല്ലഭനായ ഒരു സന്യാസിശ്രേഷ്ഠൻ അവതരിച്ചിട്ടില്ല എന്ന വസ്തുത സ്മരിക്കുമ്പോൾ വിവേകാനന്ദജിയുടെ ഈ പ്രവചനം എത്രയും അൎത്ഥവത്തും സൂക്ഷ്മവും ആയ് തന്നെ സ്ഥിതിചെയ്യുന്നുണ്ടു്.

അത്യന്തം ദാരിദ്ര്യം.

തിരുവനന്തപുരം നഗരത്തിന്റെ വടക്കെ അതിർത്തിക്ക കത്തുള്ള കൊല്ലൂർ എന്ന ഗ്രാമമാണ് ഈ വിശിഷ്ട പുരുഷന്റെ ജനനം കൊണ്ടു പാവനതയും പ്രസിദ്ധിയും സമ്പാദിച്ചിരിക്കുന്ന പ്രദേശം. നങ്ങാദേവി, വാസുദേവൻ പിള്ള എന്നീ ദരിദ്ര ദമ്പതിമാരുടെ പ്രഥമ സന്താനമായി 1029-ാമാണ്ട് ചിങ്ങമാസത്തിലെ ഭരണി നാളിൽ ജാതനായ ബാലൻ ദാരിദ്ര്യയക്ഷിയുടെ പിടിപാടിൽ അകപ്പെട്ടു വിഷമിക്കാതെ ഒരു ദിവസം പോലും ജീവിക്കാൻ അക്കാലത്തു കഴിഞ്ഞിരുന്നില്ല. ആ ഗ്രാമത്തിലെ ആ പ്രസിദ്ധ ദേവാലയത്തിൽ തുളസിമാല കെട്ടിക്കൊടുത്താൽ കിട്ടുന്ന ഒരു കട്ടിച്ചോറും, വല്ലെടത്തും വളരുന്ന തകരയിലയോട് അന്തർജനങ്ങളുടെ ഔദാര്യത്താൽ ലഭിക്കുന്ന ഉപ്പും മുളകും കൂട്ടിച്ചേർത്തു വേവിച്ചു ലഭിക്കുന്ന ഇലക്കറിയും ഭക്ഷിച്ച് അനവധി ദിവസങ്ങൾ ബാലൻ കഴിച്ചുകൂട്ടിയിട്ടുണ്ട്.

ജ്ഞാനസമ്പാദനത്തിനുപെട്ട പാടുകൾ.

ഇപ്രകാരമുള്ള ഒരു ദാരിദ്ര്യവാസിയെ ജ്ഞാനസമ്പാദനത്തിന് സഹായിക്കാൻ ആരാണു സന്നദ്ധനാവുക? കണ്ണുകൾക്കും കാതുകൾക്കും വിഷയീഭവിക്കുന്ന യാതൊന്നും വിസ്മരിക്കാത്ത ബുദ്ധി വൈഭവം ബാലനിൽ "കോരകത്തിൽ മധു വെന്ന പോലെ" സ്ഥിതി ചെയ്തിരുന്നു എന്നുള്ള വസ്തുത കണ്ടുപിടിക്കാനും ആരുമുണ്ടായിരുന്നില്ല. കൊല്ലൂർ മഠാധിപതിയായിരുന്ന ഒരു പോററിയുടെ മകനെ ഒരു ശാസ്ത്രികൾ പഠിപ്പിക്കുന്നതു ഒളിച്ചുനിന്നു കണ്ടും കേട്ടും പഠിച്ചതാണ് അക്ഷരാഭ്യാസം എന്നു പറയുന്നതു്. ബാലകന്റെ ജ്ഞാനതൃഷ്ണയുടെ അസാധാരണത്വം കണ്ടു ആർദ്രചിത്തനായിത്തീർന്ന ശാസ്ത്രികളാകട്ടെ കുഞ്ഞനെ അടുത്തിരുന്നു പാഠങ്ങൾ [illegible]ദ്ധിക്കുവാൻ അനുവാദം നൽകി. പോററിക്കുട്ടി രാത്രി പാഠം പഠിക്കുന്ന അവസരത്തിൽ, മുറിക്കു പുറത്തു ദൂരെ ചെന്നി

രുന്ന വിദൂര വെളിച്ചത്തിന്റെ സഹായത്താൽ പാഠങ്ങൾ പഠിക്കാൻ കുട്ടി കാണിച്ചുവന്നിരുന്ന ശുഷ്കാന്തി അത്യന്തം പ്രശംസനീയമെന്നേ പറയേണ്ടൂ. റോഡിൽ സ്ഥാപിച്ചിരിക്കുന്ന വിളക്കുകളിലെ വെളിച്ചംകൊണ്ടു രാത്രി പാഠങ്ങൾ പഠിച്ചു സമർത്ഥന്മാരും ഖ്യാതിമാന്മാരും ആയിത്തീർന്നിട്ടുള്ള അനേകം ആളുകളെക്കുറിച്ചു കേട്ടിട്ടുള്ള നമുക്ക് ഇതു അസംഭവ്യമായി തോന്നുന്നതല്ലല്ലൊ. ഇത്തരത്തിലുള്ള അത്യുത്സാഹം പോരെയോ പാമരനായ ഒരുവനെ പണ്ഡിത ശിരോരത്നമാക്കിത്തീക്കാൻ? കാവ്യങ്ങൾ നാടകങ്ങൾ തുടങ്ങി ഏതേതെല്ലാമാണോ ബാലൻ ഒരിക്കൽ ശ്രവിക്കാനിടവന്നിട്ടുള്ളതു് അവയെല്ലാം, വയ്ക്കോൽ തുറുവിൽ വീണ തീപ്പൊരിപോലെ, അത്ഭുതകരമായ ശക്തിയോടുകൂടി ബാലന്റെ ഹൃദയാകാശത്തിൽ തെളിഞ്ഞു വിളങ്ങി പ്രഭാപൂരം പ്രസരിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങനെയുള്ള ഒരു വിശിഷ്ടസൃഷ്ടിയെ ആരെന്തു പഠിപ്പിക്കാനാണു്!

ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പ്രസന്ന മരീചികൾ ആരുടെ ജീവിതത്തിനെ പ്രശോഭിപ്പിക്കുന്നുവോ അയാൾക്കു് ദുർഗ്രാഹ്യമായി യാതൊരു വിഷയവും ഉണ്ടായിരിക്കുന്നതല്ല; അപ്രാപ്യമായിട്ടൊരു അവസ്ഥാവിശേഷവും കാണുന്നതല്ല. ആ ദിവ്യചൈതന്യംകൊണ്ടു അനുഗൃഹീതനായിത്തീരാനുള്ള മഹാഭാഗ്യം ഈ ലൌകികനിർഭാഗ്യവാനു് ജന്മസിദ്ധമായി ലഭിച്ചിരുന്നു. സരസ്വതീസ്തനദായത്താൽ "ആപാദമധുര"മായതിന്റെ ആസ്വാദനം പരിശീലിക്കുന്നതിനായി പേട്ടയിൽ രാമൻപിള്ള ആശാന്റെ പള്ളിക്കൂടത്തിൽ ബാലൻ കുറെക്കാലം പഠിച്ചിട്ടുണ്ടു്. "രാത്രിയിൽ പതിവായിട്ടു കൂട്ടുകാരുടെ ഇടയിൽ അദ്ദേഹത്തെ കാണാത്തവിവരം ആശാനറിഞ്ഞു ചാരന്മാരെക്കൊണ്ടു അന്വേഷിപ്പിച്ചതിൽ അദ്ദേഹം സമീപത്തുള്ള ഒരു ഭഗവതീക്ഷേത്രത്തിൽ വിഗ്രഹത്തെ കെട്ടിപ്പിടിച്ചുകൊണ്ടു മദ്ധ്യരാത്രി കഴിച്ചുകൂട്ടിയിരുന്നു എന്നു അ[illegible]വാനിടയായി." ഇത്രമാത്രം ഭക്തിയുള്ള ഒരു ബാല[illegible]

ഗ്രന്ഥപാരായണാസക്തിയും ഗുണദോഷ വിചിന്തനശീലവും സംയോജിച്ചാൽ അവൻ വിജ്ഞാനിയായ ഒരു സന്ന്യാസിയായിത്തീരുന്നതു അത്ഭുതമല്ലല്ലൊ.

ഏതു വിഷയത്തിലാണ് ശ്രദ്ധപതിപ്പിക്കേണ്ടതെന്ന അദ്ദേഹത്തിന് ഒരു പ്രത്യേക ചിന്തയുമില്ലായിരുന്നു. അതുകൊണ്ട്, സാഹിത്യം, ജ്യോതിഷം, വൈദ്യം, മന്ത്രവാദം, സംഗീതം, ചിത്രമെഴുത്തു തുടങ്ങി പലതിലും അദ്ദേഹം പ്രവേശിച്ചു; അവയിലെല്ലാം അദ്വിതീയത്വം തന്നെ പ്രാപിക്കുകയും ചെയ്തു. ചെണ്ട, തിമില, തകിൽ, മൃദംഗം മുതലായവയിൽ പോലും ഇദ്ദേഹത്തിന്ന അസാമാന്യപരിചയം സിദ്ധിച്ചിട്ടുള്ള വിവരം ടി. കെ. കൃഷ്ണമേനോൻ അവർകൾ എഴുതിയിട്ടുള്ള 'സ്മരണ'കളിൽനിന്ന വിശദമാകുന്നതാണ്. "ഒരിക്കൽ വഴിയാത്ര ചെയ്യുന്ന സമയം, സ്വാമി അടുത്തൊരു മഹാക്ഷേത്രത്തിൽ ഉത്സവബലിക്കു പാണി കൊട്ടുന്നതായി കേട്ടു. അമ്പലക്കുളത്തിൽപോയി കുളിച്ചു അകത്തുചെന്നു. കൊട്ടിയിരുന്ന മാരാരു എന്തെന്നറിയുന്നതിന്നു മുമ്പു തിമില വാങ്ങി സ്വാമി കൊട്ടിത്തുടങ്ങി. ശ്രീ ഭൂതബലിക്കു തൂവിയിരുന്നതു് പ്രായവും പഠിപ്പും ഉള്ള ഒരു താന്ത്രികനായിരുന്നു. കൊട്ടുമാറികേട്ടപ്പോൾ അദ്ദേഹം ഒന്നു തിരിഞ്ഞു നോക്കി. മുറയ്ക്കു തൂവാനും തുടങ്ങി. രണ്ടുപേർക്കും ബഹുരസമായി. ഭൂതഗണങ്ങൾ അന്നു ഇരുപേരെയും നല്ലവണ്ണം അനുഗ്രഹിച്ചിരിക്കണം. ഉച്ചതിരിയുന്നതോടുകൂടി കഴിയാറുള്ള ക്രിയ സന്ധ്യാകാലമായിട്ടും അവസാനിക്കാതെ ആയപ്പോൾ ക്ഷേത്രാധികാരികൾ ഇതിന്നു വെളിച്ചെണ്ണക്കു വകയില്ലെന്നും, മററും സങ്കടം പറഞ്ഞു തുടങ്ങിയതു കണ്ടു തമില മാരാന്നു തിരിച്ചുകൊടുത്തു സ്വാമി പോരുകയും ചെയ്തുവത്രെ. കുന്നിക്കുരു കൈത്തണ്ടിന്മേൽ വച്ചു അതു വീഴാതെ കൊട്ടിപ്പഠിച്ചിട്ടുണ്ടെന്നു് മുമ്പു പറഞ്ഞ സംഭവത്തെ വർണ്ണിച്ച സന്ദർഭത്തിൽ സ്വാമി പറകയുണ്ടായി." ഇത്രമാത്രം വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതന്ന് അത്ര അധികം കാ... അദ്ദേഹം ഈ വിദ്യ അഭ്യസിച്ചിട്ടേയില്ല.

ആധാരമെഴുത്തുജോലി

പതിനാറു വയസ്സുപ്രായമാകുന്നതിനു മുമ്പു തന്നെ "വയററു പിഴപ്പി"ന്നു മാർഗ്ഗം അന്വേഷിക്കാൻ ബാലനെ ദാരിദ്ര്യം തള്ളിഅയച്ചു. ഒരു ജ്യേഷ്ഠനായ കൃഷ്ണപിള്ളയോടൊന്നിച്ച് നെയ്യാററിങ്കര ആധാരമെഴുത്തുജോലിയിൽ പ്രവേശിച്ചു. ആധാരമൊന്നിനു കിട്ടാറുണ്ടായിരുന്ന ഓരോ പണത്തിൽ ചെലവുകഴിച്ചു വരുന്ന ബാക്കി അമ്മയ്ക്കു അയച്ചു കൊടുക്കുകയായിരുന്നു പതിവ്. ഭൂതപ്പാണ്ടിയിലും ഇതേ ജോലിയിലിരുന്ന ബാലൻ അവിടത്തെ അസഹ്യമായ കാററിൻെറ ഉപദ്രവം നിമിത്തം ജോലി മതിയാക്കി തിരിച്ചു പോരുകയുണ്ടായി.

ഒരു മാസം സക്കാർ ജോലി.

ഗവണ്മെൻറു ജോലിയിൽ സ്വാമികൾ ഇരുന്നിട്ടില്ലെന്നു പറയാൻ നിവൃത്തിയില്ല. തിരുവിതാംകൂറിൻെറ ആധുനിക ഭരണക്രൂടം രൂപവൽക്കരിച്ച രാജാ സർ ടി. മാധവറാവുവിൻെറ ഭരണ കാലത്ത് ഒരു മാസക്കാലം കണക്കെഴുത്തു ജോലിയിൽ ഇദ്ദേഹം ഇരുന്നിട്ടുണ്ട്. കുറെ കണക്കെഴുത്തുപിള്ളമാരെ ജോലിക്കു നിയമിക്കുന്നതിനു മുമ്പെ പരിശോധനാർത്ഥം ഏതാനും കണക്കുകൾ ചെയ്തുകൊണ്ടുവരുന്നതിനായി ദിവാൻജി അപേക്ഷകന്മാക്കു ഇട്ടു കൊടുത്തു. പ്രയാസമേറിയ ആ ചോദ്യങ്ങളെല്ലാം സ്വാമികളുടെ സഹായത്തോടുകൂടി അവർ ശരിയായി ചെയ്കതിനാൽ അത്ഭുതപരവശനായിത്തീൎന്ന ദിവാൻജി അവരെ കണക്കുചെയ്യാൻ സഹായിച്ച ആളിനെ കണ്ടുപിടിക്കാൻ ശ്രമിച്ചു; ഗത്യന്തരമില്ലാതെ അവർ പറഞ്ഞതു നിമിത്തം ഇദ്ദേഹത്തെ വരുത്തി കുശാഗ്രമതിമാനായ മാധവരായർ പരിശോധിച്ചു. വിഷമമേറിയ ഒരു ചോദ്യത്തിനുള്ള ഉത്തരം സ്വാമികൾ കൈയ് വിരൽ മടക്കി ചെയ്തു ക്ഷണം പറഞ്ഞതിനാൽ ദിവാൻജി പ്രസാദിച്ചു; അദ്ദേഹത്തെ നാലു രൂപ ശമ്പളത്തിൽ ഒരു കണക്കെഴുത്തുകാരനായി ഉടനെ നിയമിക്കയും ചെയ്തു.

ല

മലയാററൂരിനടുത്തുള്ള കാനനങ്ങളിൽ സഞ്ചരിക്കു മ്പോൾ ഒരു കടുവാ ഇദ്ദേഹത്തെ വധിക്കാനായിമുമ്പോട്ടു പാഞ്ഞു എങ്കിലും സ്വാമികളുടെ മുഖത്തു നോക്കിയുടൻ തന്നെ സ്വതേയുള്ള ക്രൂരത മറന്നു ആ യതിപ്രവീരനോടു ഇണങ്ങിക്കൂടുകയുണ്ടായി. മഹഷി പുംഗവന്മാരുടെ ആശ്രമങ്ങളിൽ സാധുമൃഗങ്ങളും ഹിംസ്രജന്തുക്കളും സൗഹാർദ്ദ പുരസ്സരം ജീവിതം നയിച്ചിട്ടുള്ളതായി പുരാണേതിഹാസങ്ങളിൽ വായിച്ചറിഞ്ഞിട്ടുള്ള നമ്മൾ, ഈ അടുത്ത കാലത്ത് പരലോകം പ്രാപിച്ച രാമതീത്ഥൻ ഹിമാലയ മഹാഗിരിയുടെ താഴ്വരകളിൽ സഞ്ചരിക്കുമ്പോൾ എതിരേവന്ന ഏതാനും കടുവാകളെ തൻെറ ഉജ്വലനയനങ്ങളിൽ നിന്നു പുറപ്പെട്ട ഉഗ്രനോട്ടംകൊണ്ടു ഓടിച്ചുകളഞ്ഞ വസ്തുത വായിച്ച അത്ഭുതപ്പെടാറില്ലല്ലോ.

അഖണ്ഡബ്രഹ്മചര്യം മുഖേന പരമ പാവനഗാത്രനായിത്തീന്നിട്ടുള്ള സ്വാമികളുടെ ശരീരത്തിൽ സപ്പവിഷം പോലും ഏൾക്കുകയില്ലത്രെ! കടിച്ച പാമ്പു മരിച്ചുപോകുമെന്നുള്ളതും അനുഭവത്തിൽ കണ്ടിട്ടുള്ള കരിമ്പുവിളാകം ഗോവിന്ദപ്പിള്ള അവർകൾ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക:—
"ഞങ്ങളുടെ അരിവയ്പുകാരൻ ഒരുമിച്ച സ്വാമികൾ വെളിയിൽ പോയിട്ടു തിരിച്ചു വരുകയായിരുന്നു. വഴിക്കുവച്ചു ഒരു പാമ്പു തൃപ്പാദങ്ങളിൽ കടിച്ചു. ഇക്കഥ പറയാതെ അരിവയ്പുകാരനോടു മുമ്പോട്ടു മാറിനില്ക്കാൻ പറഞ്ഞിട്ടു സ്വാമികൾ അവിടെത്തന്നെ സ്വല്പനേരം നിന്നു. പിന്നീടു അയാളൊരുമിച്ചു അദ്ദേഹം വീട്ടിലേക്കു പോരുകയും ചെയ്തു. വെളുപ്പാൻകാലത്ത് "പിള്ളേ! (ഇങ്ങനെയാണ് സ്വാമികൾ എന്നെ വിളിക്കാറുള്ളത്) നമുക്കു അവിടെയൊരു കൂട്ടുകാരനെ കാണാൻപോകാം" എന്നു പറഞ്ഞു എന്നെയും വിളിച്ചുകൊണ്ടു പാമ്പു കടിച്ച സ്ഥലത്തേക്കു പോയി. അവിടെ ചെന്നപ്പോൾ ഒരു ഭയങ്കരസപ്പം ചത്തുകിടക്കുന്നതാണു ഞങ്ങൾ കണ്ടത്. ഇതു കണ്ടു സംഗതി മനസ്സിലാകാത്ത ഞാൻ 'ഇതെന്താണ് ?' എന്നു ചോദിച്ചപ്പോൾ തലേദി

വസം രാത്രി പാമ്പു കടിച്ച കഥ പറയുകയുണ്ടായി. കടിച്ച പാടുണ്ടായിരുന്നതല്ലാതെ മററുവിഷമങ്ങളൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പാമ്പു ചാവുന്നതിനുണ്ടായ കാരണം സ്വാമിയെ കടിച്ചതു മാത്രമായിരുന്നു.''

സകല ജീവജാലങ്ങളേയും ഒന്നുപോലെ സ്നേഹിക്കാൻ കഴിയുമായിരുന്ന സ്വാമികൾ ആ മഹത്തായ സ്നേഹം പലപ്പോഴും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. തൻെറ ഏതാനും അനുചരന്മാക്കു ഒരു സദ്യ നല്കണമെന്നു തിരുവനന്തപുരത്തു പുത്തൻ ചന്തയിലെ ഒരു ഗൃഹസ്ഥനോടു ആവശ്യപ്പെട്ടതനുസരിച്ച് അയാൾ എല്ലാം ഒരുക്കി തയാറാക്കിയപ്പോൾ അനുചരന്മാരായി അന്നു സ്വാമികൾ കൊണ്ടു ചെന്നതു ഏതാനും പട്ടികളെ ആയിരുന്നു. ശാന്തരായികാണപ്പെട്ട ആ ജന്തുക്കളെ ഗൃഹാധിപൻ ശരിയായി സല്ക്കരിച്ച് ഭക്ഷണം കഴിപ്പിച്ചുവിട്ടു.

1097-ാമാണ്ടു സ്വാമികൾ ചേത്തലെ വക്കീൽ മിസ്റ്റർ നാരായണപിള്ളയുടെ വസതിയിൽ താമസിക്കുമ്പോൾ അവിടെ നടന്ന ഒരു സംഭവം അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്ന വിദ്വാൻ എൻ. പി. പണിക്കർ അവർകൾ പ്രസ്താവിച്ചിട്ടുള്ളതു ഇവിടെ ഉദ്ധരിച്ചേക്കാം. രാത്രി കതകു് അടച്ചിട്ടേ ഉറങ്ങാൻ പാടുള്ളൂ എന്നു സ്വാമികളോടു അപേക്ഷിച്ചപ്പോൾ "ഏയ്; അതു സാരമില്ല. എനിക്കു വാതിലുകളും ജന്നലുകളുമെല്ലാം നല്ലവണ്ണം തുറന്നിട്ടെങ്കിലേ ഉറങ്ങാൻ സാദ്ധ്യമാവുള്ളൂ. ഞാൻ ഇവിടെ കിടക്കുമ്പോൾ ആരും ഇതിനകത്തു കടക്കുകയില്ല. അഥവാ വല്ലവരും കടന്നുകയറിയാലും ഇവിടെയുള്ള ഒരു സാധനവും തൊട്ടുകപോലുമില്ല'' എന്നു പറഞ്ഞു. ഇതൊന്നു പരീക്ഷിക്കണമെന്നു വക്കീലും മററും ആന്തരാൽ നിശ്ചയിച്ചു. മണി ഒന്നരയായി. ആദ്യമായി വക്കീൽ പതുക്കെ മുറിക്കകത്തു കടന്നു. സ്വാമികൾ ക്രുക്കം വലിച്ചു കിടന്നുറങ്ങുന്നു. മേശപ്പുറത്തു വച്ചിരുന്ന മഷിക്കുപ്പിയിൽ കൈവച്ചു. ആ കൈ അവിടെത്തന്നെ ഇരുന്നു. വക്കീലിനു പരിഭ്രമമായി, തിരിഞ്ഞു നോക്ക ല

മററെ കൈകൊണ്ടു വെളിയിൽ നിന്നു് മററൊരാളിനെ ആംഗ്യം കൊണ്ടു വിളിച്ചു. ആ ആളും വന്നു വക്കീലിനെ തൊട്ടു. അയാളും അങ്ങനെ തന്നെ നില്പായി. മൂന്നാമതു ഇതെഴുതുന്ന ഞാനും രണ്ടാമന്റെ അടുക്കൽ ചെന്നു. എന്തു പററി? എന്നു ചോദിച്ചുകൊണ്ടു അയാളുടെ കൈയിൽ തൊട്ടു. ഉടൻ സർവ്വാംഗം ഒരു വൈദ്യുത പ്രവാഹം ഏററതു പോലെ ഞാൻ സ്തബ്ധനായി നിന്നുപോയി. ഉടനെ സ്വാമികൾ ഉണർന്നു എഴുന്നേററു. "ആഹാ! പരീക്ഷയിൽ ജയിച്ചോ തോറേറാ?" എന്നു ചിരിച്ചുകൊണ്ടു ചോദിച്ചു. ഉടൻ ഞങ്ങൾ ഇളിഭ്യന്മാരായി; ഞങ്ങളുടെ ബന്ധങ്ങളും നീങ്ങി." അദ്ധ്യാത്മപ്രഭാവത്താൽ വിദ്യോതമാനന്മാരായ തപശ്ശക്തിസമ്പന്നന്മാരുടെ മഹിമാതിരേകത്തിനു അററം കണ്ടവർ ആരുണ്ടു്!

ലോകത്തു കാണുന്ന വിവിധരൂപങ്ങൾ എല്ലാം ഒരേ ഒരു ശക്തിയുടെ പലതരം പ്രകടനങ്ങൾ മാത്രമാകുന്നു. അതുകൊണ്ടാണു് സ്നേഹംകൊണ്ടു് സർവ്വജീവരാശികളേയും ഇണക്കാമെന്നു് പ്രേമസ്വരൂപാരാധകന്മാർ പ്രസ്താവിക്കുന്നതു്. ചട്ടമ്പിസ്വാമികൾ ഈ വസ്തുത അനവധി അവസരങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. ഇദ്ദേഹം ഒരിക്കൽ അനുചരന്മാരോടൊത്തു തിരുവനന്തപുരം പട്ടണത്തിൽ നിന്നു് കടപ്പുറത്തേക്കു നടക്കുമ്പോൾ പക്ഷിമൃഗാദികളിൽ പലതും സ്വാമികളോടൊന്നിച്ചു കടപ്പുറത്തേക്കു സഞ്ചരിച്ചിരുന്നു. ആ അനവധി ജന്തുക്കളെകണ്ടു അത്ഭുതപ്പെട്ടിട്ടുള്ളവർ ഇന്നും അവിടെയുണ്ടു്.

കൊല്ലത്തു കോട്ടൂർ കുടുംബത്തിൽ താമസിക്കാറുണ്ടായിരുന്നപ്പോൾ ചേര തുടങ്ങിയ ഇഴജന്തുക്കൾ അദ്ദേഹത്തിന്റെ ദേഹത്തിൽ കയറി ശാന്തരായികിടക്കുന്നതും, അവയുമായി അദ്ദേഹം കളിച്ചു രസിച്ചുകൊണ്ടിരിക്കുന്നതും കണ്ടിട്ടുള്ള അവിടത്തെ കാരണവർ കൊച്ചുപിള്ളപ്പിള്ള അവർകൾ തുടങ്ങി പലരും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടു്. കിടക്കയിൽ പൊടിയരി ധാരാളം വിതറിയതിനുശേഷം അനവധി നെയ്യെർവുകളെ വരുത്തി അവയ്ക്കു ആഹാരം കൊടുക്കുന്നതു് അദ്ദേത്തിനു് ഒരു നേരമ്പോക്കുമാത്രമായിരുന്നു. അവയുടെ മദ്ധ്യ

ത്തായി ഒന്നിനും ജീവാപായം വരുത്താതെ കിടന്നുറങ്ങാറുണ്ടാ യിരുന്ന സന്ദർഭങ്ങളിൽ, ആഹാരം തീൻപോയാലും ഇദ്ദേഹ ത്തെ കടിക്കാതെ ശരീരം മുഴുവനും പൊതിഞ്ഞുകിടക്കുകയായി രുന്നു അവയുടെ പതിവ്. പത്തു പതിനഞ്ചു സംവത്സര കാലം ഘോരാടവികളിൽ മാത്രം സഞ്ചരിച്ച് ദുഷ്ടമൃഗങ്ങളെ പ്പോലും സ്നേഹംകൊണ്ടു ഇണക്കി അവയോടൊത്തു ജീവിച്ചി ട്ടുള്ള ഈ സന്ന്യാസിപ്രവരനെസംബന്ധിച്ചു ഇത്തരം പല കഥകളും പറയേണ്ടതായുണ്ട്.

ശിഷ്യന്മാർ.

ആത്മശക്തി പ്രഭാവം ആനുഭവികമാക്കി, ആത്മാ രാമനും ലൌകികേച്ഛാരഹിതനും ആയി സഞ്ചരിച്ചു കൊണ്ടിരുന്ന ചട്ടമ്പി സ്വാമികൾക്കു കേരളത്തിലെങ്ങുമായി അനവധി ശിഷ്യന്മാർ ലഭിച്ചിട്ടുണ്ട്. അവരെ ഗൃഹസ്ഥാ ശ്രമികൾ എന്നും സന്ന്യാസിമാർ എന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. ഗൃഹസ്ഥാശ്രമികളായി ഒട്ടുവളരെ സ്ത്രീപുരുഷന്മാരുള്ളതിൽ, ഉന്നത വിദ്യാ സമ്പന്നരും, വേദാ ന്തസാരം ഗ്രഹിച്ചിട്ടുള്ളവരുമായി കുറച്ചൊന്നുമല്ല ഉള്ളതു്. അവരിൽ പലരും ഇന്നു നല്ല നിലയിൽ ജീവിച്ചു പോരു ന്നുണ്ട്.

സന്ന്യാസി ശിഷ്യന്മാരുടെ കൂട്ടത്തിൽ പ്രധാനികൾ ശ്രീ നാരായണഗുരുസ്വാമികൾ, ശ്രീ നീലകണ്ഠതീർത്ഥപാദർ, തീർത്ഥപാദപരമഹംസസ്വാമികൾ എന്നീ മൂന്നു പേരുടെ പാവന നാമധേയങ്ങൾ എന്നെന്നേക്കും സ്മരണീയമായുള്ള വയാകുന്നു.

കേരളത്തിലെ അധഃകൃത വർഗ്ഗങ്ങളെ ഉദ്ധരിക്കുന്നതി നായി ജീവിതസമർപ്പണം ചെയ്തു,

"ഒരു ജാതിയൊരു മതം
ഒരു ദൈവം മനുഷ്യന്"

എന്ന ഉൽകൃഷ്ട തത്വം ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്തിട്ടുള്ള ശ്രീനാരായണഗുരു സ്വാമികൾ സുദീർഘകാല

ചട്ടമ്പി സ്വാമികളോടൊത്തു സഞ്ചരിച്ചും താമസിച്ചും, ആദ്ധ്യാത്മിക പ്രഭാവം സമ്പാദിച്ചു വൎദ്ധിപ്പിച്ചിട്ടുള്ള ഒരു യോഗിയാകുന്നു. "മലയാളത്തിലെ ജാതിവ്യത്യാസമാകുന്ന കൗരവ സേനകളെയും അവരെ പോററി വളൎത്തുന്ന ധൃഷ്ട കേതുശ്ചേകിതാനന്മാരായ ബ്രാഹ്മണസംബന്ധികളേയും കണ്ടു അവരോടു പോർ ചെയ്യുന്നതിൽ വിഗത ധീരനായി ശരചാപങ്ങൾ സ്വ ഹസ്തങ്ങളിൽ നിന്നും താഴെ വീണു ക്ലേശിക്കുന്ന അവസരത്തിൽ ചട്ടമ്പി സ്വാമി യോഗത്തിൽ നിന്നും ഉണൎന്നു തൻെറ ശിഷ്യനു ഉപദേശിച്ച മഹദ്വാക്യങ്ങളായിരുന്നു നാണുഗുരുസ്വാമിയെ ധൈൎയ്യപ്പെടുത്തിയതു്" എന്നിത്യാദി മിസ്റ്റർ പറവൂർ കെ. ഗോപാലപിള്ള "ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ" എന്ന വിപുല ജീവചരിത്ര ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് എത്രയും വാസ്തവമാകുന്നു. ജാതിമതഭേദങ്ങളൊന്നും കൂടാതെ സകലരോടും സമഭാവനയോടു കൂടി പെരുമാറുന്നും, ശുചിയുള്ള സകല ഭവനങ്ങളിൽ നിന്നും ആഹാരം കഴിച്ചും ജീവിതം നയിച്ചുകൊണ്ടിരുന്ന ചട്ടമ്പി സ്വാമികളുടെ ഉപദേശനിർദ്ദേശങ്ങളും സമ്മഭാഷണങ്ങളും ഗുരുസ്വാമികൾ മുഖേന വികസിതരൂപത്തിൽ മഹത്തരമായി കേരളത്തിലെങ്ങും പ്രത്യക്ഷപ്പെട്ടതിൻെറ ഫലമായിട്ടാണു ജാതി രാക്ഷസനു ഇവിടെ ഇരിക്കപ്പൊറുതിയില്ലാതായിത്തീൎന്നതു്, മഹച്ചരിതനും ആരാദ്ധ്യനും ആയിത്തീൎന്നിരിക്കുന്ന ശ്രീമന്നാരായണയോഗിയുടെ മൂന്നു വ്യാഴവട്ടക്കാലമായുള്ള നിരന്തരപ്രവൎത്തനം കേരളത്തിൻെറ അഭ്യുദയത്തിനു് എന്തുമാത്രം പ്രയോജകീഭവിച്ചിട്ടുണ്ടെന്നുള്ളതു വാചാമഗോചരമത്രെ! ഘടദീപമായിരുന്ന ശ്രീരാമകൃഷ്ണപരമഹംസരുടെ ജീവിതമഹത്വം ശ്രീ വിവേകാനന്ദ സ്വാമികൾ ലോകസമക്ഷം പ്രഖ്യാപനം ചെയ്തതുപോലെ, നിവൃത്തിമാൎഗ്ഗനിരതനായിരുന്ന ഷണ്മുഖദാസൻെറ അയിത്തോച്ചാടനം, അധഃകൃതോദ്ധാരണം എന്നിവ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ കേരളീയൎക്കു പ്രയോ

എന്നിങ്ങനെ പ്രസ്താവിച്ചു. സി. എസ്. സുബ്ര
പോററി അവർകൾ തുടങ്ങി പലരും സ്വാമികളുടെ
ജീവിതത്തെ കാംക്ഷിച്ചുകൊണ്ടിരുന്നു എങ്കിലും ഇതി
ഷം പത്തുസംവത്സരം മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ.

തൻെറ ജീവിതാന്ത്യഘട്ടം പന്മന കഴിച്ചു കൂട്ടുന്നതിനു
രുന്നതാണെന്നു ഗൃഹസ്ഥശിഷ്യന്മാരിൽ ഒരാളായ ശ്രീമാൻ
മ്പളം ശങ്കുപ്പിള്ളയോട് നേരത്തേ ഇദ്ദേഹം പറഞ്ഞിട്ടുണ്ടാ
യിരുന്നു. അതനുസരിച്ച് 1099 മേടമാസത്തിൽ അദ്ദേഹം ചില
ശിഷ്യന്മാരോടുകൂടി അവിടെ ചെന്നുചേരുകയും ചെയ്തു. ആ
മേടം 23-ാംനു- സി. പി. പി സ്മാരകവായനശാലയിൽ വച്ചു
സ്വാമികൾ സമാധി പ്രാപിച്ചു. ആസ്ഥലത്ത് സകല ജാതി
ക്കാർക്കും പ്രവേശിച്ചു ആരാധന നടത്തത്തക്കവിധം ഒരു ശിവ
ക്ഷേത്രം ശ്രീമാൻ കുമ്പളം ശങ്കുപ്പിള്ള തുടങ്ങിയവരുടെ ശ്രമം
കൊണ്ട് 1106 മീനമാസത്തിൽ സ്ഥാപിതമായിട്ടുണ്ട് എന്ന
തും പ്രസ്താവയോഗ്യമാകുന്നു.

"വേദജ്ഞനും ശാസ്ത്രജ്ഞനും ലോകജ്ഞനും സർവ്വജ്ഞനു
യ ഇദ്ദേഹത്തിൻെറ ദേഹവിയോഗം ഈയുള്ളവർക്കു അപ
രാര്യമായ ഒരു നഷ്ടമാണെന്നല്ലാതെ എന്തു പറയുന്നു!
ദ്ദേഹം വഹിച്ചിരുന്ന ആ വിശിഷ്ടസ്ഥാനം ഒട്ടുവളരെ
ും ഒഴിഞ്ഞു കിടക്കാനേ തരമുള്ളൂ. ഇപ്രകാരമുള്ള മഹ
ർ ഒരു ശതാബ്ദത്തിൽ ഒന്നോ രണ്ടോ മാത്രമേ ലോക
ത്തിൽ ഉണ്ടാകയുള്ളൂ." എന്നിങ്ങനെ പണ്ഡിതാഗ്രേസ
നായ ആർ. ഈശ്വരപിള്ള അവർകൾ അഭിപ്രായപ്പെട്ടി
ട്ടുള്ളതു സ്മരണീയമാണ്. സർവ്വകലാവല്ലഭനായ ശ്രീ ശങ്കര
ചാര്യർക്കുശേഷം അദ്ദേഹത്തിൻെറ ഒട്ടു സമീപം നില്ക്കുവ
തിനു യോഗ്യതയുള്ള ചട്ടമ്പിസ്വാമികളെ കാണുന്നതി
കേരളീയർക്ക് ആയിരത്തിലധികം സംവത്സരങ്ങൾ വേണ്ടി
ന്നിരിക്കെ, ഇനി എത്ര ശതവർഷങ്ങൾ കഴിഞ്ഞാലായിരി
ഇദ്ദേഹത്തെപ്പോലൊരു മഹാപുരുഷനെ ഇവിടെ
കിട്ടാൻ സാധിക്കുക!


TRAINING SCHOOL
T. C. STATE.
KOTTAYAM.

